The MALAYALARAJYAM


ILLUSTRATED Weekly

3 AS.

15th June 1953.

മലയാളരാജ്യം





സിനിമാപംക്തി

ആഷാലത

★

ഒരു പ്രമുഖചലച്ചിത്രനടി എന്ന നിലയിലും നിർമ്മാണകയെന്ന നിലയിലും ആഷാലത പ്രശസ്തി നേടിയിട്ടുണ്ട്. കലാബോധമുള്ള ആഷാലത നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളെല്ലാം സാമ്പത്തികമായും കലാപരമായും വിജയം നേടിയിട്ടുമുണ്ട്. ആഷാലത "സ്റ്റാർ സിസ്റ്റ"ത്തിനു് എതിരാണ്. കഥയുടെ കഴമ്പില്ലായ്മയും അവിശ്വാസമായ അഭിനയവും സംവിധാനത്തിലുള്ള പാകപ്പിഴകളുമാണ് ചലച്ചിത്രങ്ങളെ പൊതുവേ പരാജയപ്പെടുത്തുന്നതെന്നാണ് ആഷാലതയുടെ അഭിപ്രായം. "ബാരിബാഹ്" "ഹംദർദ്" "മെഹ്മാൻ" തുടങ്ങിയ ചിത്രങ്ങളും ആഷാലത വിജയകരമായി നിർമ്മിച്ചിട്ടുണ്ട്. "ബാസുബന്ധു" എന്നൊരു ചിത്രം ആഷാലത ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കയാണ്.

1917-സെപ്റ്റംബർ 7-നാണ് ആഷാലത ബോംബയിൽ ഭദർ എന്ന സ്ഥലത്തു ജനിച്ചു. അവർക്കു മൂന്നു സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്. ചെറുപ്പത്തിൽത്തന്നെ ആഷാലത ഒരു വിനോദരസികയായിരുന്നു. ഭദർ കോൺവെന്ററിൽ വിദ്യാഭ്യാസംചെയ്തിരുന്ന സന്ദർഭത്തിലാണ് ആഷാലതയും ശോഭനാസമർത്ഥുമായി പരിചയപ്പെട്ടതു്. വിദ്യാഭ്യാസത്തിലും ആഷാലത അനന്യസാധാരണമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നു. വിദ്യാഭ്യാസകാലത്തുതന്നെ ആഷാലത ഫിലിം വ്യവസായത്തിൽ വലിയ താല്പര്യം പ്രകടിപ്പിച്ചിരുന്നു. സിനിമാകാണുന്നതു് അവരുടെ ഏറ്റവുംവലിയ ഒരു വിനോദമായിരുന്നു. അവരുടെ ഏറ്റവും പ്രിയപ്പെട്ട താരം കാഞ്ചനയായിരുന്നു. "യഹൂദി-കീ-ലർക്കി" എന്ന ചിത്രത്തിൽ അഭിനയിച്ച രത്നാഭായിയുടെ ഏതാണ്ടൊരു ഛായ ആഷാലതയ്ക്കുണ്ടെന്നു സന്ദർഭവശാൽ അവരുടെ ഒരു സുഹൃത്തു് ഓർക്കുകയും പ്രസ്താവിക്കുകയുണ്ടായി. ആ പ്രസ്താവന കേട്ടതുമുതൽ തനിക്കും ഒരു ഫിലിംസ്റ്റാർ ആകണമെന്നൊരു ആഗ്രഹം ആഷാലതയിലും അങ്കുരിച്ചു. എട്ടാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന ആഷാലത വിദ്യാലയത്തോടു വിടചോദിച്ചു. അവരുടെ പിതാവു് അതിനിടയിൽ ചരമമടഞ്ഞിരുന്നു. മൃത്യുസഹോദരൻ ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നു. കോൺഗ്രസ്സിനുവേണ്ടി സജീവമായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തെ ശവണ്മെൻറ് അറസ്റ്റുചെയ്തു തടവിൽ പാർപ്പിച്ചു. ആഷാലതയുടെ സമീപവാസികളായിരുന്ന സിനിമാനടിയായ രോഷനാറയും മൂസിക്ക് ഡയക്ടറായ ഭായി ഷേലായും നിർമ്മാതാവായ രമേശ് ശർമ്മയും. ആഷാലതയ്ക്കു് അവരോടെല്ലാം വളരെ അടുത്തു പരിചയിക്കുന്നതിനു സന്ദർഭം ലഭിച്ചു. 1934-ൽ രമേശ് ശർമ്മ "സജ്ജീവ്മൂത്തി" എന്നൊരു ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത ചിത്രത്തിൽ അഭിനയിക്കുന്നതിനു് ആഷാലതയ്ക്കും സന്ദർഭം ലഭിച്ചു. പ്രഥമചിത്രത്തിൽ സ്വതന്ത്രമായി അഭിനയിക്കുന്നതിനും കഴിയുള്ള ആ നടിക്കു കഴിഞ്ഞു. തുടർന്നു "ആസംഭി" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു് ആഷാലത തെരഞ്ഞെടുക്കപ്പെട്ടു. ഈസ്റ്റേൺ ആർട്ട്സ് സ്റ്റുഡിയോയിൽ നിർമ്മിച്ച "ഷെർഗാ പഞ്ചാ" "ബുൾഡോഗ്" തുടങ്ങിയ ചിത്രങ്ങളിലാണ് ആഷാലത പിന്നീടു് അഭിനയിച്ചതു്. "ഷെർഖാ പഞ്ചാ"യിലെ അഭിനയവേളയിലാണ് അവർ അനിൽബിശ്വാസുമായി പരിചയപ്പെട്ടതു്. അവരുടെ പരിചയം ക്രമേണ പ്രേമമായി രൂപാന്തരപ്പെട്ടു. 1936-ൽ അവർ ദാമ്പത്യജീവിതത്തിലേക്കു കാലൂന്നുകയും ചെയ്തു. ആഷാലതയ്ക്കു് ഇപ്പോൾ നാലു സന്താനങ്ങളുണ്ട്. മൂത്തപുത്രനായ പ്രദീപിനു് പതിനഞ്ചു വയസ്സു് പ്രായമായി. ഷിക്കാ, ഉദ്പാൽ, അമിതാ എന്നിവരാണ് മറ്റു കുട്ടികൾ. കലാകാരിയുടെയും കലാകാരന്റെയും സന്താനങ്ങളായ ആ കുട്ടികളും ഭാവിയിൽ ചലച്ചിത്രനക്ഷത്രങ്ങളായി ഉയർന്ന ശോഭിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്.

മെഹ്ബൂബിന്റെ "മൻമോഹനൻ" എന്ന ചിത്രത്തിലെ അഭിനയത്തോടുകൂടിയാണ് ആഷാലതയ്ക്കു് ചലച്ചിത്രലോകത്തിൽ ഗണ്യമായ സ്ഥാനം ലഭിച്ചതു്. സുരേന്ദ്രയും ബാബുവും ആഷാലതയോടുകൂടി ഈ ചിത്രത്തിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. "പ്രേമദീപ്" എന്ന മറാത്തി ചിത്രത്തിലും ആഷാലത അഭിനന്ദനാർഹമായി അഭിനയിച്ചിട്ടുണ്ട്. [illegible] ല" "ഗീതാ" "സോഹാഗ്" "ആജ്കിദുനിയാ" "സുഖിജീവൻ" "രംഗീല" "ജമൻ" "ചാർ ആങ്കൻ" "മിസ്മിസാഭി" തുടങ്ങിയ ചിത്രങ്ങളിലും ആഷാലത അഭിനയിച്ചിട്ടുണ്ട്. ആ നടി പരാജയപ്പെട്ടിട്ടുള്ള ചിത്രങ്ങളും വളരെ വിരളമാണ്.

1947-മുതൽ ആഷാലതയും ഒരു നിർമ്മാതാവായി പ്രത്യക്ഷപ്പെട്ടു. ചലച്ചിത്രനടികളും നടന്മാരും നിർമ്മാതാക്കളായി രൂപാന്തരപ്പെടുന്നതു് ഇന്നു് സിനിമാലോകത്തിലെ ഒരു സാധാരണസംഭവമാണ്. ആഷാലതയും ജെ. പി. അഡ്വാണിയുംകൂടി "വൈയിറ്റി പ്രൊഡക്ഷൻസ്" എന്ന പേരിൽ ഒരു ചലച്ചിത്രനിർമ്മാണക്കമ്പനി ആരംഭിച്ചു. 'ലാഡ്ലി' എന്ന ചിത്രമാണ് പ്രസ്തുത ഫിലിംകമ്പനി പ്രഥമമായി നിർമ്മിച്ചതു്. 'ലാഡ്ലി' പ്രതീക്ഷയിൽ കവിഞ്ഞു വിജയം വരിക്കുകയുണ്ടായി. തുടർന്നു "ലാജവാബു്" എന്ന ചിത്രം നിർമ്മിച്ചു. ലാജവാബിന്റെ നിർമ്മാണത്തിനുശേഷം ജെ. പി. അഡ്വാണിയും ആഷാലതയുമായി പിണങ്ങിപ്പിരിഞ്ഞു. അതിനുശേഷം ആഷാലത സ്വതന്ത്രമായ ചലച്ചിത്രങ്ങളും നിർമ്മിക്കുവാനും ആരംഭിച്ചു. ആഷാലത ചലച്ചിത്രനിർമ്മാണത്തിന്റെ ഭിന്നവശങ്ങളിൽ വേണ്ടത്ര വിജ്ഞാനം നേടിയിട്ടുമുണ്ട്. ഉത്തമമായ ചലച്ചിത്രങ്ങളും നിർമ്മിക്കുന്നതിലാണ് അവരുടെ വിലയേറിയ സമയവും ധനവും ചിലവഴിച്ചുകൊണ്ടിരിക്കുന്നതു്. ഇന്ത്യൻ ചലച്ചിത്രവേദിക്കു് ആഷാലതയിൽനിന്നും മഹത്തായ നിരവധി സംഭാവനകളും ലഭിക്കാവുന്നതുമാണ്.

★

ചലച്ചിത്രനിരൂപണം

പെറ്റതായ്

★

കണ്ണാനന്ദകരമായ സംഗീതം, ആശയഗർഭിതമായ സംഭാഷണം, വികാരതരളിതമായ അഭിനയങ്ങൾ എന്നിവയുടെ സമുചിതമായ സമ്മേളനമാണ് "പെറ്റതായ്". മാതൃസ്നേഹമാണ് പെറ്റതായിലെ പ്രമേയം. പിതാവിനാൽ പരിത്യക്തരായ രണ്ടു കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിനു ഒരു മാതാവു് അഭിമുഖീകരിക്കുന്ന നിരവധി ക്ലേശങ്ങളുടേയും ദുരിതങ്ങളുടേയും അവസാനം സ്വന്തം മകൻചെയ്ത കൊലപാതകക്കുറ്റം സ്വയം ഏറ്റെടുത്തു് ജയിലിൽ പോകുന്നതുമായ ഒരു അമ്മയുടെ ശോകസമ്പൂർണ്ണമായ കഥയത്രെ പെറ്റതായ്. പെറ്റതായിലെ ശാന്തയുടെ ജീവിതം ഹൃദയമുള്ളവർക്ക് നിറഞ്ഞ നയനങ്ങളോടുകൂടിയെ കാണാൻ കഴിയൂ. സർവ്വം അഭിലഷണീയവും അർത്ഥവത്തുമായ ജീവിതയാഥാർത്ഥ്യങ്ങളെ ആസ്പദമാക്കിയാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നതും. പെറ്റതായിൽക്കൂടി സുധാരണക്കാരന്റെ കുടുംബചരിത്രം തന്മയത്വമായി ആവിഷ്കരിച്ചിട്ടുണ്ട്. പെറ്റതായിൽ മാതൃഹൃദയത്തിന്റെ ആഴവും മഹിമയും വിശദമാക്കുന്നതുപോലെ സ്ത്രീഹൃദയത്തിന്റെ ഇരുണ്ട വശങ്ങളേയും—ചെഞ്ചൽ എന്ന വേശ്യയിൽക്കൂടി—ഭംഗിയായി ആവിഷ്കരിച്ചിട്ടുണ്ട്. ജന്മനാ എല്ലാ മനുഷ്യരും നല്ലവരാണെന്നും പരിതഃസ്ഥിതികളാണ് മനുഷ്യനെ മൃഗമാക്കിത്തീർക്കുന്നതെന്നും പെറ്റതായ് ഉൽഘോഷിക്കുന്നുണ്ട്. പെണ്ണെടുക്കുന്നതു് താഴ്ന്ന കുലത്തിൽനിന്നും പെണ്ണുകൊടുക്കുന്നതു് ഉയർന്ന കുലത്തിലായിരിക്കണമെന്നാണ് ഈ ചിത്രം നൽകുന്ന മുഖ്യസന്ദേശം. സാമ്പത്തികമായി തന്നെക്കാളും ഉയർന്ന നിലയിലുള്ള കുടുംബത്തിൽനിന്നും വിവാഹം ചെയ്താൽ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളേയും യാതനകളേയും രാമുവിന്റെ ജീവിതത്തിൽക്കൂടി കാഥികൻ വരച്ചുകാണിക്കുന്നുണ്ട്. പൊതുവേ മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ഒരു ഉന്നത കലാസൃഷ്ടിയത്രെ പെറ്റതായ്.

പെറ്റതായുടെ കാഥികൻ ആരെന്നു വ്യക്തമാക്കിയിട്ടില്ലെങ്കിലും കഥയുടെ ചുരുക്കമിതാണ്. വർദ്ധിച്ചുവരുന്ന കുടുംബാവശ്യങ്ങളെ നിറവേറ്റുന്നതിനു ചലപതി എന്ന സാധുരാമണക്കാരനു കഴിവില്ലാതെവന്നു. കടക്കാർ അയാളെ സദാപി ശല്യപ്പെടുത്തി. ജീവിതത്തോടു വിരക്തിതോന്നിയ ചലപതി തന്റെ ഭാര്യയേയും രണ്ടു പിഞ്ചു പൈതങ്ങളേയും ഉപേക്ഷിച്ചു കാഷായവസ്ത്രം ധരിച്ചു കാശിക്കു യാത്രതിരിച്ചു. ചലപതിയുടെ ഭാര്യ ശാന്ത നിരവധി ക്ലേശങ്ങളും സഹിച്ചു അവരുടെ കുട്ടികളായ രാമുവിനേയും ശങ്കറിനേയും പോറ്റിവളർത്തുന്നു. പ്രായമായതോടെ രാമു വ്യവസായംചെയ്തു പണമുണ്ടാക്കുന്നു. അയാൾ വിവാഹംചെയ്തുപോയ കിട്ടിയ സ്ത്രീധനപണം ചിലവുചെയ്തു അനുജൻ ശങ്കറിനെ വിദ്യാഭ്യാസം ചെയ്യിക്കുന്നു. ശങ്കർ വിദ്യാഭ്യാസത്തിൽ ശ്രദ്ധ ചെലുത്താതെ മദ്യത്തിലും മദിരാക്ഷിയിലും ഭ്രമിച്ചു ജീവിതം ദ

(ശേഷം 32-ാംപേജിൽ)

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം ൨൭ | കൊല്ലം ക്രമവ മിഥുനം ക്രാംന തിങ്കളാഴ്ച | ലക്കം നവൻ

ഓം

വ്രതം

★

— കോന്നിയൂർ —

വ്രതവിഷയം, വിഷയവ്രതമല്ലാത്ത ഒരാളിനെക്കൊണ്ടു് ഉപന്യസിപ്പിക്കണമെന്ന ബുദ്ധിമതിയായ പ്രവർത്തകസമിതി ഉന്നിയിരിക്കണം; അല്ലെങ്കിൽ, ഈ ദുർഭരഭാരം, എന്റെ ദുർബലശിരസ്സിൽ നിക്ഷിപ്തമാവാനിടയില്ല. ഏതായാലും, അതേപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം,—വ്രതത്തെസംബന്ധിച്ചു വിചാരിക്കുംവേളകളിലെല്ലാം, അതിന്റെ പിടിപാടുകാരൻ, ജീവരഹിതമായ മനുഷ്യനാണു് പ്രഥമം പ്രത്യക്ഷപ്പെടുന്നതു്. അവനെ മറികടന്നുപോകുവാൻ സാധിക്കുന്നില്ല. അവൻ അശുകണ്ടുവളർന്നു; അഥവാ, അവനെ അശുകണ്ടു വളർത്തി; വളർത്തിയെന്നതായിരിക്കണം കൃത്യതരം; അല്പാന്തരമേ മാറുള്ളൂ വസ്തുവും അവനാടൊപ്പം എന്തുകൊണ്ടു വളർന്നുവരുവാൻ കഴിഞ്ഞില്ല!

"ദൃശ്യം അദൃശ്യത്തെ, സ്വയം സചിത്രം നാനാത്വം ച"; അപ്രത്യക്ഷമായ ഒരു മഹാചൈതന്യത്തിന്റെ പ്രത്യക്ഷപ്രകടനമാണു് പ്രപഞ്ചം; അതു്, ആ ശുദ്ധചൈതന്യം, സ്വയം സചിത്രവിവിധാകൃതിയായി വിശ്വലീലാവിനോദരസം ആസ്വദിക്കുന്നു; അസംഖ്യേയങ്ങളായ ഈ രൂപഭേദങ്ങളിൽ മനുഷ്യനെമാത്രം എന്തിനുവേണ്ടി ഇത്രകണ്ടു വളർത്തി? ഇതു് ഈടുകാണാത്ത ഒരു പ്രശ്നമല്ല; അവനമാത്രം, അഗാധമായ ഒരു അന്വേഷണവൃത്തത! അവന്റെ ഉത്ഭവസ്ഥാനത്തെക്കുറിച്ചും, ആ ഉത്ഭവസ്ഥാനത്തു് ഏത്തുമ്പോഴുണ്ടാകുന്ന ആവശ്യത്തെക്കുറിച്ചും, ആ ആവശ്യം നിറവേറുവാൻ പയ്യുപുണ്ടായ അനുഷ്ഠാനപദ്ധതികളെക്കുറിച്ചും അടുക്കിയടുക്കാത്ത ഒരു അഭിലാഷമതിപ്പു"! അതുതന്നെ മുമുക്ഷുത്വം; സാലോക്യസായുജ്യാദികളും ഈ മോക്ഷാത്മവാചികളാവണം.

പ്രസ്തുതമായ മുമുക്ഷുത്വത്തിന്റെ നിദാനം സുഖജ്ഞാതവ്യമല്ല; ഒരുപക്ഷേ, പലജന്മങ്ങളിലായ്—പലശരീരങ്ങളിലായ്—പല കാലങ്ങളിലായ് കറങ്ങിത്തിരിഞ്ഞു, കടശ്രിയിൽ ജീവാത്മാവിന്, മനുഷ്യനിൽ കൂടി സ്വന്തം പരമാത്മഭണ്ഡാരത്തിൽ പാറിക്കൂടണമെന്നുണ്ടായിരിക്കാം. എന്തുതന്നെയായാലും, മോക്ഷമാണു മനുഷ്യലക്ഷ്യമെന്നു് തികച്ചും പ്രസ്താവിക്കാം. അതിനു വേണ്ടുന്നവഴികളും ആ ചിച്ഛക്തി, അവനു ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടുണ്ടു്.

സംവിദ്ഭേദരുചികളായ മനുഷ്യർ, ഈ മോക്ഷത്തെത്തന്നെയാണു് ആനന്ദസൌഖ്യാദിശബ്ദങ്ങളിൽ അടക്കി കൈകാര്യംചെയ്യുപോരുന്നതു്. സംവിദ്ഭേദരുചിതം, കാതൽവച്ച ഒരു പ്രഥാപ്രമേയമാണു്. മോക്ഷമാർഗ്ഗ സഞ്ചാരസൌകര്യവിധാതം വരാതെ, ഭൌതികധർമ്മങ്ങളിൽ ഏർപ്പെട്ടുന്നതിനുള്ള തണ്ടപ്പേരുമാറാസ്സാപ്പടയരാണു് സംവിദ്ഭേദരുചിതം; ഇതു്, ഗൃഹസ്ഥാശ്രമികളെമാത്രമേ പ്രായേണ സ്പർശിക്കുന്നുള്ളൂ. മോക്ഷത്തിനുവേണ്ടി മുഴുവൻസമയവും തപോവൃത്തിയിലേർപ്പെടുന്നതിനും, നേരേമറിച്ചു്, കർമ്മഭ്രംശംകൊണ്ടു് ജന്മഭ്രംശം പറ്റാതെ ഗൃഹസ്ഥനു മനസ്സില്ല.

കർമ്മഭ്രംശം ജന്മഭ്രംശത്തിന്റെ ജന്മദേയമാണു്, കർമ്മം തെറ്റിയിൽ ജന്മംതെറ്റും; വിഷ്വഞ്ചോ വിപരീതാനശ്യന്തി. "യേ ന സ്വയം കർമ്മ കുർവന്തി രാജ്ഞാ ച ന സ്വാപ്യന്തേ തേ വിഷ്വഞ്ചഃ" സ്വകർമ്മസ്സുലയേ രാജശാസനത്താലെങ്കിലുമാകൃത്യങ്ങൾ നിർവ്വഹിക്കുവാൻ സദ്യുക്തരാകാതെ വരുന്നവർ വിശേഷകർമ്മകളായ് നശിക്കുന്നു—തിര്യക്കുകളായ് അധഃപതിക്കുന്നു.

അങ്ങനെ അധഃപതിച്ചുകൂടെന്നു് ഗൃഹസ്ഥനും അറിവുണ്ടു്. പക്ഷേ, അയാൾ സാവധാനമേ മുൻപെട്ടുനീങ്ങുവാൻ ആഗ്രഹിക്കുന്നുള്ളൂ. മോക്ഷത്തിലേക്കുള്ള ഈ മധുരമന്ദയാനത്തെ, ധർമ്മശാസ്ത്രങ്ങളും, സംസ്കൃതരേണ പിന്താങ്ങുന്നതായിക്കാണുന്നു.

"വർണ്ണാ ആശ്രമാശ്ച സകർമ്മനിഷ്ഠാഃ പ്രേത്യകർമ്മഫലം അനുഭൂയ തതഃ ശേഷേണ വിശിഷ്ടദേശജാതികുലരൂപായുഃശ്രുതവൃത്ത വിത്തസുഖമേധസോ ജന്മ പ്രതിപദ്യന്തേ."

സകർമ്മനിഷ്ഠരായവർണ്ണാശ്രമികൾ പരലോകംപ്രാപിച്ചു് കർമ്മാനുകൂലങ്ങളായ ഫലങ്ങൾ ഭുജിച്ചുശേഷം വീണ്ടും ജനിക്കുന്നു. ഈ പുനരാഗമനത്തിൽ മുജ്ജന്മസമ്പാർജ്ജിതകർമ്മഫലങ്ങളുടെ ചില പ്രാപനം (അനുഭവശിഷ്ടം) ആ വ്യക്തികളെ വലയംചെയ്തു വർത്തിക്കുന്നു. അതുനിമിത്തം, വിശിഷ്ടദേശത്തു്, വിശിഷ്ടജാതിയിൽ, വിശിഷ്ടകുലത്തിൽ, വിശിഷ്ടരൂപം, വിശിഷ്ടായുസ്സു്, വിശിഷ്ടവിജ്ഞാനം, വിശിഷ്ടശീലം, വിശിഷ്ടവിത്തം, വിശിഷ്ടസൌഖ്യം, വിശിഷ്ടാരോഗ്യം മുതലായവയോടുകൂടി പിറവിപൂണ്ടു പുലരുവാൻ അവർക്കു സാധിക്കുന്നു.

ഇങ്ങനെ ഗൃഹസ്ഥാശ്രമികൾക്കു് കർമ്മാധഃപതനംമൂലം ജന്മാധഃപതനം നേരിടാതെ, ജന്മാന്തരങ്ങൾകൊണ്ടു്, മനുഷ്യലക്ഷ്യമായ മോക്ഷപദവിയെ പ്രാപിക്കാനുള്ള വിശ്വലാലപ്രയോഗതിയത്രേ വ്രതം. ഈ വ്രതപരിപാടിയിൽകൂടി പടിപ്പടിയായ്, സംസാരികവാസന നശിച്ചു് ഉയർന്നവന ആത്മസമ്പന്നരാണു് സാക്ഷാൽ സന്യാസികൾ.

സുഖദാതോപായം എന്നത്രേ വ്രതശബ്ദത്തിനു നൽകാവുന്ന വാച്യാർത്ഥമെങ്കിലും വ്യംഗ്യപരമായി അതിന്റെ ആശയം അല്പംകൂടി നീണ്ടുപോകുന്നുണ്ടു്. "വ്രതശബ്ദേന പ്രായശ്ചിത്തമുക്തം" എന്ന മഹാനായ മന്വാദി ധർമ്മപരാശത്തിട്ടുണ്ടു്. മനുവും അവിടെനിന്നു് അധികമകന്നുപോകുന്നില്ല.

"ഏതൈർദ്വിജാതയഃ സ്മ്യക്തോ
വ്രതൈരവിധ്വംകൃതൈനസഃ"

ആവിധ്വംകൃതമാകുന്ന എനസ്സിന്റെ—പാപത്തിന്റെ പിടിയിൽനിന്നു ദ്വിജാതിയെ വീണ്ടെടുക്കുവാൻ വ്രതങ്ങൾക്കു കെൽപ്പുണ്ടു്.

ഇവിടെ മനുസ്മൃതിയുടെ പാപപ്രായശ്ചിത്തവും, മനുവിന്റെ ഏനസ്സും ശോധകതത്വവും അത്യന്തം അടുത്തുപൊരുമാറുന്നതായിക്കാണുന്നു. പ്രൌഢമതിയായ— വിജ്ഞാനഗംഭീരനായ 'വ്യാഘ്രൻ', പ്രായശ്ചിത്തത്തിനു നൽകിക്കുന്ന വിവരണം ശ്രദ്ധേയമാണു്.

"പ്രായോനാമതപഃ പ്രോക്തം ചിത്തം സംയമ ഉച്യതേ
തപഃ സംയമസംയുക്തം, പ്രായശ്ചിത്തം വിദുർബുധാഃ",

പ്രായം=ഉപവാസപ്രധാനമായ തപശ്ചര്യ; ചിത്തം=വിശേഷജ്ഞാനപ്രധാനമായ സംയമം. ഇങ്ങനെ സംയമസംയുക്തമായ തപസ്സിനു് പ്രായശ്ചിത്തമെന്നു പേർസിദ്ധിച്ചു.

പാപപരിഹാരമാർഗ്ഗമായ ഈ വ്രതപരിപാടിയെ, അഥവാ തപശ്ചര്യയെ 'നിഷ്ക്രയണ'ശബ്ദംകൊണ്ടുകൂടി, പൌരാണികന്മാർ നിർദ്ദേശിച്ചുകാണുന്നു. 'ഇരുമ്പു ഇരുമ്പി,

മുഖചിത്രം

★

ഷെപ്പ്വാ ടെൻസിംഗ് നോക്കേ
എവറസ്റ്റ് ആരോഹണം
നിർവ്വഹിച്ച ഭാരതീയൻ.

ലഘൂഷു ലഘൂനി' ഇത്യാദി പ്രായശ്ചിത്തമന്ത്രനിർണ്ണയത്തിൽ,

"ദേ[illegible]കാലം വയഃ ശക്തിം
[illegible]
[illegible]
താപാനുരൂപം പ്രായശ്ചിത്തം തഥാ
[illegible]
[illegible]
[illegible]താപാനുരൂപേണ പ്രായശ്ചിത്തം സമാചരേത്"

എന്ന വ്യാസസ്മൃതിയും നിഷ്കൃയണാനി ജപഃസ്തുതിർഹോമഉപവാസോദേനം" എന്ന ഹാരീതവചനവും കൂട്ടിച്ചേർക്കണം. ഇതിൽനിന്ന് പ്രായശ്ചിത്തം, നിഷ്കൃയണം, പാപസംശോധനം, തപസ്സ് ഇവയെല്ലാം വ്രതസ്ഥാവാചികപദങ്ങളാണെന്ന് ധരിക്കേണ്ടിയിരിക്കുന്നു. ചരകത്തിൽ വ്രതം, പാപപരിഹാരത്തിനുള്ള ഒരു ഹ്രസ്വകാലതപശ്ചര്യയാണെന്നു പറയാം.

"അഥ ഖലു പാപം പുരുഷോ യാന്യേന കർമ്മണാ ലിപ്യതേ." മനുഷ്യൻ നിശ്ചയമായും മലിനിമ പറ്റാം; ശരീരവാങ്മനഃ പ്രീയാപ്രീയയോരവശംഭാവിതയാത് കർമ്മഫലഭിഭവോ സ്തി." മഹാത്മാക്കളന്തന്നെയും ദേഹാദ്യഭിമതരാകുന്നു. ഈ വസ്തുത, "ദൃഷ്ടോ ധർമ്മ വ്യതിക്രമഃ; സാഹസം ച മഹത്തരം" ഇത്യേവം ധർമ്മസൂത്രപ്രണേതാക്കളും സമ്മതിക്കുന്നു.

"യഥാ രാമസ്യ താടകാദി സ്ത്രീവധഃ"
"യഥാ ജാമദഗ്ന്യസ്യ മാതുഃ ശിരശ്ഛേദഃ"
"യഥാ ഇന്ദ്രസ്യ അഹല്യാഗമനാദി; തഥാ."

ആ സ്ഥിതിയിൽ, സാധാരണഗൃഹസ്ഥരുടെ അവസ്ഥ എന്തായിരിക്കും?

വിധിപ്രതിഷിദ്ധങ്ങളായ കർമ്മങ്ങളിൽനിന്നു ചിറകുമുളച്ചു ചിറഞ്ഞു പൊതിഞ്ഞുകൂടുന്ന നരകകരിയാറുകളാണ് പാപങ്ങൾ; അവ, നിർവ്വാണനിലയത്തിന്റെ അടിത്താരുത്തുന്നതരായ—"മോക്ഷദ്വാര കവാട പാടനപടുക്കളായ അഷ്ടാത്മഗുണങ്ങളെ, വെട്ടുക്കിളികൾ എന്നപോലെ ലോഹനംചെയ്തു നശിപ്പിക്കുന്നു; പോരെങ്കിൽ, ഈ അഷ്ടാത്മഗുണങ്ങളുടെ അഭിവൃദ്ധിപരമ്പരയിൽ ചെളിവീഴ്ത്തി അലങ്കോലപ്പെടുത്തുന്ന മൂതേവികളെ, — ഷഡ്വർഗ്ഗങ്ങളെ അവ, പിടിപിടികിട്ടി പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

എന്തെല്ലാമാണ് അഷ്ടാത്മഗുണങ്ങൾ?

"ദയാ സർവ്വഭൂതേഷു, ക്ഷാന്തിരനസൂയാ ശൌചമനായാസോ മംഗളമകാർപ്പണ്യമസ്പൃഹേതി" ആത്മഗുണങ്ങൾ എട്ട്; ദയ=ഭൂതദയ, സർവ്വഭൂതേഷു=അതു ചരങ്ങളിൽമാത്രം പോരാ, അചരങ്ങളിലും ഉദിച്ചുകാണിയ്ക്കുക. ക്ഷാന്തി=ബാഹ്യാഭ്യന്തര സഹിഷ്ണുത; അനസൂയ=പരൈശ്വര്യപ്രോത്കർഷാഭാവം—അന്യന്റെ ഐശ്വര്യത്തിൽ കണ്ണുകടികലരാതെയിരിക്കുക; ശൌചം=ദ്രവ്യമനോവാക്കായ ശുദ്ധം; അനായാസം=ആത്മ പീഡാനാരംഭം; മംഗളം=പ്രശസ്താചരണം; അകാർപ്പണ്യം=അത്യുപേക്ഷാദീനത; അസ്പൃഹ=പരദ്രവ്യാനിച്ഛ. ഈ അഷ്ടാത്മഗുണങ്ങളിൽ, മോക്ഷോന്മുഖരാകുന്നതിനും സമ്പന്നരാവാൻ ശ്രമിക്കണം.

ഇനിയും, ഷഡ്ചാപലങ്ങളെസ്സംബന്ധിച്ചു ചിന്തിക്കണം; അവയ്ക്ക്, ഉള്ളിൽ കടിപിടിത്തുകൊണ്ട് ഉയിരുണ്ടു നശിപ്പിക്കുന്ന ശത്രുക്കളുടെ ഗുണങ്ങളും!

"ശത്രുക്കളല്ല ശത്രുക്കളാകുന്നതു;
മിത്രഭാവത്തോടരികേമരിവിനശത്രുക്കളത്രെ ശത്രുക്കളാകുന്നതു;
മൃത്യുവരുത്തുമവരെന്നുനിർണ്ണയം"

അവരെ അത്യന്തം ഭയപ്പെടണം. യാംപ്യകർമ്മങ്ങൾക്ക് കതിർനീളംകൂട്ടുന്ന കരിവളങ്ങളാണ് ഈ ഷഡ്ചാപലങ്ങൾ; "ന ശിശ്നോദരപാണി പാദവാക്ചക്ഷുശ്ശ്രോത്രാപലാനി കര്യാത്." കണ്ടോടം നിരങ്ങുക, കണ്ടമാനംതിന്നുക, കണ്ടമാനംനടക്കുക, കണ്ടമാനംപറയുക, കണ്ടമാനംകേൾക്കുക മുതലായ മൂടിയന്തരത്തെഴിലുകൾ മുത്തുവന്നാൽ, മോക്ഷകാംക്ഷ വടികെത്തിപ്പിടിയുകയേയുള്ളൂ. ഏവംവിധം അശ്ലീലങ്ങളായ ശിശ്നോദരാദിചാപല്യങ്ങളെ അല്പാല്പമായി അരിഞ്ഞുതള്ളുന്നതിനുള്ള അനുഷ്ഠാനമായ ധർമ്മമാണ് വ്രതം അഥവാ ഹ്രസ്വകാലതപസ്സ്.

"പ്രാണായാമാഃ ബ്രഹ്മചര്യം മൌനം (ചൈവ നിരാശനം
ഇത്യേതത്തപസോരൂപം ധ്യാനം ച- (പരമേഷ്ഠിനഃ"

ഇങ്ങനെ ആചാര്യന്മാർ തപോരൂപം നിർണ്ണയിച്ചിട്ടുണ്ട്. ഇതിലെ പ്രാണായാമം ശ്രുത്യേയും നിരാശനം വ്യുത്പ്പെയുമാണ്. ഇവരണ്ടും വ്രതത്തിന്റെ മകുടസ്ഥാനങ്ങളും എന്ന സംയമിസമ്മതി സമ്പാദിച്ചിട്ടുമുണ്ട്.

"ഉപസ്ഥപായുമനോവാക് ശ്രോത്രചക്ഷുർജ്ജിഹ്വാ കൃതാനാം പാപാനാം അപഹരഹസ്സായം പ്രാതഃ ത്രീൻ പ്രാണായാമാൻ ധാരയേത്" ഇന്ദ്രിയചാപല്യങ്ങൾമൂലം വന്നുകൂടുന്ന പാപങ്ങളെ, ഇന്ദ്രിയചാപല്യങ്ങളെത്തന്നെ യില്ലാതെയാക്കൻ പ്രാണായാമത്തിനുള്ള കഴിവിൽ ഏതും സന്ദേഹിക്കേണ്ടതില്ല. പക്ഷേ, സംവിഭാഗശീലയായ ഗൃഹസ്ഥനും, നിയമനസ്ഥനായ പ്രാണായാമത്തിനും, പ്രായേണ യാതൊരു പൊരുത്തവും കാണുകയില്ല. വഴിതെറിയ പ്രാണായാമം, വയ്യാവേലികൾ പലതുണ്ടാക്കും; അതേകാരണത്താൽ അതിനെ ഒഴിവാക്കാനാണ് മേലാൽ ഒഴിവാക്കിയാൽ വിധേയമാകുന്നതു; അതുകൊണ്ടായിരിക്കണം ആചാര്യന്മാർ, "സവ്യാഹൃതികാസ്സപ്രണവാഃ പ്രാണായാമാസ്ത്രയോധശ" എന്നു പ്രാണായാമത്തിന് പതിനാറു പരിവൃകൾ കല്പിച്ചതു്. ഏതായാലും അതുനന്നായി! ധ്യാനപ്രാണായാമത്തിന് ജന്മാന്തരവാസനാനുഗ്രഹം സിദ്ധിച്ചിട്ടില്ലാത്തവർക്ക് അല്പായതമായ പ്രണവോച്ചാരണം കൊണ്ട് ധാരാളം തൃപ്തിപ്പെടാം. നിണ്ടുപോകുന്ന പ്രണവധ്യാനം പ്രാണന്റെ പരിസരത്തെയെങ്കിലും സ്പർശിക്കാതെയിരിക്കയില്ല.

ഇവിടെ പ്രാണമാത്രമെന്നതെയാണ് പ്രാണശബ്ദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. ആ പ്രാണഭൂതത്തിനിൽ ജീവാത്മചൈതന്യം വളർത്തികൊണ്ടുവരുന്നു. "സ ഏഷ മഹാൻ അജ ആത്മാ യോ/യം വിജ്ഞാനമയഃ കർത്താ ഭോക്താ സ ഉക്ഷര ജ്ഞോ അമൃതമയഃ പ്രാണേ പ്രതിഷ്ഠിതഃ" ഈ പ്രാണൻ, ലഘുവായുവല്ല, ഗുരുവായുവാണെന്നും, ആ ഗുരുവായു, ആരാലുന്ന ഉരുവാണെന്നും, വസ്തുവും, "നിശ്ചിദ്രതരകളേബരവലിലോഭനിയമാണെന്നും ഉറപ്പുനോക്കി കണ്ടവരും കാണുന്നവരുമുണ്ട്. അസ്പൃഷ്ടപ്രണങ്ങളായ കർമ്മങ്ങൾക്ക് ക്രാന്തദർശികൾ കൂനോളംവില വെട്ടിക്കൂട്ടിയുവാൻ കാരണം. ഇനി, മറ്റൊങ്ങൻ ആരംഭത്തിലയേണ്ടുന്ന ആവശ്യം ഇല്ല.

"അനന്തശക്തിം സമുത്ഥാപ്യ
തപ്പയേദാത്മദേവതാം."

എന്ന ആർഷതന്ത്രവിധി, ഇവിടെ അനുക്ഷരം അനുസ്മരിയ്ക്കണം. കർമ്മധികാരത്തെക്കുറിക്കുന്ന "വാങ്മനഃകായസിദ്ധി", ഈ അനന്തശക്തിയുടെ സമുത്ഥാപനത്തിൽ പ്രതിഭാസിപ്പിച്ചുകാണിച്ചിട്ടുണ്ട്. തന്ത്രമുദ്രാഭേദങ്ങളെപ്പറ്റി യാതൊന്നും ഞാൻ ഉരിയാടുന്നില്ല.

അടുത്തതു നിരാശനമാണു"; ഈ നിരാശനം, കേവലമായ പട്ടിണിയെയല്ല, ഉപവാസത്തെയത്രെ ചൂണ്ടിക്കാണിക്കുന്നതു്. നിരാശനം പോലെ നിഷ്ഠൂരമല്ല ഉപവാസം.

"വ്യുത്ഥിതൈശ്ചേ ദോക്ഷേ-
സ്സഹവാസോ ഗ്രഹൈരിഹ;
ഉപവാസസ്സ വിജ്ഞേയോ
ന ശരീരസ്യ ശോഷണം."


ഇന്ദ്രിയചാപലദോഷനിവൃത്തിയും അഷ്ടാത്മഗുണസമ്പാദനവുമാണ് ഉപവാസത്തിന്റെ ഉള്ളടക്കം; അതു പട്ടിണികിടന്ന് ഉടലുണക്കുവാൻ ആവശ്യപ്പെടുന്നില്ല. "യത്ര തത്രൈമനോ യത്ര അനാശകം" പാന്തി തദ്രൂപത്തെ ഉപചരിത്യാഹുഃ" അനശനപര്യായം കൊണ്ട് ആശയക്കുഴപ്പം പാടുതു്. കണ്ടമാനം കയറുമതിചെയ്യുന്നതിനേക്കാൾ അതിനസ്തകല്പനയുള്ള കേരളന്മാരുടെ, വ്രതകാലങ്ങളിലെ അത്യന്തകേത പരിത്യാഗപരമ്പര്യം സുവിദിതമാണല്ലൊ.

ഇനിയും വ്രതത്തിനു്

ബ്രഹ്മചര്യം, മൌനം, ധ്യാനം ഇങ്ങനെ മുന്നുപാധികൾകൂടെയുണ്ടു"; അവയ്ക്കു കൂട്ടത്തിൽ വിവരണമൊന്നും നൽകേണ്ടുന്ന ആവശ്യംകാണുന്നില്ല. "ഏകാഗ്രതാപോചരാത്മധാരണാ'മയ ധ്യാനം നിസ്സംശയമായും സഹനമാ

അഖിലകേരള ഹിന്ദുമതസംസ്കാര മഹാമണ്ഡലത്തിൽചെയ്ത പ്രസംഗത്തിന്റെ ശരിയായ സംഗ്രഹം.

തിലോദകം



മഹാകവി ഉള്ളൂർ

മഹാകവി ഉള്ളൂർ—എന്റെ പ്രിയപ്പെട്ട അച്ഛൻ മരിച്ചുകഴിഞ്ഞിട്ട് കൊല്ലം നാലുകഴിഞ്ഞെങ്കിലും ആ ദേഹം ഇന്നും എന്റെ മുമ്പിൽ നിൽക്കുകയാണ്, മറവുള്ളവയ്ക്ക് അദൃശ്യനായി. ആ പാവനപാദങ്ങളിൽ ഭക്ത്യാദരപുരിതമായ എന്റെ സാഷ്ടാംഗപ്രണാമങ്ങൾ! വാത്സല്യനിധിയായ പിതാവിന്റെ സ്ഥൂലശരീരം തിരുവനന്തപുരം തയ്ക്കാട്ട് ശ്മശാനഭൂമിയിൽ ഏരിഞ്ഞടങ്ങിയിട്ട് ഇന്നേക്ക് നീണ്ട നാലുസംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. പതിവുപോലെ ആണ്ടടിയന്തിരവും വന്നെത്തി ഞങ്ങളെ തുറിച്ചുനോക്കുന്നുണ്ട്. ഈ അവസരത്തിൽ മക്കളായ ഞങ്ങൾ ആ പാവനസ്മരണയുടെ മുമ്പിൽ തിലോദകമർപ്പിക്കുകയാണ്. അതു ഞങ്ങളുടെ കർത്തവ്യമാണ്.

"ജനനം—എന്തോന്നുണ്ടതിങ്കൽ
മോദിപ്പാൻ?
മരണം—എന്തോന്നുണ്ടതിങ്കൽ
ഖേദിപ്പാൻ?
ഇവിടത്തെജ്ജനിക്കിതരലോകത്തി-
ലെവിടെയോപെട്ടം മൃതിയല്ലീബീജം?
ഒരിടംമുണ്ടുമരിടം പൊങ്ങലും
ഒരു നീർമുക്കിളിക്കുമിയ്തോർക്കുകിൽ
പ്രപഞ്ചജീവിത കടിനിക്കീവില്ല
പ്രവേമല്പന്തം ശ്മശാനവുമല്ല."

ഈ സൂക്തശില്പത്തിന്റെ സംവിധായകൻ ഇന്നും അദൃശ്യനാണെങ്കിലും ആ മഹാനുഭാവൻ കൊളുത്തിയ വാടാവിളക്ക് ഇന്നും ലോകത്തിന്റെ മുമ്പിൽ മനോഹരമായി കത്തി ജ്വലിക്കുകയാണ്.

ആയിരത്തി അറുപതാമാണ്ട് തിരുവനന്തപുരത്തിനടുത്തു 5 മൈൽ അകലെയുള്ള ഉള്ളൂർ ഗ്രാമത്തിൽനിന്നും 12 വയസ്സ് പ്രായമുള്ള ഒരു ബ്രാഹ്മണബാലൻ, പിതൃസഹോദരിയുടെ സംരക്ഷണയായ ഓർത്തെടുത്തു മുട്ടുത്തു ഭഗവതിയുടെ നിലയായ ഒരു നിക്കത്തിന്റെ പരിതോഷിക്കുകയായ ഒരു ഉടുപ്പും ധരിച്ച് ഉപജീവനത്തിന് അന്നത്തെ രണ്ടു ദേശത്തിന്റെ നിലയായ ഒരു ചക്രം മടിയിൽ തിരുകി കെട്ടി കണ്ണുമൂടുവഴി കോട്ടയ്ക്കകത്തുള്ള ടെലഗ്രാഫ് ഓഫീസിലേയ്ക്ക് നടന്നുപോകുന്നതു കണ്ടിട്ടുള്ള പഴമക്കാർ ഇന്നും ജീവിച്ചിരിപ്പുണ്ട്. 12 വയസ്സിൽ തന്നെ കുടുംബഭാരം തലയിൽ കയറിയ അച്ഛൻ അന്ന് സ്ഥാവരവും ജംഗമവുമായി കുടുംബത്തിലുള്ള മാതൃജനങ്ങളെ സംരക്ഷിച്ചുപോന്നു. ദാരിദ്ര്യത്തിൽ ജനിച്ച പ്രതിബന്ധങ്ങളുടെ സമ്മേനസ്യമായിൽ ചെന്നു ചേരാൻ കഴിഞ്ഞ അച്ഛന്റെ ജീവിതം അവസാനംവരെ ക്ലേശഭൂയിഷ്ഠമായിരുന്നു. 1105-ൽ അമ്മ മരിച്ചതോടെ അച്ഛന്റെ മനഃക്ലേശങ്ങൾ ശതഗുണീഭവിച്ചു. 1109-ൽ സ്വന്തം സഹോദരൻ അകാലചരമം പ്രാപിച്ചപ്പോൾ അച്ഛന്റെ മനോവൈക്ലബ്യങ്ങൾക്ക് അന്തവും അതിരുമില്ലാത്ത അവസ്ഥയായി. അന്നത്തെപ്പറ്റി അച്ഛൻ എഴുതിയിട്ടുള്ള വാക്യങ്ങളിലുമല്ലാതെ മറ്റൊന്നിലും നോട്ടമില്ലായിരുന്നു. മിക്കവാറും ലൗകികവ്യാപാരങ്ങളിൽനിന്നും വിരമിച്ച് അദ്ദേഹം അന്നുംവരെ കഴിച്ചുകൂട്ടി.

അച്ഛന്റെ ഇങ്ങിതംപോലെതന്നെ ആയിരുന്നു അദ്ദേഹത്തിന്റെ മരണവും. 1124-മാണ്ടു് മദ്ധ്യത്തിൽതന്നെ അദ്ദേഹത്തിനിയാമായിരുന്നു മരണം തന്നെ മാടിവിളിക്കുന്നുണ്ടെന്ന്. അന്ന് അദ്ദേഹത്തിന് രണ്ടേരണ്ട് അഭിലാഷങ്ങളും മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. ഒന്ന് 36 കൊല്ലത്തെ പരിശ്രമംകൊണ്ട് ഏതാണ്ട് എഴുതിതീർന്നായ ഭാഷാസാഹിത്യചരിത്രം വെളിച്ചംകാണണം. രണ്ടു്, സമ്പൂർണ്ണമായ ഒരു കേരളചരിത്രം നിർമ്മിക്കണം. അക്കൊല്ലം ഇടവമാസം എന്നെക്കൊണ്ട് ഒരു മാസത്തേയ്ക്കുവധി എടുപ്പിച്ചു. ഈ ചരിത്രം എഴുതി അവസാനിപ്പിച്ചു. മിഥുനം 1-ാംനു- പകൽ ഒന്നരമണിക്ക്.....ഞങ്ങളെയെല്ലാം ദുഃഖസാഗരത്തിലാഴ്ത്തിക്കൊണ്ട് ആ വന്ദ്യദേഹം നിത്യവിശ്രാന്തിയിൽ ലയിച്ചു. സന്താനങ്ങളുടേയും ബന്ധുക്കളുടേയും തോരാത്ത കണ്ണുനീർ വീട്ടിനകത്തും, മുൻദിവസമായി അഹോരാത്രം ധാരമുറിയാതെ പെയ്തുകൊണ്ടിരുന്ന പേമാരി പുറത്തും. സൂര്യപ്രകാശമില്ലാത്ത ഇരുണ്ടുകറുത്ത ആ മുനം ദിവസങ്ങൾ——ഈശ്വരാ! ഓർക്കുമ്പോഴെന്റെ ഉടലാസകലം വിറച്ചുപോകുന്നു.

ഞങ്ങടെ ആ ദുർദ്ദിനത്തിൽ ഞങ്ങളുടെയെല്ലാം ആശാസൗധം തകർന്നു തരിപ്പണമായി. ഞങ്ങളുടെ ഭിന്നതാല്പര്യങ്ങൾക്കും ഒരു ചേരിപിരിവിനുമായി ഗൃഹാന്തർഭാഗത്തു വിപുലമായ ഒരു കുടുംബം ശിഥിലീകൃതമായി. ബന്ധുജനങ്ങൾ ഒരു തുണ്ടം തുണിപോലും ഇങ്ങനി വരുമെന്നു പ്രതീക്ഷിപ്പാനില്ല. മിക്കവാറും ദരിദ്രസ്ഥന്മാരായ ഒരു സുഹൃത്തുക്കൾ നഷ്ടപ്പെട്ടു. ആശ്രിതലക്ഷണങ്ങൾ——എന്തുമായാ സംഭവിച്ചു വരുന്നതിനെ——പരിണതപ്രജ്ഞനായ ഒരു ഗ്രന്ഥകർത്തൻ കൈവിട്ടുപോയി. പാണ്ഡിത്യമണ്ഡലത്തിനു അവരുടെ പരമാധികാരി അന്ത്യയാത്ര ചോദിച്ചു പിരിഞ്ഞുപോയി. സംഹിതാകാരന്മാർക്കു നേതാവില്ലാതായി. കേരളസാഹിത്യസിംഹാസനം ശൂന്യമായി.

നാല്പതുകോടി ഭാരതീയരുടെയും ആരാധ്യനായ മഹാത്മാഗാന്ധിയുടെ ആകാലികമായ ദേഹവിയോഗം കേൾക്കുന്ന റേഡിയോവാർത്ത വിങ്ങുമ്പോൾ അച്ഛനുണ്ടായ ഞെട്ടൽ അദ്ദേഹത്തിന്റെ മസ്തിഷ്കത്തെത്തന്നെ ഒന്നിളക്കി. ആ മഹാസംഭവം മഹാകവിയുടെ ഏറ്റവും വികാരസാന്ദ്രമായ ഒരു കാവ്യശിൽപമായിത്തീർന്നു. അദ്ദേഹത്തിന്റെ അവസാനകവിത സുപ്രസിദ്ധമായ "ചുടലക്കളം"——പിറ്റേദിവസം എഴുതുവാനാരംഭിച്ചു. ഏതാണ്ടു പകുതി എഴുതിക്കഴിഞ്ഞു കളിക്കാൻ പോയ അച്ഛൻ ജ്വരാർദ്ദിതനായി വീഴുവാൻപോകുന്നതായിട്ടാണ് ഞങ്ങൾ കണ്ടതു്. പ്രാഥമികശുശ്രൂഷകൾക്കുശേഷം കുളിയും ഉണ്ണലുംകഴിഞ്ഞു് കവിത മുഴുവനാക്കി രോഗശയ്യയെപ്രാപിച്ചു. അന്നുതുടങ്ങിയതാണ് അച്ഛന്റെ ശരീരികമായ അസ്വാസ്ഥ്യം. അൽപം സുഖംകിട്ടിയപ്പോൾ വീണ്ടും സാഹിത്യരചനയിലേർപ്പെട്ടു. പക്ഷെ വീണ്ടും കിടപ്പായി. പ്രശസ്തനും പ്രശസ്തനുമായ ഡാക്ടർ അച്യുതൻപിള്ളയുടെ ചികിത്സാപാടവത്തിൽ ആ പ്രതിസന്ധിയെ ഞങ്ങൾ തരണംചെയ്തു. മേധാശക്തിയുടെ നിരന്തരമായ വ്യാപാരത്താൽ മസ്തിഷ്കത്തിലെ രക്തധമനികൾപൊട്ടി രക്തം ബഹിർഗ്ഗമിച്ചതായിരുന്നു രോഗകാരണം എന്നാണ് ഡാക്ടർ അഭിപ്രായപ്പെട്ടതു്. 1123-ൽ ഉണ്ടായ ഈ രോഗം ചികിത്സിച്ച ഭേദമായതിനുശേഷം ഡാക്ടർ നിർബന്ധമായി ഉപദേശിച്ചതാണ് എഴുത്തും വായനയും ഇനിമേൽ അച്ഛൻ പാടിയതല്ലെന്നും പക്ഷേ മഹാകവി വള്ളത്തോൾ അലങ്കാരഭാഷയിൽ പറഞ്ഞ [illegible] "പുസ്തകമിട്ടുൽക്കടമായ [illegible] ഈ പരസഹസ്രം തുമാത്രമാണ് [illegible] വൈക്ലബ്യമുണ്ടാക്കുന്നതും വായിച്ചുതീരുമില്ലെങ്കിൽ ജീവിച്ചിരിക്കണമെന്നില്ല. അച്ഛൻ അന്നു നിശ്ചയിച്ചതായിരിക്കണം വേഗം സാഹിത്യചരിത്രം മുഴുവനാക്കി ഇതു ലോകത്തോടു് യാത്രപറയണമെന്നു്. അതു നടക്കുകയുംചെയ്തു. ',ഞാനിനി അധികകാലത്തേയ്ക്കില്ല. നീ ഒരുമാസത്തെ അവധിയെടുത്തു് History of Literative അച്ചടിയ്ക്കുൻകൊടുക്കണം.'' ഇതു് അച്ഛൻ 1124 മേടം 29-ംനു- എന്നോടുപറഞ്ഞ വാക്കുകളാണ്. പക്ഷേ ഞാനിതുകാര്യമായി എടുത്തിയില്ല. ഇടവം ഒന്നാംതീയതിമുതൽ ഞാൻ അവധിയെടുത്തു് സാഹിത്യചരിത്രത്തിന്റെ ജോലികളും തീർത്തു. മിഥുനം ഒന്നാംതീയതി അച്ഛൻ മരിച്ചു. അദ്ദേഹംതന്നെ പാടിട്ടുള്ളതുപോലെ അല്ലെങ്കിൽ ആശിച്ചതുപോലെ

"ഇരവുവരണം; കലമാനായകൻ-
തൻകരം
ധരയെ അണിയിക്കണം ധർമ്മപട്ടം
ഭരം
അനവരതമെന്നെയിട്ടിട്ടലട്ടുന്ന
ജനിതതതി ഭീഷ്മമാം നിദ്രകൈ-
ക്കൊള്ളണം."

പൂനിലാവുപൊഴിയുന്ന ആ പാതിരാത്രിയിൽ ഞങ്ങൾ ശ്മശാനയാത്ര നടത്തി.

"അവിടെയൊരഭൂമമം ഹീരസൗ-
ധം ചമച്ചവിതഥരസം നാംരമിച്ചീടുമപ്പുറം"

എന്നു് അച്ഛൻ ഭീഷ്മശ്ലോകംചെയ്തിരുന്നതുപോലെ അദ്ദേഹം ഇന്നു് സുരലോകത്തിൽ കീർത്തിലക്ഷ്മിയുടെ പരിഗ്രഹസങ്കേതത്തിൽ ചെന്നെത്തിയിരിക്കുമെന്നാണ് എന്റെ വിശ്വാസം.

കുറിപ്പു്:— മലയാളരാജ്യത്തിന്റെ ഒരു പഴയസുഹൃത്തായ ഉള്ളൂർ പി. മഹാദേവൻ മഹാകവി ഉള്ളൂരിന്റെ നാലാംചരമവാർഷികംപ്രമാണിച്ചു് ഞങ്ങൾക്കയച്ചുതന്ന ലേഖനം.

★

"പൂച്ച തന്റെ കുട്ടികളെ കടിച്ചുകൊല്ലുമ്പോൾ അതിനു് വേദനയുണ്ടാകുന്നില്ല; എന്നാൽ ഒരു എലിയെ അങ്ങനെ പിടിച്ചുകൊല്ലുമ്പോൾ അതു് ഉടൻ ചാകുന്നു. അതുപോലെ മനുഷ്യരെ ദുഃഖിപ്പിക്കുമെങ്കിലും ഭക്തനെ ഒരിക്കലും വിഷമിപ്പിക്കയില്ല."

3-32

ശ്രീരാമകൃഷ്ണദേവൻ

★

എവറസ്റ്റാരോഹണവിജയത്തിന്റെ വീരചരിത്രം



എവറസ്റ്റിൽ ആദ്യം കയറിയ ഷെർപ്പാ തെൻസിംഗ്.

★

മേയ് 29-ാംനു- തെൻസിംഗും ഹിലാറിയും എവറസ്റ്റിന്റെ നിറുകയിൽപാദം ഊന്നി എന്ന വാർത്ത അത്യധികമായ അത്ഭുതത്തോടും ആനന്ദത്തോടും ആണു് ലോകം ശ്രവിച്ചതു്. എവറസ്റ്റാരോഹണത്തിനു നടന്നിട്ടുള്ള ശ്രമങ്ങളെ സാമാന്യമായി വിവരിക്കുന്നതാണു് ഈ ലേഖനം.



ബ്രിട്ടീഷ് ആരോഹണസംഘത്തിന്റെ നേതാവായ കേണൽ ജൺഹണ്ട്.

ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടധാരണമഹോത്സവങ്ങളുടെ ശബ്ദഘോഷമെങ്ങിലുമടങ്ങുകയും, അതിന്റെ കീർത്തിയെ രണ്ടംഗീകരിയിലേയ്ക്കു തള്ളുകയും ചെയ്ത ഒന്നായിരുന്ന തെൻസിംഗും, ഹിലാറിയും എവറസ്റ്റിന്റെ നിറുകയിൽ തങ്ങളുടെ വിജയപതാക നാട്ടിയെന്നുള്ള വാർത്ത. ലോകമെങ്ങുമുള്ള ജനങ്ങൾ ഈ വാർത്ത കേട്ടു് അത്യുത്സുകരായിപ്പോയി. സ്ഥിരോത്സാഹത്തിന്റെയും അജയമായ ഇച്ഛാശക്തിയുടേയും മൂർത്തിമദ്ഭാവമായ ആ രണ്ടു ധീരാത്മാക്കളുടേയും നേരെ തിരിഞ്ഞുനിന്ന ലോകം ഏകതാനതയോടെ അഭിവാദനങ്ങളും അനുമോദങ്ങളും അർപ്പിച്ചു. അതിന്റെ മാറ്റൊലി ഇന്നും നിലച്ചിട്ടില്ല. പത്രങ്ങളിൽ, റേഡിയോകളിൽ എല്ലാം പ്രധാനസംഭവമതാണു്. ആ രണ്ടു ധീരന്മാരേയും അഭിനന്ദിക്കുന്നതിനു് ലോകം അഹമഹമികയാ വെമ്പൽകൊള്ളുകയാണു്. സംഘത്തലവനായ കേണൽ ഹണ്ടിനും, ന്യൂസിലണ്ടുകാരനായ ഹിലാറിക്കും ബ്രിട്ടീഷ് രാജ്ഞി സർവ്വസമ്മാനം നൽകിക്കഴിഞ്ഞു. ഇന്ത്യാക്കാരനായതുകൊണ്ടായിരിക്കാം തെൻസിംഗിനു് സ്ഥാനമാനങ്ങളൊന്നും നൽകാതിരുന്നതു്. എന്തെന്നാൽ വിദേശീയബഹുമതികൾ സ്വീകരിക്കുന്നതിനെ ഇന്ത്യൻനിയമം വിലക്കുന്നുണ്ടു്, കിരീടധാരണം നടക്കുന്നതിന്റെ പ്രാരംഭമായ വൃഥാതിരക്കിടയിലും തന്റെ അനുമോദനം പർവ്വതാരോഹണസംഘത്തെ അറിയിക്കുവാൻ രാജ്ഞി മറന്നില്ല. അതൊരുതരത്തിൽ ഉചിതവുമായി. എന്തെന്നാൽ, അഭിഷിക്തയാകുവാൻ പോകുന്ന രാജ്ഞിക്കു് വിശേഷബഹുമതിയായി നൽകുന്നതെന്നു കരുതലോടെയാണു് ഒമയ് 29-ാംനു നടന്ന വിജയവാർത്ത അതുവരെ ഒവിളിക്കുവിടാതെ കേണൽ ഹണ്ടു് സൂക്ഷിച്ചതു്. തെൻസിംഗിന്റെ വിജയം അറിഞ്ഞു് അദ്ദേഹത്തിന്റെ ഭാര്യ ആനന്ദംകൊണ്ടു മതിമറന്നു പോയി. ലോകത്തുംവരെ ഒരു ധീരനായി കരുതപ്പെട്ടെന്നു നിശ്ചിതമായി കഴിഞ്ഞ അദ്ദേഹത്തിന്റെ സഹധർമ്മിണിയാകുവാൻ ഭാഗ്യം സിദ്ധിച്ച അവർ തീർച്ചയായും ധന്യതന്നെ. തെൻസിംഗിനെ ഏതുവിധമാണു് ബഹുമാനിക്കേണ്ടതെന്നോർത്തു് ശവമ്മെൽകുകയും കുഴങ്ങുകയുണ്ടു്. അദ്ദേഹത്തിനു് ആയുഷ്കാല പെൻഷൻ നൽകണമെന്നു് നീപ്പാൾ ശവമ്മെൻറു തീരുമാനിച്ചുകഴിഞ്ഞു. പശ്ചിമബംഗാൾ ശവമ്മെൻറും ഒരു വമ്പിച്ച സ്വീകരണവും സമ്മാനവും നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യാശവമ്മെൻറു് അദ്ദേഹത്തിനു് ഒരു കീർത്തിമുദ്ര നൽകുന്നതാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. പ്രസിഡണ്ടു് നേരിട്ടു് അദ്ദേഹത്തിനെ സ്വീകരിച്ചു് അഭിനന്ദിക്കുന്നതുമാണു്.

ഐക്യരാഷ്ട്രാങ്ങളുടേയും ഭാരതത്തിന്റെയും, നീപ്പാളിന്റെയും, ബ്രിട്ടന്റെയും പതാകകൾ തെൻസിംഗ് എവറസ്റ്റിന്റെ ഉച്ചസ്ഥാനത്തിൽ നാട്ടി. ഭാരതപതാക അവിടെ പാറിച്ചില്ലെന്നും, ത്രിവർണ്ണപതാക കൊണ്ടുപോകുവാൻ തെൻസിംഗിനു് കഴിഞ്ഞിരുന്നില്ലെന്നും അതിൽ അദ്ദേഹത്തിനു മനസ്താപം മുണ്ടെന്നും നേരത്തെ റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ കേണൽ ഹണ്ടിൽനിന്നു് മറ്റൊരാൾക്കു ലഭിച്ച ഒരു സന്ദേശത്തിൽ തെൻസിംഗ് സ്വന്തമായി ത്രിവർണ്ണപതാക കൊണ്ടുപോന്നിരുന്നുവെന്നും മാത്രമല്ല മൂന്നു പതാകകളോടൊപ്പം അതും സ്ഥാപിക്കുകയുണ്ടായി എന്നും പറഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം സ്വിസ്സംഘത്തോടൊപ്പം തെൻസിംഗ് പർവ്വതാരോഹണത്തിനു പോയിരുന്നപ്പോൾ പ്രസിഡണ്ടു് ഇന്ത്യൻപതാക ഏല്പിച്ചിരുന്നു. ഇപ്രകാരം അങ്ങിനെ ചെയ്യുന്നതിനുവേണ്ടിയിരിക്കണം ഭാരതപതാകയുടെ കാര്യം ആദ്യമേയുള്ള റിപ്പോർട്ടുകളിൽ പ്രസ്താവിക്കപ്പെടാതിരുന്നതു്. കരുതലോടെ ഭാരതപതാകയുംകൊണ്ടുപോകുകയും അതു ലോകത്തിന്റെ അത്യുന്നതിയിൽ സ്ഥാപിക്കുകയും ചെയ്ത തെൻസിംഗിന്റെ ദേശാഭിമാനം അദ്ദേഹത്തിന്റെ ധീരതയേയും ഇച്ഛാശക്തിയേയുംകാൾ മഹത്തരമേറിയതുതന്നെ.

എവറസ്റ്റിനു തെൻസിംഗ് കൊടുമുടി എന്നു പേരുനൽകണമെന്ന ഒരു പ്രമേയം ലോകത്തിന്റെ മുന്നിൽ പതിവുപോലെ സമ്മാനിച്ചിട്ടുണ്ടു്. നീപ്പാളിലെ വിദ്യാർത്ഥികളിൽനിന്നാണതു് ഉന്നീതമായതു്. ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും അതിനു പിന്തുണ ലഭിച്ചുതുടങ്ങീട്ടുമുണ്ടു്. ഈ നിർദ്ദേശം സ്വീകരിക്കപ്പെടുമെന്നു പ്രത്യാശിക്കുക. ഒരു കൊടുമുടി കണ്ടുപിടിച്ചയാളിനു്, ആ മലയുടെ പേരു നൽകാമെങ്കിൽ, അതിന്റെ മുച്ചിയിൽ ആദ്യമായി ചുവടുറപ്പിച്ച ധീരന്റെ പേരു് നാം എന്തുകൊണ്ടു് അതിനു നൽകിക്കൂടാ? അങ്ങിനെ മൗണ്ടു് എവറസ്റ്റു് മൗണ്ടു് തെൻസിംഗായി അറിയപ്പെടാൻ അധികകാലം വേണ്ട.

ആരാണു് തെൻസിംഗ്?

ആരാണീതെൻസിംഗ്? നീപ്പാളിൽ ജനിച്ച ഇൻഡ്യൻ പൗരത്വം സ്വീകരിച്ച മുപ്പത്തൊൻപതുകാരനായ ഒരു പർവ്വതാരോഹകനാണദ്ദേഹമെന്നു പറഞ്ഞാൽ മുഴുവനും ആകയില്ല. അടങ്ങാത്ത ജ്ഞാനതൃഷ്ണയുടേയും ഒടുങ്ങാത്ത ഇച്ഛാശക്തിയുടേയും അവതാരമാണദ്ദേഹമെന്നു അദ്ദേഹത്തെ വിളിച്ചേതീരൂ. 1952 മേയ് 28-ാംനു- അതായതു എവറസ്റ്റിന്റെ കൊടുമുടിയിൽ അദ്ദേഹം കാൽകുത്തുന്നതിനു കൃത്യം ഒരു വർഷവും ഒരു ദിവസവും മുമ്പു് അദ്ദേഹം 28210 അടി ഉയരത്തിൽ കയറിയിരുന്നു. മുമ്പൊരിക്കലും ആരും കയറിയിട്ടില്ലാത്ത ഉയരമായിരുന്നു ഇതു്. അങ്ങിനെ തെൻസിംഗിന്റെ പേരു് ലോകമെങ്ങും പരക്കെ അറിയപ്പെട്ടതിനും, ജീവനുള്ള ആരും ഇതുവരെ എത്താത്ത ആ സ്ഥാനത്തു് എത്തിയതിനു് നീപ്പാളും ശവമ്മെൻറിന്റെ നീപ്പാൾ പ്രതാപ്-വർദ്ധക് മെഡൽ അദ്ദേഹത്തിനു ലഭിച്ചിരുന്നു. ഏറ്റവും അസഹനീയമായ ശൈത്യം നിമിത്തം കഴിഞ്ഞകൊല്ലം സ്വിസ് സംഘം 800 അടിമാത്രം ബാക്കി കയറാനാവാതെ തിരിച്ചുപോരുകയാണുണ്ടായതു്. അന്നു തെൻസിംഗിനും എം. റെയ് മണ്ടു് ലാംബർട്ടിനും മാത്രമേ അതുവരെ ഉയരത്തിൽ എത്താൻ കഴിഞ്ഞിരുന്നുള്ളൂ.

അനവധി പർവ്വതാരോഹണശ്രമങ്ങളിൽ തെൻസിംഗ് പങ്കുകൊണ്ടിട്ടുണ്ടു്. പർവ്വതാരോഹണങ്ങളിൽ അദ്ദേഹത്തിനുള്ള അനുദ്യോഗമായ പരിചയം നിമിത്തം ഇന്ത്യൻ സൈന്യം അദ്ദേഹത്തിന്റെ സേവനം സ്വീകരിക്കുകയുണ്ടായിട്ടുണ്ടു്. കഴിഞ്ഞവർഷം അദ്ദേഹത്തിനുണ്ടായ നേട്ടത്തെ പരിഗണിച്ചു സ്വിസ് ആൽബെൻക്ലുബ്ബും ഹിമാലയൻക്ലുബ്ബും തെൻസിംഗിനെ തങ്ങളുടെ സംഘത്തിലെ അംഗമായിച്ചേർത്തു.

തെൻസിംഗ് നംഗി എന്നാണു് അദ്ദേഹത്തിന്റെ മുഴുവൻപേരു്. ജാതിയിൽ ഷെർപ്പയാണദ്ദേഹം. ജനനം നീപ്പാളിന്റെ പൂർവ്വഭാഗത്തുള്ള ഖുംബാറിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന തേം എന്ന ഗ്രാമത്തിലാണു്. കുട്ടിക്കാലത്തുതന്നെ അദ്ദേഹം നീപ്പാൾ വിടുകയും ഡാർജിലിംഗിലെത്തി അവിടെ താമസമാക്കുകയും ചെയ്തു. അദ്ദേഹത്തിനു ഭാര്യയും രണ്ടു പെൺമക്കളും ഉണ്ടു്. മക്കളും ഡാർജിലിംഗിലെ നീപ്പാളി ഗേൾസ് സ്കൈസ്കൂളിൽ പഠിക്കുന്നു. എതുയും വിനയസമ്പന്നനാണു തെൻസിംഗ്. അദ്ദേഹത്തിന്റെ കുടുംബം സന്ദർശി


ക്കുന്ന ആരേയും അത്ഭുതത്തിന്റെയും ഭയത്തോടേയും ഔദാര്യത്തിന്റെയും ആതിഥ്യമര്യാദയും പ്രത്യേകമായി ആകർഷിക്കും.

കേണൽഹണ്ടും സംഘവും ജൂൺ 5-നു മടക്കയാത്ര ആരംഭിച്ചതായി അറിയുന്നു. വമ്പിച്ച സ്വീകരണങ്ങളും അഭിനന്ദനപ്രകടനങ്ങളും അവരെ പ്രതീക്ഷിച്ചു, ഹിമാലയത്തിന്റെ തെക്കുവശത്തു കൂടി കഴിയുകയാണ്.


എവറസ്റ്റാരോഹണശ്രമങ്ങൾ

എവറസ്റ്റാരോഹണശ്രമങ്ങൾ ആരംഭിച്ചിട്ട് മുപ്പതുവർഷമായി. ഇതിനുമുമ്പു പത്തുതവണ പർവതാരോഹണസംഘങ്ങൾ ഈ ദുഷ്കൃനായ ആ ഗിരിവര്യനെ കാൽകീഴമർത്തുവാൻ ധീരമായ ശ്രമങ്ങൾ നടത്തി. ആ ശ്രമത്തിൽ എത്രയോ ധീരന്മാർക്കും പരലോകം പൂകി എങ്കിലും അവർ കാണിച്ചു മാർഗ്ഗങ്ങളും അവക്കുണ്ടായ അനുഭവങ്ങളും പിൻഗാമികൾക്കും ലഭിച്ചു. ഈ തത്ത്വത്തിൽ പറഞ്ഞാൽ അവരുടെ ധീരതയും അനുഭവങ്ങളും ആണ് മറ്റുള്ളവർക്ക് മാർഗ്ഗദർശകമായി ഭവിച്ചതു്. ഈങ്ങിനെ ബ്രിട്ടീഷ് പർവതാരോഹണസംഘത്തിന്റെ നിശ്ചയത്തിനു ആ ധീരന്മാർക്കും അകമഴിഞ്ഞ കടപ്പാടുണ്ട്. അതിനാൽ, എവറസ്റ്റാരോഹണത്തിനുവേണ്ടി ഇതിനുമുമ്പു നടന്ന ശ്രമങ്ങളെ അനുസ്മരിക്കേണ്ടതും അവശ്യം തന്നെ.

1921-ലാണ് എവറസ്റ്റ് കീഴടക്കുന്നതിനുള്ള ആദ്യശ്രമം നടന്നതു്. 1938 വരെയുള്ള എല്ലാ ശ്രമങ്ങളും ടിബറ്റിൽനിന്നു പർവതത്തിന്റെ വടക്കു വശംകൂടിയുള്ളതായിരുന്നു. 1951-ൽ ആദ്യമായി തെക്കുഭാഗത്തു നീപ്പാളിൽനിന്നു കയറാനുള്ള ശ്രമം നടന്നു. മി. എറിക്ക് ഷിപ്ടന്റെ നേതൃത്വത്തിലുള്ള പാർട്ടിയായിരുന്നു ഇതിനു തുനിഞ്ഞതു്. 1952-ൽ സ്വിസ് സംഘവും ഈ പുതിയ മാർഗ്ഗംതന്നെ സ്വീകരിച്ചു തത്ഫലം അവർക്കു വലിയ വിജയം സിദ്ധിച്ചു.



ഷെർപ്പാടെൻസിംഗും, ഇ. പി. ഹിലാറിയും കയറിയ എവറസ്റ്റ്കൊടുമുടിയുടെ ചിത്രം.



പൂമോറിയിൽനിന്നെടുത്ത ചിത്രം. എവറസ്റ്റും സമീപമുള്ള ലോട്ട്സെ, നപ്റ്റ്സെ എന്നീ കൊടുമുടികളും ചിത്രത്തിൽ കാണാം.

എവറസ്റ്റ് കൊടുമുടിയുടെ ഉയരം സമുദ്രനിരപ്പിൽനിന്നു അഞ്ചരമൈൽ വരും. ലോകത്തിലെ ഏറ്റവും വലിയകൊടുമുടി സ്ഥിതിചെയ്യുന്നതു ടിബറ്റിനേയും നീപ്പാളിനേയും അതിർത്തിയിലാണ് ഗൗരീശങ്കർസ്മാരകത്തിൽനിന്നു 55-മൈൽ അകലെയാണിതു്. അതിനേക്കാൾ അഞ്ഞൂറടി കൂടുതൽ ഉയരമുണ്ട്. 1852-ലാണ് ഈ കൊടുമുടിയുടെ ഉയരമെത്രയെന്ന ആദ്യമായി തിട്ടപ്പെടുത്തിയതു്. അന്നു പ്രസ്തുതസ്ഥാനത്തിനു 29002 അടി ഉയരമുണ്ടെന്നുകണ്ടു. 1905-ൽ വീണ്ടും ഒരു സർവെ നടന്നു. തൽഫലമായി ഉയരം 29141 അടി വരുമെന്നു ബോധ്യമായി. 1852-ൽ ആദ്യസർവെ നടത്തിയതു് സർ ജോർജ് എവറസ്റ്റ് എന്ന വെള്ളക്കാരനായിരുന്നു. ഈ കൊടുമുടിക്ക് എവറസ്റ്റ് എന്ന പേരുവരുവാനുള്ള കാരണം അതാണ്.

ഹിമാലയത്തിന്റെ 16000 അടി ഉയരംമുതല്പിന്നെ പർവതാരോഹകന്മാരുടെ മഞ്ഞുറഞ്ഞുകിടക്കുന്നു. അതുപോക്കത്തിൽവച്ചുതന്നെ വായു എപ്പോഴും ഘനംകുറഞ്ഞതാകയാൽ മനുഷ്യനു് അതു് ശ്വസിക്കുവാൻ സാധ്യമല്ല. തണുപ്പിൽനിന്നു രക്ഷകിട്ടാനുള്ള പ്രത്യേകവസ്ത്രങ്ങളും ശ്വാസം കഴിക്കാനുള്ള ഉപകരണങ്ങളുമായി വേണം ഇവിടം കയറുവാൻ. ഇക്കാര്യത്തിൽ ആംഗ്ലേയപർവതാരോഹകരാണ് മാർഗ്ഗദർശികളായി തീർന്നിട്ടുള്ളതു്.

ആണ്ടിൽ നാലു മാസമാണ് പർവതാരോഹണത്തിനു പറ്റിയതായുള്ളതെന്നു മധ്യത്തിനുമുമ്പു പർവതത്തിൽ കയറാമെന്നുവെച്ചാൽ, വമ്പിച്ച കൊടുമുടിയിൽനിന്നടിക്കുന്ന ശക്തമായ

യേറിയ കാറുനിമിത്തം അതു് അ
സാധ്യമായിത്തീരും. ജൂൺ പകുതി
ആയപ്പോഴ്ക്കു് തെക്കുപടിഞ്ഞാറ
ൻ മൺസൂ[illegible] മുലം ഹിമം കൂട്ട
തലായി [illegible] അ
ആവശ്യമാ[illegible]ട്ടിനിങ്ങാൻ
[illegible] സാധ്യമല്ല. അങ്ങനെ
[illegible]ധ്യമതൽ ജൂ[illegible]വരെ
യുള്ള കാലാവട്ടമാണു് പർവ്വതാ
രോഹണത്തിനു് അല്പമെങ്കിലും അ
നുകൂലമായിട്ടുള്ളതു്. ഈ കാലത്തു
ത്തിലും പലതടസ്സങ്ങളും നേരിടാം.
മഴകഴിഞ്ഞു്, എന്നാൽ കട്ടുത്തുവേ
നൽ ആരംഭിക്കുന്നതിനുമുമ്പുള്ള കാ
ലവും ഹിമാലയപർവ്വതാരോഹണ
ത്തിനു് പറ്റിയതാണു്. അക്ടോ
ബറിലും നവംബറിലും ഇങ്ങിനെ
യുള്ള അവസരം ലഭിച്ചെന്നുവരാം.

ഹിമാലയൻ ആരോഹണത്തിന
ുനിഞ്ഞിട്ടുള്ള സംഘങ്ങളിൽ രണ്ടേ
ന്നും കഴിച്ചു് ബാക്കിയുള്ളവയെല്ലാം
ബ്രിട്ടീഷ് സംഘങ്ങളായിരുന്നു. രണ്ടേ
ന്നും സ്വിസ് സംഘങ്ങളായിരുന്നു.
ഈ പർവ്വതാരോഹകരിൽ എട്ടുപേര
ുടെ പേരുകളും പ്രത്യേകമായി സ്മരി
ക്കേണ്ടതുണ്ടു്. 1921-ലും, 22-ലും,
24-ലും പർവ്വതാരോഹണം നടത്തിയ
സംഘത്തിൽ [illegible]ജു് ലേമേലറി
ുംപ്പെട്ടിരുന്ന മൂന്നാമത്തെ യാത്ര
യിൽ അദ്ദേഹത്തോടൊപ്പം എ. സി.
ഇർവിനും ഉണ്ടായിരുന്നു. ഇവരെ
ണ്ടുപേരെയും അവസാനമായി കണ്ട
തു് 28230 അടി ഉയരത്തിൽവച്ചാ
ണു്. ഇതിൽപിന്നെ അവരെ
സംബന്ധിച്ച ഒരു വിവരവും ലഭിച്ചി
ല്ല. അവർ മടങ്ങുന്നവഴിക്കാണോ
പിന്നെയും കയറുമ്പോഴാണോ ഈ
അത്യാഹിതം സംഭവിച്ചതു് എ
ന്നു് ആർക്കും പറയുവാൻ നിവ
ൃത്തിയില്ല. മഞ്ഞുകട്ടി വെട്ടി
മാറ്റുന്നതായി അവർ കൊണ്ടുപോയി
രുന്ന ഒരു മഴുമാത്രം കണ്ടുകിട്ടി.
1924-ജൂൺ 8-നാണു് ഈ
ദുഃഖസംഭവം. ഇവരുടെ മരണത്തി
നു് രണ്ടുദിവസംമുമ്പു് കേണൽ ഈ.
എഫ്. നോർട്ടൺ 2800 അടി ഉയര
ത്തിൽ എത്തിയിരുന്നു. അതിനോ
ടടുത്തൊപ്പം എത്താറായപ്പോൾ ഡോ: ടി.
ഗ്രാവു്. സോമർവെല്ലും പോയിരു
ന്നു. നെയ്യർ ആത്മപക്ഷിയിൽ ഡാക്ട
റായിരുന്ന പ്രശസ്തനായ സോമർ
വൽതന്നെയാണു് മുൻപറഞ്ഞ
സോമർവെല്ലെന്ന കൂട്ടത്തിൽ പറ
യുകൊള്ളട്ടെ. എവറസ്റ്റാരോഹ
ണത്തിൽ തനിക്കുണ്ടായിട്ടുള്ള അനുഭ
വങ്ങളെ വിവരിച്ചുകൊണ്ടു് അദ്ദേ
ഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്ര
ന്ഥം ശ്രീ. മത്തൃ എം. കുഴിവേലി പ
രിഭാഷപ്പെടുത്തിയിട്ടുള്ളതു് മലയാള
ത്തിലും പ്രസിദ്ധീകൃതമായിട്ടുണ്ടു്.
എവറസ്റ്റാരോഹണത്തെ സംബന്ധി
ച്ചു് ഏകദേശമായ വിവരങ്ങൾ ഗ്ര
ഹിക്കുവാൻ ഉപകരിക്കുന്നതാണു് പ്ര
കൃത പ്രസിദ്ധീകരണം.

1924-ലെ കയറ്റത്തിൽ മഞ്ഞുക
ട്ടയിൽനിന്നു വഴുതിവീഴുകയാൽ ഏ
ഴുകുലിക്കാർ മരിച്ചുപോയി. 1933-ൽ
വിൻഹാരിസിനും, ലാറസ് ലേജറി
നും 27400 അടി ഉയരംവരെ
ചെന്നെത്തുവാൻകഴിഞ്ഞു. 1924-ൽ
മുകിയടത്തെ മലോറിയുടെ കേടാ
വി ഇവർക്കുണ്ട ലഭിച്ചതു്. രണ്ടടി
വസത്തിനുശേഷം ഫ്രാങ്ക് സ്മിത്തും
എറിക് ഷിപ്ടണും മുൻപറഞ്ഞവ
രേക്കാളും എത്താൻ ശ്രമംചെയ്തു.
അവർ അല്പംകൂടി മുന്നോട്ടുപോകു
കയുംചെയ്തു.

1936-ലെ ബ്രിട്ടീഷുകാരുടെ ശ്രമം
കാലാവസ്ഥയുടെ വിപരീതാവസ്ഥ
കൊണ്ടു് വിഫലമായിപ്പോയി.

ടിബറിൽ കണ്ണുണിസ്സുമിപീഠം
സ്ഥാപിതമായതോടെ എവറസ്റ്റി
ന്റെ വടക്കുഭാഗംകൂടി ആരോഹ
ണംനടത്തുന്നതിനുള്ള അനുവാദം നിഷേ
ധിക്കപ്പെട്ടു. അതിനാൽ 1951-ൽ
തെക്കുഭാഗത്തുനിന്നു് നിപ്പാളിലൂടെ
കയറാൻ കഴിയുമോ എന്ന പരീക്ഷ
ണത്തിൽ എറിക്ക് ഷിപ്ടൺ ഏ
ർപ്പെട്ടു.

1952-ലെ ആദ്യശ്രമം മേയ് മാസ
ത്തിൽ, എഡ്വർഡ് വിച്ച് ധ്വനി
ൻറിന്റെ നേതൃത്വത്തിലുള്ള പതി
നാലുപേരടങ്ങിയ സംഘം ആരംഭിച്ച
കൊട്ടുമുടിയിൽ എത്താൻ ആർക്കും ക
ഴിഞ്ഞില്ലെന്നു പറയേണ്ടല്ലോ. നാല
പേർക്കു് 27479 അടി ഉയരത്തിലെ
ത്താൻകഴിഞ്ഞു. ഇവരിൽ രണ്ടു
പേർക്കുമാത്രമാണു് പിന്നെയും മുന്നാ
ട്ടുപോകാൻകഴിഞ്ഞതു്. ഷെർപാ
ങ്ഡ്വാംഖർട്ടും, ഷെർപാ തെൻസിം
ഉം 28215 അടി ഉയരംവരെ എ
ത്തി. പിന്നെയും ആയിരംഅടിമാ
ത്രം കയറിയാൽ കൊട്ടുമുടിയിൽ എ
ത്തുമായിരുന്നു.

1952 മേയ് 28-നു് ലാംബർ
ട്ടും തെൻസിംഗും തെക്കിണഭാഗത്തുകൂ
ടി 28210 ഉയരത്തിൽ എത്തിയെ
ങ്കിലും അവർക്കു മടങ്ങേണ്ടിവന്നു.
1924-ൽ മലോറിയും ഇർവിനും ഇ
തേക്കാൾ 20 അടികൂടി കൂടുതൽ ക
യറിയിരുന്നു. എന്നാൽ അവർക്ക്
ജീവനോടെ തിരിച്ചെത്താൻകഴി
ഞ്ഞില്ല. എന്നാൽ ലാംബർട്ടിനും
തെൻസിംഗിനും മടങ്ങിയെത്താൻക
ഴിഞ്ഞു. ലാംബർട്ടിനു് അന്നു് ഒരു
മണിക്കൂറിൽ 165 അടി മാത്രമാണ
ു് മുന്നോട്ടുപോകുവാൻ കഴിഞ്ഞതു്.
ഡ്യൂറൻവുപറയുന്നതു് എവറസ്റ്റു് സമു
ദ്രനിരപ്പിൽനിന്നു് 29610 അടി
പൊക്കമുള്ളതാണെന്നാണു്. ഈ
സംഘം ജൂൺ 27-നു് കാട്മണ്ഡു
വിൽ തിരിച്ചെത്തി.

1952 ലെ രണ്ടാമത്തെ സ്വിസ്
ആരോഹണസംഘം അക്ടോബർ ന
വംബർമാസത്തിൽ എവറസ്റ്റു് കയ
റാൻ ശ്രമംനടത്തി: ഡോക്ടർ ഗ്രൈ
വാലെയുടെ നേതൃത്വത്തിൽ ഏഴുപേ
രാണു് ഈ സംഘത്തിൽ ഉണ്ടായിരു
ന്നതു്. 26600 അടി കയറിയപ്പോ
ഴേയ്ക്കും മുന്നോട്ടുപോകുവാൻ അവ
ർക്കുകഴിഞ്ഞില്ല. അതിനാൽ നവം
ബർ 20-നു് അവർ തിരിച്ചുപോ
ന്നു. ഡിസംബർ 18-നു് അവർ
കാട്മണ്ഡുവിൽഎത്തി. ഈ കയ
റ്റത്തിൽ ഒക്ടോബർ 31-നു് ഒരു
കൂലിക്കാരൻ മരിച്ചുപോയി. മൂന്നു
പേർക്കു പരുക്കുംപറ്റി.

1951-ൽ കേണൽ ഹണ്ടിന്റെ
നേതൃത്വത്തിലുള്ള ആരോഹണമാ
ണു് ഏറ്റവും ഒടുവിലായി നടത്തി
യിട്ടുള്ള ശ്രമം. ഇതിലാണു് തെൻ
സിംഗിനും ഹിലേറിക്കും കൊട്ടുമുടി
യിൽ എത്താൻകഴിഞ്ഞതും. മേയ്
17-നു തന്നെ നാലായിരംഅടി ഉ
യരത്തിലുള്ള ദക്ഷിണകോളിലെ
ത്തി അവർ ആദ്യമായി ക്യാംപ്
സ്ഥാപിച്ചുകൊണ്ടു്, അന്തിമമായ ക
യറ്റത്തിനു് സന്നദ്ധരായി. രണ്ടു
ശിഖരങ്ങളുടെ മധ്യേയുള്ള നിരപ്പാ
യസ്ഥലത്തിനാണു് കോൾഎന്നു പ
റയുന്നതെന്നു് കുട്ടത്തിൽ പ്രസ്താവിച്ചു
കൊള്ളട്ടെ. മേയ് 23-നു രണ്ടു
പേർ ന്യൂമായി ശ്രമിച്ചുനോക്കി.
7750 മീറ്റർ ഉയരത്തിലുള്ള 7-ാം
ക്യാംപിനുമീതെ അവർക്കു എത്താൻ
കഴിഞ്ഞെങ്കിലും അവരുടെശ്രമം വി
ഫലമായി. രണ്ടുദിവസത്തിനുശേ
ഷം രണ്ടുപേരും ശ്രമംനടത്തി. ജി.
സി. ബൗണ്ടും ഡബ്ലു. ഡബ്ലു. വെസ്റ്റ്മേ
ക്കാറും ഒരു ശ്രമംനടത്തി മടങ്ങി
പ്പോന്നു. ഹിലാറിയും ഷ്രിഗറിയും
കൊട്ടുമുടിയിൽനിന്നു് 600 മീറ്റർ ദൂ
രെയുള്ള എട്ടാംക്യാമ്പിൽനിന്നു രണ്ടാ
മത്തെപ്രാവശ്യം ശ്രമിച്ചുനോക്കി.
ഈ ശ്രമം വിഫലമായതിനാൽ, പ
രിതാരോഹണശ്രമംതന്നെ ഒക്ടോ
ബർനവംബർമാസത്തേയ്ക്കു നിട്ടിവ
ച്ചിരിക്കുന്നതായി വന്നുഭവിച്ചിരു
ന്നതാണു്. അങ്ങിനെയിരിക്കെ അ
വിചാരിതമായിട്ടാണു് മേയ് 29-നു
തീയതി തെൻസിംഗും ഹിലാറിയും
എവറസ്റ്റ് കൊട്ടുമുടിയിൽ വിജയപ
താകം നാട്ടിയവിവരം ജൂൺ 1-നു
ലോകമെങ്ങും പ്രഖ്യാപിക്കപ്പെട്ടതു്.

ഹിമമനുഷ്യനെ കണ്ടില്ല

മുൻ എല്ലാകയറ്റങ്ങളിലും മർഗ്ഗ
മദ്ധ്യേ കാണപ്പെട്ടിരുന്ന ഹിമമ
നുഷ്യന്റെ പാദമുദ്ര എങ്ങുതന്നെ കാ
ണ്മാനില്ലെന്നുള്ളതാണു് ഇപ്രാവശ്യ
ത്തെ ആരോഹണത്തിനുള്ള ഒരു പ്ര
ത്യേകത. എവറസ്റ്റ് പ്രദേശത്തു് അ
ധിവസിക്കുന്നവർ യെതി എന്നാണു്
ഈ ജീവിയെ വിളിക്കുന്നതു്. തൃം
ഗ്ബോച്ചു് എന്ന സ്ഥലത്തു് ബുദ്ധ
മതസന്ന്യാസിമാർ താമസിക്കുന്നതി
ന്റെ മുകളിലുള്ള മലയിലായി ഒര
ു ഹിമമനുഷ്യൻ കുറേനാൾ മുമ്പു പ്രത്യ
ക്ഷപ്പെടുകയുണ്ടായത്രെ. കൊമ്പും
കുഴലും വിളിച്ചു ശബ്ദമുണ്ടാക്കിയപ്പോ
ൾ അവൻ പേടിച്ചുപൊയ്പ്പോയത്രെ.
ഷ്കിനടിബാറിൽ ഒരു പ്രദേശത്തും
ഇവരുടെ ശല്യമുണ്ടായി. നട്ടിരുന്ന
ഉരുളക്കിഴങ്ങുപറിച്ചുകളയുക; മേൽ
ക്കൂര, എട്ടുത്തുമാറുക തുടങ്ങിയവ
യൊക്കെ ചെയ്തു. പിറേറദവസം
രാത്രിയിൽ ഈ ഹിമമനുഷ്യർ അവി
ടെ വീണ്ടും വരുമ്പോൾ മഞ്ഞു പാതു
ങ്ങിലുറക്കിവച്ചിരുന്നതുകണ്ടു് അ
തെടുത്തുകുടിച്ചു. ലഹരിപിടിച്ച അ
വരെയെ എളുപ്പം വധിക്കുവാൻ ഗ്രാ
മീണർക്കു കഴിഞ്ഞു.

ഹിമമനുഷ്യനെപ്പറ്റിയുള്ള വിവ
രങ്ങളും 1951-ൽ തെൻസിംഗ് ഏ
റിക്ക് ഷിപ്ടനെ അറിയിക്കുകയുണ്ടാ
യി അതിൻപ്രകാരം സാധാരണ
വലിപ്പംമാത്രമേ ഇവറസ്റ്റിൽ ഉള്ള
തെങ്കിലും നാലാളിന്റെ ശക്തി ഉണ്ട
ത്രേ. ഖുംബുവിലുള്ള ഷെർപ്പാ ഡി
സ്ട്രിക്ടിൽ ഇവ കൂടെക്കൂടെ പ്രത്യക്ഷ
പ്പെട്ടു് വീട്ടുകാംക്കും മറ്റും ശല്യമുണ്ടാ
ക്കുമായിരുന്നു. ഹിമമനുഷ്യനെ കു
റിച്ചുള്ളതെന്നുപറയുന്ന ഒരു ഷെർപ്പായു
ടെ വിവരണം അനുസരിച്ചു് അവ
ൻ അഞ്ചര അടി പൊക്കംവരുന്നു
മുഖം ഉരുണ്ടിട്ടും ശരീരംമുഴുവൻ ത
വിട്ടുനിറത്തിലുള്ള രോമംകൊണ്ടു മൂ
ടിയിരിക്കും. ചിലപ്പോൾ പിൻ
കാലിലും ചിലപ്പോൾ കൈ
യും കാലും കുത്തിയും അവ
ൻ സഞ്ചരിക്കും. ഒരിക്കൽ, കേ
ണൽഹണ്ടിന്റെ ഒരു മോണ്ടലും കൂടെ
ഒരുമിച്ചുകേട്ടു. ഒരു ഷെർപ്പാ പറ
ഞ്ഞതു് അതു ഹിമമനുഷ്യന്റെ ശബ്ദ
മാണെന്നാണു്. ഹിമാലയത്തിൽ
കണ്ടുവരുന്ന വാലില്ലാത്ത ഒരുതരം
കുരങ്ങുപോലെ ഇവന്റെ പ്രധാനഭ
ക്ഷണം. മനുഷ്യരെയും അവൻ തി
ന്നുമെന്നു വിശ്വസിക്കുന്നവരുണ്ടു്.
ഏതായാലും കെട്ടുകഥകളിലെ മതി
രി കേട്ടുകേൾവിയേയും വിശ്വാസ
ത്തേയും അടിസ്ഥാനമാക്കിയുള്ള വി
വരങ്ങളേ ഇവനെ സംബന്ധിച്ചു ല
ഭിച്ചിട്ടുള്ളൂ. എങ്കിലും മനുഷ്യനോടു
മുള്ള സാമ്യമുള്ളതെന്നു കരുതേണ്ട
ഒരു ജന്തു ഹിമാലയത്തിന്റെ ഉയർ
ന്ന പ്രദേശങ്ങളിൽ ജീവിക്കുന്നുണ്ടെന്നു
ള്ളതു ശരിതന്നെ. എന്തെന്നാൽ ക
ഴിഞ്ഞപ്രാവശ്യം ആരോഹണംനട
ത്തിയവർ അതിന്റെ ചുവട്ടടികൾ
കാണുകയുണ്ടായി. അ മുദ്രകളുടെ
ഫോട്ടോ എടുത്തതുന്നതു പത്രങ്ങളിൽ
പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.
എന്നാൽ, അത്ഭുതമെന്നു പറയട്ടെ,
അങ്ങിനെ ഒരു ചുവട്ടടിയും ഇപ്രാവ
ശ്യം കണ്ടില്ല. ഒരു പാദമുദ്ര കാണി
ച്ചുകൊടുക്കുന്നപക്ഷം അഞ്ചുപവൻ
സമ്മാനം നൽകുന്നതാണെന്നുകൂടെ
യുണ്ടായിരുന്ന ടൈംസ് ലേഖകൻ
വാഗ്ദാനം ചെയ്തിരുന്നുവത്രേ.

★

"തെറ്റായ മാർഗ്ഗത്തേയും, മൂഢ
ഭക്തിയേയുംപറ്റി സംസാരിച്ചുകൊ
ണ്ടു് പലതും വിദ്യാഗർവിതരാകുന്നു.
എന്നാൽ യഥാർത്ഥഭക്തൻ തനിക്കു്
ഈശ്വരൻഎപ്പോഴുംസഹായംചെയ്തു
നുകൊണ്ടുന്നു. അവൻ ചിലപ്പോൾ
തെറ്റായ മാർഗ്ഗത്തിൽ പോയാലും
ദോഷമില്ല. അവനു് എന്തുവേണ
മെന്നു ഈശ്വരൻ അറിയുന്നു; ഒടു
വിൽ ഭഗവാൻ അവന്റെ ഇഷ്ടപൂ
ർത്തിയും കൈവരുത്തുന്നു." 3-31

ശ്രീരാമകൃഷ്ണദേവൻ

സുലോചന

★

കേരളത്തിലെ ഒരനുഗൃഹീതഗായിക

★



ബോംബെയിൽവച്ച് 'ഈ മാസപ്പിറവി' 6 രംഗത്തിയതി ആരംഭിച്ച് 12-രംഗത്തിയതി അവസാനിച്ച ഐ. എച്ച്. ടി. കൾച്ചറൽസിനെപ്പറ്റി ബോംബെയിലെ പത്രമായ 'ഫ്രീപ്രസ് ബുള്ളറ്റിൻ' ഇപ്രകാരം എഴുതുന്നു:

ആളൻഡ്യാ പീപ്പിൾസ് തിയേറ്റർ അസോസിയേഷന്റെ ഏഴാമത്തെ കൾച്ചറൽസ് ഫെസ്റ്റിവലിനോടനുബന്ധിച്ചു കല്പിപ്പിക്കപ്പെട്ടതാണ് ഇന്ത്യയിലെ "അൻറാണിയോഡീസൽ ഡ്രാമാ" ഫൈസ് ക്ലബ്ബും കമ്പനത്തിൽവച്ചു നടന്നതു്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും സമാഹരിച്ച 500-ൽപരം ഡലിഗേറ്റുകൾ ചേർന്നു നടത്തിയ സംഗീതം, നൃത്തം, നിഴലാട്ടം തുടങ്ങിയ കലാപരിപാടികൾ ഓരോ രാത്രിയിലായി അവതരിപ്പിക്കപ്പെടുകയുണ്ടായി.

ഏപ്രിൽ 6-രംഗത്തിയതി ഉദയശങ്കറുടെ കലോത്സവം ഉൽഘാടനംചെയ്തു.

ഏപ്രിൽ 10 രംഗത്തിയതി വെള്ളിയാഴ്ച രാത്രി നടന്ന നാലുമണിക്കൂർ പരിപാടി ആയിരക്കണക്കിനുള്ള സദസ്സിനെ കൂടുതലും ഡെലിഗേറ്റുകളേയും ഉൽകണ്ഠാകുലമായ പ്രശംസയഴിച്ചുവിട്ടു. അഞ്ചു ഗാനങ്ങൾ, അലഹബാദ് ഗ്രൂപ്പിന്റെ നിഴലാട്ടം, രോഹിണീഭട്ടയുടെ വിളവെടുപ്പുനൃത്തം, കേരളാ പീപ്പിൾസ് ആർട്ട്സ് ക്ലബ്ബിന്റെ നൃത്തം, പായിരമ്പംഗാം യൂണിറ്റിന്റെ "ദേശാളിൽ" എന്ന നാടകം ഇതുമുതലായിരുന്നു അന്നത്തെ പ്രധാന പരിപാടികൾ.

ഗാനങ്ങളിൽ ആസാംഗ്രൂപ്പിന്റേയും, കേരളത്തെ പ്രതിനിധീകരിച്ച ശ്രീമതി സുലോചനയുടേയും. ഗാനങ്ങൾ ഒഴിച്ചാൽ മറ്റുള്ളവയെല്ലാം റേഡിയോയിൽക്കൂടി കേട്ടുകേട്ടു മടുത്ത സിനിമാപാട്ടുകളേക്കാൾ മുഷിപ്പനായിരുന്നു. ഈ അവസരത്തു്, കേരളത്തെ അനുഗ്രഹിതഗായികയായ ശ്രീമതി സുലോചന, തിയേറ്റർ സംരംഭത്തിലേയ്ക്കു നൽകിയ സംഭാവന പ്രത്യേകം പരിഗണനാർഹമാണു്.

സംഗീതോപകരണങ്ങളുടെ സഹായം യാതൊന്നുംകൂടാതെ മലയാളത്തിൽ ഒരു പാട്ടുവർഷം പാടി. വിവിധവിചാരപാടികളോടുകൂടി അത്രയുംദിവസം നീണ്ടുനിന്ന ആ കൈകൊമ്മയ കലോത്സവത്തിൽ ഏറ്റവും തൃപ്തികരണീയമായി കലാവൈശിഷ്ട്യം പ്രകടിപ്പിച്ചതിന്റെ കനകക്കിരീടം ഭൂഷണിയുന്നതു് ആ പാട്ടുകാരിയായ ഞൊന്നു തീർത്തുപറഞ്ഞാൽ, പാടുന്ന പാട്ടിൽക്കൂടി ജീവിക്കുവാനുള്ള ശബ്ദവും, മാധുര്യവും, വികാരബോധവും ഒത്തിണങ്ങിയിട്ടുണ്ടായിരുന്നു ഗായികയിൽ.



ജന്മഭൂമിയിൽ!

★

(പി. വി. വേലായുധൻ)

* കേരളക്കരയിലെ
ക്കണ്ടോരേരത്തായുള്ള
ടീനമാം ഗ്രാമങ്ങളി-
ലൊന്നിലിന്നുഞാൻനിൽപ്പു!
ജന്മഭൂമിയാണെന്നാലിന്
പൂഴിമണ്ണിലെൻകാ-
ലുമ്മവയ്ക്കുവേ പാറി-
പ്പാറുകിനാവുകളും
ജീവിതംമുളപ്പിച്ച
നാടിനെക്കുറിച്ചോർക്കെ-
പ്പൂവിടും ഹൃദയങ്ങ
ളേതുമെന്നറിയാതെ
ചിന്തതൻപിടിവിട്ട-
പോയൊരാരാമകോമ്പോലെ-
യന്തവാനിലായ് ചിന്നി-
ക്കിടപ്പുചെമ്മോലങ്ങളും
കായലിന്നപരേത
യോളവുംതെന്നിപ്പോയ
നിലനീലിമിഴികളും
തേടിപ്പോയൊരാലോകം
തരിലും തളിരിലും
കൌതുകംകുതിരിട്ട-
കാണുവാൻകഴിഞ്ഞേതു
കാലമെങ്ങനെപോയീ!
ശ്രീമയസൌഭാഗ്യത്തെ
ക്രീതികളാവിയ
കോമളസപ്പങ്ങളേ
നിങ്ങളെയോർക്കുന്നുഞാൻ
പിച്ചുവെയ്യുവാനാദ്യം
പഠിപ്പിച്ചൊരാനാടിൻ
കൊച്ചുതെന്നലിലൊരു
സൌരഭത്തിരയായി
ഭാവിതൻവിശാലത-
യിങ്കലേയ്ക്കുറ്റുനോല്പുസം
ജീവിതമനന്തമാ-
മൊഴുക്കാൻകഴിഞ്ഞെങ്കിൽ!
മണ്ണുവാരിയും, മാവും
തൊലിയുംതെങ്ങുംതമ്മിൽ-
കണ്ണുവയ്ക്കുമക്കാലം
കൂട്ടുകാരെയുമിച്ചും
ഉണ്മയിലാനന്ദിച്ച-
മോണപ്പുചൊരിയുന്ന
ചിങ്ങമാസത്തെപ്പോലെ
ശൈശവംപറന്നേപോയ്
എത്രമേലനവദ്യ
സുന്ദരൈശ്വര്യം;ലോകം-
മൊക്കെയും കലാപൂർണ്ണ
സപ്തസന്ധ്യയുംമാത്രം!

* വൈക്കം

ജീവിതവസന്തവും
പൂക്കളും നിലാവുമായ്
കേവലസൌന്ദര്യത്തി-
ലലിയൻകൊ[illegible]പ്പോൾ
പൂഴിമണ്ണിലും ജീ-
[illegible]
കേരളമയിർക്കൊ[illegible]
[illegible]
മിഴിനീരിൽപരിത്ത
ധീരത, പരിശുദ്ധി
വഴിയുംപ്രകാശം, ഹാ!
വെളിച്ചം പൊയ്പ്പോയല്ലോം.
അത്ഭുതച്ചിറകടി-
ച്ചെത്തുമനിലക്കണ്കി-
ളിപ്പൊഴോ, മരവിച്ച-
രണ്ടുകൈകളുംമാത്രം
നന്മയിലസഹിഷ്ണ-
വായിട്ടുംകാലം രണ്ടു-
കണ്ണിലുമിരുളിന്റെ-
പൊടിയും തൂവിപ്പോയി
തെന്നിത്തന്നെയവിറ-
ക്കിടുമക്കാലത്തിന്റെ
നേരിയനിനവുക-
ളൊന്നൊന്നെയോർമ്മിപ്പിപ്പു
"കേവലപരിശുദ്ധി
തൻകതിക്കലച്ചൂടും
ജീവിതബോധത്തേലേ
ചിന്തകളൊതളിയുമ്പോളും
ഉറ്റുലകമുരുവാൻ
കഴിയുംതമസ്സിന്റെ
ശക്തികളൊക്കെച്ചൂളി
പ്പോകുമീയുശത്തിനും"
ഈവിചാരത്തിൻ ഗാന-
ധാരയിലൊഴുകിപ്പോയ്
ഭാവനയനുമാത്രം
ശാന്ധ്യലോകത്തോളം
ഇന്നുഞാൻ വിട്ടരത്തും-
ണെങ്കിലും ജീവാത്മാവിൽ
തങ്ങിനിൽപ്പുകയാണാ-
മുഗ്ധസംഗീതികാഭാവം!!

(പകർപ്പവകാശം)

★

റബ്ബർ മുദ്രകൾ

★

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലംഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.



— തകഴി കെ. രാമവാര്യർ —

1-11-1128 — 7-11-1128.
15-6-1953 — 21-6-1953.

അശ്വതി—വേണ്ടപ്പെട്ടവരിൽനിന്നുമുള്ള അഭിപ്രായവ്യത്യാസം നീങ്ങും. സുഹൃത്തുക്കളിൽനിന്നും പരിവർത്തനപരമായ ചിന്താഗതിയുദിക്കും. മനോഭിലാഷംപോലെ കാര്യങ്ങൾ പുരോഗമിക്കും. നയം വെടിയേണ്ടതായിവരും.

ഭരണി സംഘടിതശ്രമത്താൽ ബഹുജനപിൻതുണയാർജ്ജിക്കും. പ്രവർത്തനമികവുണ്ടാകും. വിഷമപ്രശ്നങ്ങളെ അഭിമുഖീകരിക്കും. ഗാർഹികകാര്യങ്ങളെ കൈകാര്യംചെയ്യും. സന്താനസഹിതം ഔദ്യോഗിക്കുവാൻ നല്ലപോലെ സാഹസപ്പെടും.

കാർത്തിക—അധികൃതരുടെ കൃപയാൽ പ്രവർത്തികളിൽ ഉന്മേഷം വളരും. പരിതഃസ്ഥിതികളിൽ പാടെ ഒരു മാറ്റം വന്നുചേരും. ഗൗരവമേറിയ ചുമതലകൾ വലയംചെയ്യും. അനാവശ്യനിമിത്തം നഷ്ടവും ക്ലേശവും കിട്ടും. അപമാനവും ഭീതിയും ജനിക്കും.

രോഹിണി—ആകസ്മികമായി ചില സഹായികളെ കണ്ടെത്തും. പ്രബലസഹായസഹകരണം ക്ലേശത്തിന് കുറവുണ്ടാക്കും. സന്താനങ്ങൾക്ക് ചില അസുഖങ്ങളുണ്ടാകും. മംഗളകാര്യങ്ങളിൽ ശ്രുതി സിദ്ധിക്കും. പ്രവർത്തനത്തിൽ ശ്രമഗതിയുണ്ടാകും.

മകയിരം പ്രതീക്ഷയിൽ കവിഞ്ഞ ചെലവുണ്ടാകും. ഗൃഹകാര്യാദികൾക്കപോലും പണത്തിന് ഞെരുക്കംതട്ടും. സമുചിതമായ പെരുമാറ്റം വിജയത്തിനിടവരുത്തും. കഫക്കേളിളക്കം. കരാറുകൾ തെറ്റും. സന്താനവിജയം സന്തോഷം പ്രദാനംചെയ്യും.

തിരുവാതിര—ഏതു കാര്യത്തിനും സാഹസികമായ യത്നം വേണ്ടതായിവരും. പ്രതീക്ഷയിൽകവിഞ്ഞ കഴപ്പുങ്ങൾ അനുഭവപ്പെടും. ഗൃഹത്തിൽ സൈ്വരത കുറയും. സന്താനങ്ങളുടെ കാര്യങ്ങളിൽ വ്യഗ്രതയുണ്ടാകും. ചിന്താഗ്രസ്തനെപ്പോലെ കഴിഞ്ഞുകൂടും.

പുണർതം—കാര്യങ്ങൾ മന്ദഗതിയെ പ്രാപിക്കും. അഭിലാഷം ലക്ഷ്യപ്രാപ്തിയിൽ എത്തുവാൻ പല പ്രതിബന്ധങ്ങളുമുണ്ടാകും. സാഹസവും കർതൃത്വവും നിഷ്പ്രയോജനമാകും. സ്വന്തജനങ്ങളിൽ വിപ്രിയം ജനിക്കും.

പൂയം—തൊഴുകളിൽ ആദായം കുറയും. മനസ്സും ദേഹവും ഒരുപോലെ ക്ഷീണിക്കും. എന്നാലും പൊതുജനപിൻതുണയും പ്രീതിയും ആർജ്ജിക്കും. തന്നേ ചില അനർത്ഥങ്ങളിൽചാടും. ധനഭാഗ്യമുണ്ടാകും.

ആയില്യം—ഉൽകർഷവും പ്രശസ്തിയും സിദ്ധിക്കും. കൂട്ടുകെട്ടുകൾ പാഴ്വ്യയത്തിനിടയാക്കും. പുരോഗതിക്ക ചില ഉന്നതവ്യക്തികളെ സമീപിക്കും. സന്തോഷമുണ്ടാകും. യാത്രക്ലേശം. സൽക്കാരങ്ങളിൽ പങ്കെടുക്കും.

മകം—സാമൂഹ്യകാര്യങ്ങളിൽ പങ്കെടുക്കും. പ്രതീക്ഷ്യോൽകൃഷ്ടമായ ഫലം കണ്ടുതുടങ്ങും. എല്ലുകാര്യങ്ങളും ഭംഗിയായി നിവ്വഹിക്കും. സന്താനങ്ങളുടെ കാര്യത്തിൽ മനസ്സു ചൂഴ്പിടിക്കും. ഉന്നതന്മാരുമായി സമ്പർക്കം പുലർത്തും.

പൂരം—നിരാശ കൂടിവരും. ഭാവിക്ഷേമത്തിനുവേണ്ടി പൂർവ്വാധികം ശ്രമിക്കും. അനാചാരരെക്കൊണ്ട് ലാഭമടെക്കും. ഗൃഹസുഖത്തിനുവേണ്ടി ചില അചനയം സഹിക്കേണ്ടതായിവരും. കുടുംബസൗഖ്യം കുറയും. പതനമുണ്ടാകും.

ഉത്രം—അയോഗ്യമായ വാക്കു് ശത്രുതയ്ക്കിടവരുത്തും രോഗപീഡയോ വിപത്തോ സംഭവിക്കും. മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് സാഫല്യതയുണ്ടാകും. സഹായികൾ സമയോചിതത്തിനുവേണ്ടി ഉറവുതുമിക്കും. വായു കോപിക്കും.

അത്തം—ഭരണീയജനങ്ങളുമായി അഭിപ്രായവ്യത്യാസമുണ്ടാകും. വാഹനംമോഹവായി നഷ്ടം വന്നുചേരും. സമ്മേളനങ്ങളിൽ പങ്കെടുക്കും. നഷ്ടങ്ങൾവന്നവയ്ക്കു പരിഹാരം കണ്ടെത്തും. നല്ല കാര്യങ്ങൾ ആത്മിതക്കു് ചെയ്യുവാൻ സഹായിക്കും.

ചിത്തിര—ആത്മാഭിമാനത്തിനായി ചില കാര്യങ്ങളിൽ വശപ്പെടും. എന്നാൽ ഉചിതമല്ലാത്ത കാര്യങ്ങളിൽ ചാടുകില്ല. മൈത്രികൊണ്ടു് സാധ്യതകളും കൈവരുത്തും. കാര്യങ്ങളും ഒരുവിധമെല്ലാം നടത്തിക്കൊണ്ടുപോകുവാൻ കഴിയും. ദുഃചപ്പങ്ങളും കാണും.

ചോതി—അറിഞ്ഞുകൊണ്ടുതന്നെ അപഥസഞ്ചാരം നടത്തും. അപജയം നഷ്ടവും ക്ലേശവും ജനിപ്പിക്കും. ഇടയ്ക്കിടെ ചില സന്തോഷാനുഭവങ്ങളും ഉണ്ടാകും. തൊഴിൽകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. കുടുംബജനസുഖം കുറയും.

വിശാഖം—സ്വന്തം കാര്യങ്ങളും നിവ്വഹിക്കുവാൻ ശ്രദ്ധാക്രൂരം. ഭരണീയർമൂലം കാര്യലാഭമാശിക്കരുതു് ഉന്നതന്മാരുമായി എതിരഭിപ്രായമുണ്ടാകും. ദുഃഖവാർത്ത ശ്രവിക്കും. വിനോദകാര്യങ്ങൾക്കു് പണംമുടക്കും. നിലപാടുസൂക്ഷിക്കും.

അനിഴം—മനസ്സിനു് ആഹ്ലാദമുണ്ടാകും. തൊഴിലിൽ പൂർവ്വാധികം ശോഭിക്കും. നല്ലപോലെ യത്നിച്ചു പണമുണ്ടാക്കും. സംഘടിതപ്രസ്ഥാനങ്ങളുടെ നേതൃത്വംവഹിക്കും. അഭിമാനത്തിനായി ആശ്രിതപക്ഷത്തു നിലകൊള്ളും. പ്രശസ്തിലഭിക്കും.

തൃക്കേട്ട—പ്രലോഭനപരമായ പരിസരം സൃഷ്ടിപ്പാൻ സഹായിക്കും. ബുദ്ധിപരമായ പ്രവർത്തനം നല്ലപോലെ ഫലിക്കും. കൂട്ടുതൽ ആദായമുണ്ടാകുവാൻ മതിയും. ഉദ്ദേശങ്ങൾക്കു് വിപരീതമായിട്ടനുഭവങ്ങൾ ദൃശ്യപ്പെടും. സന്താനസഹിതത്തിനു് വിഷമിക്കും.

മൂലം—പണപ്പിരിവുകളിൽ ഏർപ്പെടും. പല അപവാദത്തിനും ശരവ്യനായിത്തീരും. കരാറുകളിൽ നിന്നും വ്യതിചലിക്കയാൽ നിരാശയുടിക്കും. ഗൃഹപരിഷ്കരണത്തിൽ ശ്രദ്ധചെലുത്തും. ഭാഗ്യവും കീർത്തിയും വളരും. രാഷ്ട്രീയവും സാമുദായികവും ഒന്നിച്ചുതാലോലിക്കും.

പൂരാടം—ഭാവിക്കുവേണ്ടി കഠിനയത്നമകം നടത്തും. വിമർശനത്തിനു് പാത്രീഭൂതനാകും. ചില സംഭവവികാസപരിവർത്തനം ഭീതിജനിപ്പിക്കും. ചലനത്തിനുള്ള ഒരുഘട്ടമായിത്തീരും. പ്രതികൂലതയുണ്ടാകും.

ഉത്രാടം—അവിചാരിതമായി ഒരു ചലനം ഉണ്ടാകും. ആവശ്യമില്ലാത്ത കാര്യങ്ങളിൽ പ്രവേശിച്ചു് സ്വന്തകാര്യത്തിനു് വിളംബംചെയ്കും. വിദ്യാഭ്യാസകാര്യത്തിനു് പണം ബാധകമായിത്തീരും.

തിരുവോണം—പലരുടേയും ഈർഷ്യാപവാദത്തിനുക്കു് വിധേയരാകും. അഭിലാഷങ്ങളും തെറ്റും. അലസത നഷ്ടത്തിനിടവരുത്തും. വ്യവസ്ഥാപിതകാര്യങ്ങളിൽ ദൃഷ്ടിചെലുത്തും. കുടുംബസുഖം കുറയും. എതിരാളികൾ കൂടും.

അവിട്ടം—അധികാരിവർഗ്ഗത്തിന്റെ സ്നേഹം ഉദ്ദേശത്തിനു് സാധ്യതയുണ്ടാക്കും. നല്ലകാര്യങ്ങളിൽ ഇടപെടും. ഗാർഹികകാര്യങ്ങളിൽ മനഃപ്രീഡയുളവാകും. പ്രയത്നത്തോടുകൂടി ഏതുകാര്യങ്ങളും ഇടപെടും.

ചതയം—അർഹമായ കാര്യങ്ങൾക്കുപോലും ചുമതലാബോധക്കുറവു് കാലതാമസത്തെയുണ്ടാക്കും. പൂർവ്വാധികം സ്വസ്ഥാനത്തുശോഭിക്കും. ഉത്കർഷം സിദ്ധിക്കും. അപ്രതീക്ഷിതമായ ധനവും ആദായവും സിദ്ധിക്കും.

പൂരുരുട്ടാതി—ചെല്ലുന്നിടത്തു് വിഘ്നം നടിക്കും. പ്രഭാഷണശേഷി ബോധ്യപ്പെടുത്തും. പല ഉദ്ഗ്രഥനങ്ങളും ചിന്തയെ മഥിക്കും. ആത്മാർത്ഥമായി ശ്രമിക്കുന്നവർ കുറയും. പൊതുകാര്യങ്ങൾ പലതും പൊതുജനങ്ങൾക്കു ബോധ്യപ്പെടും. ന്യായനിലകാട്ടും.

ഉത്തൃട്ടാതി—വ്യാപാരലാഭമുണ്ടാകും. പുരോഗതിക്കു ചില അപമാനം വേണ്ടതായിവരും. സ്ഥാനചലനം സംഭവിക്കാം. ഹിതത്തിനു് വിപരീതം വന്നുചേരും. ആക്ഷേപങ്ങളുണ്ടാകുവാൻ സന്താനസഹിതം നോക്കും. മൈത്രികൊണ്ടു് വിഷമതകൾ മാറും.

രേവതി—ഒന്നിലും ഉൾപ്പെടാതിരിപ്പാൻ ശ്രമിക്കും. പ്രശസ്തിക്കടുത്തുണ്ടാകും. വിക്രമതകളുടെ കള്ളികൾ ഇതരദൃഷ്ടിയിൽ പെട്ടുപോകും. കർത്തൃബോധം ജനിക്കുകയില്ല. കാർക്കശ്യചിന്തയുദിക്കും. വിശ്രമം കുറയും. പൊതുജനപ്രീതി കുറവായിത്തീരും.



ജനറൽനാത്തൻ ഫാംഷ്വേട്ട് ടൈനിംഗ്— ഇദ്ദേഹം അമേരിക്കൻ വ്യോമസേനയുടെ ചീഫ് അഫ് സ്റ്റാഫ് ആയി നിയമിക്കപ്പെട്ടിരിക്കുന്നു.

ഒരു സാധാരണ സംഭവം

— ആലപ്പുഴ. ഷെറീഫ്



ഒറ്റയ്ക്ക്-ക്രടെ ആരുമില്ലാതെ കടൽപ്പുറത്തുപോയി കിടക്കുകയെന്നതു് എന്നെ സംബന്ധിച്ചിടത്തോളം എത്ര സുഖമാണെന്നോ.....!

സുഖകരമായ തണുത്ത കാറ്റു്!... മുനിൽ അലറിമറിയുന്ന അലയാഴി!——തീരത്തിൽ ആഞ്ഞടിച്ചു നരുപ്പണ്ണ തിരമാലകളും! കടൽക്കരയിൽ കാറ്റുകൊള്ളാനായി ചിത്രശലഭങ്ങളെപ്പോലെ പാറിക്കളിക്കുന്ന ലലനാമണികളും! അവരുടെ മുഗ്ദ്ധഭാഷണം! മണിനാദംപോലുള്ള പൊട്ടിച്ചിരികളും! വീണക്കമ്പികളിൽ മീട്ടുന്ന തുപോലെ മധുരമധുരമായ ശബ്ദത്തിലുള്ള വളക്കിലുക്കം———!! കരളും നിറയെ പ്രേമവികാരവുമായി ആ പെണ്ണുങ്ങളുടെ പുറകേ പാറിക്കൂടുന്ന "സിംബ"ള" ന്മാരായ യുവാക്കന്മാർ!

എങ്ങും പൊട്ടിച്ചിരിയുടെയും വളക്കിലുക്കത്തിന്റെയും സാന്ദ്രാരവം!

ഒരുതരം സപ്തലോകമാണതു്.

കക്കയും ചിപ്പിയും ഇടകലർന്നു കിടക്കുന്ന ആ വെൺമണൽപ്പുറത്തു് അതെല്ലാം നോക്കിക്കൊണ്ടു് അങ്ങനെ ഏകാകിയായിക്കിടന്നു ചിന്തിച്ചാൽ തലയ്ക്കുള്ളിൽ വിങ്ങിനിൽക്കുന്ന ഏതു പ്ലോട്ടിനും ഭാവനയുടെ നിറംകലർത്തി ഹൃദയത്തിൽ സൃഷ്ടിക്കാം; പിന്നെ രംഗി വിട്ടിൽചെന്നു് കടലാസ്സെടുത്തുവച്ചതങ്ങു് പകർത്തിയാൽമതി; അക്ഷരങ്ങളും—വാക്കുകളും—വാക്യങ്ങളുമായി അതങ്ങനെ പേനത്തുമ്പിലൂടെ കടലാസ്സിലേയ്ക്കൊഴുകിവീണുകൊള്ളും. അപ്പോൾ അതു് സുന്ദരമായ ഒരു ഒന്നാന്തരം കഥയാകും. അങ്ങനെയാണു് ഞാൻ കഥകളെഴുതാറുള്ളതു്.

അന്നു വൈകുന്നേരവും ഞാൻ കടൽപ്പുറത്തു പോയിരുന്നു. അതിനും തുടർന്നുവന്ന ഒരു പതിവാണു്.

അതു ദിവസത്തിൽ ഒരു പ്രത്യേകതയുണ്ടായിരുന്നു; സാധാരണ കാണാറുള്ളതുപോലെ അതു സുന്ദരമല്ലായിരുന്നു അന്നത്തെ സായാഹ്നം!

ഉച്ചകഴിഞ്ഞപ്പോൾമുതൽ മാനത്തു മഴക്കാറുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നു. ഒരുതരം വല്ലാത്ത ശീതക്കാറ്റും.....!

മഴയില്ല. കണ്ടാൽ ഇപ്പോൾ മഴപെയ്യുമെന്നുതോന്നും. ആകാശത്തു കറുത്ത മേഘങ്ങൾ തമ്മിൽനിന്നു കൊണ്ടിരുന്നു.

വീട്ടിൽ ഇരുന്നു മുഷിഞ്ഞപ്പോഴാണു് ഞാനിറങ്ങിനടന്നതു്. മഴ പെയ്യുന്നെങ്കിൽ പെയ്യട്ടെ, കടൽ ഇരമ്പിയലയ്ക്കുന്ന ശബ്ദം അകലെനിന്നു തന്നെ കേൾക്കാമായിരുന്നു.....ശക്തിയായ തണുത്ത കാറ്റുമുണ്ടു്...!!

ഞാൻ പെന്നപാടെ കടൽപ്പുറവും റോഡുമായി വേർതിരിക്കുന്ന ആ കൊച്ചു മതിലിന്റെ പുറത്തിരുന്നു. ആ മതിലിനു് ഒരു സ്വാഭാവികമായ പൊക്കംതന്നെയില്ല; അതുകൊണ്ടു ചെറുതാണതു്. മണൽപ്പുറം മുഴുവനും തണുത്ത കാറ്റാണു് ഈനാണം്. കടൽക്കരയിൽ ഒരു ഒറ്റക്കുഞ്ഞുപോലുമില്ലായിരുന്നു. അലറുന്ന കടലിനു മീതെ വട്ടം പുറപ്പിക്കുന്ന ഒന്നുരണ്ടു കടൽക്കാക്കകളും മാത്രമുണ്ടു്. റോഡിലൂടെ ആളുകളും പ്രതിയിൽ നടന്നുപോകുന്നു. അധികവും ക്രൂരിക്കാരാണു്. മഴപേടിച്ചാണു് അവരെല്ലാം അതുവേഗത്തിൽ നടന്നുപോകുന്നതു്. കാറും സൈക്കിളുമെല്ലാം എന്തൊരു സ്പീഡിലാണു് അതിലേ കടന്നുപോകുന്നതു്! മനുഷ്യനും വാഹനങ്ങളുമെല്ലാം പെയ്യാൻപോകുന്ന പേമാരിയെ ഭയപ്പെടുന്നു.....!!

മാരിക്കാർ മൂടിമങ്ങിയിരുന്നു; അസ്തമനസൂര്യൻ ചക്രവാളച്ചുരുവിലേയ്ക്കു് ഊർന്നിറങ്ങി. അന്തരീക്ഷമാകെ ഇരുണ്ടു. ആകാശത്തു് കൽമേഘശകലങ്ങൾ ഉരുണ്ടുകൂടി കനക്കുകയാണു്. പ്രകൃതി സർവ്വനെയും മുക്കിക്കൊല്ലാനുള്ള വികാരാവേശത്തോടെ ഭയങ്കരമായ ഒരു മഴയ്ക്കു് ഒരുക്കൂട്ടുകയാണു്!

വഴിവിളക്കുകളും തെളിഞ്ഞു

ഞാൻ എഴുന്നേറ്റു.

ശക്തിയായ, തണുത്ത കാറ്റു വീശുന്നു. മഴത്തുള്ളികളും പൊഴിഞ്ഞുതുടങ്ങി.....!

ഞാൻ നടക്കുകയായിരുന്നു; വളരെ വേഗത്തിൽ കാലുകളും വലിച്ചുവച്ചു; എനിക്കുതന്നെതോന്നി ഞാൻ കാണിച്ചതു് ഒരു മണ്ടത്തരമായിപ്പോയി എന്നു്. ഞാനല്ലാതെ മനുഷ്യരായിട്ടുള്ളവരാരെങ്കിലും ഈ നനഞ്ഞ ദിനത്തിൽ പുറത്തിറങ്ങുമോ——?

മഴയ്ക്കു് ഊറ്റം കൂടിക്കൊണ്ടിരുന്നു. അടുത്തെങ്ങും കയറിനിൽപ്പാൻ ഒരിടവുമില്ല: ഞാൻ പെട്ടെന്നോടി ആ ചെറുപ്പുരയുടെ തിണ്ണയിൽ സ്ഥലം പിടിച്ചു. റോഡിൽനിന്നും അല്പം ഉള്ളിലേയ്ക്കു മാറി, ശവമെന്റെ് ആ ആശുപത്രിയുടെ കിഴക്കുവശമാണു് മിക്കവാറും ജീർണ്ണിച്ചു ആ കൊച്ചു ഓലപ്പുരയിൽക്കണ്ടതു്. അതിനുള്ളിൽ യാതൊരു അനക്കവുമില്ലായിരുന്നു. വെളിച്ചവും! അവിടെ ആരുമില്ലെന്നാണു് ഞാൻ വിചാരിച്ചതു്. അതുകൊണ്ടാണവിടെ കയറിനിന്നതും. തകർത്തുപെയ്യുന്ന മഴയിലും, ആഞ്ഞടിക്കുന്ന ഭയങ്കരമായ കാറ്റിലുംപെട്ടു് ആ പുരയങ്ങു നശിച്ചുപോകുമെന്നുപോലും എനിക്കു തോന്നി——

ശരീരത്തിനുള്ളിൽ——ഞരമ്പുകളിലും മാംസപേശികളുമെല്ലാം തണുപ്പു റഞ്ഞുകൂടുന്നു; ഐസ്പോലെ.ഹൊ! എന്തൊരു കുളിര്——!!

ഞാൻ പോക്കറ്റുതപ്പിനോക്കി, ഒന്നു വലിക്കാൻ ബീഡിയുണ്ടോയെന്നു്! ബീഡിയില്ല! തീപ്പെട്ടിമാത്രമുണ്ടു്. ആഞ്ഞടിക്കുന്ന തൂവാൻകൊണ്ടു് എന്റെ മുണ്ടും ഷർട്ടുമെല്ലാം കുറേശ്ശെ നനഞ്ഞുകഴിഞ്ഞു.

ആകാശത്തു് ഭയങ്കരമായ മിന്നൽപിണരുകൾ! വൃക്ഷത്തലപ്പുകളെല്ലാം കാറ്റിൽ ആടി ഉലയുന്നു. ആ കുപ്പായടെ ആക്കം ഭയംതോന്നും——;

എന്നിട്ടും ഞാനവിടെത്തന്നെയങ്ങനെ നിൽക്കുകയായിരുന്നു.

"ആരാണതു്.?"

ഒരു പെണ്ണിന്റെ പതിഞ്ഞ ശബ്ദം!

അപ്പോൾ ഈ വെളിച്ചമില്ലാത്ത പുരയ്ക്കകത്തു മനുഷ്യനുണ്ടു്! അതും ഒരു പെണ്ണു്!! അവൾ ഒറ്റയ്ക്കായിരിക്കുമോ ഇതിനകത്തു്?——!

ഞാൻ പറഞ്ഞു.

"ഞാനാണു്; ഒരു വഴിപോക്കൻ.'

അതിനുള്ളിൽനിന്നു പിന്നെ യാതൊരു ശബ്ദവും കേട്ടില്ല.

അല്പം കഴിഞ്ഞു് ഞാൻ പറഞ്ഞു.

"ആരുമുപദ്രവിയുടെ ശബ്ദമായിരുന്നു പൂട്ടിക്കുഞ്ഞു ഇല്ലെങ്കിൽ അവിടെക്കയറി നിൽക്കുമായിരുന്നു."

അകത്തുനിന്നുള്ള പെണ്ണു് അതു കേട്ടോയെന്തോ! അവൾ കേൾക്കണമെന്ന ഉദ്ദേശത്തോടെയാണു് ഞാനങ്ങനെ ഒരുവക അരിശസ്വരത്തിൽ പറഞ്ഞതു്. ഇല്ലെങ്കിലവളെന്തുവിചാരിക്കും? ഒരു പെണ്ണു് ഒറ്റയ്ക്കുള്ള ഒരു സ്ഥലത്തു് അവളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പുരുഷൻ! അതും നേരം ഇരുട്ടിക്കഴിഞ്ഞു് നല്ല കാറ്റും മഴയുമുള്ള ഒരവസരത്തിൽ!

ഓ! അവളതിനകത്തു വീർപ്പടക്കിക്കഴിയുകയായിരിക്കും!

"തീപ്പെട്ടിയുണ്ടോ?"

നേരത്തുപതിഞ്ഞതായ ശബ്ദം അപുരയ്ക്കുള്ളിൽനിന്നും വിണ്ടുകേട്ടു.

"ഉണ്ടു്."

ഞാൻ പറഞ്ഞു.

"ഈ വെളിച്ചമില്ലാത്ത കൂരയിൽ തീയുവാ?"

അവൾ ചോദിച്ചു.

"ഉം!"

ഞാൻ മൂളി.

മധുരമോഹനമായ ആ നാദത്തിന്റെ ഉടമസ്ഥയെക്കാണുവാനെന്റെ കണ്ണുകളും ആവേശംകൊണ്ടു.

ചിതലുപിടിച്ച ആ കതകുകളും പയ്യെ തുറന്നു. അതിലൂടെ സുന്ദരിയായ ഒരു യുവതിയുടെ ഒരു കയ്യു് പുറത്തേയ്ക്കുനീണ്ടു. ആ മിനുത്തുരുട്ടുത്ത കൈത്തണ്ടയിൽ നിറയെ കുപ്പിവളകളുടുക്കിയിരിക്കുന്നു. അവൾ കതകിനമറവിൽ ലജ്ജാവിവശയായി പതുങ്ങിനിൽക്കുകയാണു്. മുഖമൊക്ഷേ പേടിയും കാണുമായിരിക്കും പെണ്ണല്ലേ!

ഞാൻ അല്പം ഒന്നുങ്ങോട്ടുനീങ്ങിനിന്നു കൊടുത്തിട്ടു് ആ പെണ്ണിനെ ഒളിഞ്ഞുനോക്കിക്കൊണ്ടു് തീപ്പെട്ടി ഉരച്ചു. അവളുടെ കൈയിലിരുന്നപാടവിളക്കിൽ തീപകർന്നുകൊടുത്തു.

അവൾ വിളക്കുമായി മെല്ലെ ഉള്ളിലേയ്ക്കുവലിഞ്ഞു.

വിവാഹത്തിനുമുമ്പുതലിലേയ്ക്കു് ചുവടുവയ്ക്കാൻ പ്രായംതികഞ്ഞ ആ പെണ്ണു് ഒരു കൊച്ചുസുന്ദരിതന്നെയായിരുന്നു. അവളുടെ വസ്ത്രങ്ങളിൽ അഴുക്കുപുരണ്ടിരുന്നു. കാതുകളും തുളച്ചു് നിറയെ കുപ്പായങ്ങൾ കോർത്തിരുന്നു. കൈയിറക്കമുള്ള കുപ്പായവും, കരിപിടിച്ച കാച്ചിമുണ്ടും, തലമറച്ചിരിക്കുന്ന വൃത്തികെട്ട തുണിയും...ആ അപരിഷ്കൃതമായ വേഷം വെളിച്ചം കാണാത്ത ആ പെൺകുട്ടിയുടെ നൈസർഗ്ഗികമായ സൗന്ദര്യത്തിനു് അല്പം ഉടവുവരുത്തുന്നുണ്ടു്. എന്നിട്ടും അവൾ സുന്ദരിയായിരുന്നു.

അവൾ കതകുകയ്ക്കാതെ ഒഴിഞ്ഞുമാറി തുണിയുകടിച്ചുകൊണ്ടു് ഒരു മൂലയിൽ ഒളിച്ചു പതുങ്ങി പേടിച്ചു നിന്നു.

ആ പുര ചോരുന്നുണ്ടായിരുന്നു. അതു മേഞ്ഞിട്ടു് വളരെനാളായിക്കാണും. ചിലപ്പോൾ ഒന്നോ രണ്ടോ വർഷങ്ങൾ കഴിഞ്ഞിരിക്കുമെന്നതിനു്. മഴത്തുള്ളികൾവീണു് തറ മുഴുവനും നനഞ്ഞിരുന്നു.

ഞാൻ ആ പടിപ്പുറത്തിരുന്നു. എന്നിട്ടു് അവളോടുചോദിച്ചു.

"കുഞ്ഞു തനിച്ചുണ്ടോ ഈ വീട്ടിൽ?"

ഞാൻ ഒരു വകതിരിവുക്കെട്ടവനായിരുന്നു. അല്ലെങ്കിൽ ആ പെണ്ണിനോടങ്ങനെ ചോദിക്കുമോ?"

"ഉമ്മ—ഒണ്ടു്."

നാണവും പേടിയുമെല്ലാം കലർന്ന ഒരുതരം വിക്കലോടെയായിരുന്നു അവളതു പറഞ്ഞതു്.

"ഉമ്മാ എവിടെയാണെ?"

"[illegible]യിലേ പാക്കരവെട്ടാന്റോയിരിപ്പ[illegible]"

"[illegible]യിരിക്കും ഇതുവരെ തിരി[illegible]ല്ലേ?"

[illegible]ളെ[illegible]ണ്ടിയില്ല. അവനിക്കന്നെ പേടിയിരിക്കും. ഞാനെന്തോ വല്ല [illegible]മോ കരടിയോ മറ്റോയാണെന്നവം ധരിച്ചുകാണും!

"കുഞ്ഞിന്റെ പേരെന്താണെ?"

"നെബീസ."

അയുപറഞ്ഞപ്പോൾ അവളുടെ തൊണ്ടയിലൂടെ അക്ഷരങ്ങൾ ഇഴഞ്ഞിഴഞ്ഞു വരുകയാണെന്നെനിക്കു തോന്നി. അവൾ കട്ടുവായെക്കണ്ട ഒരു മാൻപേടയെപ്പോലെ പേടിച്ചു വിറയ്ക്കുന്നുണ്ടായിരുന്നു.

ഞാൻ പറഞ്ഞു:

"നെബീസാ! പേടിക്കണ്ടാ വാതിൽ അടച്ചോളൂ. ഞാൻ പോകുകയാണ്."

അപ്പോഴും അവൾ മനം മിണ്ടിയില്ല. പാവം പെണ്ണ്!

മഴ ഒരുമാതിരി തോർന്നു. കാറ്റ് നിശ്ശേഷം നിലച്ചിട്ടില്ലായിരുന്നു. ചിനച്ചിനാന്നു ചാറുന്ന മഴത്തുള്ളികൾ കൊക്കിടയിലൂടെ ഞാൻ വീട്ടിലേയ്ക്കു നടന്നു. പുറകിൽനിന്നും വാതിൽ കൊട്ടിയടയുന്ന ശബ്ദംകേട്ട് ഞാൻ തിരിഞ്ഞുനോക്കി. മിന്നിച്ച ഓലക്കണ്ണികൾക്കിടയിലൂടെ ആ കൊച്ചുപുരയ്ക്കകത്തു കത്തുന്ന മണ്ണെണ്ണവിളക്കിന്റെ വിളറിയ വെളിച്ചംമാത്രം കാണാമായിരുന്നു.

അങ്ങനെ അന്നാണ് ഞാൻ ആദ്യമായി നെബീസയെക്കണ്ടതും, പരിചയപ്പെട്ടതും.

വെള്ളം കെട്ടിനിൽക്കുന്ന ആ നിരത്തിലൂടെ തണ്ടത്ത മുപ്പക്കാർമേഘം നടന്നിരുന്ന എന്റെ ഹൃദയത്തിൽ നെബീസയുടെ സുന്ദരമായ ആകാരം അപ്പോഴും അവ്യക്തമായ ഒരാനന്ദാനുഭൂതിയോടെ മഴവില്ലുപോലെ തെളിഞ്ഞുനിന്നിരുന്നു.

* * *

അതിൽപിന്നീടും ഞാൻ പതിവുപോലെ എല്ലാം സായാഹ്നത്തിലും കടൽക്കരയിൽ കാറ്റുകൊള്ളുവാൻ പൊയ്ക്കൊണ്ടിരുന്നു. സന്ധ്യയാകുമ്പോൾ വീട്ടിലേയ്ക്കു മടങ്ങുകയും ചെയ്യും. അപ്പോഴൊക്കെ—ഞാൻ പോകുമ്പോഴും വരുമ്പോഴുമെല്ലാം ആ ചെറ്റയ്ക്കിടയിലൂടെയും കതകിന്റെ വിടവിലൂടെയുമെല്ലാം എന്നെ രണ്ടു നീലമിഴിയിണകൾ സൂക്ഷിക്കുന്നുണ്ടായിരുന്നു. ഞാൻ അങ്ങോട്ടുനോക്കും അവളിങ്ങോട്ടുനോക്കും. വളരെപ്രാവശ്യം ഞങ്ങൾതമ്മിൽ കണ്ടിട്ടുണ്ട്. പക്ഷെ ഒരു വ്യത്യാസംമാത്രമുണ്ട്; ഞാനവളെ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായാൽ ഉടനേയവൾ ചെറുതായൊന്നമന്ദഹസിച്ചിട്ട് ലജ്ജാവിവശയായി ഓടിഒളിച്ചുകളയും. പ്രായം തികഞ്ഞ ഒരു പെണ്ണാണവൾ. ഞാൻ ഒരു പുരുഷനും. പെണ്ണുങ്ങളുടെ "വെട്ടത്തു"നിൽക്കാൻ പാടില്ലെന്നാണവളെ ചെറുപ്പത്തിലെ പഠിപ്പിച്ചിട്ടിരിക്കുന്നതു്. അതുകൊണ്ടാണവം ഞാനങ്ങോട്ടുനോക്കുമ്പോൾ ഓടി ഒളിച്ചുകളയുന്നതു്.

ആണും പെണ്ണും!

നെബീസയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഞാനെന്റെ ഒരു സ്നേഹിതനിൽനിന്നും വിശദമായി മനസ്സിലാക്കി. അവൾക്ക് ഈ ലോകത്തിൽ പ്രായായ ഒരു മനുഷ്യവല്ലാതെ മറ്റാരുമില്ലായിരുന്നു. ആ സ്ത്രീയ്ക്കു് ഏതോ ഒരു പണ്ടകശാലയിൽ പാരിക്കലായിരുന്നു ജോലി. എന്നും ജോലി കാണുകയില്ല. ഒരാഴ്ചയിൽ മൂന്നോ നാലോ പണികാണും. അന്നൊക്കെ പ്രതിദിനം ഒന്നും ഒന്നരയും രൂപവീതം പ്രതിഫലം കിട്ടുകയുംചെയ്യും. മുങ്ങിത്തപ്പേഷത്തിലാണ് നടക്കുന്നതെങ്കിലും പുര കെട്ടിമേഞ്ഞിട്ടില്ലെങ്കിലും ആ തള്ളമയവരുകൊണ്ട് നെബീസയും ഉമ്മയും വിശന്നുപൊരിയാതെ കഴിഞ്ഞിരുന്നു. ഉമ്മ പണിക്കുപോകുമ്പോൾ തരുണ്യവും ലാവണ്യവും തളിരിട്ടുപൂത്തുനിൽക്കുന്ന യുവതിയായ നെബീസ ആ അടച്ചുകെട്ടില്ലാത്ത പുരയ്ക്കകത്തു കുട്ടിനോക്കാമില്ലാതെ തനിച്ചുകഴിയേണ്ടിവന്നു. അതിൽ നെബീസയുടെ ഉമ്മയ്ക്ക് തെല്ല് അസ്വാസ്ഥ്യമുണ്ടായിരുന്നുവെന്നു അവളുടെ ജീവിതകഥപറഞ്ഞ ആ സുഹൃത്തിന്റെ വാക്കുകളിൽനിന്നും ഞാൻ മനസ്സിലാക്കി.

എന്നും ഞാൻ ഒക്കെമായിരുന്നു—ഇന്നതിലെപോകുമ്പോഴും നെബീസയുടെ വീട്ടിൽ കയറണം. അവളുമായി സംസാരിക്കണം. എനിക്കവളെ ഇഷ്ടപ്പെട്ടുവെന്നു പറയണം. വലിയ സ്നേഹമാണെന്നുപറയണം. പിന്നെ അവളുടെ ആ തിളങ്ങുന്ന നീലക്കണ്ണുകളിൽ ഉറ്റുനോക്കണം..... എന്നെല്ലാം. എന്നാൽ ആ കൊച്ചുകുടിലിനുമുമ്പിലെത്തുമ്പോൾ സമത്വത്തിനും, സാഹോദര്യത്തിനും, സ്വാതന്ത്ര്യത്തിനുംവേണ്ടി പടവെട്ടുന്ന സാഹിത്യകാരനായ എന്റെ ശരീരം വിയക്കും. കൈയ്കാലുകൾ വിറയ്ക്കും. തലയോട്ടിക്കുള്ളിലൂടെ ട്രയിൻ ഓടും. പൂട്ടയത്തിൽസ്നേഹവും പേടിയുമെല്ലാം ഒരുമിച്ച് ഒരുനിമിഷത്തിൽ നിറയും. പിന്നെ വയറിനകത്തൊരു പരവേശമാണ്.

ആ സമയത്തു അവളെന്നെചിരിച്ചുകാണിച്ചാൽ.....ഹാവൂ! എന്തൊരാശ്വാസമാണെന്നോ! ഞാനുംപയ്യെ ഒന്നു മന്ദഹസിക്കും. അതുകഴിയുമ്പോൾ ഒരു സുഖമാണ്. എന്തോ ഒരുവലിയ ഭാരമിറക്കിവച്ചപോലെ. ഒരു പെണ്ണെന്നെ ചിരിച്ചുകാണിച്ചതിനൊരു പുരുഷനെന്നെ ചിരിക്കാൻ പെട്ടപാട്!

ഒരുപക്ഷെ ഇതെല്ലാം പ്രണയത്തിന്റെ സ്വഭാവമായിരിക്കാം. അല്ലെങ്കിൽ ഞാനൊരു തികഞ്ഞ ഭീരുവായിരുന്നിരിക്കണം!!

അങ്ങനെ ഞാനെന്നും കടൽക്കരയിലേക്കുപോകുമ്പോഴും നെബീസയെക്കണ്ടിരുന്നു. എന്നെക്കണ്ടാൽപിന്നെ അവൾ മധുരമധുരമായി പുഞ്ചിരിക്കും. ഞാനും പയ്യെ ചിരിക്കും. അപ്പോഴും എനിക്കു ഭയമുണ്ടായിരുന്നു. വല്ലവരും കണ്ടാലോ.....?

ഞാനുംനെബീസയും വായ്തുറന്നു ഒരാക്ഷരം മിണ്ടിയില്ല. അവിടെയവൾ തനിച്ചേയുള്ളുവെന്നെനിക്കറിയാം. ഇഷ്ടമുള്ളപ്പോൾ എനിക്കവിടെക്കയറിച്ചെല്ലാം. അവളോടുസംസാരിക്കാം.....എങ്കിലും.....! പെണ്ണല്ലേ.....?

അവളോടൊന്നുംമിണ്ടാതെ ആ തിളങ്ങുന്ന കണ്ണുകളിൽ ആശയോടെ നോക്കി മന്ദഹസിച്ചുകൊണ്ട് ദിവസങ്ങൾ—ആഴ്ചകൾ—മാസങ്ങളുമെന്നെ പലതുകഴിച്ചു.

* * *

ഒരുദിവസം ഉച്ചയ്ക്ക്, ഞാൻ ഊണുകഴിച്ചശേഷം മുറിയിൽ ഇരുന്നു, ഏഴുതിത്തീർന്ന ഒരു ചെറുകഥ വായിച്ചുനോക്കി അതിൽ ചില മിനുക്കുപണികളും നടത്തുകയായിരുന്നു. അന്നത്തെ ഊണിനൊരു സുഖമില്ലായിരുന്നു. കറികളെല്ലാം വളരെമോശം. കാരണമുണ്ട്, വീട്ടിൽനിന്നു വേലക്കാരിപ്പെണ്ണു പിണങ്ങിപ്പോയി! കറിക്കരച്ചുകൊടുക്കാനും, മീൻ മുറിച്ചു കൊടുക്കാനുമൊന്നും ആളില്ല. പിന്നെ എന്റെ ഉമ്മ ഓറഞ്ചെണ്ണപോലെയും! ഈ വയ്യാക്കാലത്തവരതുയെങ്കിലുമുണ്ടാക്കിത്തന്നതു് ഒരു വലിയ കാര്യമാണ്. ഇല്ലെങ്കിൽ വിശന്നപൊരിഞ്ഞു് 'ഹിഴങ്ങസ്യാ'ന്നുംപറഞ്ഞാകാശത്തേയ്ക്കുനോക്കിക്കൊണ്ടിരുന്നേനെ! പെങ്ങന്മാരുണ്ട്, വീട്ടിൽ കുറച്ചു കുശ്രുതികൊണ്ടവളമാരൊന്നുമടുക്കളയിൽപണിയെടുക്കില്ല. എല്ലാം വലിയ പത്രാസുകാരികളുണ്ട്. അന്നും, ഇന്നും അവരങ്ങനെതന്നെയാണ്.

പടിയ്ക്കൽ ഒരു റിക്ഷാവന്നുനിന്നു. കൂടെ കുറെവയസ്സായ ഒരു സ്ത്രീയുമുണ്ടായിരുന്നു.

ഞാൻ ജന്നൽകമ്പികൾക്കിടയിലൂടെ അങ്ങോട്ടുനോക്കി.

റിക്ഷാക്കാരൻ വണ്ടിയുടെ പക്കം കാലുമൂടിയുമഴിച്ചു. അതിനുള്ളിൽനിന്നും സോപ്പിട്ട് അലക്കിവെളുപ്പിച്ച ഒരു കാച്ചിമുണ്ടും വെള്ളത്തട്ടവും കുപ്പായവും ധരിച്ച ഒരു പെണ്ണു താഴെയിറങ്ങി.

അവൾ പടിപ്പുരയുംകടന്ന് അവളുടെ ഉമ്മയാണെന്നതോന്നിയ്ക്കുന്ന ആ സ്ത്രീയുമായി മുറ്റത്തുകൂടി നടന്നു വരുകയാണ്.

ഞാൻ അവളെ സൂക്ഷിച്ചു.

എനിക്കു മനസ്സിലായി.

നെബീസ!

എന്നും കടൽക്കരയിലേയ്ക്കുപോകുമ്പോൾ ആ കൊച്ചുവീട്ടിൽനിന്ന് എന്നെനോക്കി പുഞ്ചിരിക്കൊള്ളാറുള്ള ആ അഴകുപെണ്ണ്!

ഭംഗിയുള്ള ആ ചിരി. നാണം തുറന്നു പൂർണ്ണ സുന്ദരമായ ആ മുഖം. തിക്കുമുള്ള കരുത്തകണ്ണുകൾ.....!

ഇതെല്ലാം മനോഹരമായ ഒരു പൊൻമുകിൽത്തുണ്ടുപോലെ എന്റെ മനസ്സിൽ മെല്ലെ തെളിഞ്ഞുതെളിഞ്ഞുവന്നു.

അവൾ തെക്കുവശത്തെ വാതിലിലൂടെ അകത്തേക്കുകയറിപ്പോയി.

നെബീസ എന്നെക്കണ്ടില്ല!

ഉച്ചയ്ക്കൂണുകഴിച്ചുകൊണ്ടിരുന്നപ്പോൾ മൂത്തപെങ്ങൾ പറഞ്ഞതപ്പോൾഞാനോർത്തു.

"ഒരു പെണ്ണുംപുള്ളേടുത്തു" ഉമ്മ പറഞ്ഞിട്ടുണ്ടിക്കിക്കാ ഒരു വേലക്കാരിയെക്കൊണ്ടുത്തരാൻ ... ഇന്നവളെ കൊണ്ടുവരും"

അങ്ങനെ അന്നുമുതൽ നെബീസ എന്റെവീട്ടിലെ വേലക്കാരിയായി. എനിക്കതിൽ സന്തോഷമേയുണ്ടായിരുന്നുള്ളൂ. ഞാൻ സ്നേഹിക്കുന്ന ആ പെണ്ണ്! എന്റെവീട്ടിൽ എന്നുമവൾകാണും. ഇഷ്ടമുള്ളപ്പോഴൊക്കെ എനിക്കവളുമായി സംസാരിക്കാം. തമാശപറയാം. അഴകോലുന്ന ആ വദനത്തിൽ പൊട്ടിവിടരുന്ന പുഞ്ചിരികണ്ടു രസിക്കാം.....ഒന്നുകൊണ്ടുമാത്രം സൂക്ഷിച്ചാൽമതി, ആ വേലക്കാരിപ്പെണ്ണുമായിട്ടുള്ള അടുപ്പം എന്റെ ഉമ്മയും സഹോദരിമാരുമൊന്നുമറിയരുതു്. അറിഞ്ഞാൽ പാവപ്പെട്ടവനായ ഞങ്ങളുടെ ആ ഖണ്ഡത്തിനുമുമ്പിൽ സമുദായത്തിന്റെ നീതിശാസ്ത്രം പത്തിവിടർത്തിനിന്നുഗ്രമായി ചീറും. ലോകത്തിന്റെ തീചാമുന്ന നേത്രങ്ങളും ഞങ്ങളെ ഭേദിച്ചുകാണുന്നേരംകൊണ്ടു ചുഴിഞ്ഞുനോക്കും.....അങ്ങനെയങ്ങനെ ഞാനും നെബീസയും ഭയങ്കരമായ കൊടുങ്കാറ്റിലകപ്പെട്ടു ചിന്നിച്ചിതറും.

* * *

പിറ്റേന്നുരാവിലെ ഉറക്കമുണർന്നു തലേദിവസത്തെ "ഹിക്ക്വുംനോക്കി ഞാനെങ്ങനെ കട്ടിലിൽത്തന്നെ കിടക്കുകയായിരുന്നു. മുറിയുടെ കതകുകൾ തുറന്നിട്ടില്ല. രാത്രി കിടക്കാനേരമടച്ചതുപോലെ യതങ്ങനെതന്നെയിരിക്കുന്നു.

മുറ്റത്തു് ഉഷസ്സിന്റെ പരിശുദ്ധിയെന്നോണം പൊൻവെയിൽനാളങ്ങൾ പരക്കുന്നുണ്ടായിരുന്നെങ്കിലും രാത്രി നല്ലമഞ്ഞുണ്ടായിരുന്നതിനാൽ കാറ്റിനു തണുപ്പനുഭവപ്പെട്ടിരുന്നു.

"ഇയ്യ്യോ!"

"ടിക്...ടിക്...ടിക്....."

"ഇയ്യ്യോ!"

"ടിക്...ടിക്...ടിക്..."

നെബീസയുടെ ശബ്ദമാണ്. അവൾ കതകിൽതട്ടിയെന്നെ വിളിക്കുന്നു.

"ഇയ്യ്യോ!"

"ടിക്...ടിക്...ടിക്"

ഓ! എനിക്കസന്തോഷമായി. ഞാൻ പുതപ്പുമടക്കി കിടക്കയിലിട്ട്, ആ ഴന്നോറുചെന്നു സാക്ഷയുരി കതകു

പ്രഭാതത്തിന്റെ പ്രകാശരശ്മികൾപോലെ സുന്ദരിയായ നെബീസ കയ്യിൽ ഒരു കപ്പ് ചായയുമായി അങ്ങനെ നിൽക്കുകയാണ്. ചായപ്പാത്രം കയ്യിൽവാങ്ങി ചുണ്ടോടടുപ്പിച്ചുകൊണ്ട് ഞാനെന്നെപ്പറിച്ചു. അവളുടെ ആ നീണ്ടനേത്രങ്ങൾ ആവുന്നത്ര വികസിച്ചു. ഒരേനത്തംതുളുമ്പുന്ന ആ മുഖത്തുള്ള മനോഹരമായ ചുണ്ടുകളിൽ ഒരു പുതിയപുഞ്ചിരിയുദിക്കുന്നു. ഞാൻ ചായകുടിച്ചുതീർത്ത് ഒഴിഞ്ഞപാത്രം തിരിച്ചേല്പിച്ചു. അപ്പോഴും അവൾ ചിരിക്കുകയായിരുന്നു. തേൻതുളുമ്പുന്ന ചിരി!

"നെബീസ" ഞാൻ വിളിച്ചു.

"ഓ!" അവൾ വിനയപൂർവം വിളികേട്ടു.

ഞാൻ പറഞ്ഞു

"ഇന്നത്തെക്കറി നന്നായി."

അവൾ ഒന്നുമറുപടിപറയാതെ ചിരിച്ചുകൊണ്ട് ഒരു പ്രാവിനെപ്പോലെ കുണുങ്ങിക്കുണുങ്ങിയപ്പുറത്തേക്കു പോയി.

... ...

നെബീസ! സ്നേഹമുള്ള ആ പെണ്ണ് എന്റെ ജീവിതവുമായി ഇഴകിച്ചേരാൻ വെമ്പൽകൊണ്ടു. രാവിലെയവളെനിക്ക കുളിക്കാൻ വെള്ളം കോരി ചൂടാക്കിത്തരും. കടലാസുതുണ്ടും ബീഡിമുറയും തീപ്പെട്ടിക്കൊള്ളിയും കൊണ്ടുപോടിക്കിടക്കുന്ന എന്റെ മുറി തുത്തുവൃത്തിയാക്കിത്തരും. അഴുക്കുപിടിച്ച എന്റെ വസ്ത്രങ്ങൾ കഴുകിവെളുപ്പിച്ചുതരും. എന്നുവേണ്ട എനിക്ക ഭക്ഷണംകൊണ്ടെത്തരുന്നതുപോലും എന്റെ നെബീസയായിത്തന്നെ, ഞങ്ങൾ തമ്മിലധികമൊന്നും സംസാരിച്ചിരുന്നില്ല. പ്രണയത്തിന്റെ പരിശുദ്ധിയെക്കുറിച്ചു സിനിമയിലും നാടകത്തിലുമൊക്കെ കേൾക്കാറുള്ളതുപോലെ ഞാനവളോട് പ്രേമം പ്രകടിപ്പിച്ചില്ല. അവളെന്നെ "നഥാ!" യെന്ന സംബോധനചെയ്തില്ല. ഞാനവളെ "മാറോടണച്ചുപിടിച്ചു മുഖത്തിൽ ചുംബനവർഷം ചൊരിയുകയുണ്ടായില്ല. "പ്രിയേ!" യെന്നും വിളിച്ചില്ല. എന്നാലും എനിക്കവളെയും അവൾക്കെന്നെയും സ്നേഹമായിരുന്നു. ചുമ്മാസ്നേഹമല്ല. വികാരത്തിന്റെ ചൂടും പ്രണയത്തിന്റെ തണുപ്പും മധുരവുമനുഭവപ്പെടുന്ന ആത്മാർത്ഥസ്നേഹം!.....

ഒരുദിവസം രാത്രി ഉമ്മയ്ക്ക് പെട്ടെന്ന് ഒരു പനിയും തലവേദനയും പിടിപെട്ടു. ശരീരംമുഴുവനും നല്ല വേദനയുണ്ടായിരുന്നു. ഏന്തോ എന്നോടുചൊല്ലിച്ചതു പാറാതെ നീരിറങ്ങിയതായിരിക്കും. അവർ വല്ലാതെ ക്ഷീണത്തോടെ കട്ടിലിൽ കിടക്കുകയാണ്. സഹോദരിമാരെല്ലാം അടുത്തിരുന്നുകിടന്നാശ്വസിപ്പിച്ചു. ഞാനും നെബീസയും മാത്രമുണ്ടായിരുന്നുമ്മയുടെ അടുത്തു്. ഞാൻ തൽപ്പീനിട്ട അവളുടെ പുറം തടവി. നെബീസ മാറ്റാവുന്ന വേദനയുള്ള ഭാഗത്തെല്ലാം ചൂടുവച്ചു. നേരം പാതിരാവായപ്പോൾ അല്പം കട്ടംചായയുംകുടിച്ചവരൊന്നമയക്കി.

ഞാൻ പുറത്തേയ്ക്കിറങ്ങി.

മാറത്തു് നല്ല നിലാവുണ്ടായിരുന്നു. നിലാകാശത്തിൽ നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരുന്നു. വെളുത്ത രോമക്കെട്ടുകൾപോലെ മേഘപാളികൾ അംബരത്തിലൂടെയിഴഞ്ഞു നീങ്ങുന്നു. പടിഞ്ഞാറൻസമുദ്രത്തിൽനിന്നും നീന്തിവന്ന ഒരു തണുത്തകാറ്റ് രാത്രിയുടെ പ്രശാന്തഗംഭീരമായ നിശ്ശബ്ദതയെ കിക്കിളിയിട്ടുകൊണ്ട് കടന്നുപോയി. വൃക്ഷപത്രങ്ങൾ മൃദുവായി ചലിച്ചു മർമ്മരവം പുറപ്പെടുവിച്ചു.

നിമിഷങ്ങൾ നീങ്ങുന്നു.....

നിശ്ശബ്ദത!

ഞാൻ ആ മുല്ലവേലിയിൽ പടർന്നു പന്തലിച്ചുനില്ക്കുന്ന മുല്ലവള്ളിയുടെ തണൽപറ്റി ഉലാത്തിക്കൊണ്ടിരുന്നു.

നേരിയകാറ്റ്.....വിടർന്ന മുല്ലപ്പൂവിന്റെ നേരിയ പരിമളം!

തിണ്ണയുടെ വാതിൽതുറന്നു നെബീസ മുറത്തേയ്ക്കിറങ്ങി. അവളുടെ കൈയിൽ ഒരു മുന്തയുണ്ട്. മുഖമൊഴിഞ്ഞാൻ കക്കൂസിലേയ്ക്കും മറ്റോ പോകുന്നായിരിക്കും. ഞാൻ പറഞ്ഞു.

"നെബീസ! പേടിയ്ക്കേണ്ട. ഞാനിവിടെനിൽപ്പുണ്ട്"

അവൾ പെട്ടെന്നു ഞടിവെച്ചടിവെച്ച് നിസ്സങ്കോചം എന്റെയടുത്തേക്കുവന്നു!

ഓ! അവളുടെ ഒരു ചങ്കൂറ്റം! ഞാനതിശയിച്ചു.

അവൾ തലയുയർത്തി എന്നെത്തന്നെ നോക്കിക്കൊണ്ടങ്ങനെ നിന്നു. ആ കണ്ണുകൾ നനഞ്ഞും തലമുടിച്ചുരുൾ കെട്ടഴിഞ്ഞുമിരുന്നു. അവൾ വിതുമ്പുകയാണ്! പക്ഷി വിടർന്നിരുന്ന ആ ചേമ്പരച്ചുണ്ടുകൾ വിറച്ചു. എനിക്കു കാര്യമെന്തന്നെന്നു മനസ്സിലായില്ല. ഞാൻ വല്ലാതെ ഭയന്നു. നെബീസ വിങ്ങിക്കരയുന്നു! ആ അർദ്ധനിമീലിതനേത്രങ്ങളിൽനിന്നും കണ്ണുനീർ മുറിഞ്ഞുമുറിഞ്ഞു വീഴുന്നു! അവൾക്കെന്തു സംഭവിച്ചു?.....അവസാനം ഞാൻ ചോദിച്ചു!

"എന്തായിതു്?"

"ഒന്നുല്ല ഇനിക്കൊരുകാര്യമറിയണം."

എനിക്കു സമാധാനമായി. അവൾ കരഞ്ഞതിനൊരു കാര്യവുമില്ല! പെണ്ണുങ്ങളുങ്ങനെയാണ്! അവർക്കു കരയാൻതോന്നുമ്പോൾ ചുമ്മായെങ്കിലും കരയണം! ഇല്ലെങ്കിൽ ജീവിതത്തിനതന്നെ സുഖമില്ലെന്നു ചിലപ്പോൾ അവർക്കുതോന്നും. ഇനിയീപ്പെണ്ണിനറിയണമെന്തു പറഞ്ഞതെന്നു "ഇപ്പുമാലാ" ണോ?

"ഉം.....എന്താ നെബീസയ്ക്കിരുത്രിയിലറിയണ്ടതു്."

അവൾ കുറച്ചുനേരമൊന്നുമിണ്ടാതെനിന്നിട്ടുചുറ്റുപാടുംനോക്കിപതുക്കെച്ചോദിച്ചു

"ഇയ്യുംക്കെന്നെ ഇഷ്ടമാണാ?"

അവൾ ചോദിക്കുന്നതുകേട്ടോ! എനിക്കവളെ ഇഷ്ടമാണോന്നോ"! മണ്ടിപ്പെണ്ണ്"!

ഞാൻപറഞ്ഞു:

"ഇഷ്ടമല്ല! എനിക്കെന്റെ നെബീസയെ സ്നേഹമാണ്. വലിയസ്നേഹം! എന്നുപറഞ്ഞാൽ പ്രേമം."

അവൾ ആ നിലക്കണ്ണുകൾ വിടർത്തി ചെഞ്ചൊടികളും ചുവന്നു കണ്ണീരിലൂടെ മനോഹരമായി മന്ദഹസിച്ചു.

കണ്ണീരും പുഞ്ചിരിയും!

ഞാനവളെപ്പിടിച്ചു മാറോടണച്ച് ചിബുകംപിടിച്ചുയർത്തി അന്നിവാനിന്റെ അനുമതി തേടിനില്ക്കുന്ന ആ കവിളിണകളിൽ തെരുതെരെ ചുംബിച്ചു. എന്റെ ഉച്ഛ്വാസവായുവിൽ മുഖത്തുതട്ടിയപ്പോൾ അവൾ മിണ്ടാതെ തലകുനിക്കുകയും ചെയ്തു. എന്റെമാറിൽ തലചായ്ച്ചുനിന്നുകൊണ്ടവൾ പറഞ്ഞു:

"എന്റെ കുലമോന്നുമില്ലല്ലോ!"

"എന്തിന്"?

ഞാൻ സ്നേഹപൂർവം ചോദിച്ചു.

"ഇക്കിക്കാക്ക തരാൻ"

"ഇതെണ്ടല്ലോ."

അവളുടെ ചെവിയിരലിൽ കിടന്ന ഒരു പിച്ചളമോതിരത്തിൽ തെരുപ്പിടിച്ചുകൊണ്ടു ഞാൻപറഞ്ഞു. അവൾ ആ മോതിരം ഊരിയെടുത്ത് എന്റെ ചെറുവിരലിലണിയിച്ചു. അതിനു കുറേമുമ്പായിരുന്ന ഏങ്കിലും ഞാനതു സന്തോഷപൂർവ്വസ്വീകരിച്ചു. എന്റെ കുമുകിയുടെ പ്രേമോപഹാരമായിരുന്ന ആ പിച്ചളമോതിരം! ഞാൻ എന്റെ അരപ്പവനും മുക്കുമണ്ടായിരുന്ന സ്വർണ്ണമോതിരമൂരിയെടുത്തു നീണ്ടമെലിഞ്ഞ അവളുടെ സുന്ദരമായ വിരലിലിട്ടുകൊടുത്തു എന്നിട്ടുപറഞ്ഞു:

"നെബീസാ! ഇതു നല്ലപോലെ സൂക്ഷിച്ചോളണം. ഉമ്മായെക്കാണിക്കരുതു്."

"അയ്യോള്ളോ! എൻറുമ്മാ ഞമ്മക്കിട്ടു വേണ്ട!"

അവൾ പരിഭ്രമിച്ചു.

"സാരമില്ല. പേടിയ്യേണ്ട"

ഞാൻ സമാധാനിപ്പിച്ചു. അവൾ മോതിരം വിരലിൽനിന്നൂരി തട്ടത്തിന്റെമുനയിൽ ഭദ്രമായി മുടിക്കെട്ടി. അവളതാരെയും കാണാതെ സൂക്ഷിക്കുകയാണ്. പൊന്നോതിരം!

"ഭേഷ്"! മിടുക്കി"

അവളുടെ ആ ബുദ്ധിപൂർവമായ പ്രവൃത്തിയെ ഞാനഭിനന്ദിച്ചു.

"നെബീസാ!...നെബീസാ..."

എന്റെ മുത്തപ്പെണ്ണുണ്ണാവളെ വിളിക്കുകയാണ്.

"ഓ!"

മുന്തയിലെവെള്ളം ഒരൊഴിച്ചുകളഞ്ഞിട്ട് ഒഴിഞ്ഞ മുന്തയുമായവൾ പരിഭ്രാന്തയായി അകത്തേയ്ക്കോടിപ്പോയി.

നാശം!

ഞാനെന്റെ സഹോദരിയെ ഹൃദയംനൊന്തുശപിച്ചു.

* * *

പൊൻകിനാക്കൾ വിരിഞ്ഞുനിന്നിരുന്ന ദിനരാത്രങ്ങൾ ഒന്നൊന്നായി നിങ്ങി. മാസങ്ങൾ പലതു കഴിഞ്ഞു.

നാളുകൾ നീണ്ടുന്നോറും ഞങ്ങളുടെ ബന്ധത്തിന്റെ ദൈർഘ്യം വർദ്ധിച്ചുവന്നു. അങ്ങനെ എനിക്കവളും അവൾക്കെന്നെയുമനിവാര്യമായി.

അന്നൊരുവിലെ ഞാനണ്ണനു വീട്ടിൽ വല്ലാത്ത ഒരു ബഹളംകേട്ടുകൊ

ണ്ടാണേ". എന്റെ ഉമ്മയും സഹോദരിമാരുമെല്ലാംകൂടി ആരെയോ വഴക്കു പറയുന്നു! എന്തോരൊച്ചയാണേ"! ഞാൻ അപ്പോഴത്തേയ്ക്കും ചെന്നു.



ഞങ്ങളും.....

ഞാൻ പുഷ്പംപോയി! എന്റെ കണ്ണും തലയും ഏകദേശമ്പരം പോലെ കാൽപ്പന്തും മാംസപേശികളെല്ലാംവെന്തു ഉണ്ടവീഴാൻപോകുന്നതുപോലെ.....! ഞരമ്പുകളെല്ലാം വലിഞ്ഞു പൊട്ടാൻപോകുന്നു!

എന്റെ സപ്തനാഡിതിരം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു!!

അവരെല്ലാവരുംകൂടി എന്നോടെന്തൊക്കെയോപറഞ്ഞു. ഞാനൊന്നുംകേട്ടില്ല. കാണുകയായിരുന്നു.

നെബീസയുടെ തുണിപ്പൊട്ടി തുറന്നിരിക്കുന്നു. അതിന്റെ കള്ളിയിൽ എന്റെ സപ്തനാഡിതിരം!?

അവൾ ഉറവപൊട്ടിയ കണ്ണുകളോടെ, കദനംവിങ്ങുന്ന ഹൃദയവുമായി തലകുനിച്ച് ആ പെട്ടിയുടെ അടുത്തുനില്പുണ്ട്, പരമഭയനീയമായ ഒരു ചിത്രം!

എനിക്കു പൊട്ടിക്കരയണമെന്നു തോന്നി. ഞാൻ ശബ്ദിച്ചില്ല. കരളിനുള്ളിൽ വികാരത്തിന്റെ വെടിക്കെട്ട്.....!

എല്ലാം ഉറഞ്ഞുപറഞ്ഞാലെന്നപോലും ഞാനശിച്ചു. എന്നാൽ എന്റെസ്ഥിതി.....!!

ഒന്നുംമിണ്ടാതെ ശിരസ്സു കുമ്പിട്ടുകൊണ്ടു ഞാനാരംഗത്തുനിന്നും നിഷ്ക്രമിച്ചു. എന്റെ ഇരുകൈയുകളും പിറകിൽകെട്ടിയിരുന്നു. കാലുകൾക്കു ശരീരം താങ്ങിനിർത്തുവാനുള്ള കെല്പില്ലായിരുന്നു.....ഹൃദയം വിഷാദഭാരത്താൽ വിങ്ങുകയാണു.

അപ്പോൾ ഞാനോർമ്മിച്ചുപോയ് അന്നൊരുദിവസംരാത്രിയിൽ നെബീസ എന്റെ വിരലിലണിയിച്ച ആ പിച്ചളമോതിരത്തെക്കുറിച്ചായിരുന്നു. കരിപുരണ്ട കലവും ചട്ടിയുമായി ഉരസിയുരസി തേഞ്ഞ ആ അംഗുലീയം ഞാനെന്റെ മേശവലിപ്പിൽ വളരെ ഭദ്രമായി സൂക്ഷിച്ചിരുന്നു. അതോരോ ഇരുഭദ്രകാളികളെ കണ്ടിരുന്നെങ്കിൽ.....!

അങ്ങനെ ആ പ്രഭാതത്തിൽ നെബീസയെ എന്റെ ഉമ്മയും പെങ്ങന്മാരുംകൂടി അവളുടെ ഉടുതുണിപോലും ഉരിഞ്ഞുവാങ്ങിക്കൊണ്ടു വീട്ടിൽ നിന്നുമാട്ടിയിറക്കി?

* * *

നെബീസയുടെ ഉമ്മ ജോലിയ്ക്കുപോകുന്നദിവസങ്ങളിൽ മുടിച്ചും പതുങ്ങിയും ആരുംകാണാതെ ഞാനവളുടെവീട്ടിൽ ചെല്ലുമായിരുന്നു.

എനിക്കു മധുരമധുരമായ ആ സംഭാഷണംകേൾക്കണം. ആ പുഞ്ചിരികാണണം. അവളുടെ നഗ്നകളേബരികളിൽ മുഖവായി നമ്മണം. ഉമ്മവയ്ക്കണം. ഇല്ലെങ്കിൽ ഒരു സുഖവുമില്ല. അവൾക്കതിലൊന്നും മറുത്തുപ്പുമില്ലായിരുന്നു. എനിക്കുവേണ്ടിയെന്തിനും എന്റെ ആ പ്രിയപ്പെട്ടവൾ തയ്യാറായിരുന്നു.

ദിവസങ്ങൾ കഴിഞ്ഞതോടെ ഞങ്ങളുടെ രഹസ്യസന്ദർശനങ്ങളും എങ്ങനെയോ പരസ്യമായി. നാട്ടുകാരറിഞ്ഞു! സഭ്യാചാരത്തിന്റെ നെടുംകോട്ട ഇടിച്ചുതകർക്കുന്നു എന്നെ അവർ ഉഗ്രമായി തുറിച്ചുനോക്കി. അവരുടെയാനോട്ടവും ഭാവവുമെല്ലാമെനിക്കുപുല്ലാണ്"! ഞാനതൊന്നും വകവെച്ചില്ല! അവരെന്നെ പട്ടിയെപ്പോലെ റോഡിലിട്ടു തല്ലിക്കൊല്ലുമെന്നുപറഞ്ഞു. എന്നിട്ടും ഞാനതൊന്നും ശ്രദ്ധിക്കാതെയവിടെപ്പോയ്ക്കൊണ്ടിരുന്നു.

ഒരുദിവസം ഞാനവിടെ ചെന്നപ്പോൾ അവൾ കരയുകയായിരുന്നു. ഞാൻ കാരണമന്വേഷിച്ചു. അവളെ അവളുടെ ഉമ്മ ഭയങ്കരമായി മർദ്ദിച്ചു. മുതുകിലും തുടയിലുമെല്ലാം നീലിച്ചു കരുത്തവട്ടക്കൽ! വെളിച്ചെണ്ണ പുരട്ടി ചോര കെട്ടിക്കിടക്കുന്ന ആ പാടുകൾ തിരുമ്മിക്കൊടുത്തിട്ടു പലതും പറഞ്ഞു ഞാനവളെ ആശ്വസിപ്പിച്ചു. പെട്ടെന്നു അവളുടെ ഉമ്മ അവിടെക്കയറിവന്നു. അവർ എന്നെ കഠിനമായി ശകാരിച്ചു തെറി പറഞ്ഞു! മേലിൽ അവിടെക്കയറിപ്പോകരുതെന്നൊരു താക്കീതും! ഞാനവിടെനിന്നും നിശ്ശബ്ദനായിറങ്ങിനടന്നു. അപ്പോഴും അവൾ കരയുകയായിരുന്നു.

അങ്ങനെ അതിനുശേഷം ഞാനവളുടെ വീട്ടിൽ കാലെടുത്തുകുത്തിയിട്ടില്ല. ആ വഴിയെ നടന്നിട്ടില്ല. നെബീസയെ കാണരുതെന്നു മനഃപൂർവ്വം മറച്ചിരുന്നു. ഞാൻ കാരണമവളുടെ ഭാവി ഇരുളടഞ്ഞതാകരുതെന്നെനിക്കു നിർബന്ധമുണ്ട്. എന്തോ ഞാനറിയാതെതന്നെ എന്റെ മനസ്സിനു വേദനാജനകമായ ഒരു മാറ്റം സംഭവിച്ചു.

* * *

നെബീസയെ കല്യാണംകഴിച്ചു. കൊച്ചി തുറമുഖത്തു പണിചെയ്യുന്ന ഒരു തൊഴിലാളിയാണു വരൻ-അസനാരു. അയാളും ആരോഗ്യസമ്പുഷ്ടനായിരുന്നു. ചുമടെടുത്തെടുത്തു് ആ മുട്ടത്തലയുടെ മദ്ധ്യത്തിൽ അസാധാരണമായൊരു മിനുക്കം! നല്ല പടുകൂപോലെ. ഷട്ടിട്ടുകയില്ല. കളം മുണ്ടും തോത്തും മാത്രമുപയോഗിക്കും. ഒന്നും പഠിച്ചിട്ടില്ല. അങ്ങനെ സംസാരിക്കാൻപോലുമറിഞ്ഞുകൂടാത്ത ആ പരുക്കനെ നെബീസ ഇഷ്ടപ്പെട്ടിരുന്നോ എന്തോ.....!

വിവാഹശേഷം അവർ കൊച്ചിയിലേക്കു താമസംമാറി.

അവളെ വിവാഹം കഴിച്ചുകൊടുത്ത ആ ശപിക്കപ്പെട്ട രാത്രിയിലാണു ഞാൻ ജീവിതത്തിലേറ്റവും കൂടുതൽ വേദന അനുഭവിച്ചതു്.

* * *

ഇന്നലെ രാവിലെയാണു് ഞാൻ നെബീസയെ വീണ്ടും കാണുന്നതു്. അങ്ങനെ ഇന്നലെ രാവിലെയവളെ കണ്ടതുകൊണ്ടാണിന്നിങ്ങനെയൊരു കഥയെഴുതുവാനെനിക്കു പ്രചോദനം കിട്ടിയതും. ഇന്നലെ ഞാൻ കോട്ടയത്തായിരുന്നു. എന്റെ ഒരു പുതിയ പുസ്തകത്തിന്റെ പ്രസിദ്ധീകരണസംബന്ധിച്ച ചിലയിടപാടുകൾക്കാണു് ഞാനവിടെപ്പോയിരുന്നതു്. ജട്ടിയിലെ ബുക്കിളിൽ ഒരു പുസ്തകത്തിന്റെ പേരെഴുതിച്ചുനോക്കിക്കൊണ്ടിരുന്ന എന്റെമുമ്പിലേയ്ക്കു മാറി പലരോടുമെന്നപോലെ ഒരു കൈയ്യ് ക്ഷമിച്ചുനീണ്ടു. ഞാൻ പുസ്തകത്തിൽനിന്നു മുഖമുയർത്തി. അവളും ഒരവസാനബോധത്തോടെ എന്റെ നേർക്കു നീട്ടിയ ആ കയ്യ് പിൻവലിച്ചു. ഞെട്ടിപ്പോയി. എന്റെ ഹൃദയം പിടച്ചപ്പോൾ എന്തെന്നു വികാരമെന്നുള്ളതാണെന്നിക്കു തിരിച്ചറിയാൻ കൂടി അവളോടൊരുവാക്കു പറയാനോ, അവളെയൊന്നു നോക്കുവാനോ ഞാൻ തികച്ചും അശക്തനായിരുന്നു.

ഭൂതകാലത്തിന്റെ ഒരുമ്മക്കുടുക്കയുപ്പുപോലെ തുറന്നുവച്ച ഞാൻ കണ്ടതാ ആ സഹർല്ലോകസുന്ദരിയുടെ വസ്ത്രങ്ങൾ ധരിച്ച്, പുഷ്പാഭരണ തലമുടിയും, അസ്ഥികൂടംപോലെ ചന്തിയ ശരീരവും, ഒട്ടിയവയറുകയ്യിൽ മൂന്നു വയസ്സുതികയാത്ത പിഞ്ചുകുഞ്ഞുമായി, മരിച്ചു മണ്ണടിഞ്ഞ സൌന്ദര്യത്തിന്റെ പ്രേതംപോലെയങ്ങനെ നില്പുകയാണു്.

"നെബീസാ!"

വളരെ വിഷമിച്ചുകൊണ്ടു ഞാനവളെ വിളിച്ചുപോയ്.

"എന്തായിക്കിക്കാ"

അവളുടെ കൺപീലികളും നനഞ്ഞു.

ഇപ്പോൾ പൊട്ടിക്കരഞ്ഞുപോകുമെന്നു തോന്നിയ അവളുടെ ആ ഭാവത്തിനെ മറിച്ചുകളയുവാൻ മാംസമില്ലാത്ത മുഖത്തുണ്ടായിരുന്നതു് രണ്ടേരണ്ടു പല്ലുകൾ മാത്രമായിരുന്നു.

"ഇതെന്താനെബീസ?"

"കൊച്ചിന്റെ ബാപ്പ മരിച്ചുപോയി. ഇപ്പോളങ്ങനെവിടെയണ്ടെ."

അതു പറഞ്ഞപ്പോൾ ആ കരിഞ്ഞുണങ്ങിൽത്തുണ്ടം കണ്ണുകളിൽനിന്നും കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റുവീണു. അവളും അവനെ സ്നേഹിച്ചിരുന്നോ.....?

എനിയ്ക്കു വല്ലാത്ത ഒരുതരം വികാരം സംമുട്ടനുഭവപ്പെട്ടു. തൊണ്ടക്കുഴിയിൽനിന്നും ഹൃദയത്തിന്റെ ഉള്ളറയിലേയ്ക്കു ഒരു ഹിമപ്രവാഹം.....!!

ഞാൻ ചോദിച്ചു.

"അസനാരിനെന്തുപറ്റി?"

"കപ്പലീന്നു് ബാറക്കെട്ടുവീണു."

അവളപ്പോഴും കരയുന്നുണ്ടായിരുന്നു.

"എത്രനാളായിയിവിടെവന്നിട്ട്?"


"അഞ്ചാറു മാസമായി."

ഞാൻ പോഴ്സിലുണ്ടായിരുന്ന ഒരു രൂപാ നോട്ടെടുത്തവളുടെ നേർക്കു നീട്ടി.

"വേണ്ട ഇയ്യിക്കാ"

അവളതുവാങ്ങാതെ തട്ടിത്തിരിഞ്ഞുകൊണ്ടു കണ്ണുതുടച്ചുകൊണ്ടു നടന്നു.

ഞാനവളെ തിരിച്ചുവിളിച്ചില്ല. എന്റെ നാവു പൊങ്ങിയില്ല!



ചരിത്രം തിരുത്തിയെഴുതണം

— മാലതി —

ഇന്ത്യയുടെ ചരിത്രം തിരുത്തി എഴുതേണ്ട ആവശ്യകത സ്വാതന്ത്ര്യ ലബ്ധിക്കുശേഷം എല്ലാഭാഗത്തുനിന്നും ഉയർന്നുകേൾക്കുന്നുണ്ട്. ചരിത്രത്തിന് ഒരു പുതിയ സമീപനരീതിയും വേണ്ടതാണെന്നു പറയപ്പെടുന്നു. ഇങ്ങനെയൊരാവശ്യം ചരിത്രപണ്ഡിതന്മാർ പുറപ്പെടുവിക്കുന്നതു് സ്വാഭാവികമാണു്; ശ്രദ്ധാർഹവുമാണു്. എന്നാൽ തെറ്റിദ്ധാരണയ്ക്കും അതിശയോക്തിയ്ക്കും ഇടംകൊടുക്കാത്തവിധത്തിലായിരിക്കണം ഇക്കാര്യത്തിലെന്തെങ്കിലുമൊരു നിലപാടെടുക്കൽ. ഏതേതു മാർഗ്ഗങ്ങളിലൂടേയാണു് ഈ പ്രശ്നത്തെ സമീപിക്കേണ്ടതെന്നു നോക്കുക.

ഇന്ത്യാചരിത്രം വിവിധ സമീപനമാഗ്രഹിക്കുന്നു

കഴിഞ്ഞുപോയ കൊല്ലങ്ങളിൽ ഇന്ത്യയിലെ വിദ്യാഭ്യാസപരിഷ്കാരത്തെ സംബന്ധിച്ചേടത്തോളം ചരിത്രശാസ്ത്രത്തിനു് അതർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല. അതിനുള്ള മുഖ്യകാരണം വിദേശീയാധിപത്യമാണു്. വെള്ളക്കാരുടെ താല്പര്യങ്ങളെ പരിരക്ഷിക്കുന്ന വിധത്തിലുള്ള ഒരു ചരിത്രപഠനത്തിനുമാത്രമേ അന്നു പ്രോത്സാഹനം ലഭിച്ചിരുന്നുള്ളൂ. വെള്ളക്കാരുടെ താല്പര്യങ്ങളും സാമ്രാജ്യതന്ത്രവുമനുസരിച്ചുള്ള ചരിത്രവീക്ഷണത്തിലും കാണാം, അവർ പാശ്ചാത്യലോകത്തിന്റെ ചരിത്രത്തേയും സംസ്കാരത്തേയും തിരിഞ്ഞുനോക്കുന്നതിനുമുമ്പേ. തന്മൂലം അവരെഴുതുന്ന ഇന്ത്യൻചരിത്രം മേൽപറഞ്ഞ ചിന്താഗതിമൂലം കളങ്കപ്പെട്ടതാവും എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ചരിത്രശാസ്ത്രത്തിൽ പാണ്ഡിത്യം നേടിയ ഇന്ത്യക്കാരും മറിച്ചായിരുന്നില്ല. അവർ തങ്ങളുടെ വിദേശീയ എജമാനന്മാരുടെ വാക്കുകളെ

യത്തിന വല്ലാത്തഭാരം!.....കണ്ണുകൾ നനഞ്ഞു.

ആ നേരത്തന്റെ കൈയ്യിലിരുന്നു വിറച്ചു. ഞാനതു തിയ്യേറ്റേഴ്സിൽ നിക്ഷേപിച്ചു.

രാത്രി തണുത്ത കാറ്റേറ്റു് ആ ചുവപ്പുബോട്ടിലിരുന്നപ്പോൾ ഞാൻ നെഞ്ചിസിയുമായ് നിക്കിഴിഞ്ഞ ആ ഒരു രോരംഗങ്ങളും ഓർത്തു. പക്ഷെ, എന്റെ ഓർമ്മയുടെ ഓളങ്ങളിൽ ഏറ്റവും കൂടുതൽ തെളിഞ്ഞു തെളിഞ്ഞു വന്നതു് ക്ലാവുപിടിക്കുന്ന ആ തേഞ്ഞ പിച്ചളമോതിരമായിരുന്നു.

രാവിലെ ഞാൻ ഉമ്മയോടു നെഞ്ചിസിയുടെ ഉമ്മയെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചു. നിർവ്വികാരയായി അവരത്തരം പറഞ്ഞു, ആ സ്ത്രീ മരിച്ചുപോയെന്നു്.

[പകർപ്പവകാശം ക്വീഹിന്റ്[



അടുത്തപ്രതിപ്പു്

ബോധപൂർവ്വം ആവർത്തിക്കയാണു ചെയ്തതു്. ഈ ചുറുചുറുക്കിൽ നൂറ്റാണ്ടുകളായി വസ്തുനിഷ്ഠമായ ചരിത്രരചനയ്ക്കുള്ള തീവ്രയത്നങ്ങൾപോലും വിജയസംഖ്യയെത്തുന്നതിലില്ലാതിരുന്നതിൽ വിമർശനമുണ്ടെങ്കിൽ അതും സ്വതന്ത്രമായിരുന്നില്ല. മാത്രമല്ലാ, ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണമേധാവികൾ തങ്ങളെ തുറിച്ചുനോക്കിയിരുന്നപ്പോഴെന്തു ഇന്ത്യൻ ചരിത്രലേഖകന്മാർക്കു് ഭയശങ്കകളുണ്ടാതിരുന്നു. ഇത്തരമൊരു നിന്ദ്യപകടസന്ധിയുടെ നടുവിലാണു തങ്ങളെന്ന ബോധം നമ്മുടെ ചരിത്രകാരന്മാരുടെ ഗവേഷണപരിശ്രമങ്ങളിൽ അനാരോഗ്യകരമായ ഒരു സ്വാധീനത ചെലുത്തി. ഇതിനെക്കുറിച്ചു് ഒരു സെൻസർഷിപ്പുണ്ടായിരുന്നുവെന്നു് പറയാം.

അങ്ങിനെ ഭാരതീയചരിത്രകാരന്മാർ തങ്ങളുടെ ചുറ്റും മുള്ളുവേലികളാൽ ബന്ധിതമായിരുന്നുവെന്നു കാണാം. പിന്നെയുള്ളതു് ഭരണാധികാരികളായ ബ്രിട്ടീഷുകാരാണു്. അവരും ചരിത്രം കുറിച്ചുവെച്ചു. എന്നാൽ അവർ പ്രാധാന്യംകല്പിച്ചതു് ബ്രിട്ടീഷുഭരണത്തിൻകീഴിൽ ഇന്ത്യയ്ക്കുണ്ടായ നേട്ടങ്ങളെക്കുറിച്ചായിരുന്നു. അതിപ്രാചീനകാലംമുതലുള്ള ഇന്ത്യയുടെ മണ്ണിൽകിളർന്നു തഴച്ച സംസ്കാരത്തെ അവരവഗണിച്ചു. സാമ്രാജ്യതന്ത്രത്തിന്റെ ചാഞ്ചാട്ടത്തോടൊപ്പം അവരുടെ ചരിത്രരചനാശ്രമങ്ങളും ആടിക്കളിച്ചു. ഇന്ത്യയിലെ എണ്ണിയാലൊടുങ്ങാത്ത ഭാഷകളിൽ വേണ്ടത്ര സ്വാധീനത ആംഗ്ലേയചരിത്രകാരന്മാർക്കു നേടുവാൻ കഴിഞ്ഞില്ല. ചരിത്രപഠനത്തിനാവശ്യമായ വിവിധ ഭാഷകളിലുള്ള രേഖകളും സമ്പാദിക്കാൻ അതും ഒരു വിഘാതമായിരുന്നു. ഈ കാരണങ്ങളാൽ മിക്കവാറും ചരിത്രസംഭവങ്ങളെല്ലാംതന്നെ പാശ്ചാത്യദൃഷ്ടിസ്ഥാനത്തിൽ വക്രതിരിച്ചുവെയ്ക്കപ്പെടുകയാണുണ്ടായതു്.

ചരിത്രം ശുദ്ധിചെയ്യുക — ഇന്നത്തെ കടമ

എന്നാൽ ഇന്നു് ഇന്ത്യാക്കാർക്കു് ബോധ്യമായിക്കഴിഞ്ഞു തങ്ങളും ചെറുപ്പംമുതലുള്ളതുതന്നെ പഠിച്ചുവന്ന ആ ചരിത്രം മുഴുവനും അബദ്ധജടിലമാണെന്നു്.

ആവശ്യമായ കരുക്കളും സമ്പാദിച്ചു് നമ്മുടെ ചരിത്രത്തെ പുളുക്കിയെഴുതേണ്ടതു് ഇന്ത്യയിലെ ചരിത്രപണ്ഡിതന്മാരുടെ ഒഴിച്ചുകൂടാത്ത കടമയാണു്. ഇന്നേവരേയ്ക്കും ഒരു ചരിത്രകാരൻറെയും കയ്യിൽ എത്തിപ്പെടാത്ത സംഭവങ്ങളെ അവർ അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു. അതോടൊപ്പം പല കെട്ടുകഥകളും നാമിന്നു ധരിച്ചുവച്ചിട്ടുള്ള തെറ്റായ അറിവിനെ തുടച്ചുമാറ്റണം. പക്ഷെ, ഈ പ്രവൃത്തി ഒരുദിവസത്തെ നടത്താൻ കഴിയുമോ? ഒരു സംഘടനയ്ക്കും ഒരു തലമുറയ്ക്കുതന്നെയും ഈ ചരിത്രത്തിന്റെ തിരുത്തിയെഴുത്തു് സുസാധ്യമാകയില്ല. ഇക്കാര്യത്തിൽ അക്ഷമ ഭാവിക്കുന്നവരോടു് ഒന്നേ പറയാനുള്ളൂ. ഈ തിരുത്തിയെഴുത്തിനു് ഒരു ദീർഘകാലപരിപാടി വേണം. ചിലവു്, പിടിച്ചാൽ നിൽക്കുന്നതായിരിക്കില്ല. ചരിത്രശാസ്ത്രത്തിൽ അഗാധജ്ഞാനമാർജ്ജിച്ചവരുടെ സംഘടിതപരിശ്രമംകൊണ്ടേ എന്തെങ്കിലും പുരോഗതി ഇക്കാര്യത്തിലുണ്ടാവുകയുള്ളൂ. അല്ലാതെ ഒന്നോ രണ്ടോ വ്യക്തികൾ വല്ലതും പ്രവർത്തിക്കുന്നതുകൊണ്ടു് ഫലപ്രാപ്തിയുണ്ടാവുകയില്ലതന്നെ.

പഴയ വഴിവിട്ടുകൂടാ മറിക്കുമ്പോൾ

ഇന്ത്യയുടെ പുരാതനചരിത്രമാണെങ്കിൽ, അതിന്റെ രചന ഏകപക്ഷീയവും അന്ധവിശ്വാസപരവുമായ ഒരു രീതിയിലായിരുന്നു. സാമൂഹ്യ-സാംസ്കാരിക വിഷയങ്ങളേക്കാളും യൂറോപ്യൻ ചരിത്രകാരൻ രാഷ്ട്രീയസംഭവങ്ങൾക്കായിരുന്നു പ്രാധാന്യം കൊടുത്തതു്. ദേശീയചരണങ്ങൾക്കല്ലാ, വിദേശീയരുടെ തെളിവിന്നാണു് അവർ കൂടുതൽ വില കല്പിച്ചതു്. ദേശീയപുരോഗതിയെക്കുറിച്ചു് എഴുന്നതിലുമധികം പേഴ്സ്യൻ, ഗ്രീക്ക്, അറബിക് സംസ്കാരങ്ങൾ ഇന്ത്യയുടെ ചരിത്രത്തിൽ എത്രമാത്രം സ്വാധീനത ചെലുത്തിയിട്ടുണ്ടെന്ന കാര്യം വെളിച്ചത്തു കൊണ്ടുവരാൻ അവർ ശ്രമിച്ചു. രാഷ്ട്രീയസംഭവങ്ങളും മഹാനാടുകളുടെ സ്വാധീനശക്തിയും മറവും ചരിത്രപഠനത്തിനു് ആവശ്യമാണു്, പക്ഷേ, അതോടൊപ്പംതന്നെ സാമൂഹ്യവും സാമ്പത്തികവും സാമൂഹ്യികവുമായ വളർച്ചയും ഗണിക്കപ്പെടേണ്ടതായിരുന്നു.

ഇന്ത്യയുടെ മദ്ധ്യകാലചരിത്രം രാഷ്ട്രീയകാര്യങ്ങൾകൊണ്ടും സൈനികസംഘട്ടനങ്ങൾകൊണ്ടും നിറഞ്ഞതാണു്. ചരിത്രകാരന്മാർ യുദ്ധങ്ങളേയും വിദേശീയാക്രമണങ്ങളേയും രാജാക്കന്മാരുടെ ദുർന്നയങ്ങളേയും ചിത്രീകരിക്കുന്നതിനു് [illegible]. ആ മദ്ധ്യകാലത്തെ [illegible] വിതഞ്ഞെക്കുറിച്ചോ [illegible]ക്കുറിച്ചോ അധികമൊന്നും പറഞ്ഞുകാണുന്നില്ല. ഇന്നത്തെ വർഗ്ഗീയമത്സരത്തിനു വഴിവെച്ചുകൊടുപ്പാൻ പര്യാപ്തമായിട്ടുണ്ടു് മദ്ധ്യകാലത്തെ സംഭവചരിത്രീകരണങ്ങളും.

ബ്രിട്ടീഷ്ഭരണം ഇന്ത്യക്കു ലഭിച്ച അപൂർവ്വ ഭാഗ്യങ്ങളിലൊന്നായിട്ടാണു് ചരിത്രകാരൻ കാണുന്നതു. അരാജകത്വത്തിൽനിന്നും കുഴപ്പങ്ങളിൽനിന്നും ഇന്ത്യാക്കാരെ കരകയറ്റിയതു് തങ്ങളാണെന്നവർ അവകാശപ്പെടുന്നു. അശോകന്റേയും അക്ബറുടേയും വിജയങ്ങൾ അവരുടെ കണ്ണിൽ ദുരാഗ്രഹത്തിന്റെ മൂർത്തീകരണങ്ങളായിരുന്നപ്പോൾ വെല്ലസ്ലിയുടേയും ഡൽഹൌസിയുടേയും പ്രവൃത്തികൾ രാജ്യതന്ത്രജ്ഞതയുടെ വെന്നിക്കൊടികളായിരുന്നു! എന്താണിതിനർത്ഥം?

ചരിത്രകാരന്റെ ദേശാഭിമാനം

പറഞ്ഞുപറഞ്ഞു നാം അങ്ങേത്തലയ്ക്കലായ്കയും പറഞ്ഞില്ല. മുൻപു സൂചിപ്പിച്ചതിനെല്ലാം നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുകയോ നിഷ്പക്ഷബുദ്ധികളായിരിക്കണം ചരിത്രകാരന്മാർ. അല്ലെങ്കിൽ വർഗ്ഗീയവും സംസ്ഥാനികവും മാറുമായ ഉച്ചനീചത്വബോധങ്ങളും തീണ്ടിയതാവും നമ്മുടെ ചരിത്രം മുഴുവനും. അന്ധമായ സ്വരാജ്യസ്നേഹവും ചരിത്രചിത്രീകരണത്തിൽ കൈകടത്തുന്നതു് ആപത്കരമാണു്. അബദ്ധങ്ങളും കൈപ്പിഴവുകളും ഏതുജനതയുടെ ചരിത്രത്തിലും കാണാം. അതൊക്കെ ദേശീയതാല്പര്യങ്ങളാണെന്നവച്ചു സൽപ്രവൃത്തികളായില്ലല്ലോ. അതിനുംപുറമേ ചരിത്രം ഒരു ശാസ്ത്രമാണു്; അതു വെറും പ്രചരണോപാധിയല്ല.

ഇന്ത്യയിലെ ചരിത്രകാരന്റെ മുമ്പിൽ ഇന്നനേകം വിഷമതകളുണ്ടു്. അവയെന്തെന്നു നോക്കാം:-

1) ചരിത്രകാരൻ ദേശീയമായ ചായ്വു് അധികംപ്രകടിപ്പിച്ചുകൂടാ. മറ്റൊരുതരത്തിൽ പറഞ്ഞാൽ ചരിത്രരചന വീരാരാധനയാകരുതെന്നു് അർത്ഥം.

2) ഒരു ചരിത്രലേഖകൻ സാമൂഹ്യികമായി വിശാലവീക്ഷണം വളർത്തിക്കൊണ്ടുവരേണ്ടതാണു്. ഇന്ത്യയുടെവിഭജനം, ഹിന്ദുസ്ഥാൻ പാക്കിസ്ഥാൻ എന്ന രണ്ടു വിരിഞ്ഞചിന്താഗതികളെ സൃഷ്ടിച്ചിരിക്കുന്നതുകൊണ്ടു് ഇതു് അത്യന്തമപേക്ഷിതമാണെന്നും പറയേണ്ടിയിരിക്കുന്നു.

3) സംസ്ഥാനികമോ ഭൂമിശാസ്ത്രപരമോ ആയ സ്വാധീനതകളും ചരിത്രശാസ്ത്രശില്പിയെ കയ്യടക്കുന്ന

സാഹിത്യകാരന്മാരുടെ പ്രണയകഥകൾ

★

പുത്തൻകാവു് മാത്തൻതരകൻ എം. എ.

ചാസർ മുതൽ വിശ്വമഹാകവി ഷേക സ്പിയർവരെയുള്ള പാശ്ചാത്യസാഹിത്യകാരന്മാരുടെ പ്രണയകഥകളാണു ഈ ഭാഗത്തിൽ വിവരിക്കപ്പെടുന്നതു്.

(തുടർച്ച)

IV

ഇംഗ്ലീഷ് കവിതയുടെ പിതാവായ ജിയോഫ്രിചാസറിന്റെ (Geoffrey Chaucer) ഭാഗ്യമായ ഫിലിപ്പായേ ഫ്ലാറി വിശ്വസനീയമായൊരറിവൊന്നും ലഭിച്ചിട്ടില്ല. രാജ്യസേവകനായ ചാസറിനു് ചിരിപ്പിക്കാനുള്ള കഴിവു അപരിമേയമായിരുന്നു. അദ്ദേഹം സുന്ദരികളായ യുവതികളേയും തന്റെ വാചാലതകൊണ്ടു് ചിരിപ്പിച്ചിട്ടുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഫിലിപ്പ് സിഡ്നിയും (Philip Sidney 1554-86) എഡ്മണ്ട് സ്പെൻസറും (Edmund Spenser 1552-1592) പ്രണയഗാനങ്ങളും ആകാശം കോൾമയിർകൊള്ളത്തക്കവണ്ണം പാടിയിട്ടുണ്ടു്. എലിസബേത്തുമഹാരാജ്ഞിയുടെ കാലത്തു് ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ആംഗ്ലേയ കവിപുംഗവന്മാരുടെ കൂട്ടത്തിലായിരുന്നു സ്പെൻസറും സിഡ്നിയും. ചരിത്രം വിശ്വസിക്കുമെങ്കിൽ അവർ രണ്ടുപേരും പ്രണയബദ്ധരായിരുന്നു.

ഫിലിപ് സിഡ്നിയുടെ ആസ്ട്രോഫലും സ്റ്റെല്ലായും (Astrophel and Stella) എന്ന ഗീതകസമാഹാരം അദ്ദേഹത്തിന്റെ വികാരനിർഭരമായ പ്രണയത്തിന്റെ പ്രകാശനമാണു്. എസക്സ് പ്രഭുവിന്റെ (Earl of Essex) മകളായിരുന്ന പെനിലോപ്പ് (Penelope Devereux) ബാല്യകാലത്തിൽതന്നെ സിഡ്നിക്കു് അവളുടെ ഭാവിവരനായി തന്നെത്തന്നെ പ്രഖ്യാപിക്കാമായിരുന്നു. പക്ഷേ പ്രേമത്തിന്റെതിക്ഷ്ണത അനുഭവപ്പെട്ടതു് അനുഭവപ്പെട്ടതു് റിച്ച് (Lord Rich) പ്രഭു അവളെ വിവാഹംകഴിച്ചപ്പോഴേ സിഡ്നിക്കു് തന്റെ പ്രണയഭാഗ്യം മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളു. അദ്ദേഹത്തിന്റെ ഹൃദയാന്തരത്തിൽ വികാരത്തിന്റെ ദീർഘശ്വാസങ്ങളുയർന്നു. ആദ്യകാലങ്ങളിൽ കലവനിതയായ പെനിലോപ്പു് തന്റെ കാമുകന്റെ പ്രണയപരാഭങ്ങളെ പ്രോത്സാഹിപ്പിച്ചില്ല. പക്ഷേ വിവാഹിതയായപ്പോൾ അവളും മനസ്സിലാക്കി സിഡ്നി അവളുടെ ആരാധകനായിരുന്നെന്നു്. ആ വേർപാടിന്റെ വേദന അവർക്കസഹ്യമായിരുന്നു. അവരുടെ ഹൃദയങ്ങൾ അത്മാർത്ഥമായിരുന്നു. ആദ്യത്തിന്റെ സാക്ഷാത്കാരമായ സിഡ്നി വിഭിന്നമായ വിചാരവികാരങ്ങളുടെ ഇടയിൽകിടന്നു പരുങ്ങി. പെനിലോപ്പു് അദ്ദേഹത്തിന്റെ ബാല്യകാല സഖിയായിരുന്നു. പക്ഷേ അവൾ വിവാഹിതയായി. അന്യന്റെഭാര്യയെ പ്രണയിക്കുന്നതുപോലെ മറ്റെന്തെങ്കിലും തെറ്റുണ്ടോ? വികാരവിപ്ലവങ്ങളുടെ ഹൃദയസ്പർശിയായ ആവിഷ്കരണമാണു് "ആസ്ട്രോഫലും സ്റ്റെല്ലായും" എന്ന ഗീതകസമാഹാരം. പെനിലോപ്പാണു് സ്റ്റെല്ലാ—ആകാശത്തിൽ മിന്നിത്തിളങ്ങുന്ന ഒരു ഭാഗ്യനക്ഷത്രം. സിഡ്നിയാണു് ആസ്ട്രോഫൽ—ആ നക്ഷത്രത്തിന്റെ ഒരു ആരാധകൻ.

സ്പെൻസറിന്റെ അമോറെറ്റ് (Amorette) എന്ന ഗീതകസമുച്ചയവും ഒരു പ്രണയബന്ധത്തിന്റെ സമുൽകൃഷ്ടമായ സന്താനമാണു്. എലിസബേത്ത് ബോയിൽ (Elizabeth Boyle) എന്ന യുവകവിയുടെ ഹൃദയം കവർന്നതിനെത്തുടർന്നു് എലിസബേത്തുരാജ്ഞിയുടെ മഹാരാജധാനിയിലെ സുന്ദരികളായ യുവതികൾക്കപോലും സ്പെൻസറിന്റെ ഹൃദയത്തിൽനിന്നും തന്റെ മഹാജനത്തിന്റെ മനോഹരത്വം മാറ്റിപ്രതിഷ്ഠിക്കുവാൻ കഴിഞ്ഞില്ല. ലജ്ജനഭാവിക്കുന്ന നയനങ്ങളും അനുകരിയ്ക്കുന്ന ആകാരവും, എലിസബേത്ത് ബോയിലിന്റെ പ്രത്യേകതകളായിരുന്നു. ആ യുവതി തന്റെ കമിതാവിന്റെ അഭ്യർത്ഥനകളെ കലിതയോടെ തിരസ്കരിക്കയാണുണ്ടായതു്. പക്ഷേ അതു സ്പെൻസറിന്റെ പ്രേമം വലിപ്പിച്ചുകളയാതെ കൂച്ചിട്ടതന്റെ പ്രണയഭാജനത്തിന്റെ നിഷ്ഠുരതയെപ്പറ്റി അദ്ദേഹത്തിനുള്ള വിശ്വാസം തന്നെയും വർദ്ധിക്കയാണുണ്ടായതു്. എലിസബേത്തുരാജ്ഞിയുടെ സ്പെൻസറിന്റെ ആരാധനാപാത്രമായിരുന്നു. മംഗളകരമായ സുമുഹൂർത്തത്തിൽ തന്റെ ജീവിതസഖിയായി വിവാഹബന്ധത്തിൽ സമ്മേളിച്ചു. പുത്രനേയും സ്പെൻസർ അമോറെറ്റിനു നൽകുന്നതിനു കുറെയുടെ അവസാനത്തിൽ എപിത്താലമിയൻ (Epithalamion) എന്ന കാവ്യഖണ്ഡത്തിൽ സരസമായി ചിത്രീകരിച്ചിട്ടുണ്ടു്. അതായതു് ഫേയറിക്വീൻ FairieQueene എന്ന വിശ്വപ്രസിദ്ധമായ മഹാകാവ്യമെഴുതിയ സ്പെൻസറിന്റെ പ്രണയജീവിതപശ്ചാത്തലം.

V


വിശ്വൈകമഹാശില്പിയായ മൈക്കൽ ആഞ്ജലോ ഒരു കവികൂടിയായിരുന്നെന്നു അധികംപേർക്കുമറിഞ്ഞുകൂടാ. "മോണാലിസ"യുടെ മനോഹരചിത്രം വരച്ച ലിയോണാർഡോ ഡാവിഞ്ചി (Leonardo DaVinci) മഹായോഗശാസ്ത്രനൈപുണ്യങ്കൊണ്ടു് തള്ളിമാർബിൾശിലാകയിലാണു് അദ്ദേഹത്തിന്റെ പുണ്യകരശില്പം നിർമ്മിച്ചെയ്തതു്. മൈക്കലാഞ്ജലോ (MichelangeloBuonarroti 1475-1564) വരച്ചിട്ടുള്ള ചിത്രങ്ങളും നിർവധിയാണു—പണിതെടുത്ത പ്രകാശം പ്രസിദ്ധങ്ങളാണു് എഴുതിട്ടുള്ള ഗീതകങ്ങളും വിശ്വോത്തരങ്ങളാണു്. അദ്ദേഹത്തിന്റെ കവിതകളും മാവനയുടെ മൂശയിലുരുവാർത്തെടുത്ത കനകശില്പങ്ങളെപ്പോലെ

ഇന്നു പ്രവർത്തിക്കുന്നതു്. ചരിത്രരേഖകളുടെ ദൌർലഭ്യം മാർഗ്ഗത്തെ ക്ലേശകരമാക്കുന്നു. അക്ഷീണയത്നംചെയ്യുന്ന ആളുകളേയാണു് ഇക്കാര്യത്തിനാവശ്യം, ചരിത്രം ഗ്രഥിചെയ്യുക എന്ന കടമ ഭാവനാലോകത്തിൽനിന്നും പ്രായോഗിക പദ്ധതിയിലാകുന്നതുകൊണ്ടു്.

ചരിത്രം എത്രമാത്രം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടെന്നതിനതെളിവു്, കുറച്ചെങ്കിലും വിജ്ഞാനസമൃദ്ധമായ ആലങ്കു് അന്വേഷിച്ചുറിയേണ്ടതില്ല. ആത്മപ്രശംസകരോ പ്രവാചകരോ ആകരുതു് ഇന്ത്യയുടെ ചരിത്രകാരന്മാർ. പ്രശസ്തിക്കുള്ള അമിതമായ ആഗ്രഹവും അവർ തല്ലുംലം നീക്കിവെച്ചേപറ്റൂ. വിദ്വേഷബുദ്ധിയേയും കയ്യൊഴിക്കേണ്ടതാവശ്യമാണു്. ചരിത്രശാസ്ത്രത്തിന്റെ നിലവാരം അധഃപതിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. തങ്ങളുടെ കനത്തചുമതലകളെ അറിഞ്ഞുകൊണ്ടുതന്നെ ഇന്ത്യയിലെ ചരിത്രകാരൻ തന്റെ ഏല്പിയകഴിവുകളെ നാട്ടിന്റെ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കട്ടെ—

(ഡാക്ടർ നന്ദലാൽ ചാറ്റർജിയുടെ ഒരു ലേഖനത്തെ ആസ്പദമാക്കിക്കൊണ്ടു്.)

★



നാണ്" വാൾട്ടർ പോറർ അഭിപ്രായപ്പെട്ടതായ്.

ചെറുപ്പകാലത്തു് മൈക്കലാഞ്ജലോ എഴുതിയ ഗാനതല്പരങ്ങൾക്കു് പ്രേരണനൽകിയതു് അദ്ദേഹത്തിനു് ലൂയിസാ (Luiga Da Medici) എന്ന ഒരു യുവതിയോടുതോന്നിയ പ്രേമമാണു്. ആ സ്ത്രീയാണു് അദ്ദേഹത്തിന്റെ ഹൃദയസംഗീതത്തിലെ ഒന്നാമത്തെ റാണിയായിരുന്നതു്; യഥാർഥത്തിലല്ല — ഭാവനയിൽ. ആ സുരലോകസുന്ദരിക്കു് തന്റെ കാമുകന്റെ പ്രണയഭിക്ഷ നിരസ്സരിക്കുന്നതിനു് യാതൊരു തടസ്സമില്ലായിരുന്നു. അങ്ങനെ പ്രണയനിരാശയിൽ പരിതപിക്കുന്നതായ ആ വിശ്വമഹാശില്പി, തന്റെ ഭാവനയിൽ അവളേക്കാൾ സുന്ദരിയായ ഒരു യുവതിയേ സൃഷ്ടിച്ചു. അവളെ പ്രേമിച്ചു — അവളെ വാഴ്ത്തിപ്പാടുകയും ചെയ്തു — ആ പ്രേമത്തിൽ അദ്ദേഹം സച്ചിദാനന്ദനിർവൃതി അനുഭവിച്ചു.

അധികകാലം കഴിയുന്നതിനുമുമ്പുതന്നെ മൈക്കലാഞ്ജലോ തോമാസോ (Tommaso Cavalieri) എന്ന വേറൊരു യുവതിയിൽ അനുരക്തനായി. പക്ഷേ അവളുമായും കവിതയുടെ പൂവാടിയിൽവച്ചുമാത്രമേ അദ്ദേഹത്തിനു സല്ലപിക്കാൻസാധിച്ചുള്ളൂ. അവരുടെ സംയോഗത്തിനു പ്രതിബന്ധമായ എന്തോ ഒന്നുറച്ചുനിന്നിരുന്നതായിട്ടാണു്, അക്കാലങ്ങളിലദ്ദേഹമെഴുതിയ കവിതകളിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്.

അവിവാഹിതനായി 89 വർഷം ജീവിച്ചിരുന്ന മൈക്കലാഞ്ജലോ അറുപത്തിമൂന്നാമത്തെ വയസ്സിലാണു് വിറ്റോറിയാ (Vittoria Colonna) എന്ന വിധവയായ കവയിത്രിയേ ആദ്യമായി കണ്ടതു്. ആ മഹതിയുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം തികച്ചും സ്നേഹികമായിരുന്നു. അവരെയിരുന്ന മൈക്കലാഞ്ജലോയുടെ മീശിവാറിയ തൂലികയിൽ മൈത്രീനൃത്തത്തിന്റെ രക്തബിന്ദുക്കൾ വീണ്ടും തളിച്ചതു്. അദ്ദേഹത്തിന്റെ കവിതകളിലധികവും എഴുതപ്പെട്ടതു് ഈ കാലഘട്ടത്തിലാണു്. പക്ഷേ ആ സുഹൃൽബന്ധം അധികം നീണ്ടുനിന്നില്ല. ഒമ്പതു വർഷത്തിനുശേഷം ആ മഹിളാരത്നം മണ്മറഞ്ഞു. മരണസമയത്തു് അവർ മൈക്കലാഞ്ജലോയുടെ കൈകൾ ചുംബിച്ചു. അതുപോലെ അവരുടെ തിരുനെറ്റിയും ചുംബിച്ചില്ലല്ലോ എന്നോർത്തു് ആ വിശ്വശില്പി പലപ്പോഴും ദുഃഖിച്ചിട്ടുണ്ടു്.

ഫ്രാൻസിലെ ഒരു മഹാകവിയായിരുന്നു ഫ്രാങ്കോയിവില്ലൻ. (Francois Villon–1431 – 1465) സമ്മർദ്ദത്തിന്റെ സരിത്തിൽക്കൂടി പ്രവാഹിക്കുന്ന അദ്ദേഹത്തിന്റെ ഭാവാത്മകമാനസികനിർമ്മിതിയും, സംഭവബഹുലമായ യഥാർഥജീവിതവും തമ്മിലുള്ള അന്തരം ആധുനികസാഹിത്യകാരന്മാരുടെ ശ്രദ്ധയെ വളരെയധികം ആകർഷിച്ചിട്ടുണ്ടു്. ഗ്രേറ്റ് ടെസ്റ്റുമെന്റ്" (Great Testament) സ്മോൾ ടെസ്റ്റമെന്റ്" (Small Testament) എന്നീ വിശ്വപ്രസിദ്ധമായ കൃതികളെഴുതിയ വില്ലൻ പ്രകൃതിയുടെ ഒരു വിരോധാഭാസമായിരുന്നു. "എനിക്കു വില്ലനേ വധശിക്ഷയ്ക്കു് വിധിക്കാൻ സാധ്യമല്ല അയാളപ്പോലെ അതിഭയങ്കരന്മാരായ കൊള്ളക്കാർ ഈ ഫ്രാൻസിലുണ്ടെന്നെനിക്കറിയാം. പക്ഷേ അതുപോലെ മറ്റൊരു കവിയെ എനിക്കു കാണാൻകഴിയുന്നില്ല." ഇതു ഫ്രാൻസിലെ ചക്രവർത്തിയായ ലൂയി XI വില്ലനേപ്പറ്റി പറഞ്ഞതാണു്.

ഒരൈന്നാംതരം റൊമ്പിയും ഒരു നല്ല കവിയുമായിരുന്ന ഫ്രാങ്കോയി വില്ലൻ സ്ഥായിയായ ഏതെങ്കിലും ഒരു പ്രണയബന്ധത്തിലേർപ്പെട്ടിരുന്നിരിക്കാൻ ന്യായമില്ല. കാതറൈൻ-ഡി-വാസലസ (Katherine de Vaucelles) എന്ന യുവതിയുടെ പ്രണയം കൈവരിച്ച ഒരു യുവധീരനായി അദ്ദേഹത്തെ ചിത്രീകരിക്കുന്ന കഥകൾ ഫ്രഞ്ചുസാഹിത്യത്തിൽ ഒന്നിലധികമുണ്ടു്. പക്ഷേ വാസ്തവമതായിരിക്കാൻ ന്യായമില്ല.

വില്ലന്റെ കവിതകളിൽ ഒരു കാതറൈനേപ്പറ്റി പറഞ്ഞിട്ടുണ്ടെന്നേള്ളൂ പരമാർഥമാണു്. പക്ഷേ അദ്ദേഹത്തിന്റെ സ്വഭാവത്തിനും ജീവിതരീതിക്കും പൊരുത്തപ്പെട്ടരീതിയിലായിരുന്ന അവരുടെ ബന്ധമെന്നള്ളതു് തഴക്കൊട്ടുത്തിരിക്കുന്ന ഉദാഹരണി വേണ്ടുവോളം സമർത്ഥിക്കുന്നുണ്ടു്.

"നനകല്ലിലഴുക്കും മുണ്ടടിക്കും
വിധമെന്നു നഗ്നനാക്കിയടിപ്പിച്ചും
കാതറൈൻ കഷ്ടം അവളെന്നേ കനപ്പുള്ളോരിച്ചിയും കഴിപ്പിച്ചേനതു നോക്കി" നേയൽ, പൊട്ടിച്ചിരിച്ചതില്ലേ.

"How thrashed like clothes
at wash was I
Stark naked, I must needs
agree
Who made one eat so sour a
pie
But Katherine of Vaucelles?
Thereby
Noel took a third part of
that fun"

കാതറൈൻ എന്നപാഞ്ഞ ഒരു യുവതിയുടെയായി, അവളുടെ ആഗ്രഹത്തിനു് വിപരീതമായി അടുപ്പം പറഞ്ഞുകൊണ്ടു് വില്ലൻ നമ്മുടെ മഹാകവി ശ്രമിച്ചിരിക്കുന്നു. ആ ബന്ധത്തിനിന്നും വിമുക്തയാകുവാൻ മാത്രം കാതറൈൻ ആഗ്രഹിക്കുന്നതിനുമുമ്പു് ഫ്രാങ്കോയി വില്ലനുവേണ്ടി ഒരു കരുക്കുവിരിച്ചിരിക്കണം. പ്രണയപരവശനായി വലയൽ കൂട്ടിയ വിരോധിയായിത്തന്നെന്നാണു് അഭ്യസ്തവിദ്യരായ പാശ്ചാത്യപണ്ഡിതരുടെ ബലമായ അഭ്യൂഹം. എന്നാൽ 42-ാമത്തെ വയസ്സിൽ അദ്ദേഹത്തിനു കാലത്തിന്റെ മാറ്റം അമേരിക്കയിൽ ഒന്നാംകിട ധനികന്മാരുടെ ആദായത്തിലാണു് കൈവക്കുന്നതു്; സാമാന്യജനങ്ങളുടെ വരുമാനം വർദ്ധിച്ചാണു വന്നിട്ടുള്ളതു്. കഴിഞ്ഞ കാൽശതാബ്ദമായി ഗവണ്മെന്റു മികച്ച ധനികന്മാരിൽനിന്നു വൻപിച്ച നികുതി ഇടാക്കുന്ന നയമാണു് അനുവർത്തിച്ചുവരുന്നതു്. മുകളിൽക്കാണുന്ന പട്ടിക ന്യൂയോർക്ക് ടൈംസ് പത്രം തയാറാക്കിയതാണു്. 1948-ൽ ആളൊന്നിനു 5500 ഡോളറിനുമേൽ വരവുണ്ടായിരുന്ന ഒന്നാംകിടക്കാർ ജനസംഖ്യയിലെ ഒരു ശതമാനമാണു്: 1929 – 1939 കാലഘട്ടത്തിൽ അവരുടെ വരുമാനത്തിനു സാരമായ കുറവുണ്ടായെങ്കിലും നികുതിഭാരം വർദ്ധിച്ചതേതിൽ തന്നെയായിരുന്നു. 1939-ൽ അതു ഉർദ്ധരമാക്കപ്പെടുകയുമുണ്ടായി. 2 ശതമാനംമുതൽ 7 ശതമാനംവരെയുള്ള വിഭാഗമെങ്കിൽ 2000 മുതൽ 5000 വരെ ഡോളർ) 1940 വരെ അവർക്ക് അത്തരത്തിലുള്ള അനുഭവമുണ്ടായില്ല.


ത്തിന്റെ പരമാർഥം ഇങ്ങനെയൊരാളെ മാർഗ്ഗംകൂടണമെന്നുള്ള.


എന്തൊക്കെയായാലും ഫ്രാങ്കോയി വില്ലന്റെ കവിതകളും അനേകം ഫ്രഞ്ചു സാഹിത്യകാരന്മാരെ പ്രചോദിപ്പിച്ചിട്ടുണ്ടു്. റബലേ (Rabelais); വോൾട്ടെയർ (Voltaire) അനാറോൾഫ്രാൻസു് (Anatole France) തുടങ്ങിയവരൊക്കെയും ഈ നാമത്തിൽ സ്മരിച്ചിട്ടുണ്ടു്. 16-ാം ശതകത്തിൽ യൂറോപ്പുമുഴുവൻ കൂടുകൂടുചിരപ്രതിഷ്ഠനേടിയ പൈങ്കഥകളെഴുതിയറിബലേ, വില്ലനേ നായകനാക്കി മനോഹരമായ ഒരു കഥതന്നെ എഴുതിയിട്ടുണ്ടു്. റബലേ — ഒരു സ്ത്രീജനവിരോധിയെന്നിത്തന്നെന്നാണു് അഭ്യസ്തവിദ്യരായ പാശ്ചാത്യപണ്ഡിതരുടെ ബലമായ അഭ്യൂഹം. എന്നാൽ 42-ാമത്തെ വയസ്സിൽ അദ്ദേഹത്തിനു താൻ വിവാഹംകഴിക്കാത്ത ഒരു സ്ത്രീയിൽനിന്നും തിയോടൂൾ (Thodule) എന്ന ഒരു കുട്ടിയുണ്ടായതും ആ വിരോധംമൂലമാണെന്നു് തീർത്തുപറയാൻ നമുക്കു സാധ്യമല്ല. ഒരുപക്ഷേ വില്ലന്റെ പ്രേതം അദ്ദേഹത്തിൽ കുറച്ചുനാളം പ്രവർത്തനം നടത്തിയതായാലും അതിന്റെ കാരണം.

VI

മഹാകവി ഷേക്സ്പിയറിനേ (Shakespeare — 1564-1616) ആദർശയാഥാർഥ്യനായ ഒരു പുരുഷനായി മാത്രമേ നമുക്കു വിഭാവനചെയ്യാൻ നിർവ്വാഹമുള്ളൂ. 36 നാടകങ്ങളെഴുതിയ വിശ്വമഹാനാടകകൃത്തും വാത്മീകിയേക്കാൾ മഹർക്കിവര്യനായ ഒരു ജ്യോതിർഗ്ഗോളമായിരു

(ശേഷം 20-ാംപേജിൽ)










ഇടത്തുനിന്നു മുകളിൽ—ഇൻഡൊനീഷ്യൻ സ്ഥാനപതി ഡാ: എൽ. എൻ. പലാൽ രാജ്ഘട്ടിൽ പുഷ്പമാല്യം അർപ്പിക്കുന്നു. ചിത്രത്തിൽ വലതുനിന്നു രണ്ടാമതു നിൽക്കുന്നതു് ഡാ: പലാലും വലതു അറ്റത്തു് ഇൻഡ്യാഗവർമ്മെൻറു ചീഫ് അഫ് പ്രൊട്ടക്കോൾ ശ്രീ. കെ. ജി. മന്നുമാണു്. ഇടത്തുതാഴെ—തിരുവനന്തപുരത്തു നടന്ന ബാലകലാപ്രദർശനം. ശ്രീ. സുന്ദരരാജനായിഡു പ്രസംഗിക്കുന്നു. അദ്ദേഹത്തിൻറെ ഇടതുവശത്തു ശ്രീ. ശങ്കർ.


നടുക്കു്—1) ന്യൂയാക്കുനഗരത്തിലെ മെട്രോപ്പൊളിറ്റൻമ്യൂസിയം അഫ് ആർട്ട്സ് എന്ന കലാപ്രദർശനാലയത്തിൽ ഒരു ഇൻഡ്യൻ വിഭാഗം (Gallery of Indian Arts) ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ചിത്രങ്ങളും മറ്റു കലാസൃഷ്ടികളും ഇവിടെ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ടു്. 2) ഇൻഡ്യാ അമേരിക്കാ സാംസ്കാരികവാരാഘോഷങ്ങളുടെ ഒരു അംശമായാണു് ഇൻഡ്യൻ കലാവിഭാഗത്തിൻറെ ഉൽഘാടനം നടത്തപ്പെട്ടതു്. ന്യൂയാക്കു് ഫിഫ്ത്ത അവന്യൂവിലെ പ്രസ്തുത പ്രദർശനാലയം അമേരിക്കൻ ഭൂഖണ്ഡത്തിലുള്ള കലാപ്രദർശനാലയങ്ങളിൽ പ്രഥമസ്ഥാനം













വഹിക്കുന്ന ഒന്നാണ്. 3) രണ്ടു സന്ദർശകർ ഇൻഡ്യൻ വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്ന ചിത്രങ്ങൾ ദർശിക്കുന്നു. അക്ബർചക്രവർത്തി (1556—1605) യുടെ കാലത്തെ ചിത്രങ്ങളാണ് അവ. അമീർഹംസയിലെ ചിത്രങ്ങളാണ് വലതു രണ്ടും. ഇടതുകാണുന്ന ചെറിയ ചിത്രം അമീർഖുസ്രോ ദിലാവിയുടെ ഖംസയുടെ കയ്യെഴുത്തു പ്രതിയിൽനിന്നുമാണ്.

വലത്തുമുകളിൽ—ഡോറാഡൂണിൽ സെൻട്രൽബോർഡ് ഓഫ് ഫോറസ്ട്രിയുടെ യോഗം കൃഷിവകുപ്പുമന്ത്രി ശ്രീ. പഞ്ചാബറാവു ദേശ്മുഖ് ഉൽഘാടനംചെയ്യുന്നു. മന്ത്രിയുടെ വലതുവശത്തിരിക്കുന്നത് ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്ട്സ് ശ്രീ. എം. ഡി. ചതുർവേദിയും അദ്ദേഹത്തിന്റെ ഇടത്ത് ഫോറസ്ട്ട് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡൻറ് ശ്രീ. സി. ആർ. രംഗനാഥനുമാണ്. ഇടത്തുതാഴെ—ഡയറക്ടർ ഓഫ് പബ്ളിക്ക് റിലേഷൻസ് ശ്രീ. വി. ആർ. നാരായണൻനായർ ബാലകലാപ്രദർശനോൽഘാടനയോഗത്തിൽ പ്രസംഗിക്കുന്നു. ചീഫ്മിനിസ്റ്ററെയും ഉൽഘാടകൻ സ്പീക്കർ ശ്രീ. കെ. പി. നിലകണ്ഠപിള്ളയെയും ചിത്രത്തിൽ കാണാം.





(17-ാംപേജിൽനിന്നു തുടർച്ച)

നാളേക്കുവേണ്ടി (?) നമ്മെ നമ്മാ നിക്കാൻ. കൃതിയുടെയും, മനുഷ്യ ന്റെയും അ ലങ്ങളിലേക്കു ചു ഴിഞ്ഞിറങ്ങി ്സ്പിയർ ഒരു സാധാരണ മൻ നായിരുന്നിരി ക്കാനേ ന്യായംകാണുന്നു


കാര്യം ശരിയാണ്. പ്രകൃതി അ ളേഹത്തേക്കാൾ പ്രതിഭാസമ്പന്നനായ ഒരു വ്യക്തിയെ മനുഷ്യലോകത്തിന് സംഭാവനചെയ്തിട്ടില്ല. സമകാലീനനായ ബെൻ ജോൺസൺ അളേഹത്തെ "എന്റെ സൗമ്യനായ ഷേക്സ്പിയർ" എന്നാണ് സംബോധനചെയ്തിരിക്കുന്നത്. ജോൺ ആബ്രി (John Aubrey) പറയുകയാണ് "കുട്ടിക്കുടൻ അളേഹത്തേപ്പോലെ നല്ലആളുകളെ കണ്ടുകിട്ടാൻ പ്രയാസം. രസകരവും, സുഖകരവുമായ അളേഹത്തിന്റെ സംഭാഷണചാതുരി ആരെയും ആകർഷിക്കും. കാഴ്ചയിൽ ഇത്ര സുമുഖനായ ഒരു ചെറുപ്പക്കാരനേ കണ്ടുകിട്ടുക പ്രയാസം

ഷേക്സ്പിയറിന്റെ ശാരീരിക ജീവിതത്തെപ്പറ്റി അഭ്യൂഹങ്ങളും മാത്രമേ അവശേഷിക്കുന്നുള്ളൂ. അയൽപക്കത്തുള്ള പ്രഭുവിന്റെ കാട്ടിൽകയറി ഒരു മാനേ മോഷ്ടിച്ചതിനു കച്ചേരിയിൽ കൊണ്ടുപോകേണ്ടിവന്നതിനെത്തുടർന്നാണ് അളേഹം സ്ട്രാറ്റ്ഫോർഡിൽ (Stratford) നിന്നും എങ്ങും നില്ക്കാതെ ഓടി ലണ്ടനിലെത്തിയെന്നും, അവിടെ നാടകശാലകളിൽ വന്നിരുന്ന പ്രഭുക്കന്മാരുടെ കുതിര സൂക്ഷിപ്പുകാരനായി ജീവിതം ആരംഭിച്ചു, കാലക്രമേണ നടനായും, നാടകകൃത്തായും, നാടകശാല (Globe) യുടെ ഉടമസ്ഥനായും അളേഹം പടിപടിയായി ഉയർന്നെന്നുമാണ് പരക്കെ അറിയപ്പെടുന്നത്. എന്നാൽ ഇന്നത്തേ അധികം പണ്ഡിതന്മാരും വിശ്വസിക്കുന്നത്, ഷേക്സ്പിയർ വാർവിക്ഷയറിൽ കുറച്ചു നാൾ വാല്യരായി ജോലിനോക്കിയെന്നും, ഏതാണ്ട് പതിനെട്ടാമത്തേ വയസ്സിൽ തന്റെ ഭാവിഭാഗധേയം പരീക്ഷിക്കാൻ ലണ്ടനിൽ വന്നെന്നുമാണ്. ചെറുപ്പത്തിലേ നാടകങ്ങളോട് താല്പര്യം തോന്നിയിരുന്ന അളേഹത്തിന്റെ ശ്രദ്ധ നാടകരചനയിലേക്കു തിരിഞ്ഞതു തികച്ചും സ്വാഭാവികമാണ്.

ചെറുപ്പകാലത്തു "അവൺ" നദിയുടെ തീരത്തു ഭാവനയുടെപട്ടം മാനംമുട്ടെ പറപ്പിച്ച പാട്ടുംപാടി നടന്ന ഷേക്സ്പിയർ ഏകാന്തതയുടെ ഒരാരാധകനായിരുന്നിരിക്കാം. പക്ഷേ യൗവനം അളേഹത്തിനും ചില പുതിയ അനുഭവങ്ങളും കാഴ്ചവച്ചു. വീട്ടിൽ വേണ്ടത്ര സൗകര്യമുണ്ടായിരുന്ന ഒരു കർഷകന്റെ മകളുടെ കാമുകനാകണമെന്നുള്ള ആഗ്രഹം പതിനാറാമത്തേ വയസ്സിൽതന്നെ ഷേക്സ്പിയറിന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചു. ആൻ ഹാത്തേവേ (Anne Hathaway) അതായിരുന്നു ആ സ്ത്രീയുടെ പേര്. അവൾക്കന്ന് 25 വയസ്സു പ്രായംവരും. കൗമാരത്തിന്റെ ചപലതയിൽ പലതും പറകയും പ്രവർത്തിക്കയും ചെയ്തതുമൂലമുള്ള പ്രണയബന്ധത്തിന്റെ ഭാവി എന്തായിരിക്കുമെന്ന് നേരത്തേ ചിന്തിച്ചിട്ടുണ്ടായിരിക്കയില്ല.

കല്യാണവിവരം നേരത്തെ ഒരു രണ്ടുതവണയെങ്കിലും പള്ളിയിൽ വിളിച്ചുപറയുക പതിവാണ്. എന്നാൽ ഷേക്സ്പിയറും, ആൻഹാത്തേവേയുമായുള്ള വിവാഹത്തെപ്പറ്റി സ്ട്രാറ്റ്ഫോർഡിലുള്ള പള്ളിയിൽ 'വിളിച്ചുചൊല്ലൽ' നടന്നില്ല. വിവാഹം കഴിക്കുന്നതിനായി മഹാകവി ഒരു പ്രത്യേക ലൈസൻസ് തന്നെ എടുക്കേണ്ടിവന്നു. തന്നെയുമല്ല അളേഹത്തിന്റെ ആദ്യത്തെ കുട്ടിയായ സൂസന്നാ - വിവാഹം കഴിഞ്ഞു ആറുമാസത്തിനകം ജ്ഞാതയുമായി. മേല്പറഞ്ഞതു പരമാർത്ഥമാണെങ്കിൽ ഗർഭിണിയായ തങ്ങളുടെ സഹോദരിയെ ഉടനടി വിവാഹം കഴിച്ചില്ലെങ്കിൽ ഭ്രഷ്ടോപദ്രവമേല്പിക്കുമെന്ന് ഹാത്തേവേയുടെ സഹോദരന്മാർ ഭീഷണിപ്പെടുത്തിയതുകൊണ്ടല്ലേ ഷേക്സ്പിയർ ആ വിവാഹം നടത്തിയതെന്ന് നാം ശങ്കിക്കേണ്ടിയുമിരിക്കുന്നു. പെട്ടെന്ന് നാട്ടുവിട്ടു ലണ്ടനിലേക്കോടാൻ അളേഹത്തെ പ്രേരിപ്പിച്ചതും ഈ സംഗതിതന്നെയാണെന്നുവേണം മനസ്സിലാക്കുവാൻ. ഏതായാലും ആ വിവാഹജീവിതം അത്ര സുഖകരമായിരുന്നിരിക്കണമെന്ന് ന്യായംകാണുന്നില്ല. ടൽഫ്ത്ത് നൈറ്റ് (Twelfth Night) ആസ് യു ലൈക്ക് ഇറ്റ് (As you like It) തുടങ്ങിയ നാടകങ്ങളിലെ കഥാപാത്രങ്ങളെക്കൊണ്ട് തന്നെക്കാൾ പ്രായംകൂടിയ സ്ത്രീകളെ പുരുഷന്മാർ വിവാഹംകഴിക്കരുതെന്നു പറയിപ്പിച്ച ഷേക്സ്പിയർ സ്വന്തം കാര്യംകൂടിയല്ലേ സൂചിപ്പിക്കുന്നത്. തന്നെക്കാൾ അഞ്ചുവയസ്സു കൂടുതൽ പ്രായമുള്ള ഒരു സ്ത്രീയെ വിവാഹംകഴിച്ച വാഗ്നറും (Wagner) ഇരുപതുവയസ്സു കൂടുതൽ പ്രായമുള്ള ഒരു വിധവയെ പരിഗ്രഹിച്ച ജോൺസണും സുഖമായ കുടുംബജീവിതം നയിച്ച സ്ഥിതിക്ക് മേല്പറഞ്ഞതു ഒരു നിത്യസത്യമാണെന്നു വരുമോ? ഏതായാലും 1616-ൽ സാമാന്യത്തിലധികം ധനികനും, പ്രസിദ്ധനുമായി കാലയവനികയ്ക്കു പിന്നിൽ മറഞ്ഞപ്പോൾ ഷേക്സ്പിയർ തന്റെ മരണപത്രംവഴി പ്രിയപ്പെട്ട ഭാര്യയ്ക്ക് ഒരു കിടക്കമാത്രമേ ഭർത്തൃസ്വത്തായി നൽകിയുള്ളൂ.

ഷേക്സ്പിയറിന്റെ ഹൃദയപേടകം തുറക്കാനുള്ള താക്കോലാണ് അളേഹമെഴുതിയ ഗീതകങ്ങളെന്ന് വേർഡ്സ്വർത്തു പറഞ്ഞിട്ടുണ്ട്. എലിസബേത്തു മഹാരാജ്ഞി ഇംഗ്ലണ്ടു ഭരിച്ചിരുന്ന കാലത്തായിരുന്നു വിശ്വസാഹിത്യത്തിനു വിലമതിക്കാത്ത അനേകം നാടകങ്ങളും സംഭാവനയായി കിട്ടിയത്. എന്നാൽ അക്കാലങ്ങളിൽ ഒരു സംഗീതകാരൻ താൻ ഒരു നാടകകൃത്താണെന്നുള്ളതിൽ അഭിമാനിക്കത്തക്കതായി ഒന്നും കണ്ടിരുന്നില്ല. അവരവരെഴുതിയിട്ടുള്ള കവിതകളിൽ ഓരോരുത്തരും അനശ്വരതയിലേക്കുള്ള സുവർണ്ണ പന്ഥാവു് തുറന്നുകണ്ടു. ഷേക്സ്പിയർ ഹാംലറിന്റെ കയ്യാലെ നമ്മുടെതിൽ അത്രകണ്ടു ചരിതാർത്ഥ്യത്തിനു വകകണ്ടില്ല. വീനസ്സും, അഡോണിസ്സും (Venus and Adonis) റേപ്പ് ആഫ് ലുക്രീസ് (Rape of Lucrece) എന്നീ കൃതികളുടെ കയ്യാലെന്നുള്ളതിൽ അളേഹം സ്വയം അഭിമാനിച്ചു. അന്തരാത്മാവിൽ അലയിളക്കിയ അനുഭവകഥകളും അളേഹം മനോഹരമായ ഗീതകസമുച്ചയങ്ങളിൽകൂടി വികാരഭരിതനായി പകർത്തി. അവയിലെല്ലാം പ്രതിപാദിച്ചിരിക്കുന്ന വിഷയം പ്രണയമാണ്. ഒരു കാര്യം ആ ഗീതകങ്ങളും സ്പഷ്ടമായി എടുത്തുകാണിക്കുന്നു. ഷേക്സ്പിയർ ഒരു പെൺകുട്ടിയെ സ്നേഹിച്ചിരുന്നു. എന്നാൽ അവർതമ്മിലുള്ള സമ്പർക്കത്തിനു പ്രതിബന്ധമായി അളേഹത്തിന്റെ ഏതോ ഒരു പ്രണയസ്നേഹിതൻ പ്രവർത്തിച്ചു. അതിലുള്ള അമർഷവും വേദനയും ആ ഗീതകങ്ങൾ തികച്ചും പ്രകടമാക്കുന്നുണ്ട്. ഗവേഷകന്മാരുടെ അഭിപ്രായത്തിൽ ഷേക്സ്പിയറിന്റെ അന്തരാത്മാവിനു പാത്രീഭൂതയായ യുവതി ഒരു മേരി ഹിട്ടൻ (Mary Fitton ആണ്. ഇരുണ്ട നിറവും നീലക്കണ്ണുകളുമുണ്ടായിരുന്ന ആ സ്ത്രീരത്നം ഒരു ഭംഗുവതിയായിരിക്കണം. കാമുകന്റെ പ്രണയഗാനങ്ങൾ അവരെ ആയിരംവട്ടം രോമാഞ്ചം കൊള്ളിച്ചിട്ടുണ്ടാവണം. ലോകത്തിൽ ആർക്കെങ്കിലും അങ്ങനെയൊരു കാമുകനെ കിട്ടുക സാധ്യമാണോ? (തുടരും)




മലേറിയാസംബന്ധിച്ച യു. എൻ. പ്രവർത്തനങ്ങൾ — ആരോഗ്യവകുപ്പ് — ലോകാരോഗ്യസംഘടനയും സർവരാഷ്ട്ര ശിശുസഹായനിധിയുമാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലും പൊതുജനാരോഗ്യസംബന്ധമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യു. എൻ. ശാഖകൾ. ഇൻഡ്യയിൽ ലക്ഷക്കണക്കിന ആണ്ടുതോറും ജീവൻ അപഹരിക്കുന്ന മലേറിയായോടുള്ള ഇൻഡ്യാഗവർമെന്റിന്റെ സമരത്തിൽ പ്രസ്തുത സംഘടനകൾ സാരമായ സഹായമാണ് നൽകിവരുന്നത്. അതിന്റെ സൽഫലങ്ങൾ കാണാറായിട്ടുണ്ട്. ഒരു ജില്ലയിൽ മലേറിയയുടെ സംക്രമം 70 ശതമാനത്തിൽനിന്നും 7 ശതമാനമായി കുറഞ്ഞുകണ്ടു. മറ്റൊരു ജില്ലയിൽ ശിശുക്കളുടെ രക്തപരിശോധനയിൽ അതു 66 ശതമാനത്തിൽനിന്നു 40 ശതമാനം ആയി. ഇക്കൊല്ലം മലേറിയായുമായി അത്യന്തം തീവ്രമായ ഒരു സമരത്തിലാണേർപ്പെട്ടിരിക്കുന്നത് — ലോകചരിത്രത്തിലെ ഏറ്റവും വമ്പിച്ച ഒരു മഹാസമരം. 27953440 ഡാംഗറാണ് ഇതിനു നൽകപ്പെട്ടിട്ടുള്ള സംഖ്യയും. മലേറിയാബാധിതരായ 750 ലക്ഷം ജനങ്ങൾക്കു അതിൽനിന്നു മോചനം ലഭിക്കുന്നപക്ഷം ഇൻഡ്യയിലെ ഭക്ഷ്യോല്പാദനം 4 മുതൽ 6 വരെ ശതമാനം വർദ്ധിക്കാനിടയുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.



അത്ഭുതൗഷധങ്ങൾ

★

ആരോഗ്യം വീണ്ടെടുക്കാനുള്ള 'ചിലവുകുറഞ്ഞ' വസ്തുക്കളാണവ



വെട്ടുക്കിളി—ഇടയ്ക്കിടെ കടന്നു വരുന്ന ഇൻഡ്യയിലെ ദുരന്തം തന്നെ. ചെടി, വലയുടെ വെട്ടുക്കിളി നാമാവശേഷമാക്കിയ സ്ഥിതിയിലുള്ളതാകുമോ? അതു സംഭവിക്കാതിരിക്കുന്നതിനാണ് ഭക്ഷ്യ-കൃഷി-സംഘടന (FAO) 2390000 രൂപാ വ്യയംചെയ്യുന്നത്. ഈ സന്നദ്ധസംഘടനയ്ക്കു തന്നെ. ഇന്ധ്യ, പാകിസ്ഥാൻ, ഇറാൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളുടെ സഹകരണത്തോടുകൂടിയാണ് പ്രവർത്തനം. ഇങ്ങനെ ശേഖരിക്കുന്ന ഔഷധങ്ങൾ കൂടിയുന്നതിനു വിമാനങ്ങളും, കൂടാതെ ഇൻഡ്യയിലെ തന്നെ വെട്ടുക്കിളിനിയന്ത്രണത്തിനു 1056380 രൂപയും യു. എസ്. നൽകിയിട്ടുണ്ട്. സോവ്യറ്റുമേഖല രാജ്യങ്ങൾ FAO അംഗങ്ങളല്ല.

ചില "ആൻറിബയോട്ടിക്ക്" കളുടെ ഒറ്റഗുളികയ്ക്ക് (Capsule) 53 അമേരിക്കൻസെൻറ് (രണ്ടരരൂപാ) മുതൽ ഒന്നരഅമേരിക്കൻഡോളർ (ഏഴരൂപാ)വരെയോ അതിലേറെയോ വിലവരുമെങ്കിൽത്തന്നെ ഈ അത്ഭുതൗഷധങ്ങൾമൂലമുണ്ടാകുന്ന മരുന്നുകളുടെ വിലയിൽ പലപ്പോഴും "അദൃശ്യങ്ങളായ" വിലയിരുപ്പുകളുണ്ടെന്നുള്ളതാണ്. കഴിക്കേണ്ടിവരുന്ന മരുന്നിൻറെ അളവുകൾ പകുതിയോളം ചുരുക്കാവുന്നതരത്തിൽ ക്രൂതൽ ഗുണപ്പെട്ട മരുന്നുകൾ ഉണ്ടാക്കുന്നതിലാണ് ഈ വിലയിടിവ് അന്തർഭവിച്ചിരിക്കുന്നത്.

ഈ ഗുളികകൾ എത്രവേഗത്തിലാണ് ആരോഗ്യത്തെ വീണ്ടെടുക്കുന്നതെന്നുള്ള പരമാർത്ഥം കണക്കാക്കുന്നതെന്നെ ഒരുഗുളികയ്ക്ക് 53 സെൻറ് (രണ്ടരരൂപാ) വില അധികമാണെന്നു തോന്നുന്നുവെങ്കിൽ ഈ വിലയെ ന്യായീകരിക്കുവാൻ തക്കതായ കാരണങ്ങളുണ്ട്. ആറിയോമിസിൻ ഉണ്ടാക്കുന്ന ഒരൊറ്റ മരുന്നശാലയ്ക്ക് വേണ്ടി 2 കോടി 20 ലക്ഷം ഡോളർ (10 കോടി 45 ലക്ഷം രൂപാ) ആണ് ലാഡർലിക്ക് ഉള്ള ചിലവ്. ഗവേഷണത്തിനുവേണ്ടി മാത്രം കൊല്ലംതോറും ഈ സ്ഥാപനം ഏതാണ്ട് 40 ലക്ഷം ഡോളർ (1 കോടി 90 ലക്ഷം രൂപാ) ചിലവഴിക്കുന്നു. ഈ പണത്തിൻറെ പ്രതിഫലം എന്നാണു ലഭിക്കുകയെന്ന് യാതൊരു നിശ്ചയവും ഇല്ല. ഉദാഹരണത്തിനു ക്ഷയരോഗത്തിനെതിരായ ഒരു "ആൻറിബയോട്ടിക്ക്" "ആയ" സ്ട്രെപ്റ്റോമിസിൻ' കണ്ടുപിടിക്കുന്നതിനു മുൻവർഷങ്ങൾ പിടിച്ചു എന്നാൽ ഇതുതന്നെ വളരെ വേഗത്തിലുള്ള ഒരു ജോലിയായിട്ടാണു കണക്കാക്കപ്പെട്ടത്. പെനിസിലിൻ ഉണ്ടാക്കിയെടുക്കുവാൻ 15 വർഷങ്ങളെടുത്തു. വിറ്റാമിൻ B. 12 കണ്ടുപിടിക്കുന്നതിനുകട്ടെ, 25 വർഷങ്ങളാണ് വേണ്ടിവന്നത്.

ഗവേഷണശാസ്ത്രജ്ഞന്മാർ തങ്ങളുടെ ശരിയായ മാർഗ്ഗത്തിൽത്തന്നെയാണ് പുരോഗമിക്കുന്നതെന്ന് നിശ്ചയമായിക്കഴിഞ്ഞതിനുശേഷം, അതിൻറെ ഫലമായ മരുന്നു പൊതുജനങ്ങൾക്കു വിറ്റിട്ട് തങ്ങളുടെ ചിലവഴിച്ച ധനത്തിന് പ്രതിഫലം നേടാൻ ലെഡർലെയ്ക്കുള്ള ഒരു കമ്പനിക്ക് വളരെക്കഴിഞ്ഞ സാദ്ധ്യമാവുകയുള്ളൂ. മനുഷ്യജീവികളിൽ പ്രയോഗിക്കുന്നതിനുമുമ്പ് മരുന്നിലുണ്ടാകാവുന്ന അനിഷ്ടഫലങ്ങളെപ്പറ്റി അറിയുന്നതിനായി ആ മരുന്നുകൊണ്ട് മൃഗങ്ങളിൽ ദീർഘമായ പരീക്ഷണങ്ങളും നടത്തുന്നു. "ആൻറിബയോട്ടിക്ക്"കളിൽ അധികവും ഈ പരീക്ഷണങ്ങളെ അതിജീവിക്കാറില്ലാ. വസ്തുവത്തിൽ പരീക്ഷണംചെയ്യപ്പെട്ട ഔഷധങ്ങളിൽ നാലിലൊന്നും മാത്രമേ മനുഷ്യോപയോഗത്തിൽ അപകടമില്ലാത്തതായി തെളിയപ്പെട്ടിട്ടുള്ളൂ.

പിന്നീടു വേണ്ടതു വൻതോതിലുള്ള ഉല്പാദനത്തിനു പറ്റിയ പ്രവർത്തനക്രമത്തേയും സാമഗ്രികളേയും നിശ്ചയിക്കുന്നതിൻറെ മുന്നോടി എന്ന നിലയിൽ ഒരു ചെറിയ നിർമ്മാണശാല സ്ഥാപിച്ചു ഏറ്റവും നിയന്ത്രിതങ്ങളായ ഉപാധികളിൽ ഈ പ്രവർത്തനം നിരീക്ഷിക്കുകയെന്നുള്ളതാണ്. ഈ പ്രവർത്തനംനടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ, വളരെയേറെ രോഗികളുടെ ചികിത്സയിൽ വൻതോതിൽ പരീക്ഷണം നടത്തപ്പെടുന്നതായി ആസ്പിരിക്കണക്കിനു സാനിട്ടോറിയം ലോകത്തിലെങ്ങുമുള്ള ഡോക്ടർമാർക്കും ആശുപത്രികൾക്കും വൈദ്യവിദ്യാലയങ്ങൾക്കും അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നു.

ആറിയോമിസിൻറെ പ്രചരണം തുടങ്ങിയിട്ട് നാലു വർഷങ്ങൾ കഴിഞ്ഞിട്ട് ഇന്നും, ലാഡർലിക്ക ആയിരത്തോളം ആയിരമായിരം ഡോളർ വിലവരുന്ന മരുന്ന് ഇതിനുമുമ്പ് ലഭിച്ച അനുഭവങ്ങളെ സ്ഥിരീകരിക്കുന്നതിനും ഉപയോഗസംബന്ധിയുടെ പുതിയവഴികൾ ആരായുന്നതിനുംവേണ്ടി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

അവസാനമായി ഒരു വലിയ നിർമ്മാണശാല പണിയുന്നു. അതിൻറെ ചിലവ് ലക്ഷക്കണക്കിലോ കോടിക്കണക്കിലോ ഡോളർകളായിരിക്കും. ഇതിൻറെയൊക്കെ അവസാനഫലമോ ഒരു 53 സെൻറോ (2½ രൂപായോ) അതിലധികമോ വിലപിടിക്കുന്ന ഒരു ഗുളിക, എങ്കിലും ഒരു പത്തുവർഷങ്ങൾക്കുമുമ്പ് സൂമേനിയാ പിടിപെടുന്ന ഒരാളോട് പോയിട്ടുള്ള "ഈ മരുന്ന് ഇതിൻറെ ഇരട്ടിവിലയ്ക്ക് കിട്ടിയാലും ആദായകരമാണ്" എന്ന് അയാൾ നിസ്സംശയം പറയും.

★

"ലോകം, ഈശ്വരൻ ഈ രണ്ടിനേയും യോജിപ്പിക്കുന്നതെങ്ങനെ? അവലിടിക്കുന്ന സ്ത്രീയെ നോക്കുക. അവൾ എത്രകയ്യുങ്ങളിൽ മനസ്സുറപ്പിക്കുന്നു. ഉരലിൽകിടക്കുന്ന അവൾ ഒരുകൈകൊണ്ടു നീക്കിക്കൊടുക്കുന്നു. മറെറാ കൈകൊണ്ട് തൻറെകുഞ്ഞിനെ അടുത്തുപിടിച്ചു മുലകൊടുക്കുന്നു. അതെ സമയത്തു് അവൾ വാങ്ങാൻ വരുന്നവനോടു് വർത്തമാനംപറയുന്നു. ഇങ്ങനെ അവൾ പല വേലകൾചെയ്താലും മനസ്സ് സദാ ഉരലിൽ വന്നുവീഴുന്ന ഉലക്കകൊണ്ടു കയ്യേല്ക്കാതിരിക്കുന്നകാര്യത്തിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കും. ലോകജീവിതം നീ നയിച്ചുകൊൾക; എന്നാൽ ഈശ്വരനെമാത്രം എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കണം. ഒരിക്കലും ഈശ്വരസ്മരണയിൽനിന്നും വ്യതിചലിക്കരുതു്". 3-19

"ചീത്തവഴിയിൽ പോകുന്ന മനസ്സ്, ഉപ്പുനീരുടെ മദ്ധ്യത്തിൽ വസിക്കുന്ന ബ്രാഹ്മണനും, വലിയ നഗരത്തിൽ അഴുക്കടിഞ്ഞ സ്ഥലത്തിൽ സ്ഥിതിചെയ്യുന്നഗൗരവപുരുഷനും ലുബ്ധമാണ്".

ശ്രീരാമകൃഷ്ണദേവൻ

തൊഴിലില്ലായ്മയും വ്യാപാരചക്രവും

★

— ജി. കമലമ്മ ബി. എ. —

വ്യാവസായിക മുന്നേറ്റത്തിന്റെ വഴിത്തിരിവിൽ ഒരു നൂറ്റാണ്ട് 18-ാം നൂറ്റാണ്ടിന്റെ പിന്നിട്ടു. ലോകചരിത്രത്തിന്റെ ഗതിമാറിമറിക്കപ്പെട്ടത്തും. ഫാക്ടറികളിൽ അവിരാമമായി പണിയെടുത്തുകൊണ്ടിരുന്ന അനേകായിരം ജീവിതങ്ങൾ പെരുവഴിയിലേക്ക് വലിച്ചെറിയപ്പെട്ടു. അവരുടെ ഭാഗധേയത്തിന്റെ ചൂളമിട്ടടയ്ക്കുന്ന ശോകമൂകതയിൽനിന്നും ശക്തിയേറിയ ഒരു ചോദ്യമുയർന്നു: തൊഴിലില്ലായ്മ? പുതിയ വ്യാപാരചക്രങ്ങൾ രൂപമെടുത്തു. ആ ചോദ്യമുയർന്നതെങ്ങിനെയെന്നും അതിന്റെ ഉത്തരമെന്തായിരുന്നുവെന്നും ഇന്നത്തെ ലോകത്തിന് നന്നായറിയാം.

ഇന്നത്തെപ്പോലെ സാമ്പത്തികപുരോഗതിക്കുമുമ്പിൽ ഒരു കരിനിഴലായിരുന്നു തിരമാലകൾ ശവമെടുക്കുന്ന പരിതഃസ്ഥിതികളും രാഷ്ട്രീയവും സാമൂഹികവുമായ നിലനിൽപിന്റെ വിനാശകരമാണ്.

തൽക്കാലികം (Seasonal) സാധാരണം (General) എന്നിങ്ങനെ രണ്ടുവിധമാണ് തൊഴിലില്ലായ്മ. കൃഷി, ഗൃഹനിർമ്മാണം, മീൻപിടുത്തം തുടങ്ങിയ തൊഴിലുകൾ ചില പ്രത്യേക കാലങ്ങളിൽമാത്രം ചെയ്യുവാൻ കഴിയുന്നതാണ്. തന്മൂലം ഈ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ മറ്റുകാലങ്ങളിൽ തൊഴിലില്ലാതെ ഉഴലുന്നു. ഇതു രണ്ടാമത്തെ ഇനത്തിൽപ്പെടുന്നു.

കാർഷികരാജ്യമായ ഇന്ത്യയിൽ തൽക്കാലികതൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമായി ഭവിച്ചിരിക്കുന്നു. കൃഷി ഇറക്കിക്കഴിഞ്ഞാൽ വിളവെടുപ്പുവരെ ഏതാണ്ട് നാലുമുതൽ ആറുവരെ മാസം തൊഴിലില്ലായ്മയാണ്. കൃഷിക്കാർക്കും കൃഷിപ്പണിയിലേർപ്പെട്ടിരുന്ന കൂലിക്കാർക്കും ഇതുമൂലം തൊഴിലില്ലാതെ കുത്തിരിക്കേണ്ടിവരുന്നു. ചെയ്തതരം വ്യവസായങ്ങളുടെ അഭാവത്തിൽ ഈ തൊഴിലില്ലായ്മ ഇന്നും പരിഹാരമില്ലാതെ തുടരുന്നു.

റഷ്യയിലെപ്പോലെ ശീതമേഖലയിൽപ്പെട്ട രാജ്യങ്ങളും ഹേമന്തകാലത്തു് ഭ്രമുഖമാകെ വളരെ ഘനത്തിൽ മഞ്ഞുകൊണ്ടു മൂടപ്പെട്ടുപോകുന്നു. അതിനാൽ ഈ രാജ്യങ്ങളിൽ വേനൽക്കാലത്തുമാത്രമെ കൃഷിയും ഗൃഹനിർമ്മാണവും നടക്കുന്നുള്ളൂ. അതുപോലെതന്നെ കാറും കോളും നിറഞ്ഞ വർഷകാലത്തു കൊടുങ്കാറ്റിന്റെയും തിരമാലകളുടെയും നടുവിലൂടെ സമുദ്രമദ്ധ്യത്തിലേയ്ക്കു കപ്പലോടിച്ചുപോയി മീൻപിടിക്കുവാൻ സാധ്യമല്ല. മത്സ്യവ്യവസായത്തിനു പ്രസിദ്ധികേട്ട ഉത്തരസമുദ്രത്തിലും വടക്കേ അമേരിക്കയുടെ കിഴക്കേതീരത്തും വേനൽക്കാലത്തുമാത്രമെ ഈ വ്യാപാരം നടക്കുന്നുള്ളൂ.

ശാസ്ത്രപുരോഗതിയുടെ ഫലമായി പുതിയപുതിയ പ്രവർത്തനരീതികളും യന്ത്രനൂനീകരണയന്ത്രങ്ങളും (Labour saving machinery) സംഭരണ ഉപയോഗത്തിൽവന്നു. തുടിക്കുന്ന അനേകായിരം ജീവിതങ്ങളെ വീണ്ടും പുറന്തള്ളപ്പെട്ടു. തൊഴിലില്ലായ്മയുടെ നിരക്കിൽ ഒരു വേലിയേറ്റംതന്നെയുണ്ടായി. അടുത്തപടിയായി നിലവിലുള്ള സാമ്പത്തികസ്ഥിതി തകരാറാവുന്നു.

ഉടഞ്ഞുതകർന്ന സാമ്പത്തികവ്യവസ്ഥിതിയിൽ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്നു. ധനമോഹികളായ വ്യാപാരികളുടെ കരളിൽ ആശയുടെ കുഞ്ഞോളങ്ങൾ വിരിയുകയാണ്. മുതലാളിമാരുടെ ഇരുമ്പുപെട്ടികളിൽ പണം കുമിഞ്ഞുകൂടുന്നു. അവരുടെ ഭാവനയിൽ പുതിയപുതിയ ഫാക്ടറികളും രൂപമെടുക്കുന്നു. കണക്കറ്റ പണം കൈവശംവരുന്നു. വ്യവസായത്തിന്റെ ഉൽക്കർഷം ആയിക്കഴിഞ്ഞു. പുതിയ ഫാക്ടറികൾ സ്ഥാപിക്കുന്നു. പെട്ടെന്ന് തൊഴിലില്ലായ്മയ്ക്കൊരു ശമനമുണ്ടാവുന്നു, പരിപൂർണ്ണമായിട്ടല്ലെങ്കിലും. ഉൽപാദനം വളരെ വർദ്ധിക്കുന്നു. പെട്ടെന്ന് സാധനങ്ങളുടെ വില ഇടിയുന്നു. കമ്പോളങ്ങളിൽ സാധനങ്ങൾ നിറഞ്ഞുകവിയുന്നു. ഉല്പാദനം ആവശ്യത്തിലധികമായിക്കഴിഞ്ഞു. അപ്പോഴാണ് വ്യാപാരമാന്ദ്യം അതിന്റെ കറുകറുത്ത ഉടയാടയുമായി തൊഴിലില്ലായ്മയ്ക്ക് വഴികൊളിച്ചുകൊണ്ട് കമ്പോളനിരത്തുകളിലൂടെ പതുങ്ങിപ്പതുങ്ങി സഞ്ചാരം തുടരുന്നത്. കൊടുങ്കാറ്റിനെത്തുടർന്നുണ്ടാകുന്ന ഭീകരതയുടെ തലയുള്ളിൽ ഇരുട്ടുകയറുന്നു. അവരുടെ കിനാവുകൾ ഒന്നോടെ ചിറകറ്റുവീഴുന്നു. നഷ്ടം സംഭവിക്കേണ്ടിവരുന്ന വ്യാപാരികളുടെ തങ്ങളുടെ കമ്പനികൾ അടച്ചുപൂട്ടുന്നു. പിന്നെ തൊഴിലില്ലായ്മയുടെ വേതാളനൃത്തംതന്നെയാണ്. മേൽപറഞ്ഞവിധം ഉൽപന്നങ്ങളുടെ ആവശ്യത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിൽ എപ്പോഴും അനിയന്ത്രിതമാണ്. ഈ കാരണത്താലാണ് ആധുനിക സാമ്പത്തികവ്യവസ്ഥിതി അനുസരിച്ച് തൊഴിലില്ലായ്മയെ നിശ്ലേഷം തുടച്ചുമാറ്റുവാൻ സാധ്യമല്ലാത്തത്.

ഒന്നാംരണ്ടാം മഹായുദ്ധങ്ങൾക്കിടയിലാണ് വ്യവസായയുക്തീകരണം (Rationalisation) ആരംഭിച്ചതു്. ആദ്യമായും ജർമ്മനിയിലും, അമേരിക്കയിലും വ്യവസായങ്ങൾ ക്രമവൽക്കരിച്ചു. പിൽക്കാലത്തു് ഇതിന്റെ എല്ലാരാജ്യങ്ങളിലും പ്രചാരപ്രചാരം ലഭിച്ചു. തൊഴിലിന്റെ ഈ രേഷനിംഗുമൂലം അനവധിആളുകൾക്കു വേല നഷ്ടപ്പെട്ടു.

വ്യാപാരചക്രം (Trade Cycle) നിരന്തരം തൊഴിലില്ലാതെ അലഞ്ഞുതിരിയുന്നവർ ലോകത്തിന്റെ നാനാഭാഗത്തുമുണ്ട്. ഇതു് ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. തൊഴിലില്ലായ്മ എല്ലാരാജ്യങ്ങളിലേയും, എല്ലാ വ്യവസായങ്ങളേയും തുല്യനിലയിൽ ബാധിക്കുന്നു. വിശ്വവ്യാപകമായ വാണിജ്യോദ്ധതനങ്ങൾ (Trade depressions) ആനുകാലികമായി സംഭവിക്കാറുണ്ട്. ഈ വാണിജ്യോദ്ധതനം വ്യാപാരത്തിന്റെ ഉൽക്കർഷവും സ്ഥാനവും അനുസരിച്ച് ഒരു പ്രത്യേകക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ഇതു സാമ്പത്തികവ്യവസ്ഥിതിയുടെ ആ

ദേവതേ കരയല്ലേ

★

— സുലോചന —

മിണ്ടുവാനൊരുമ്പെടാറില്ല ഞാനൊറ്റയ്ക്കെന്റെ
വിണ്ടലം മേഘാവൃതമാവുമെന്നാരാനോതേണ്ടതോ.
മൂകമായ്, ശിഥിലമായ്, തുരുതുരായി വിണ്ടു,
കീറിയഗാനാത്മക സപ്തസ്വരം നശിക്കുന്നു.
അനുഭൂതികൾമാറിലായിരംവട്ടം ചേർത്തോ-
രനവദ്യമാമസ്വാദനസുഖം തപിക്കുന്നു.
അവയൊത്തണിയിട്ടീ വീണയിൽ വിങ്ങിക്കേഴ്കെ
അറിയാതെൻചുണ്ടുകൾ കമ്പികൾമീട്ടുന്നതെന്തേ,
വിറപ്പു! പേടിച്ചല്ല—വല്ലികിവലിക്കവേ
വിലയുംഅതിലേറെ സ്നേഹവും തകർന്നാലോ?-
ശൂന്യമീപളുങ്കുനിപാത്രത്തിൽ മധുമയ-
ജീവിതംകനിഞ്ഞൂറും മധുരംനിറക്കവേ,
വന്ദനംപറയുവാനുയരുന്നെൻ ചുണ്ടുകൾ
സ്പന്ദനംനിലച്ചാലും പറയാൻമറക്കില്ല!
ഒരുവാക്കരിയാടാൻപോലുമേ തോന്നാത്തെന്റെ
മരുഭൂമിയിൽതലകാഞ്ഞുഞാനിരിക്കവേ,
"പേച്ചിമിണ്ടില്ലെ പൊന്നുപേച്ചി?"യെന്നനിയത്തി
തേങ്ങവേ,എനിക്കൊന്നുമില്ലുത്തരമോതാൻ.
കണ്ണുനീർതുളുമ്പുന്ന കണ്ണുകൾവിശാലമാ-
കണ്ണുകൾചോദിക്കയാണായിരമാശങ്കകൾ!
പരിപൂതമാംശബ്ദംപുലരും ചുണ്ടിൽദുഃഖ-
ബാഷ്പലവികാരങ്ങളനവധം തൃടിക്കുന്നു.
ദേവതേകരയല്ലേ, എന്നെയോർത്തനന്തതാപ
ഖിന്നമാമുരമപ്പോൾവദനം വിളക്കൊല്ലേ
മറക്കൂ മറന്നേക്കൂ വെറുതേനീയെന്തിനീ-
പാരകർമികനാവിന്റെ പുറകെയലയുന്നു.
മറക്കാനൊന്നുപ്പാടെ വിസ്മരിക്കുവാൻവേണ്ടി
പാടുകാം—ന്തുറവാണ്ടുകൾക്കപ്പുറത്തു ഞാൻപോകാം.
പതുക്കെത്തിരിഞ്ഞുപോവുലകിൽ തപ്പോന്മാദ-
പതിതംപുലമ്പലിതൊന്നുമോർത്തിരിക്കണ്ട-
ദേവതേകരയല്ലേ — നിന്നിളം കരങ്ങളിൽ
നീട്ടുറവസൗഭാഗ്യങ്ങൾ! — കണ്ണുനീരണിയല്ലേ! —

ന്തരമായ പ്രവർത്തനംഅനുസരിച്ചാണ്. തൻമൂലം സാമ്പത്തികമായ ഉൽക്കർഷം സ്ഥംഭനത്തിലേയ്ക്കും, സ്ഥംഭനം ഉൽക്കർഷത്തിലേയ്ക്കും ചക്രംപോലെ മിക്രമേണ നീങ്ങിക്കൊണ്ടിരിക്കും. ഇതാണ് വ്യാപാരചക്രം (Trade cycle) ഒരേരേ ഉൽക്കർഷത്തേയും ഒരോരോസ്തംഭനം പിൻതുടർന്ന് ഒരു വ്യാപാരചക്രം പൂർത്തിയാകും. അഥവാ ഒരേരേ സ്തംഭനത്തേയും ഒരോരോ ഉൽക്കർഷം പിൻതുടർന്ന് പരിവർത്തം പൂർത്തിയാകുന്നു എന്നുംപറയാം. ഒരു വ്യാപാരചക്രം പൂർത്തിയാകുമ്പോൾ മറ്റൊരു പുതിയവ്യാപാരചക്രം ആരംഭിക്കുന്നു. ഒന്നാംലോകമഹായുദ്ധത്തിനുമുൻപ് ഏതാണ്ട് പത്തുവർഷത്തിലൊരിക്കൽ സാമ്പത്തികാധഃപതനം സംഭവിച്ചുകൊണ്ടിരുന്നു. പിൽക്കാലത്തു് ഈ വ്യാപാരചക്രത്തിന്റെ കാലവ്യാപ്തി ചുരുങ്ങി ഏഴുവർഷമായതായി കണക്കാക്കപ്പെട്ടിരിക്കുന്നു. വ്യാപാരചക്രത്തിന്റെ കാരണം ആരാഞ്ഞ സാമ്പത്തികശാസ്ത്രജ്ഞന്മാർ പല സിദ്ധാന്തങ്ങളും ഉന്നയിച്ചിട്ടുണ്ട്.

പ്രകൃതിസിദ്ധാന്തം (Physical Theory) ഡബ്ലിയു. എസ്സ്. ജെവോൺസ്(W. S. Jevons) തന്റെ സൺസ്പോട്ട് തിയറി (Sun-spot theory)യുമായി മുന്നോട്ടുവന്നു, ഇതിനു ഫിസിക്കൽതിയറി (പ്രകൃതിസിദ്ധാന്തം) എന്നും പേരുണ്ട്. ഈ സിദ്ധാന്തപ്രകാരം, ആനുകാലികമായി സൂര്യമണ്ഡലത്തിൽ ദൃശ്യമാകുന്ന ചില അടയാളങ്ങൾക്കനുസൃതമായാണ് വാണിജ്യോധ്വപതനങ്ങൾ സംഭവിക്കുന്നത്. സൂര്യനിൽകാണുന്ന ഈ അടയാളങ്ങൾ കാലാവസ്ഥയിൽ പല മാറ്റങ്ങളും വരുത്തുന്നു. ഈ മാറ്റങ്ങൾ വിളവിനേയും കർഷികോല്പന്നങ്ങളേയും ബാധിക്കുന്നു. കൃഷി എല്ലാവ്യവസായങ്ങളുടേയും അടിസ്ഥാനവ്യവസായം (Basic Industry) ആണല്ലോ? അതുകൊണ്ട് സൂര്യനിൽകാണുന്ന ഈ പ്രത്യേകതകൾ എല്ലാ വ്യവസായങ്ങളേയും സാമ്പത്തികപ്രവർത്തനങ്ങളേയും ബാധിക്കുന്നു: മേൽപറഞ്ഞവരണ്ടും ആണ് വ്യാപാരത്തെ ഉൽക്കർഷത്തിലേയ്ക്കും അധഃപതനത്തിലേയ്ക്കും നയിക്കുന്നത്. നവഗ്രഹങ്ങളുടെ ഗതിവിശേഷങ്ങൾ ജീവികളുടെ ജീവിതക്രമത്തെ ബാധിക്കുമെന്ന വിശ്വസിക്കുന്ന ഭാരതീയർക്ക് ഈ സിദ്ധാന്തം മനസ്സിലാക്കുവാൻ പ്രയാസമില്ല.

ജെ. വോൺസിന്റെ സിദ്ധാന്തത്തിന്റെ പേരിൽ വളരെ ആക്ഷേപങ്ങളുണ്ട്. ഇതു് കാലാവസ്ഥയെ ഉയർത്തിക്കാണിക്കുകയും, വ്യാപാരത്തിന്റെ മറ്റുപാധികളായ നാണയം, വ്യവസായം, സമുദായം ഇവയെ പിന്നിലാക്കുകയും ചെയ്യുന്നു. പ്രകൃതിശക്തികൾ മാത്രമാണ് വ്യാപാരഗതിയെ നിയന്ത്രിക്കുന്നതെന്ന തരത്തിൽ ഈ ശാസ്ത്രജ്ഞൻ സമർത്ഥിക്കുന്നതു്.

മനഃശാസ്ത്രസിദ്ധാന്തം (Psychological) വ്യാപാരചലനങ്ങൾ സംഭവിക്കുന്നതു് മനുഷ്യമനസ്സിന്റെ തരംഗസ്വഭാവമായ വ്യാപാരം അനുസരിച്ചാണെന്നതാണ് ഈ സിദ്ധാന്തം. ഒരു വ്യാപാരിയുടെ മനസ്സിൽ തന്റെ വ്യാപാരം ഉൽക്കർഷോന്മുഖമാണെന്നു തോന്നിയാൽ അതു കൂടുതൽ കൂടുതൽ ശുഭപ്രതീക്ഷ ഉളവാക്കും. ശുഭാപ്തിവിശ്വാസം (Optimism) കൂടുതൽ ശുഭാപ്തിവിശ്വാസത്തിനും അശുഭപ്രതീക്ഷ (Pessimism) കൂടുതൽ അശുഭപ്രതീക്ഷയ്ക്കും കാരണമാവും. വ്യാപാരികൾ ശുഭപ്രതീക്ഷ ഉണ്ടാവുമ്പോൾ പുതിയ പുതിയ ഫാക്ടറികൾ സ്ഥാപിക്കുകയും പുതുതായി തൊഴിലാളികളെ റിക്രൂട്ടുചെയ്യുകയും ചെയ്യും, പൊട്ടെന്ന് ഞെട്ടിലില്ലായ്മ ഉണ്ടാകുന്ന വ്യത്യാസങ്ങൾ മറ്റൊരു വ്യക്തമാക്കിയിട്ടുണ്ട്. ഉൽപാദനം വർദ്ധിച്ച് ഉൽപ്പന്നങ്ങൾ വശ്യത്തിലധികമാകുമ്പോൾ വ്യാപാരികളുടെ ശുഭപ്രതീക്ഷ അസ്തമിക്കുകയും പ്രതീക്ഷാഭംഗം തകർക്കുകയും ചെയ്യുന്നു. ഇതു വ്യവസായങ്ങളെ നിശ്ചേതനാവസ്ഥയിലാക്കി കാരണമാകുന്നതിനും മൂലം വളരെ ആളുകളുടെ ജോലിയും പട്ടിണിയും പരിവട്ടവുമായി ലാശിക്കുന്നതിനും കാരണമാകുന്നു. തൊഴിലില്ലായ്മ വീണ്ടും വർദ്ധിപ്പിക്കുന്നു. ഇങ്ങനെ വ്യാപാരചക്രത്തിന്റെ താഴോട്ടുള്ള പ്രയാണം സ്വാഭാവികമാകുന്നു.

ഈ മനഃശാസ്ത്രവിശകലനത്തിന്റെവെളിച്ചത്തിൽ പല സത്യങ്ങളും നമുക്കു ദൃശ്യമാകുന്നു. ഇതു മനസ്സിന്റെ വ്യാപാരങ്ങളേയും, വ്യവസായത്തിന്റെ പുരോഗതിയെയും ഒരുപോലെ ബാധിക്കുന്നു. പക്ഷേ, നാണയത്തിന്റെ വ്യാപാരവും സ്മൃതിപഥത്തിലെത്തുമ്പോൾ നമ്മുടെ ചിന്ത മറുവശത്തേയ്ക്കു തിരിയുന്നു.

അമിതോപഭോഗസിദ്ധാന്തം (Under consumption or Over-saving Theory) ജെ. എ. ഹോബ്സൺ (J. A Hobson) ആണ് ഈ സിദ്ധാന്തത്തിന്റെ പ്രണേതാവ്. ഭോഗത്തിന്റെവാഞ്ഛ മറ്റൊരു ഘടകത്തിന്റെ പ്രവർത്തനത്തിനുണ്ട്. ഇന്നത്തെ വ്യവസ്ഥിതിയിൽ "കൂലി" "വില"യേക്കാൾ പിന്നിൽനിൽപ്പുകയാണ്. വ്യാപാരത്തിന്റെ ഉൽക്കർഷാവസ്ഥയിൽ "കൂലി" യഥാസ്ഥിതിയിൽ നിൽക്കെ "വ്യാപാരലാഭം" പതിന്മടങ്ങു വർദ്ധിതയോടെ മുന്നോട്ടു കുതിക്കുന്നു. ഭോഗോന്മുഖതയ്ക്കനുസൃതമായ കൂലി ഇന്നാട്ടിലെ ഉൽപ്പന്നങ്ങളുടെ യഥാർത്ഥ നിർമ്മാതാക്കളായ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഈ ലാഭേതരത്തെ ലാഭമാക്കിയാണ് ഇന്നത്തെ വ്യവസ്ഥിതികൾ സംഘടിക്കപ്പെട്ടിരിക്കുന്നതു്. ഉൽക്കർഷകാലത്തു വ്യാപാരികൾ കൂടുതൽ മുതൽമുടക്കുകയും, ധാരാളം പണം സമ്പാദിക്കുകയും ചെയ്യുമ്പോൾ ഉൽപാദനവർദ്ധനവു് ഒരു പരിധി കഴിയുമ്പോൾ വീണ്ടും വ്യാപാരമാന്ദ്യം ഭവിക്കുമെന്നു സ്വാഭാവികമാണല്ലോ. ഈ മാന്ദ്യം അവസാനിച്ചു് വീണ്ടും ഉൽക്കർഷം പുനരാവിർഭവിക്കുന്നതെങ്ങനെയെന്നു ഹോബ്സൺ വ്യക്തമാക്കുന്നില്ല.

വ്യാപാരചക്രം കുറെക്കൂടി സംഘടിതരണമായി അപഗ്രഥിക്കുമ്പോൾ വ്യാപാരികളുടെ മൂലധനവും ആവശ്യക്കാർ (Buyers വിക്രയത്തിനു മുതലും തമ്മിൽ പലപ്പോഴും പൊരുത്തപ്പെടുന്നില്ല എന്നു മനസ്സിലാകും. ഈ പൊരുത്തക്കേടുണ്ടാകുന്നതാണ് വ്യാപാരത്തിന് മാന്ദ്യമുണ്ടാകുന്നതിനും ഉൽക്കർഷമോ സംഭവിക്കുന്നതു്.

തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ലിയൊരു ജനതയുടെ ജീവിതം പ

പനങ്കാവിൽ കൊട്ടാരം

★

ഒരു ഗവേഷണം

— ആർ. കെ. തിരുമൽപാട് —

"ഉണ്ണുനീലിസന്ദേശ"ത്തിൽ പറയുന്ന കൊല്ലംരാജാവിന്റെ കൊട്ടാരമായ "പനങ്കാവിൽ കൊട്ടാര"ത്തിന്റെ സ്ഥാനനിണ്ണയം സംബന്ധിച്ച് 11-5-53-ലെ ആഴ്ചപ്പതിപ്പിൽ ഇളംകുളം കുഞ്ഞൻപിള്ള അവർകളും എഴുതിയിരുന്ന ലേഖനത്തിൽനിന്നും അദ്ദേഹംനടത്തിയ അന്വേഷണവിവരങ്ങളും അസുലഭസന്ദർഭമായ അന്വേഷകർക്ക് നൂതനമായ പല വിവരങ്ങളും ലഭിക്കുന്നതിനു പയ്യപ്പമായിട്ടുണ്ട്. കൊട്ടാരത്തിന്റെ സ്ഥാനനിണ്ണയംസംബന്ധിച്ച് പ്രധാനമായും, ഉണ്ണുനീലിസന്ദേശകാരൻ തിരുവനന്തപുരംമുതൽ കൊട്ടുരുത്തിവരെ വണ്ണിക്കുന്ന മാർഗ്ഗംസംബന്ധിച്ച പൊതുവേയും ഞൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

കൊട്ടാരത്തിന്റെ സ്ഥാനനിണ്ണയംസംബന്ധിച്ച് വക്കലമുതൽ നീണ്ടകരവരെയുള്ള വഴിയും വഴിയിൽ കാണേണ്ടതായി പറയുന്ന സ്ഥലങ്ങളുംസംബന്ധിച്ച് പൊതുവെ ഒരു അന്വേഷണം ഈ ഘട്ടത്തിൽ ആവശ്യമാണ്.

പൂർവ്വഭാഗം 68-ാംപദ്യംകൊണ്ട് വക്കല ജനാർദ്ദനസ്വാമിയെ വന്ദിക്കുന്നതിനു പറയുന്നതോടുകൂടി അവിടെനിന്നും യാത്രപുറപ്പെടണമെന്നും സൂചിപ്പിക്കുന്നുണ്ട്. 69-ാംപദ്യത്തിൽ,

"വേഗേനതത്ര വടിവിൽ നടകൊ-
[ണ്ടങ്ങു മുപ്പോട്ടുമേവും
കാളീദേവീംതൊഴുത പുഴയുംപി-
ന്നെ നീ പിന്നിലാക്കി"

കൊല്ലത്തേയ്ക്കുകടക്കുന്നതിനാണ് സന്ദേശഹരനോട് പറയുന്നത്. ഈ പദ്യത്തിൽ പറയുന്ന "പുഴ" അച്ചടിപ്പിശകാണെന്നും സമുദ്രതീരംവഴി കൊല്ലത്തിനുപോകുന്ന ഒരാൾക്ക് പറവൂർ പൊഴികടന്ന പോകുന്നതാണ് സൗകര്യം എന്നുമുള്ളതിനാൽ "പുഴ" "പൊഴി"യായിരിക്കണമെന്ന് എനിക്ക് ഒരഭിപ്രായം തോന്നിയത്തുടർന്ന് ഭൂപടമുഖേനയും നേരിട്ടുസഞ്ചരിച്ചും ഉള്ള അറിവിനെ ആസ്പദമാക്കി ഗവേഷണം നടത്തിയതിൽ പനങ്കാവിൽ കൊട്ടാരം ഉണ്ടായിരുന്നതു പൊഴികടന്നേ നേരെ വടക്കോട്ട് പൂനമൈൽ ട്രാംവെ കണ്ടാൽ ഇന്നുകാണുന്ന "ഇരവിപുര"ത്തായിരിക്കണമെന്നു എനിക്കു തോന്നി. ഇതിനു മറ്റൊരു കാരണവും ഉണ്ട്. 77-ാംപദ്യത്തിന്റെ നാലാം പാദമായ "കോരി കൈക്കുപ്പടനിര വിവശമാക്കുവേണാടർകോനേ" എന്ന ഭാഗത്തുകാണുന്ന "ഇരവിവമ്മ"നെ പ്രധാനമാക്കിയാണ് ആ സ്ഥലത്തിന് "ഇരവിപുരം" എന്ന പേരുണ്ടായതെന്ന തീർത്തുപറയുന്നതാണ്. ഈ കാവ്യത്തിൽത്തന്നെ പൂർവ്വഭാഗം 127-ാംപദ്യത്തിൽ ഒന്നാംപാദത്തിൽ "അഗ്രേകാണാം തദനന്തമണികണ്ഠാഖ്യപൂർവ്വംപുരംതേ" എന്നു പറഞ്ഞിരിക്കുന്ന മണികണ്ഠപുരം തെക്കുംകൂർ രാജാവായ മണികണ്ഠരാജാവിനെ അനുസ്മരിപ്പിക്കുന്നതാണല്ലോ. അതുപോലെ "ബാലരാമപുരം" "കോതനല്ലൂർ" "കേരളപുരം" ആദിയായ പേരുകളുടെ ആഗമവും ആലോചിക്കുമ്പോൾ "ഇരവിപുര"ത്തെപ്പറ്റിയുള്ള ഊഹം ബലപ്പെടുകയാണുചെയ്യുന്നത്.

ഇളംകുളത്തിന്റെ ലേഖനംമൂലം "പുഴ" എന്നതു് അച്ചടിപ്പിശകായിരിക്കുമെന്നു് എനിക്കുണ്ടായ സംശയം തീർന്നെങ്കിലും "ഇരവിപുരത്തെപ്പറ്റിയുള്ള ഊഹം ബലപ്പെടുകയാണുചെയ്യുന്നതു്. സന്ദേശകാരന്റെ മാർഗ്ഗവിവരണത്തിൽ വക്കലകഴിഞ്ഞു് കാളീ, ദേവി, പുഴ, മൂരിത്തിട്ട ഗണപതി, പനങ്ങാവനം ഭദ്രകാളി, ആടിച്ചപുരത്തപ്പൻ, താനംഅത്തിപ്പുവന്നേ ഭട്ടാരകർ, കൊട്ടാരം, മുച്ചന്ത, കരിപ്പുക്കളം, പുതിയപൊഴി എന്നിവയാണ് കൊല്ലത്തെസംബന്ധിച്ച് അനുക്രമമായി സന്ദേശഹരനെ പരിചയപ്പെടുത്തുന്നതു്. വക്കലനിന്നും തിരിച്ചുൽ മുന്നിൽക്കാണുന്നതായി പറയുന്ന "കാളിംദേവി" കാപ്പിൽ ഭഗവതിയായിരിക്കുമെന്നും തോന്നുന്നു. കാപ്പിൽനിന്നു വടക്കുകിഴക്കോട്ട് നടന്നാൽ പറവൂർ പുഴയുടെ സംഗമസ്ഥലമായ "നെട്ടങ്ങോലം" എന്ന സ്ഥലത്താണ് എത്തുന്നതു്. പുഴകടന്നാൽ കാണുന്ന "മൂരിത്തിട്ടഗണപതി" ഇളംകുളം വിഭാഗത്തിൽ അവയോരോന്നും പ്രത്യേകം പ്രത്യേകം പ്രതിപാദിക്കുന്നില്ല.

സാമ്പത്തികപുരോഗമനശക്തിയിൽ സംജാതമാകുന്ന പ്രതിലോമശക്തിയാണു തൊഴിലില്ലായ്മ. ഇതിനു ശാശ്വതമായ പരിഹാരം കണ്ടുപിടിക്കുന്നതിലാണ് ആധുനിക സാമ്പത്തികശാസ്ത്രത്തിനു വിലയിരുത്തേണ്ടതു്".

★

മണിക്കൂർ ടൈയോം മാത്രമേ സമാധാനം സാധിക്കുകയുള്ളു. ഇതിനു ചിന്തകന്മാർ ചില മാർഗ്ഗങ്ങളും നിർദ്ദേശിച്ചുകാണുന്നു. ഒന്നാമതു "തൊഴിൽക്കൈമാറ്റം" (Loboar exchanges) ആണു്. താൽക്കാലിക (Seasonal) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഏതൽക്കാലങ്ങളിൽ മാത്രം പണിയെടുക്കാവുന്ന ചെറുകിടവ്യവസായശാലകളും സ്ഥാപിക്കണം. വേല കുത്തിരിക്കുന്ന തൊഴിലാളിക്കും മറ്റുള്ളവർക്കും ഈ വ്യവസായശാലകളിൽ ജോലിചെയ്യാൻ സാധിക്കണം. ചില വ്യവസായങ്ങൾക്കു് രുചിഭേദംകൊണ്ടും, ഫാഷൻ മാറ്റംകൊണ്ടും, മന്ദ്യം സംഭവിക്കുന്നു. തൊഴിലില്ലായ്മ എപ്പോഴും മന്ദ്യത്തെ പിൻതുടരുന്നു. അതുനിമിത്തം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ജനസമുദായത്തിൽ ഇതെപ്പോഴും സംഭവ്യവും ആണ്. ഇതിനു "തൊഴിൽക്കൈമാറ്റം" അല്ലാതെ മറ്റൊരു പ്രതിവിധിയും ഇന്നുവരെ കണ്ടെത്തിയിട്ടില്ല. വ്യാപാരമാറ്റങ്ങളും, തൊഴിലില്ലായ്മയും ആധുനിക സാമ്പത്തിക വ്യവസ്ഥിതിയുടെ അനിവാര്യ ഫലങ്ങളാണ്. അവയുടെ പ്രതിവിധികളും നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ഈ ചിന്താഗതികളിൽനിന്നെല്ലാം ഒറ്റപ്പെട്ട ഒരു വാദഗതിയാണ് കെയിൻസ്(Keynes) ഉന്നയിക്കുന്നതു്. ഈ സിദ്ധാന്തപ്രകാരം ആളുകൾക്കു തൊഴിലില്ലാതെവരുന്നതു് ഇന്നു നിലവിലുള്ള ഉല്പാദനവും, സേവനവും ഇന്നുള്ള പ്രവർത്തനശക്തിയെ മുഴുവൻ വിവിധതൊഴിലുകളിലായി ആകർഷിക്കുന്നതിനു പയ്യാപ്പമല്ലാത്തതുകൊണ്ടാണ്. ഇന്നു് ഒരുക്ലേട്ടിവച്ചിരിക്കുന്ന മുതലുമുഴുവൻ മുടക്കിയാൽമാത്രമേ തൊഴിൽ വർദ്ധിക്കുകയുള്ളു. തൊഴിലില്ലായ്മയ്ക്കു പരിഹാരമായി ബാങ്കുനിരക്കുകുറച്ച് പലിശനിരക്കു കുറയ്ക്കുന്നതിനും, ക്രമാതീതമായ ഗവണ്മെന്റിന്റെ അധീനതയിൽ കൂടുതൽ റോഡ്, തോട്, പാലം, റെയിൽപാത തുടങ്ങിയ പൊതുമരാമത്തുപണികൾ ആരംഭിച്ച് തൊഴിൽ ഇല്ലാത്തവരെ അതിൽ ഏർപ്പെടുത്തുവാനും നിർദ്ദേശിക്കുന്നു. കെയിൻസിന്റെ സിദ്ധാന്തം മറ്റേതൊന്നിനെക്കാളും പരിഗണനാർഹമാണ്.

അൺ എംപ്ലോയ്മെന്റ് ഇൻഷ്വറൻസ് (Unemployment Insurance)—ന്റെ പ്രവർത്തനം ഇംഗ്ലണ്ടിലും മറ്റും വ്യവസായാധിപത്യനകാലങ്ങളിൽ കണ്ടുപ്പെടുന്ന തൊഴിലാളികൾക്കു് വളരെ ആശ്വാസം നൽകി.

ഇൻഷ്വറൻസ് പദ്ധതിമൂലം തൊഴിലില്ലായ്മയിൽ നിന്നുമുവാകുന്ന കഷ്ടപ്പാടുകൾക്കു ഭാഗികമായെങ്കിലും കഴിയും. ലോകത്തിന്റെ ചിന്ത ഈവഴിക്കുതിരിഞ്ഞതു് 19-ാംശതകത്തിന്റെ അവസാനഘട്ടത്തിലാണ്. തൊഴിലാളി, മുതലാളി, ഗവണ്മെന്റ് എന്നീ മൂന്നുപാർട്ടികളുടെ സഹകരണത്തിലാണ് അൺ എംപ്ലോയ്മെന്റ് ഇൻഷ്വറൻസിന്റെ വിജയം. ഇംഗ്ലണ്ടിൽ 1911-ൽ കമ്പൽസറി കോൺട്രിബ്യൂട്ടറി അൺ എംപ്ലോയ്മെന്റ് ഇൻഷ്വറൻസ് (Compulsory Contributory Unemployment Insurance) അനുവദിച്ചു. തൊഴിലാളിയും മുതലാളിയും ഇൻഷ്വറൻസിലേയ്ക്കു് സമമായ തുകകളും സംഭാവനചെയ്യണം. ഗവണ്മെന്റ് അതിന്റെ പങ്കുനൽകും. വേലയില്ലാതെ അലയുന്ന ക്ലൂലിക്കാർക്ക് ഈ പദ്ധതിവഴിയായി ഉപകാരപ്രദമായി ഭവിച്ചു. ഈ പുതിയപദ്ധതി തികച്ചും ഒരു വിജയമായിരുന്നു. 1916-ൽ ഇൻഷ്വറൻസ് പദ്ധതി വളരെ വിപുലമാക്കി. എന്നാൽ 1920-ൽ ഭയങ്കരമായ സാമ്പത്തികാധഃപതനം സംഭവിച്ചു. അപ്പോൾ നിലവിലുള്ളപദ്ധതിയുടെ പ്രവർത്തനം അപര്യാപ്തമെന്നുവന്നു. പെട്ടെന്ന് ഈ പദ്ധതി വളരെ വിപുലമാക്കി. തൽഫലമായി ഒരുകോടി രണ്ടരലക്ഷം ക്ലൂലിക്കാർക്ക് ഇൻഷ്വർചെയ്യുന്നതിനു സാധിച്ചു. ഇതു തൊഴിൽവകുപ്പുമന്ത്രിയുടെ (Ministry of Labour) അധികാരപരിധിക്കുള്ളിലാണ്. തൊഴിലില്ലാതെ കഷ്ടപ്പെടുന്നവർക്ക് ജീവിതമാർഗ്ഗം നേടിക്കൊടുക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്. അൺ എംപ്ലോയ്മെന്റ് ഇൻഷ്വറൻസ്പോലെ പ്രയോജനപ്രദമായ പദ്ധതികളുൽ നമ്മുടെ ഗവണ്മെണ്ടിന്റെ ശ്രദ്ധപതിയാൻ കാലം വൈകിക്കഴിഞ്ഞു.

മേൽപറഞ്ഞവകൂടാതെ തൊഴിലില്ലായ്മയ്ക്കു് വേറെ ചില പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുകാണുന്നു:—

വ്യവസായത്തിൽ ശരിയായ പരിജ്ഞാനം ഇല്ലാത്തവർക്ക് സാങ്കേതികവിദ്യാഭ്യാസംനൽകി പുതിയതായ വിജ്ഞാനം ആവശ്യപ്പെടുന്ന വ്യവസായങ്ങളിൽ അവരെ ഏർപ്പെടുത്തുക.

സാമാന്യവിദ്യാഭ്യാസത്തിന്റെ കാലാവധി കൂടുതൽകൂട്ടി നീട്ടുക. തൻമൂലം കൂട്ടികളെ കുറച്ചുകാലംകൂടി തൊഴിലിൽനിന്നും ഒഴിച്ചുനിത്തി തൊഴിലില്ലായ്മയ്ക്കു ചെറിയൊരുപരിഹാരം നേടാൻകഴിയും.

സാമ്പത്തികാധഃപതനകാലങ്ങളിൽ ജോലിസമയം കുറച്ച് കൂടുതൽ തൊഴിലാളികൾക്കു ജോലികൊടുക്കുക.

വാർദ്ധക്യത്തിലെത്തിയവരെ നിർബ്ബന്ധപൂർവ്വമായ പെൻഷൻകൊടുത്തു പിരിച്ചുവിടുക.

ഈ നിർദ്ദേശങ്ങളും തൊഴിലില്ലായ്മയ്ക്കു കുറഞ്ഞതോതിലുള്ള പരിഹാരമാർഗ്ഗങ്ങൾതന്നെ. ഇവയിൽ ചിലതെല്ലാം നമ്മുടെ കമ്പനികളിൽ പ്രവൃത്തിയിൽവന്നുതുടങ്ങിയിട്ടുണ്ട്. വിസ്തരഭയ

വരിക്കുന്നതും ആയിരംതെങ്ങിലുള്ളതുമായ "തിട്ടയിൽ ശാസ്താക്ഷേത്രത്തിലെ ഗണപതി" ആയിരിക്കുമെന്ന് എനിക്കും ഊഹമില്ലാതില്ല. പനങ്കാവനം ഭദ്രകാളി മൂരിത്തിട്ടയ്ക്കടുത്തുള്ള "ഉമയനല്ലൂർ" ദേവതിയാണെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. കൊല്ലം അഞ്ചാംശതകാരംഭത്തിൽ കൊല്ലത്തുണ്ടായിരുന്ന "കൃപക" ശാഖയിൽ "ഉമാദേവി" എന്നൊരുറാഞ്ഞി മാത്രംശേഷിച്ചതിനാലാണ് 432-ൽ "ചിറവായ" സ്വരൂപത്തിങ്കൽനിന്ന "കേരളവർമ്മ"യെ ദത്തെടുക്കേണ്ടിവന്നതെന്ന ചരിത്രം തെളിയിക്കുന്നു. ആ കേരളവർമ്മയ്ക്കു "ജയസിംഹൻ" എന്നൊരു ബിരുദനാമം ഉണ്ടായിരുന്നവഴിക്കാണല്ലോ കൊല്ലം ജയസിംഹനാടായത്. ഈ ജയസിംഹന്റെ രണ്ടുപുത്രന്മാരിൽ മൂത്തയാൾ "വീരവർമ്മ"യും അനുജൻ "ആദിത്യവർമ്മ"യും ആയിരുന്നു. സന്ദേശഹരൻ ഈ ആദിത്യവർമ്മതന്നെയാണെന്നു തെളിഞ്ഞിട്ടുണ്ട്. മേൽപറഞ്ഞ "ഉമാദേവിയെ അനുസ്മരിപ്പിക്കുന്നതല്ലേ" "ഉമയനല്ലൂർ" എന്ന ദേശനാമം എന്നു് ചിന്തിക്കേണ്ടതാണ്. ഈ ചിന്തയിൽ ഉമയനല്ലൂർഭഗവതി കൊല്ലംരാജകുടുംബത്തിലെ ഭരദേവതയായിരുന്നിരിക്കുമെന്നു ഊഹിക്കാവുന്നതാണല്ലൊ. അടിത്തതായി ആതിച്ചപുരത്തപ്പനാണ്. ഇങ്ങിനെ ഒരു സ്ഥലം ഇപ്പോൾ കൊല്ലത്തില്ലെന്നു് ഇളംകുളം പറയുന്നു. ശ്രീ പി ക്ഷോടി പറയുന്ന ആതിച്ചനല്ലൂർ വഴിയെ കിഴക്കുമാറി ആകയാൽ അതല്ലെന്നും തീച്ചയാണ്. പട്ടത്താനം ക്ഷേത്രമായിരിക്കാം "ആതിച്ചപുര"മെന്നു് ഇളംകുളം സംശയിക്കുന്നു "പട്ടത്താനം" എന്ന പേരും ഭടാരണരുടെ വരവും ചേർത്തുവച്ചു നോക്കുന്നതിനാണ്. 'പട്ടത്താനം' 'ഭട്ടർസ്ഥാനം' എന്നതിന്റെ ലോപരൂപമാണല്ലൊ. ഭട്ടാരണർ താമസിച്ചിരുന്നതും, അവരുടെ വകയോ ആയ ഒരു സ്ഥലമാണ് അതെന്നു മാത്രമേ വിചാരിക്കേണ്ടതുള്ളു എന്നു് എനിക്കു തോന്നുന്നു. ഉമയനല്ലൂർനിന്നു് മുന്നമൈൽ പടിഞ്ഞാറല്ലൊ "ഇരവിപുരം" ഈ ഇരവിപുരത്തിനും ഉമയനല്ലൂരിനും ഇടയ്ക്കു് ഒരു "ആതിച്ചപുരത്തപ്പൻ" ഉണ്ടായിരുന്നിരിക്കണം. കാലാന്തരത്തിൽ ആ ക്ഷേത്രം അപ്രസിദ്ധമായി ഇല്ലാതായ്തീർന്നു് നാമാവശേഷമായിപ്പോയി എന്നു വരാവുന്നതാണ്. ആതിച്ചപുരത്തപ്പനെ തൊഴുതുവന്ന സന്ദേശഹരനെ താനത്തിനായി "ഭട്ടാരണർ" സമീപിക്കുമെന്നു പറയുന്നതിനാൽ കൊട്ടാരം ഏറ്റവും സമീപിച്ചിരിക്കുന്നതായി വിചാരിക്കാം. മേൽപറഞ്ഞ മാർഗ്ഗവിവരണവും തുടർന്നുവരുന്ന വിവരണവുംകൊണ്ടു് അന്നത്തെ 'പനങ്കാവിൽകൊട്ടാരം' ഇന്നത്തെ ഇരവിപുരത്തായിരുന്നെന്നു് അനുമാനിക്കുന്നതാണ് യുക്തിക്കും തെളിവിനും യോജിക്കുന്നതെന്നതോന്നുന്നു.

സന്ദേശഹരന്റെ ജ്യേഷ്ഠനും അന്നത്തെ കൊല്ലം രാജാവുമായിരുന്ന "ആദിത്യവർമ്മ"യെ വിവരം അറിയിച്ചു് നേരെ "മുച്ചന്തിക്കൽ" എത്തുന്നതിനു പറയുന്ന "മുച്ചന്തിക്കൽ" എന്നതു് അച്ചടിപ്പിശകാണെന്നും "മുച്ചന്തക്കൽ" എന്നാണു് വേണ്ടതെന്നും പല അഭ്യൂപകമന്മാരും യുക്ത്യനുസരണം പഠിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകം ഞാൻ വായിക്കുകയുണ്ടായി. മൂന്നു വഴി കൂടുന്നതു് എന്നർത്ഥമായാലും അവിടം ഒരു അങ്ങാടിയായിരുന്നെന്നതിൽ പക്ഷാന്തരമില്ല. ഇരവിപുരത്തുള്ള പനങ്കാവിൽകൊട്ടാരത്തിൽനിന്നു് നേരെ വടക്കോട്ടുചെന്നാൽ ഇന്നത്തെ "ചിന്നക്കട" മുക്കിൽ എത്തുന്നതാണ്. "ചിന്നക്കട" എന്നതിന്റെ ലോപമാണ് ചിന്നക്കട എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. കൊല്ലം ഒന്നാംശതകത്തിൽതന്നെ കൊല്ലത്തു് ചീനക്കാരായ കച്ചവടക്കാർ വ്യാപാരം നടത്തിവന്നിരുന്നു. സന്ദേശകാവ്യത്തിൽ പറയുന്ന "മുച്ചന്ത" ഇന്നത്തെ ചിന്നക്കടഭാഗമാണെന്നതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

മുച്ചന്തിക്കലെ വാണിഭംകണ്ടശേഷം "കരിപ്പുക്കള"ത്തെത്തി അന്നവിടെ താമസിക്കുന്നതിനാണെല്ലോ സന്ദേശകാരൻ നിർദ്ദേശിക്കുന്നതു്. ചിന്നക്കടനിന്നും നേരെ വടക്കോട്ടു് ഒരുമൈൽ ചെന്നാൽ ആശ്രാമത്തെത്താവുന്നതാണ്. ഈ ആശ്രാമമല്ലേ "കരിപ്പുക്കളം" എന്ന വിചാരിക്കേണ്ടിയിരിക്കുന്നു. ഇളംകുളം ഊഹിക്കുന്നതും നീണ്ടകേയ്ക്കുടുത്തുമായ കൊട്ടാരപ്പാറമ്പു് "കരിപ്പുക്കള"മായി വിചാരിക്കുന്നതിനു് "പിന്നെ പാർത്ഥ പുതിയപൊഴി" എന്ന ഭാഗം അനുകൂലമാണെങ്കിലും ആ ഭാഗത്തു മാറ്റം സംഭവിച്ചുണ്ടാകാവുന്ന യാതൊരു ലക്ഷ്യങ്ങളും ഇന്നില്ലാത്ത സ്ഥിതിക്കും, യാത്രക്കാരായ നമ്പൂതിരിമാർക്കു് "ഊട്ടു്" ഉൾപ്പെടെയുള്ള സകല സൗകര്യങ്ങളും ഇന്നുള്ളതുപോലെ അന്നും ആശ്രാമത്തുണ്ടായിരിക്കാവുന്ന പരിതഃസ്ഥിതികളും അവിടെ കാണാവുന്നതുകൊണ്ടുമാണ് "കരിപ്പുക്കളം" ആശ്രാമമായിരിക്കണമെന്നു ഞാൻ ഊഹിക്കുന്നതു്. യാത്രക്കാരുടെ ആശ്രയമായിരുന്ന സ്ഥലമായിരുന്നതിനാൽ ആശ്രാമം എന്ന പേരുണ്ടായതാണെന്നും വേണമെങ്കിൽ വിചാരിക്കാവുന്നതാണ്.

90-ാം പദ്യത്തിലെ പുതിയപൊഴി കടക്കുന്നതോടുകൂടി സന്ദേശഹരൻ കൊല്ലം വിടുന്നു. ഇതുവിധം 68—90-വരെ 23 പദ്യങ്ങളും കവി കൊല്ലം സംബന്ധിച്ച പല വിവരണങ്ങൾക്കായി വിനിയോഗിച്ചിരിക്കുന്നു. കാവ്യത്തിലെ യാത്രാവിവരണത്തിൽ തിരുവനന്തപുരം കഴിഞ്ഞു കൊല്ലംവരെയുള്ളതിൽ "മുതലപ്പൊഴികഴിഞ്ഞുള്ള "പുത്തിട" കൊല്ലംകഴിഞ്ഞു കുട്ടത്തുരുത്തിക്കടുത്തുള്ള "കോതനല്ലൂതം" മാത്രമാണ് എന്റെ അന്വേഷണത്തിൽ പിടികിട്ടാത്ത സ്ഥലങ്ങൾ. കൊല്ലത്തെ സംബന്ധിച്ചിടത്തോളം അനേഷണങ്ങൾക്കാസ്പദമായി ഊഹങ്ങൾ വർദ്ധിച്ചുകൊണ്ടും ഇരിക്കുകയാണ്.

ഇളംകുളത്തിന്റെ ലേഖനത്തിൽ മാവേലിക്കരനിന്നും തിരുവല്ലായിലേക്കു സന്ദേശകാലത്തുള്ള വഴി "ഇന്നത്തെ കൊല്ലകടവുപാലത്തിന് ഒരു മൈൽ പടിഞ്ഞാറുമാറി നദികടന്ന പുലിയൂർവഴി "കുറ്റിയിൽ" ചെന്നാ ണെന്നും പഠഞ്ഞിരിക്കുന്നു. ബഹുമാന്യനായ അദ്ദേഹം 112-ാം പദ്യത്തിലെ "നാമംചൊൽവാനുതവിടവും കണ്ടു കുമ്പിട്ടുപോക" എന്ന ഭാഗത്തു പറയുന്ന പോതുപറയൻ പാടില്ലാത്ത ദേശം "പുലിയൂരായി"രിക്കാമെന്നുള്ള ഊഹത്തിലല്ലേ ഇങ്ങനെ വ്യാഖ്യാനിച്ചതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

111-ാം പദ്യം നോക്കുക:—

'പിറേന്നാളൊട്ടെതിരേമറിമാൻ-
കണ്ണിമാർ മാരനേ നീ
മറാംപിന്നിട്ടെനിയപുഴയും
കണ്ടിയൂരേ വരേണ്ട
കാറാക്കൽമൽക്കഴലികപം ചുഴ-
ൻപല്ലസിക്കും പ്രദേശം
മറൊച്ചെന്നിത്തല മരുകരെ-
ത്തമ്പിലാലോകയേഥഃ'

ഒടനാട്ടരാജധാനി അന്നു മാവേലിക്കര ആയിരുന്നു. അവിടെനിന്നു പടിഞ്ഞാറുമാറിയാണ് കണ്ടിയൂർ. കണ്ടിയൂരേക്കു വീണ്ടും വന്നു നദികടന്നാൽ ചെന്നിത്തല ആയി എന്നാണെല്ലോ കവി പറയുന്നതു്. ഇന്നു തട്ടാരമ്പലത്തിൽനിന്നു നേരേ വടക്കോട്ടു മാറിനിന്നു കിടക്കുന്ന വഴിയായിരുന്നു അന്നു തിരുവല്ലായ്ക്കുള്ള പ്രധാനവഴി എന്ന വിചാരിക്കുന്നതിൽ തെറ്റില്ല. തിരുവല്ലാവരെ കായംകുളംരാജ്യമായിരുന്നതും മാന്നാറ്റു രാജാവിന്റെ ഒരു കൊട്ടാരമുണ്ടായിരുന്നതും ഇവിടെ പ്രത്യേകം ഓർക്കേണ്ടതാണ്. ചെന്നിത്തലനിന്നും കുറച്ചിയിൽ ക്ഷേത്രത്തിലേക്കു രണ്ടുമൈൽ ദൂരമുണ്ട്. ചെന്നിത്തലനിന്നു് ഒരുമൈൽ വടക്കുമാറി ഇന്നത്തെ റോഡിനു പടിഞ്ഞാറുവശം കാണുന്ന ആ പുരാതനക്ഷേത്രമാണ് സന്ദേശകാരൻ പറയുന്ന "നാമംചൊൽവാ" നുതവിടത്ത "ഇരമത്തൂർ" ക്ഷേത്രം. ഈ ക്ഷേത്രത്തിൽനിന്നു മുക്കൽമൈൽ നടന്നാൽ "കുറ്റി"യിൽ ക്ഷേത്രവുമായി. ഇളംകുളം പറയുന്ന വഴിയാണെങ്കിൽ മാവേലിക്കരനിന്നു രണ്ടുമൈൽ കിഴക്കുചെന്നാണ് നദി കടക്കുന്നതു്. നദി കടന്നാൽ മരുകരകാണുന്ന ദേശം ചെന്നിത്തല അല്ല; പുലിയൂർ പകുതിയുടെ തെക്കേ അറ്റമായ "തോനയ്ക്കാട്" എന്ന സ്ഥലമാണ്. ഇതിനടുത്തു പടിഞ്ഞാറു ഗ്രാമവും കിഴക്കു വെറിയനാടുമാണ്. നദികടന്നു വടക്കുകിഴക്കായി വീണ്ടും അഞ്ചുമൈൽ നടന്നെങ്കിൽമാത്രമേ പുലിയൂർ എത്തുകയുള്ളു. പുലിയൂർനിന്നു വടക്കുപടിഞ്ഞാറായി ആറുമൈൽ നടന്നുവേണം കുറ്റിയിൽ ചെന്നുചേരാൻ. എന്നാൽപ്പിന്നെയല്ല, "നാമംചൊൽവാനുതവിടത്ത" സ്ഥലം കഴിഞ്ഞാൽ "തുഷംപൂന്തേൻപരിമളഭരം നമ്മുതോല്പംനടപ്പാൻ മേവും കാവുംപഥിയുറി നീ തുക്കാണിക്ക ചെൻറു" എന്നാണ് സന്ദേശകരൻ മാർഗ്ഗനിർദ്ദേശം നൽകുന്നതു്. പുലിയൂർനിന്നു കുറച്ചിക്ക തിരിച്ചാൽ മൂന്നുമൈലോളം "ബുധന്നൂർ" പാടത്തുകൂടി നടുക്കുകൂടെയാണു പോകേണ്ടതും. മേൽ പറഞ്ഞ വിശദീകരണത്തിൽനിന്നും "നാമംചൊൽവാനുതവിടത്ത" ക്ഷേത്രം പുലിയൂർ അല്ലെന്നും "ഇരമത്തൂർ" തന്നെയാണെന്നും ഉള്ള എന്റെ അഭിപ്രായത്തോടു് ഇളംകുളം യോജിക്കുമെന്നു വിചാരിക്കുന്നു.

ഇക്കഴിഞ്ഞമാസത്തിൽ ഉണ്ണുനീലി സന്ദേശത്തിൽ വിവരിക്കുന്ന ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ സംഗതികളുടെ ഗവേഷണാർത്ഥം ഞാൻ "ചിറവായ" സ്വരൂപത്തിന്റെ ഒരു ശാഖയായ കടപ്പ "ഇലഞ്ഞിമത്തുകോയിക്കൽ" പോകുകയുണ്ടായി. എന്നെ സൽക്കരിച്ചിരുത്തി കുശലപ്രശ്നം ആരംഭിച്ച ഗൃഹനാഥനോടു് എന്റെ ആഗമനോദ്ദേശ്യം വ്യക്തമാക്കിയപ്പോൾ അദ്ദേഹം അതിശയിച്ചു ഇതേ കാര്യംസംബന്ധിച്ച രണ്ടുദിവസംമുൻപു് ശ്രീ: ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളും മറ്റൊരാളൊന്നിച്ചു് അവിടെ ചെന്നിരുന്നതായി പ്രസ്താവിച്ചു. ഇപ്പോൾ ഈ സംഗതിയിൽ ഒരിളക്കം ഉണ്ടായതിന്റെ കാരണം എന്തായിരിക്കുമെന്നു് അദ്ദേഹം ചോദിച്ചു. ശ്രീ: കുഞ്ഞൻപിള്ളയും മറ്റും സങ്കൽപ്പാറയ്ക്കു് അവർ ചെയ്യേണ്ട കൃത്യനിർവ്വഹണത്തിനും ഗവേഷണത്തിനുമായി ഉടനും ഉറക്കവും ഉപേക്ഷിച്ചു രാപകൽ ബദ്ധപ്പെടുകയും മൺമറഞ്ഞും, ചിലന്തിവല മൂടിയും കിടന്ന അനവധി ചരിത്രരേഖകളും മറ്റും കണ്ടുപിടിച്ചു നമ്മുടെ രാജ്യമഹിമയും, സംസ്കാരമഹിമയും തെളിയിച്ചിട്ടുള്ള വസ്തുത ഞാൻ പ്രസ്താവിക്കുകയും ചെയ്തു. എന്റെ ഈ ഉത്സാഹമാകട്ടെ ഗവേഷണത്തിലുള്ള ഒരു വൈരം തല്പരതയാണെന്നും എന്റെ ഗവേഷണഫലങ്ങൾ ഒരു ലേഖനപരമ്പരയായി പ്രസിദ്ധപ്പെടുത്തുന്നതാണെന്നും പറയുകയുംചെയ്തു.

"ഉണ്ണുനീലിസന്ദേശം ഭൂമിശാസ്ത്രപരമായ ഒരു പഠനം, ചരിത്രപരമായ ഒരു പഠനം, സാമൂഹ്യപരമായ ഒരു പഠനം, എന്നു മൂന്നു ലേഖനപരമ്പരയായാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു്. എന്റെ ലേഖനനിർമ്മാണത്തിനു് ഇളംകുളത്തിന്റെ ലേഖനം പലവിധത്തിലും സഹായകമായിത്തീർന്നിട്ടുണ്ട്. പുത്തടം, കോതനല്ലൂർ ഈ സ്ഥലങ്ങളെ സംബന്ധിച്ചും ഗവേഷണതല്പരരായ സുഹൃത്തുക്കളുടെ അഭിപ്രായംകൂടി പ്രസിദ്ധീകരിക്കുന്നതു് പ്രയോജനപ്രദമായിരിക്കും.

മരണനികുതി



— എം. ജെ. കുര്യാക്കോസ് എം. എ. —

ജനസംഖ്യയുടെ വർദ്ധനവും ജീവിതരീതിയുടെ പുരോഗതിയും ഏതൊരു രാഷ്ട്രത്തും നികുതികൊണ്ടു വലിപ്പിച്ചുകൊണ്ടിരിക്കും. പൊട്ടക്കണ്ണന്മാർ ആനയെക്കണ്ടതു വിവരിച്ചതുപോലെ നികുതിയുടെ വിവരണം സാധാരണജനങ്ങളിൽ ബഹുവിധമാണ്. സ്വത്തുകാരന്റെ സ്വത്തും നിലക്കാരന്റെ നിലയും സുരക്ഷിതമായി പാലിക്കുന്നതിനും സംഘടനകൾക്കു വേണ്ട ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നതിനുംവേണ്ടി ഭരണകൂടം ജനങ്ങളിൽനിന്നും അവരുടെ ആദായത്തിന്റെ ഒരംശം ഈടാക്കുന്നതാണ് നികുതി. 1952 ആഗസ്റ്റുമാസത്തിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടതും 1953 സെപ്തംബർമാസത്തിലെ പാർലമെന്റുസമ്മേളനത്തിൽ പാസാക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നതുമായ ഒരു ബിൽ—എസ്റ്റേറ്റുഡ്യൂട്ടിബിൽ—ഭാരതത്തിൽ പൊതുവേ വരാൻപോകുന്ന ഒരു പുതിയ നികുതിയെ സംബന്ധിക്കുന്നതാണ്. ഇതിനെ മരണനികുതിയെന്നു മലയാളത്തിൽ വ്യവഹരിക്കുന്നതിൽ തെറ്റില്ല. പലേ പരിഷ്കൃതപാശ്ചാത്യരാജ്യങ്ങളിലും ഇപ്പോൾ നിലവിലിരിക്കുന്ന ഒരു നികുതിയാണ് ഇതു്.

ഇതരദോഷവിവേചനം കൂടാതെ ഏതു നികുതിയെയും വെറുക്കുകയെന്നതാണ് സാധാരണമനുഷ്യസ്വഭാവം. ഈ മരണനികുതി ദ്വിവിധപ്രാധാന്യമുള്ളതാണ്. ജനസമുദായത്തിൽ കൃത്രിമമായി ഉണ്ടാക്കപ്പെട്ടതും അനാശാസ്യമായി നിലവിലിരിക്കുന്നതുമായ സാമ്പത്തിക നിമ്നോന്നതത്വത്തെ ആശാസ്യമായവിധം സമീകരണംചെയ്കയും രാജ്യത്തിന്റെ ആയത്തെ വലിപ്പിക്കയും എന്ന രണ്ടാണ് മരണനികുതിയുടെ ദ്വിവിധോദ്ദേശ്യങ്ങളും പ്രാധാന്യങ്ങളും. സാമാന്യജനങ്ങളുടെ അഭ്യുദയം പ്രധാനമായി കരുതിപ്രവർത്തിക്കാൻ ഉദ്ദേശിക്കപ്പെട്ട ഭരണഘടനയോടുകൂടിയ ഇൻഡ്യയിൽ ഇമ്മാതിരി നികുതികളും നടപ്പിലാക്കാൻ ഭരണകർത്താക്കളും നിർബ്ബന്ധിതരാകുന്നു. ചുരുക്കംപേരിൽ അടിഞ്ഞുകിടക്കുന്ന ധനത്തെ ന്യായമായവിധം സാമാന്യജനങ്ങളിൽ വിതരണംചെയ്യാൻ മരണനികുതി വളരെയധികം സഹായിക്കുന്നു. പൂർവികന്മാർ ന്യായമായോ അന്യായമായോ ആർജ്ജിച്ചുധനത്തെ ചെലവഴിച്ചുകൊണ്ട് അലസന്മാരായി ക്രമേണ്ടുകങ്ങളായി എത്രയോപേർ ഇപ്പോൾ കഴിഞ്ഞുവരുന്നു! ധനവർജ്ജനത്തിനും ജീവസന്ധാരണത്തിനും പ്രയത്നിക്കാൻ ജനങ്ങളെല്ലാം തുല്യമായി കടമപ്പെട്ടവരാണെന്ന തത്വം പലർക്കും പുതുക്കമാണ്.

മരണനികുതി ഇൻഡ്യയിൽ ഒരു പുതിയ കണ്ടുപിടിത്തമല്ല. 1919-ലെ ഭരണപരിഷ്കാരകാലത്തു മരണനികുതി ആലോചനാവിഷയമായി. വീണ്ടും 1924-ൽ നിയമിതമായ നികുതിയന്വേഷണക്കമ്മിറ്റി മരണനികുതി ഇൻഡ്യയിൽ നടപ്പാക്കേണ്ടതാണെന്നു ശുപാർശചെയ്തിട്ടുണ്ട്. 1944—45 വർഷത്തിൽ വൈസ്രായിയുടെ എസ്സിക്യൂട്ടീവ് കൗൺസിൽ അംഗവും ധനകാര്യവകുപ്പുവഹിച്ചിരുന്ന മെമ്പറുമായ സർ ജെറമി റൈസ്മാൻതന്റെ ബഡ്ജറ്റുപ്രസംഗത്തിൽ കൃഷിസ്ഥലങ്ങളൊഴിച്ചുള്ള സ്വസ്വത്തുക്കളെയും ബാധിക്കത്തക്കവണ്ണം മരണനികുതി ഏർപ്പെടുത്തുന്നകാര്യം ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധയിൽപെട്ടിരിക്കുന്നതായി പ്രസ്താവിച്ചു. ആരുടെയൊക്കെയോ സ്ഥാപിതതാല്പര്യങ്ങൾക്കു വിരുദ്ധമാകയാലോ എന്തോ മരണനികുതി ജനനമെടുക്കാൻ കാലതാമസം വന്നുകൂടി.

പുതിയ ഭരണഘടനയുടെ ഫലമായി 1952 ആഗസ്റ്റുമാസത്തിൽ മരണനികുതിബിൽ പാർലമെന്റിൽ അവതരിക്കപ്പെട്ടു. ഈ പുതിയ ബില്ലിന്റെ സവ്വശങ്കകളും പരിച്ഛേദകമായി സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽക്കമ്മിറ്റി നിയമിതമായി. കൂടാതെ, കൃഷിസ്ഥലങ്ങളെ മരണനികുതിയുടെ പരിധിയിൽപെടുത്തിയുണിയൻഗവണ്മെന്റിന്റെ അവകാശമാക്കുന്നതിനുള്ള അധികാരം വിട്ടുകൊടുക്കാൻവേണ്ടി സ്റ്റേറ്റുഗവണ്മെന്റുകളെക്ക അഭ്യർത്ഥനകൾ അയയ്ക്കപ്പെട്ടു. പശ്ചിമബംഗാൾ, തിരുക്കൊച്ചി, സൌരാഷ്ട്ര ഈ മൂന്നൊഴിച്ചുള്ള മറ്റു ഗവണ്മെന്റുകളും യൂണിയൻഗവണ്മെന്റിന്റെ അഭ്യർത്ഥന സ്വീകരിച്ചുകഴിഞ്ഞു.


മരണനികുതിബില്ലിന്റെ പൂർണ്ണസ്വഭാവം അടുത്തുവരുന്ന പാർലമെന്റുസമ്മേളനത്തിൽ തീർച്ചപ്പെടുത്തുന്നതായിരിക്കും. അതിന്റെ പൊതുസ്വഭാവം താഴെപ്പറയുന്നതാണ്. മരിക്കുന്നയാളിന്റെ സർവ്വസ്വത്തുക്കളും ബില്ലിന്റെ പരിധിയിൽപെടുന്നതായിരിക്കും. ഭാഗിക്കാതെ ഊട്ടുകായികിടക്കുന്ന കുടുംബങ്ങളിൽ 18 വയസ്സിൽ കവിഞ്ഞ ഏതംഗം മരിച്ചാലും ആളിന്റെ വീതം കണക്കാക്കപ്പെടുന്നതാണ്. ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെടാവുന്ന കുറഞ്ഞ തുകയും അതിനുമേലുള്ള സ്വത്തുകളിൽ ചുമത്തേണ്ട ആദേഹണക്രമത്തിലുള്ള തുകകളുടെ പട്ടികയും പാർലമെന്റു തീർച്ചപ്പെടുത്തുന്നതായിരിക്കും. ഇതുകൊണ്ടു തുക നിശ്ചയിക്കുന്നതിനും പ്രത്യേകകാരണവശാൽ ചില വസ്തുക്കളെ മരണനികുതിയിൽനിന്നും ഒഴിവാക്കുന്നതിനുമുള്ള വിവേചനാധികാരം യൂണിയൻഗവർമ്മെന്റിൽ നിക്ഷിപ്തമാണ്. ഉടമസ്ഥൻ മരിക്കുമ്പോൾ തുറന്ന വിപണിയിൽ വിറ്റാൽ കിട്ടാവുന്ന വില വസ്തുവിന്റെ വിലയായി പരിഗണിക്കപ്പെടും. ഗവണ്മെന്റു നിയമിക്കുന്ന മരണനികുതി കൺട്രോളറും സെൻട്രൽ റവന്യൂബോർഡും നികുതിശേഖരണത്തിനുള്ള അധികാരികളായിരിക്കും; നികുതി ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഈ അധികാരികൾക്കു നിശ്ചയിക്കാവുന്നതാണ്. ഇപ്പോഴത്തെ ലഭിക്കുന്ന തുകയിൽ ഏതു ശതമാനം അതാതു സ്റ്റേറ്റുകൾക്കു കൊടുക്കേണ്ടതാണെന്നു തീരുമാനം ചെയ്യുന്നതു പാർലമെന്റാകുന്നു. എന്നാൽ കൃഷിസ്ഥലങ്ങളിൽനിന്നുള്ള നികുതിവരുമാനം മുഴുവൻതന്നെ അതാതു സ്റ്റേറ്റുകൾക്കു കൊടുക്കുന്നതാണ്.

മരണനികുതി കൃഷിസ്ഥലങ്ങളെ ബാധിക്കുന്നതു ശരിയോ എന്ന പ്രശ്നം ചിന്താവിഷയമാണ്. കൃഷിയും ഒരു വ്യവസായമാകുന്നു. മറ്റൊല്ലാ വ്യവസായങ്ങളെയും ബാധിക്കുന്ന ഒരു നികുതിയിൽനിന്നും കൃഷിവ്യവസായക്കാരെമാത്രം ഒഴിവാക്കുന്നതു യുക്തിവിരുദ്ധമാണ്. കൃഷികൊണ്ടു ധനമാർജ്ജിച്ചവരുടെ പിൻതുച്ചാവകാശികളും പൂർവികന്മാരെപ്പോലെ ഉഴുന്നവരണമെന്ന ആഗ്രഹത്തോടെ പ്രയത്നിക്കുമില്ലെന്നു നിശ്ചയംചെയ്യാൻ വഴികാണുന്നില്ല. കൃഷിസ്ഥലങ്ങളെ കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കി മരണനികുതിയുടെ പരിധിയിൽപെടുത്തുന്നതായിരിക്കും ന്യായത്തിനും യുക്തിക്കും യോജിക്കുന്നതു്.

വസ്തുക്കളുടെ ശ്രീലനിർണ്ണയവിഷയം ശുപാർശയ്ക്കും കൈക്കൂലിക്കും ഇടം നൽകും. ഏതൊരു ഗവണ്മെന്റു നിയമവും ഇവയ്ക്കതീതമല്ലല്ലൊ. അതാതു സ്ഥലങ്ങളിലെ മുനിസിപ്പാലിറ്റി, പഞ്ചായത്തുകമ്മിറ്റികളുടെ ന്യായമായ ശുപാർശ സ്വീകരിക്കാനുള്ള മനഃസ്ഥിതി മരണനികുതി കൺട്രോളർക്കുണ്ടായിരുന്നാൽ നീതിയും പ്രായോഗികതയും ലഭ്യമാകും.

രാജ്യത്തിന്റെ അസമത്വപരിഹാരം — ധനനിമ്നോന്നതസമീകരണം — എന്ന ലക്ഷ്യത്തോടുകൂടി ജനിക്കാൻപോകുന്ന മരണനികുതിയെന്ന ശിശുവിനെ ധനകാര്യമന്ത്രി മിസ്റ്റർ മുക്കട് പ്രസ്താവിച്ചതുപോലെ ജനങ്ങൾക്ക പാർലിമെന്റിന്റെ ഒരു സമ്മാനമായി കരുതി സ്വീകരിച്ച താലോലിക്കുന്നതു സമീകരണലക്ഷ്യത്തിലേയ്ക്കു പാഞ്ഞുകൊണ്ടിരിക്കുന്ന ഭാരതത്തിന് ശ്ലാഘനീയമായിരിക്കുമെന്നു കരുതേണ്ടതാണ്.

★



യു. എൻ. സെക്രട്ടറി ജനറൽ ഡാഗ് ഹാമ്മർഷെൽഡും, പ്രസിഡൻറ് ഐസൻഹൗവറും. സ്വീഡൻകാരനായ ഹാമ്മർഷെൽഡ് സെക്രട്ടറി ജനറലായി നിയമിതനായശേഷം ഇംഗ്ലീഷുമാധ്യമമായി വാഷിംഗ്ടൺ സന്ദർശിക്കുകയാണ്. യു. എൻ. സംഘടനയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി പരിചയപ്പെടുകയാണ് സന്ദർശനോദ്ദേശം.



കുട്ടിച്ചേച്ചിയുടെ കത്ത്

★

പ്രിയപ്പെട്ട കൊച്ചുനങ്ങന്മാരേ,
അനുജത്തിമാരേ,

ഈ ആഴ്ചയിലെ ബാലപംക്തിയിൽ കൊച്ചുനങ്ങൻ പി.ജി. രാധാകൃഷ്ണൻനായരുടെ "അതിഥി" എന്ന കഥയായിരുന്നു കുട്ടിച്ചേച്ചി പൊട്ടിച്ചിരിച്ചുപോയി. അതിലുംവിശേഷിച്ച് സന്തോഷംകൊണ്ടും അഭിമാനത്താലും പുളകംകൊണ്ടു. കുട്ടിച്ചേച്ചിയെ സ്റ്റാറാ അല്ല—കുട്ടിച്ചേച്ചിയെ കഥാനായികയാക്കി ഒരു ചെറുകഥാമത്സരത്തിനു കഥയെഴുതുക. ഹ! ഇതിൽനിന്നും കുട്ടിച്ചേച്ചിക്ക് ധരിക്കുവാൻ സാധിച്ചതു് കുട്ടിച്ചേച്ചിയുടെ പൊന്നുസോദരർക്കു കുട്ടിച്ചേച്ചിയോടുള്ള വാത്സല്യാതിരേകത്തിന്റെ അളവു് എത്രത്തോളമാണെന്നതാണു്. കുട്ടിച്ചേച്ചിയുടെ ആകൃതിയുടെയും പ്രകൃതിയുടെയും വിവരണമാണു് ഏറ്റവും രസപ്രദവും ഹൃദയാവർജ്ജകവുമായി ചേച്ചിക്കു തോന്നിയതു്. ശരിയാണു്, കൊച്ചുനങ്ങേ സുന്ദരമായ ആകൃതിവിശേഷം ഈ സാധുചേച്ചിക്കില്ല; എന്നാൽ ഏറ്റവും സുന്ദരമായ ഒരു ഹൃദയമുണ്ടു്. വാസ്തവത്തിൽ ഈ ചേച്ചി ജീവിക്കുന്നതുതന്നെ ഈ നിസ്വാർത്ഥസ്നേഹത്തിന്റെ ശക്തികൊണ്ടാണു്.

കുട്ടിച്ചേച്ചിയുടെ ചിത്രം വരച്ചിരിക്കുന്നതു് ചേച്ചിയെ അത്യധികം ആനന്ദിപ്പിച്ചിരിക്കുന്നു. സരളമായ വസ്ത്രധാരണം, സരളമായ ജീവിതരീതി, നിസ്വാർത്ഥമായ സേവനം—ഇതുമൂന്നുമാണു് ഈ സ്നേഹമയിയായ ചേച്ചിയുടെ ജീവിതാദർശം. ഇതു് കുട്ടിച്ചേച്ചിയുടെ പൊന്നുസോദരർ ഗ്രഹിച്ചിട്ടുണ്ടെന്നു് രാധാകൃഷ്ണന്റെ കഥയും ചിത്രവും വ്യക്തമാക്കിയിട്ടുണ്ടു്. ഇതിൽ കുട്ടിച്ചേച്ചി കൃതാർത്ഥതയടയുകയും ചെയ്യുന്നു.

* * *

അനുജ, ഗോപീ, പാഠപുസ്തകങ്ങൾക്കപ്പുറമേ, മറ്റു പുസ്തകങ്ങളും വായിക്കുന്നതു് ശരിയാണെന്നുമാത്രമല്ല അവശ്യം ആവശ്യംകൂടിയാണു്. പാഠപുസ്തകങ്ങളിൽനിന്നു് ലഭിക്കുന്ന അറിവിനേക്കാളും എത്രയോ അധികം അറിവു് മറ്റു പുസ്തകങ്ങളും വായിക്കുന്നതുകൊണ്ടു് ലഭിക്കുന്നതാണു്. എന്നാൽ വായിക്കുവാൻ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളുടെ കാര്യത്തിലാണു് പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. ബാലഹൃദയങ്ങൾക്കു് യോജിച്ചവയും, സ്വഭാവശുദ്ധിക്കുതകുന്നവയുമായ പുസ്തകങ്ങളും അറിവുള്ളവരെക്കൊണ്ടു തിരഞ്ഞെടുപ്പിക്കണം. നല്ലവിഷയങ്ങളുൾക്കൊള്ളുന്ന സരളഭാഷയിലെഴുതിയ പുസ്തകങ്ങൾ മാത്രമേ വായിക്കാവൂ. അത്തരം പുസ്തകങ്ങളും ധാരാളം വായിക്കുകയുംവേണം.

എന്നാൽ ഇക്കാലത്തെ കുട്ടികൾക്കു് സിനിമമാസികകളും, സ്വഭാവത്തെ മലീമസമാക്കുവാൻമാത്രം സഹായകമാകുന്ന നോവലുകളും മാത്രമേ വായിക്കുവാൻ ആഗ്രഹംകാണുന്നുള്ളു. പൊന്നനുജന്മാരേ, അനുജത്തിമാരേ, ഒരിക്കലും ഇത്തരം പുസ്തകങ്ങളും വായിക്കരുതു് എന്നു കുട്ടിച്ചേച്ചി വീണ്ടും വീണ്ടും സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. കുട്ടിച്ചേച്ചിയെ നിങ്ങൾക്കെല്ലാവർക്കും അത്യധികം സ്നേഹമുണ്ടെന്നു തെളിഞ്ഞിട്ടുള്ളതുകൊണ്ടു് ഈ വാത്സല്യനിധിയായ ചേച്ചിയുടെ ഉള്ളുഴിഞ്ഞ അപേക്ഷ നിങ്ങളോരോരുത്തരും കൈക്കൊള്ളുമെന്നു ചേച്ചിക്കു പൂർണ്ണവിശ്വാസമുണ്ടു്.

പൊന്നുസോദരി, ശ്രീദേവി, കുട്ടികൊല്ലത്തെ എസ്. എൻ. ഡി. പി. സ്കൂബിലിപ്രദർശനംകാണുവാൻപോയിരുന്നു, അല്ലേ? നന്നായി. ഇത്തരം പ്രദർശനങ്ങൾകാണുന്നതു് രസാവഹമായ കാര്യമാത്രമല്ല, പുസ്തകപാരായണത്തെപ്പോലെതന്നെ എന്നല്ല-പുസ്തകപാരായണത്തേക്കാൾ എത്രയോ അധികം പൊതുവിജ്ഞാനവർദ്ധനവിനു സഹായകമാണു്. അതുകൊണ്ടു് ഇത്തരം സന്ദർഭങ്ങൾ എല്ലായ്പോഴും നല്ലപോലെ ഉപയോഗിക്കുവാൻ ശ്രമിക്കണം. ട്രാൻസ്പോർട്ടു വകുപ്പിലെ പ്രദർശനത്തെ എല്ലാവരും ഒരുപോലെ സ്തുതിക്കുന്നതായി ചേച്ചിയുംകേട്ടു. നാം യാത്രയ്ക്കുപയോഗിക്കുന്ന എല്ലാ വാഹനങ്ങളെ സംബന്ധിച്ചും ശരിയായും വ്യക്തമായുമുള്ള പരിജ്ഞാനം സിദ്ധിക്കുവാൻ ആ വിഭാഗം കാണികളെ വളരെയധികം സഹായിച്ചിട്ടുണ്ടു്, ഇല്ലേ?

മത്സ്യകന്യകയെസംബന്ധിച്ചു അനുജത്തിയുടെ അഭിപ്രായം ശരിയാണു്. മുഖക്കണ്ണാടിയുടെ സഹായത്താൽതന്നെയാണു് ആ വിദ്യകാണിക്കുന്നതു്.

കുട്ടിച്ചേച്ചിക്കും പ്രദർശനം കാണണമെന്നുഗ്രഹമുണ്ടായിരുന്നു. കുട്ടിച്ചേച്ചി വന്നിരുന്നുവെങ്കിൽ ചേച്ചിക്കു പൊന്നനുജത്തിയെ നേരിട്ടുകാണുവാൻ സൌകര്യപ്പെടുമായിരുന്നു, ഇല്ലേ? ചേച്ചിയുടെ ജോലിത്തിരക്കു് ഈ ഒരവസരം ഉപയോഗിക്കുവാൻ സാധിക്കാത്തതിനു് പ്രതിബന്ധമായിത്തീർന്നു. എങ്കിലും കുട്ടിച്ചേച്ചിയും അടുത്തകാലത്തു് ഒന്നാന്തരപ്രദർശനങ്ങളും കാണുകയുണ്ടായി. ചേച്ചി കണ്ട പ്രദർശനവസ്തുക്കളിലേറ്റവും വിജ്ഞാനപ്രദമായി ചേച്ചിക്കുതോന്നിയതു് കടം, കലം, ചട്ടി തുടങ്ങിയ മൺപാത്രങ്ങളുണ്ടാക്കുവാൻ ഒരു പണിക്കാരൻ പുതിയതായി കണ്ടുപിടിച്ച പ്രദർശിപ്പിച്ചിരുന്ന ഒരുരീതിയാണു്. സാധാരണയായി മൺപാത്രങ്ങൾനിർമ്മിക്കുന്നതു് ഒരു പ്രത്യേകരീതിയിലുള്ള ചക്രത്തിന്റെ അച്ചുതണ്ടിൽ കളിമണ്ണു് ഉരുട്ടിവെച്ചു് പണിക്കാരൻ ഒരുകൈകൊണ്ടു് ചക്രംനിരിച്ചു മറ്റേകൈകൊണ്ടു് കളിമണ്ണുരൂപത്തിനു പരുവപ്പെടുത്തുകയാണു്. ഈ സമ്പ്രദായത്തിനുള്ള ന്യൂനതപരിഗണിക്കുന്നതിലേക്കു് പണിക്കാരൻ ഒരുകൈമാത്രമേ ഉപയോഗിക്കുവാൻ സൌകര്യപ്പെടുകയുള്ളുവെന്നതാണു്. തനുലം പാത്രനിർമ്മാണത്തിനു് കൂടുതൽ സമയം ആവശ്യമായിവരുന്നതിനുപുമെ, പാത്രങ്ങൾക്കു് വേണ്ടത്ര പൂർണ്ണതസിദ്ധിക്കുന്നതുമില്ല. പ്രദർശിപ്പിക്കപ്പെട്ടിരുന്ന സമ്പ്രദായത്തിൽ ചക്രം പണിക്കാരൻതന്നെ തിരിക്കുന്നതിനുപകരം ചക്രം ഒരു റബ്ബർ ബൽട്ടുകൊണ്ടു മറ്റൊരു ചെറിയചക്രത്തിൽ ഘടിപ്പിച്ചു് ആ ചെറിയചക്രം മറ്റൊരാൾ തിരിക്കുമ്പോൾ വലിയചക്രവും തിരിയുകയുംചെയ്യുന്നതു്. ഇങ്ങിനെ പണിക്കാരന്റെ പാദവും ആകൃതിപ്പെടുത്തുവാൻ രണ്ടു കൈകളും ഉപയോഗിക്കുവാൻ സൌകര്യപ്പെടുകയും തനുലം പാത്രനിർമ്മാണം എത്രയുംവേഗത്തിൽ നിർവ്വഹിക്കുവാൻസാധിക്കുകയും പാത്രങ്ങൾക്കു് കൂടുതൽ മേന്മയുണ്ടാകുകയും ചെയ്യുന്നു. കുടിൽവ്യവസായങ്ങളിൽ ഇത്തരത്തിലുള്ള ചില പരിഷ്കാരങ്ങൾവരുത്തി അവയെ പോഷിപ്പിച്ചു് കേരളത്തിനുപകാരപ്രദമാക്കേണ്ടതുആവശ്യമാണു്.

ചില അത്ഭുതകാഴ്ചകളും കുട്ടിച്ചേച്ചി കണ്ടു. അവയിലൊന്നു് ശരീരമാംസകലം പെട്രോളൊഴിച്ചു് തീകത്തിച്ചു് എരിയുന്ന ഉയരത്തിൽനിന്നു് കുത്തനെ പൊടുന്നനെയുള്ള കുളത്തിലേക്കു ചാടുന്നതാണു്. ഇതിലും വിസ്മയാവഹമായി ചേച്ചിക്കു തോന്നിയതു് ഒരു [illegible] കിണറുപോലുള്ള കഴിയിൽ സൈക്കിളോടിക്കുക; അതിൽക്കുത്തനെ തിരിഞ്ഞുകൂടി സൈക്കിളോടിക്കുക എന്നതാണു്.

ഇത്തരം അൽഭുതാവഹങ്ങളായ കാഴ്ചകളും കണ്ടു് രസിക്കുവാനും, വിജ്ഞാനപ്രദങ്ങളായ പ്രദർശനവസ്തുക്കളും കണ്ടു് അറിവു വർദ്ധിപ്പിക്കുവാനും ഇടയ്ക്കിടെ പ്രദർശനങ്ങളും കാണേണ്ടതു അത്യാവശ്യംതന്നെയാണു്.

* * *

ഇതിനു മുമ്പൊരിക്കൽ കുട്ടിച്ചേച്ചി കുട്ടികൾക്കു ഇന്നത്തെ കലണ്ടർ പ്രത്യേകിച്ചു് എല്ലാരാജ്യക്കാരുംനൽകിയിട്ടുള്ള സ്ഥാനത്തെക്കുറിച്ചും അതിനുള്ള കാരണത്തെക്കുറിച്ചും എഴുതിയിരുന്നതു് ഓർമ്മയുണ്ടായിരിക്കുമല്ലോ. കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിച്ചും അവരുടെ സ്വഭാവം ശുദ്ധീകരണംനടത്തിയും അവർ പ്രായംചെല്ലുമ്പോൾ രാജ്യത്തിലെ ഉത്തമ പൌരന്മാരായിത്തീരുവാൻ സഹായകമാകത്തക്ക പല ഏർപ്പാടുകളും ഇന്നു സ്വകാര്യവ്യക്തികളും ഗവർമ്മെൻറുകളും പത്രങ്ങളും ചെയ്തുവരുന്നുണ്ടു്. ഇല്ലസ്ട്രേറ്റഡ് വീക്ക്ലി ഓഫ് ഇന്ത്യ, ബോംബെ ക്രോണിക്കിൾ തുടങ്ങിയ ഇംഗ്ലീഷ് വാരികകളിലേയും, മനുഷ്യി, മലയാളരാജ്യം തുടങ്ങിയ മലയാളവാരികകളിലേയും ബാലപംക്തികളും, മലയാളമനോരമയുടെ ബാലജനസഖ്യം മുതലായവയെല്ലാം ബാലികാബാലന്മാരുടെ സ്വഭാവസംസ്കരണത്തിനും, വിജ്ഞാനവർദ്ധനവിനും പര്യാപ്തം ചെയ്യുന്ന എടുപ്പാടുകളും, കുട്ടികൾക്കു് പ്രത്യേകം രസാവഹവും വിജ്ഞാനപ്രദവുമായ പ്രദർശനങ്ങളും നടത്തുക, കുട്ടികൾക്കവേണ്ടി ചിത്രമെഴുത്തു്, ചെറുകഥാരചന മുതലായവയിൽ മത്സരങ്ങളും നടത്തുക കുട്ടികളുടെ [illegible]നാരോഗ്യവർദ്ധനവിനാവശ്യമായ ഉത്തമാഹാരപദാർത്ഥങ്ങളും നിശ്ചയപ്രയാസം ലഭിക്കുവാനും വിദ്യാലയങ്ങളും ധാരാളം സ്ഥാപിച്ചു കുട്ടികളുടെ അറിവു വർദ്ധിപ്പിക്കുവാനും വേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനു് മുന്നിട്ടു് പരിശ്രമിക്കുന്ന ഒരു അന്തർദ്ദേശീയസംഘമാണു് 'യൂനിക്കേഫ്' (യു. എൻ. ഐ. സി. ഇ. എഫ്) എന്ന പേരിലറിയപ്പെടുന്ന ലോകവ്യാപകമായ സംഘം. ഈ സംഘത്തിലെ അംഗങ്ങൾ ലോകത്തിലെ പ്രധാനപ്പെട്ട



എല്ലാ രാജ്യങ്ങളിലേയും ഗവണ്മെൻറുകളുടെ പ്രതിനിധികളാണ്. നമ്മുടെ മാതൃഭൂമിയായ ഭാരതം ഒരു ദരിദ്രരാജ്യമാണെന്നിരിക്കിലും ലോകത്തിലെ എല്ലാ കുട്ടികളേയും ഉറ്റ ചങ്ങാതിയായ നമ്മുടെ മുഖ്യമന്ത്രി ജവഹർലാൽനെഹ്റുവിൻറെ ഉത്സാഹത്തിൽ നമ്മുടെ ഗവർമ്മെൻറു ചിലതെല്ലാം ചെയ്യുന്നുണ്ട്. ഇതിനൊരുത്തമോദാഹരണമാണ് കഴിഞ്ഞ ഒക്ടോബറിൽ ഇന്ത്യയുടെ തലസ്ഥാനമായ ഡെൽഹിയിൽ ഉൽഘാടനംചെയ്യപ്പെട്ട കുട്ടികൾക്കായുള്ള സിനിമാതിയറ്റർ. ഈ തിയറ്ററിൽ കുട്ടികൾക്ക് വിദ്യാഭ്യാസമുണ്ടാവുന്നവയും, കുട്ടികളുടെ അറിവു വർദ്ധിപ്പിക്കുവാൻ പര്യാപ്തമാകുന്നവയുമായ ഫിലിമുകൾ മാത്രമേ പ്രദർശിപ്പിക്കയുള്ളൂ.

കൊച്ചു സോദരരേ, നിങ്ങളിൽ മിക്കവരും സിനിമാപ്രദർശനത്തിനു കാണുവാൻ പോകാറുണ്ട്, ഇല്ലേ? എന്നാൽ നമ്മുടെ സിനിമാശാലകളിൽ പ്രദർശിപ്പിക്കുന്ന മിക്കപടങ്ങളും കുട്ടികളുടെ പിഞ്ചുഹൃദയങ്ങളെ സംസ്കരിക്കുന്നതിനുപകരം, അവ പല ദുസ്സ്വഭാവങ്ങളും പഠിപ്പിച്ച് അവരെ ദുസ്സ്വഭാവികളാക്കിത്തീർക്കുവാൻ സഹായിക്കുന്നവയാണ്. പൊന്നനുജന്മാരേ, അനുജത്തിമാരേ, അത്തരം പടങ്ങളും കാണുവാൻ നിങ്ങളും വാശിപിടിക്കരുത്. പ്രായംചെന്ന് നല്ലതും ചീത്തയും തിരിച്ചറിയുവാൻ സാധിക്കുന്ന കാലങ്ങളിൽ മാത്രമേ നിങ്ങളും മേൽ വിവരിച്ചതരത്തിലുള്ള സിനിമാ ഫിലിമുകളും കാണുവാൻ പാടുള്ളൂ.

നിങ്ങളും ഒരു കാര്യംചെയ്യുവിൻ. നമ്മുടെ കേരളക്കരയിലുള്ള എല്ലാ ബാലസംഘടനകളും സഹകരിച്ച് ഏകശബ്ദത്തിൽ നമ്മുടെ ഗവണ്മെൻറുകളോട് അപേക്ഷിക്കുക. സ്വന്തമായുള്ള കുട്ടികൾക്കുവേണ്ടി നിങ്ങളും കൈവശത്തിലാക്കുമാറാകണമെന്ന്. പിഞ്ചുഹൃദയങ്ങളിൽനിന്നുവരുന്ന അപേക്ഷകളും ചെവിക്കൊള്ളാതിരിക്കുവാനുള്ള ഹൃദയകാഠിന്യം നമ്മുടെ ഗവണ്മെൻറധികാരികൾക്കുണ്ടാകയില്ലാ നിശ്ചയം. പ്രായംചെന്ന ഞങ്ങളും നിങ്ങൾക്കായ് ഇക്കാര്യത്തിൽ പിൻതുണനൽകുമെന്നു പറയേണ്ടതില്ലല്ലോ.

കുട്ടിച്ചേച്ചിക്ക് പ്രിയസോദരരേ ഇനിയും വളരെയേറെ സംഗതികൾ അറിയിക്കുവാനുണ്ട്. പക്ഷേ ഈ കത്ത് അതിർകവിഞ്ഞു ഭീർഘിച്ചു പോയതുകൊണ്ടു തല്ക്കാലം നിർത്തട്ടെ.

എന്ന്,
കൊച്ചുസോദരങ്ങൾക്കു സ്നേഹമയിയായ കുട്ടിച്ചേച്ചി.

★

കുട്ടിച്ചേച്ചിക്കുള്ള കത്തു്

★

പ്രിയപ്പെട്ട കുട്ടിച്ചേച്ചി,

ഞാൻ ഈവർഷം 5-ംക്ലാസ്സിൽ ജയിച്ചു. പരിതഃസ്ഥിതിയുടെ കാരുമൂലം എന്നെ സ്കൂളിൽ അയയ്ക്കുന്നില്ലെന്നു തീരുമാനിച്ചിരിക്കുമ്പോഴാണ് കുരീപ്പുഴനിന്നും എൻറെ അമ്മയുടെ ജ്യേഷ്ഠത്തിയുടെ മകൻ വീട്ടിൽ വന്നതു്. ഞാൻ അണ്ണനോടു പറഞ്ഞു 5-ംക്ലാസ്സിൽജയിച്ചെന്ന്. അണ്ണനും അച്ഛനമ്മയോടു സംസാരിക്കുകയും, ഒടുവിൽ I ംഫോറത്തിൽ ചേർക്കുകയും ചെയ്യാമെന്നു പറഞ്ഞു. എൻറെ അണ്ണൻ 6-ംഫാറത്തിൽ ജയിച്ചു. കൊല്ലം ശ്രീനാരായണകോളേജിൽ ചേർന്നിരിക്കുകയാണ്. അണ്ണനോടൊപ്പം എനിക്കും പഠിക്കണമെന്നുശിക്കുന്നു. എനിക്ക് കളിയിലും പാട്ടിലും മറ്റും ആശയുണ്ട്. ഈ വർഷത്തെ ചൂടുമൂലം ഈ നാട്ടിലെ പാടത്തിലെ നെൽച്ചെടികളും കരിഞ്ഞിരിക്കുന്നതും തോട്ടങ്ങളിൽ ഉള്ള കുങ്കുമം ഒണങ്ങിയിരിക്കുന്നതും കണ്ട് ഞാൻ സന്തപിക്കുകയാണ്.

എന്ന്,
കെ. ലക്ഷ്മിക്കുട്ടിഅമ്മ
വയസ്സ് 10.

★


പ്രശ്നങ്ങൾ

—:*:—

1. എൻറെ സ്നേഹിതൻ ജയിച്ച കൊല്ലത്തോട്ട് അതിലെ അക്കങ്ങളുടെ ആകത്തുക കൂട്ടിയാൽ 1947 എന്നോ വയസ്സ് കിട്ടും. എന്നാൽ ജനിച്ചകൊല്ലം ഏതു?

2. നാലക്ഷരക്കാരനായ ഞാൻ ആര്?

രാമനിലുള്ള ഞാൻ കൃഷ്ണനിലില്ല. ജനനത്തിലുള്ള ഞാൻ മരണത്തിലില്ല. മഴയിലുള്ള ഞാൻ വെയിലിലില്ല. നെല്ലിയിലുള്ള ഞാൻ നെല്ലിലില്ല. ഞാനൊരു മനോഹരപുഷ്പമാണ്.



പി. എസ്സ്. ആപ്പുക്കുട്ടൻ.

---

3. അഞ്ചക്ഷരക്കാരനായ ഞാൻ
ർ?
ല്ലിപ്പള്ളത്തിൽ ഞാൻ പുല്ലിച്ചില്ല.
വിലയിൽപ്പള്ളത്തിൽ ഞാൻ കുഴയിലില്ല.
മണ്ണിപ്പള്ളത്തിൽ ഞാൻ കണ്ണിലില്ല.
കല്ലിപ്പള്ളത്തിൽ ഞാൻ നെല്ലിലില്ല.
4. അക്ഷരങ്ങൾ കൊണ്ടുള്ള കടങ്കഥയാണോ? ഇല്ലെങ്കിൽ ഞാൻ
ിപ്പിച്ചുതരാം.
ഞാൻ — സ്നേഹിത, ഞാൻ നാലു
ുള്ള ഒരു സംഖ്യയുടെ ചിത്രമെഴുതിയി
ം. താൻ അതിന്റെ അടിയിൽ
ക്കമെഴുതൂ. ഇനി ഞാനിടാം. അ
ന്റെ തഴെ താൻ എഴുതൂ. ഇനി.
ാൻ; ഇപ്പോൾ 5-സംഖ്യകൾ കൂട്ടാ
ണ്ടു്, അല്ലേ?
സ്നേഹിതൻ അതേ.
ഞാൻ — കുട്ടിനോക്കുമ്പോൾതന്നെ
ാൻ ഉത്തരം പറയട്ടയോ?
സ്നേഹിതൻ — ഉം. പറയൂ കേൾ
ട്ടെ.
ഞാൻ — 21064.
സ്നേഹിതൻ — എങ്ങിനെ കിട്ടി?
ഞാൻ — അതല്ലേ സൂത്രം?
സ്നേഹിതൻ — ആ സൂത്രം എന്നെ
ും പഠിപ്പിച്ചുതരുമോ?
ഞാൻ — ഓഹോ! പഠിപ്പിച്ചുത
ാം. താൻ എഴുതുന്ന സംഖ്യ എത്ര
ന്നെ ആയാലും അതിനോടു് ഏതു
ംഖ്യകൂട്ടിയാൽ 9999 ആകുമോ
ു സംഖ്യയാണു് ഞാൻ ഓരോരോ ത
നയും ഇടുക. അതിനാൽ താൻ
തുസംഖ്യ എഴുതിയാലും അതിനു
ഴെ വേണ്ടസംഖ്യ എന്തായിരി
നമെന്നു് എനിക്കറിയാം. അഞ്ചു
ംഖ്യകളുംകൂടി കൂട്ടിയാൽ കിട്ടുന്ന
കത്തുക ആദ്യത്തെ സംഖ്യയിൽ
ന്നു് 2 കഴിച്ചു് 20,000 കൂടിയാ
കിട്ടുന്നസംഖ്യയായിരിക്കും. മന
ിലായോ, സ്നേഹിത.

കെ. കുഞ്ഞപ്പൻതമ്പുരാൻ
(14 വയസ്സു്)
കൈരളിബാലസമിതിഅംഗം.

★

തുടർച്ചപ്രതിപ്പു്

ഒറ്റവര-മഹാലക്ഷ്മി



"പ്രാചീനകേരളത്തിലെ
ഗ്രാമനായികം."



പി. ജി. രാധാകൃഷ്ണൻനായർ,
കിളികൊല്ലൂർ. നമ്പർ 9.

തിരുത്തു്

—o—

1405-ാം നമ്പരായി ചേർത്തിട്ടുള്ള വി. പി. ഷൺമുഖംപിള്ളയുടെ പകരം എം. പി. ഭാസ്കരൻപിള്ള C/o പി. മാധവൻപിള്ള, തഴമേൽ, അഞ്ചൽ. (പുസ്തകവായന) എന്നു തിരുത്തിച്ചേർത്തിരിക്കുന്നു.

—:**:—



പി. ജി. രാധാകൃഷ്ണൻനായർ, കിളികൊല്ലൂർ. നമ്പർ 9

അംഗങ്ങളുടെ പേരുവിവരം

★

(തുടർച്ച)

1486 കുമാരി സുശീല, കളങ്ങര, കോടിമത, കോട്ടയം. (പുസ്തകപാരായണം)
1467 കെ. രാമചന്ദ്രപിള്ള, പുത്തൻപുരയ്ക്കൽവീടു്, വെള്ളംകുളങ്ങര, ഹരിപ്പാടു്. (പഞ്ചകളി)
1468 ഠി. എൻ. ശംഭുധരൻ, ഇ. എച്ചു്. സ്കൂൾ, കഴിമതിക്കാടു്, കണ്ടറ. (സംഗീതം)
1469 ജി. ശശിധരൻനായർ, കരയാളം, പുല്ലയിൽ, കിളിമാനൂർ.
1470 എസ്സ്. സരോജം, C/o എം. കെ. കൃഷ്ണയ്യർ, അഡ്വക്കേറ്റു്, കോട്ടയം. (സംഗീതം)
1471 എൻ. രാജമ്മ, കരണ്ടിപ്പുഴിൽവീടു്, പൊന്മുഴ, കണ്ടറ. (പുസ്തകപാരായണം)
1472 കെ. പി. ഉണ്ണിക്കൃഷ്ണൻനായർ, കുട്ടാലയിൽവീടു്, തൈയ്യൂട്ടശ്ശേരി, ചേർത്തല.
1473 കെ. കേശവപിള്ള, വെള്ളങ്ങാട്ടുവട്ടത്തറ, ആദിനാടുവടക്കു്, ക്ലാപ്പന. (പുസ്തകപാരായണം)
1474 ആർ. നാരായണപിള്ള, മുട്ടശ്ശേരിൽവീടു്, പടഹാരം, തകഴി. (ചെറുകഥ)
1475 എം. രവിവർമ്മരാജാ, നാരായണമംഗലംമന, പുതുപ്പള്ളി. (ചിത്രമെഴുത്തു്)
1476 വി. ഗോപാലകൃഷ്ണൻനായർ, ശരഭാവിലാസം, പൈവേലി, പള്ളിക്കൽ. (പദ്യംവായന)
1477 വി. പദ്മം, ജവഹർഭവൻ, രാമവർമ്മപുരം, നാഗർകോവിൽ. (സംഗീതം)
1478 കെ. ബി. നായർ, കൃഷ്ണമംഗലം, ചാക്ക, തിരുവനന്തപുരം. (സ്തോത്രശ്ലോകരചനം)
1479 വി. ശാന്തകുമാരിഅമ്മ, മംഗലത്തുതെക്കതിൽ, കടപ്പാ, മൈനഗപ്പള്ളി. (ചെറുകഥ)
1480 എൻ. വസന്തകുമാരി, രാഘവവിലാസം, തട്ട, തൃക്കുന്നപ്പുഴ. (സംഗീതം)
1481 എൻ. ലളിതകുമാരി, ടി ടി (മാലകെട്ടു്)
1482 എൻ. സരസമ്മ, ടി ടി (ഗ്രന്ഥപാരായണം)
1483 കെ. ആർ. രാജശേഖരൻപിള്ള, ടി ടി (സ്തോത്രശ്ലോകരചനം)
1484 സി. വി. വേണുഗോപാലൻനായർ, ഓവാവീടു്, ചിറയിൻകീഴു്. (ചെറുകഥ)
1485 പി. ജോസഫ്, കേരളാപ്രസ്സ് ലയിൻ, തിരുവനന്തപുരം. (ചെറുകഥ).
1486 ആർ. വിജയൻപിള്ള, ആദിക്കാട്ടുവീടു്, ശാസ്താംകോട്ട. (തീപ്പെട്ടിപ്പടംശേഖരണം)
1487 പി. വി. വർഗ്ഗീസ്, പണയിക്കൽഹൗസു്, കുന്നംകുളം. (ചെറുകഥ)
1488 എൻ. കെ. ഹരിഭാസമേനോൻ, തെക്കേതോട്ടത്തു് പിള്ളവീടു്, മനയ്ക്കാറിക്കര. (തുടരും)

ഫിയറ്റ് ട്രാക്ടർ സംഭാവന


★


മന്ത്രി ശ്രീ: കിദ്വായിടെ അദ്ധ്യക്ഷതയിൽ സമ്മാനച്ചടങ്ങ്

ന്യൂഡൽഹി, ജൂൺ 6—മെസേഴ്സ് ഫിയറ്റ് മോട്ടർകമ്പനിയിൽ നിർമ്മിക്കപ്പെട്ടതും ഫിയറ്റ് ട്രാക്ടറിന്റെ ഇന്ത്യയിലെ സോൾ ഡിസ്ട്രിബ്യൂട്ടഴ്സായ കമ്പനി ഇൻജിനീയറിംഗ് കോർപ്പറേഷൻ (ക്ലിപ്തം) ഉണ്ടാക്കിയതുമായ രണ്ട് ഫിയറ്റ് ട്രാക്ടർ ട്രാക്ടറുകളുടെ സമ്മാനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ഇന്ത്യൻ ഭക്ഷ്യകൃഷിമന്ത്രി ശ്രീ: റാഫി അഹമ്മദ് കിദ്വായി, ഇന്ത്യൻ കൃഷിക്ക് ഗണ്യമായ പ്രയോജനമുണ്ടാക്കുമെന്ന പ്രത്യാശിക്കപ്പെട്ടിട്ടുള്ള ഈ രണ്ട് ട്രാക്ടറുകളും ഒരു സമ്മാനരൂപത്തിൽ സംഭാവനചെയ്ത മെ: ഫിയറ്റ് മോട്ടർകമ്പനിയെ പ്രശംസിക്കുകയുണ്ടായി. ഈ ചടങ്ങു നടന്നതു മേ 26-നും-ആയിരുന്നു. ഇതു സംബന്ധിച്ചു ശ്രീ: കിദ്വായി കാർഷികപ്രശ്നങ്ങളേയും അവ പ്രയോജനമുണ്ടാക്കേണ്ടതിനെപ്പറ്റിയും പ്രസ്താവിച്ചു. പ്രസ്തുത സമ്മാനത്തിൽ ഇന്ത്യാഗവർമ്മെന്റിന്റെ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു അദ്ദേഹം ഈ ഇറ്റാലിയൻ ട്രാക്ടറുകൾ ഇന്ത്യയിൽ വിജയകരമായിത്തീരുമെന്നു പ്രത്യാശിച്ചു. ഇറ്റാലിയൻ പ്രതിപുരുഷാലയത്തിലെ ഡാ: ജി. ബി. ടൊഫോളോ, ഡാ: എം. സെറാഫിനി ഇന്ത്യൻ ഭക്ഷ്യകൃഷിവകുപ്പിലെ സർദാർ ഭഗവൻസിംഹ്, ഡാ: ആർ. ബൈഡ്, സെൻട്രൽ ട്രാക്ടർ ആർഗനൈസേഷൻ ചെയർമാൻ ഭഗവൻസിംഹ് എന്നിവരും പ്രസ്തുത പ്രശസ്തന്മാരടങ്ങിയ ഒരു സദസ്സിൽവച്ചാണു ഈ സമ്മാനദാനം നടന്നതു്. പൂസയിലെ ഇന്ത്യൻ കാർഷികഗവേഷണ ഇൻസ്റ്റിറ്റിയൂട്ടിൽവച്ചാണ് ചടങ്ങു് നടന്നതു്.

സ്വാഗതപ്രസംഗത്തിൽ ഇന്ത്യയിലെ ട്രാക്ടർ വിതരണക്കാർക്കുവേണ്ടി ഡാ: സി. ഏ. മേത്ത ഇന്ത്യൻ സാമ്പത്തികജീവിതത്തിന്റെ അടിത്തറ കൃഷിയാണെന്നും പഞ്ചവത്സരപദ്ധതിയിൽ അതിനു വലിയ ഒരു പങ്കു വഹിക്കാനുണ്ടെന്നും രാജ്യത്തെ ഭക്ഷ്യോല്പാദനത്തിലും മറ്റുമുള്ള വലിയ രാജ്യത്തിനു ശുഭോദർക്കമായ ഒരു ഭാവി കൈവരുത്തുന്നുണ്ടെന്നും ശ്രീ: കിദ്വായിയുടെ പ്രവൃത്തികൾ പ്രശംസനീയമാണെന്നും സൂചിപ്പിച്ചിരുന്നു.

ഫിയറ്റ് മോട്ടർകമ്പനിയുടെ ഇന്ത്യയിലെ ഫീൽഡ് റെപ്രസന്റേറ്റീവ് ആയ ഡാ: എച്ച്. സി. ഗ്രിക്കിയോളിനും ചടങ്ങിൽ പ്രസംഗിച്ചു. ഇറ്റലിയെപ്പോലെയുള്ള ഒരു രാജ്യത്തിന് ഇന്നും അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന പല പ്രയാസങ്ങളേയും അദ്ദേഹം പരാമർശിക്കുകയും ഇന്ത്യയുടെ പ്രയാസങ്ങളെ ഇറ്റാലിയന്മാർ ശരിയ്ക്കു ഗ്രഹിക്കുന്നുണ്ടെന്നുപറയുകയും ഒരുന്നത ജീവിതമാനദണ്ഡത്തിനുവേണ്ടിയുള്ള ഇന്ത്യയുടെ ഭീമയത്നങ്ങളെ പ്രശംസിക്കുകയുംചെയ്തു. ഇന്ത്യയിൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള തങ്ങളുടെ ആത്മാർത്ഥതയുടെ ഒരു പ്രകടനമായിത്തന്നെയാണ് ഈ രണ്ടു ട്രാക്ടറുകളും സമ്മാനിക്കുന്നതെന്നും രാജ്യത്തിന്റെ കാർഷികപദ്ധതികളും വികസിപ്പിക്കുന്നതിൽ അവ പ്രയോജനകരമായിരിക്കുമെന്നാശിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു.





ട്രാക്ടറിന്റെ പ്രദർശനം

പൂസാ ഇൻസ്റ്റിറ്റിയൂട്ടിലെ കൃഷിഭൂമിയിൽ ഈ ട്രാക്ടറുകളുടെ പ്രവർത്തനത്തിന്റെ ഒരു പ്രദർശനത്തോടെ ചടങ്ങു സമാപിക്കുകയുണ്ടായി. നാലു ചാലു് ഉഴാവുന്നതാണ് ഒരു ട്രാക്ടർ. പതിവായുള്ള കർഷകജോലിക്കും ചെറിയതോതിലുള്ള മണ്ണൊട്ടുപ്പുനികത്തൽജോലിക്കും ഈ ട്രാക്ടറുകൾ പാറിയതാണ്. പ്രയാസമേറിയ നിലങ്ങളിലാണ് ഇവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനകരമായിരിക്കുന്നതു്. ചില ഉപജീകരണങ്ങൾകൂടി ഘടിപ്പിച്ചാൽ തറനിരപ്പുവരുത്തുന്നതിനും മണ്ണൊട്ടുക്കുന്നതിനും മറ്റും ഈ ട്രാക്ടറുകൾ ഉപയോഗിക്കാവുന്നതാണ്. ഇവ ഇന്ത്യയിൽ ഏറ്റവും ചിലവുകുറഞ്ഞ ഡീസൽഎഞ്ചിനുകൊണ്ടു് ഓടുന്നവയാണ്.

വ്യാപകമായ ബിസിനസ്സും സാങ്കേതികസംഘടനകളും മറ്റും സ്ഥാപിച്ചു് പ്രശസ്തമായി പ്രവർത്തനംനടത്തിവരുന്ന മെ: കാമിനിഇൻജിനിറിംഗ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ ശ്രമങ്ങളെ ഡാ: ഗ്രിക്കിയോളി പ്രശംസിക്കുകയുണ്ടായി എന്നുള്ളതു സ്മരണീയമാണ്.

—o—

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service

KRISHNAN NAIR'S WATCH Co.
TRICHUR-ERNAKULAM & QUILON

7 നാൾക്കുള്ളിൽ
പ്രമേഹം
സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണ് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കരവ്യാധിയാണ്. പ്രമേഹരോഗിയുടെ അഭിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ ഉപദേശിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണ്. ഈ കുത്തിവെപ്പുകൊണ്ടു് രോഗശമനമുണ്ടാകുന്നതല്ല. ഇൻസുലിൻ കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം മൂത്രത്തിൽ പോകുന്നതായി കാണാം.

അധികമദ്യപാനം, വിശപ്പ്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയുടെ കൂടി,) ചൊറിയുക എന്നിവയും ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങളാകുന്നു. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ്" ചൂർണ്ണം" ആധുനികശാസ്ത്രത്തിന്റെ ഒരത്ഭുത കണ്ടുപിടിത്തമാണ്. ഇതുപയോഗിച്ചു് ആയിരം പ്രമേഹരോഗികളും മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടുണ്ട്. "വീനസ്സ്" ചൂർണ്ണം" രണ്ടുമൂന്നു വർഷം ഉപയോഗിക്കുമ്പോഴേക്കും മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാഴ്ചയിൽ കൊണ്ടതെന്നെ പകുതി സുഖമായതായി അനുഭവം ഉണ്ടാകുന്നു. യാതൊരു പത്ഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഫ്രീ ലിസ്റ്റിനു് ലഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഗുളികയുള്ള കുപ്പിക്കു് 6 രൂ. 12 അണ. പാക്കിങ്ങുചാർജ്ജ് സൗജന്യം.

Venus Research Laboratories
P. B. No.587, Calcutta. (M.)

ഗ്രന്ഥവിഹാരം

വ്യാസന്റെ വിരുന്ന്

ഗ്രന്ഥകർത്താ,
സി. രാജഗോപാലാചാര്യ്യ
വിവർത്തകൻ,
പി. ശേഷാദ്രിഅയ്യർ ബി. എ. എം. എൽ.
തിരുവിതാംകൂർ സർവകലാശാല പ്രസിദ്ധീകരണവകുപ്പ്
ഒന്നാംഭാഗം വി. ക്ര. 2 അ. 8
രണ്ടാംഭാഗം വി. ക്ര. 2 അ. 3.

ശ്രീ: സി. രാജഗോപാലാചാര്യ്യ മഹാഭാരതകഥയെ സംക്ഷേപിച്ചു വ്യാസർവിരുന്നു എന്നപേരിൽ തമിഴിൽ എഴുതിയിട്ടുള്ള ഗ്രന്ഥത്തെ ഹിന്ദിയിലേക്കും അതിൽനിന്നു ബംഗാളിയിലേക്കും അടുത്തകാലത്തു വിവർത്തനംചെയ്യപ്പെട്ടകയുണ്ടായി.

ആ ബംഗാളിതർജ്ജമയെ അവലംബമാക്കി ശ്രീ: പി. ശേഷാദ്രിഅയ്യർ എഴുതിയതാണ വ്യാസന്റെവിരുന്നു്. രാജ്യതന്ത്രധുരന്ധരനെന്നു വിശ്വാന്തവിശ്രുതയശസ്സുനായ സി. രാജഗോപാലാചാര്യ്യ സാഹിത്യകലയിലും സമുന്നതപദവിയാണ വഹിക്കുന്നതെന്നു തമിഴ്സാഹിത്യപ്രവർത്തകന്മാരെ പരിചയപ്പെടുത്തിക്കൊടുക്കേണ്ടതായില്ല. പ്രതിഭാശാലിയായ മൂലഗ്രന്ഥകാരൻ, വിവർത്തകനാണെങ്കിൽ വിവിധസാഹിത്യസരണികളുടെ വിസ്തീർണ്ണജ്ഞാതാവും. ഈ നിലയിൽ വ്യാസന്റെ വിരുന്നു കൈരളിക്കുലഭിച്ച ഒരു നവാതിഥിനിമന്ത്രണമായി പരിഗണിക്കണം.

അടുത്തകാലത്തു മലയാളത്തിനു മഹാഭാരതാന്തർഗതമായ വൈശിഷ്ട്യത്തെ പ്രകീർത്തനംചെയ്യുന്നതിനു അവസരമുണ്ടായിക്കണ്ടുന്നതു അഭിനന്ദനീയമായ കാര്യമാണ്. ശ്രീ. വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളുടെ മഹാഭാരതപ്രവേശികയാണ ഇതിൽ പ്രഥമത അനുസ്മരിക്കുന്നുള്ളതു്. ആ ഗ്രന്ഥത്തെപ്പറ്റി ഈ പംക്തികളിൽ പ്രസ്താവിച്ചുകഴിഞ്ഞതാകകൊണ്ടു് അതിലേക്കു പ്രവേശിക്കുന്നില്ല. അജ്ഞാതഭേദമെന്നു അറിയപ്പെടുന്ന മഹാഭാരതത്തിൽ വ്യാസഭഗവാൻ യതോധർമ്മസ്തതോ ജയ, എന്ന അനശ്വരസത്യത്തെ വ്യാഖ്യാനിക്കയും സ്ഥാപിക്കയും ആണ ചെയ്തുള്ളതു്. ത്രികാലജ്ഞനായ ആ മഹർഷിവര്യൻ ലോകോപകാരാർത്ഥം ധർമ്മദീപം ജ്വലിപ്പിച്ചിരിക്കയാണ ഭാരതത്തിൽ. ശ്രീ: സി. രാജഗോപാലാചാരിയുടെ വ്യാസന്റെവിരുന്നും ഭഗവാൻ വ്യാസമഹർഷിയുടെ ധർമ്മപ്രവണതയെ പ്രമാണമാക്കിക്കൊണ്ടുതന്നെയാണ നിർവഹിച്ചിട്ടുള്ളതു്. മഹാഭാരതകഥയിലെ ഉപാഖ്യാനങ്ങളുടെ ബാഹുല്യത പ്രസിദ്ധമാണ്. അവയിൽനിന്നു സാക്ഷാത്തായ കഥയെ സംക്ഷേപിച്ചു സഹൃദയസമ്മതിവരുത്താൻ സാധിച്ചതാണ സി. രാജഗോപാലാചാരിയുടെ വിജയം. അദ്ദേഹം സരസമായരീതിയിൽ കഥപറഞ്ഞു നമ്മെ രസിപ്പിക്കുകമാത്രമല്ല, സ്മരണയിൽ അവശേഷിക്കത്തക്കവിധം ധർമ്മസൂക്ഷ്മഗതിയെപ്പറ്റി നല്ല ഉൽബോധനവും നൽകുന്നുണ്ടു്. ലോകത്തപഠിതാക്കൾക്കു പ്രയോജനപ്പെടണം എന്നകൂടി അദ്ദേഹം ഈ പ്രയത്നം കൊണ്ടുദ്ദേശിച്ചിരിക്കണം. ആ ഉദ്ദേശം തികച്ചും സാഫല്യത്തിലെത്തിയിട്ടുണ്ടു്"

മൂലഗ്രന്ഥകാരന്റെ ഉദ്ദേശ്യവും വൈദുഷ്യവും തികച്ചും മനസ്സിലാക്കി വിവർത്തനംചെയ്തതിലാണ ശ്രീ: പി. ശേഷാദ്രിഅയ്യരെ ഇവിടെ അഭിനന്ദിക്കുന്നതു്. അദ്ദേഹത്തന്റെ ഭാഷയുടെ സരളതയും മധുരിമയും ഭാഷാരീതി ഈ പരിഭാഷയെ ഹൃദയംഗമമാക്കിയിരിക്കുന്നു. ഒന്നാംഭാഗത്തിൽ 51-ം രണ്ടാംഭാഗത്തിൽ 56-ം ആയി 107 കഥകളിലായി മഹാഭാരതത്തെ സമാഹരിച്ചിരിക്കയാണ്. ഗണപതിയുടെ രായസപ്പണിയിൽതുടങ്ങി ധർമ്മപുത്രരുടെ സ്വർഗ്ഗാരോഹണത്തോടുകൂടി സമ്പൂർത്തിയായിത്തീരുന്ന മഹാഭാരതകഥയുടെ സമ്പൂർണ്ണരൂപം ഇതിൽനിന്നു ഗ്രഹിക്കാൻസാധിക്കും. നമ്മുടെ വിദ്യുത്തേജിലോകത്തിനു അധ്യയനഗ്രന്ഥമായി ഇതിനെ സമീകരിക്കുന്നതു സമുചിതമായിരിക്കും.

സേവാസദൻ
കീ സമീക്ഷാ

ലേ: N. E. വിശ്വനാഥയ്യർ എം. എ.
പ്രകാശകർ, സാഹിത്യനികേതൻ,
126 ശ്രീവരാഹം, തിരുവനന്തപുരം.
പേജു് 88, വില 1 ക.

പ്രേമചന്ദിന് ലോകപ്രശസ്തി നേടിക്കൊടുത്ത പ്രഥമനോവലായ സേവാസദൻ ആസ്പദമാക്കിക്കൊണ്ടു വിദ്യാർത്ഥികൾക്കുപകരിക്കാനും ആയി എഴുതപ്പെട്ടിട്ടുള്ളതാണ് പ്രസ്തുതപുസ്തകം. ഗ്രന്ഥകർത്താവിന്റെ ഇതിനുമുൻപു് മധുമഞ്ജരി കാ ആലോചനാത്മക് അധ്യയൻ, അനുവാദചന്ദ്രികാ, മഹാകവി രവീന്ദ്രനാഥ് ടാഗോർ തുടങ്ങിയ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതിന്റെ തുടക്കം ഈ പുസ്തകത്തിൽ കാണാം. ലേഖകൻ ചോദ്യോത്തരരൂപത്തിലുള്ള കഥാസംഗ്രഹത്തിനുപുറമേ പാഠനിരൂപണവും വിമർശനപരമായ ഉപന്യാസങ്ങളും കൊടുത്തിട്ടുണ്ടു്. വെറും സഹായകഗ്രന്ഥമാകാതെ ഭേദപ്പെട്ട വിമർശനഗ്രന്ഥമാകാൻ ലേഖകൻ ശ്രമിച്ചുകാണുന്നു. സേവാസദന്റെ സാഹിത്യപരമായ പല വശങ്ങളെപ്പറ്റിയും ഇനിയും ഉപന്യാസങ്ങൾ ചേർക്കാമായിരുന്നു.

—സി. എം. പി.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർഷിച്ചു് യൌവനം നിലനിൽക്കുന്നതിനു് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ക്ഷയരോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജശ്ശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു് സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഫെഡറഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O. തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കൃത്താട്ടുകുളം	19. തക്കല	27. പാറവൂർ	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36. മദ്രാസ്
3. ആറ്റിങ്ങൽ	12. കൊച്ചി	21. തിരുവല്ലാ	29. ബാംഗ്ളൂർ	37. മാർത്താണ്ഡം
4. ഇടപ്പള്ളി	13. കൊല്ലം	22. തുപ്പുണിത്തുറ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	31. പിറവം	39. മുണ്ടക്കയം
6. എറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റിൻകര	34. പെരുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേർത്തല			

(2-ാംപേജിൽനിന്നു തുടർച്ച)

പ്പിക്കുന്നു. രാമുവിന്റെ ഭാര്യയുടെ രാക്കുറുംകൊണ്ടു ശാന്തയ്ക്കു ഗൃഹത്തിൽ ജീവിക്കുവാൻ നിവൃത്തിയില്ലാതാകുന്നു. അവർ ഒരു പാണ്ടിപ്പുറത്തു ജീവിതം നയിക്കുന്നു. ഇതിനിടയിൽ ശങ്കറിന്റെ ദുഷിച്ച ജീവിതത്തെക്കുറിച്ചു മനസ്സിലാക്കിയ രാമു അനന്തനെ പുത്തടിക്കുവാൻ പണം അയച്ചുകൊടുക്കുകയാകുന്നു. ശങ്കർ തന്റെ പണമെല്ലാം അപഹരിച്ച ചെമ്പൽ എന്ന വേ[illegible]വെടിവച്ചുകൊല്ലുന്നു. ആ ഏറ്റുമുട്ടലിൽ രാമുവിന്റെ മകനെ രക്ഷിക്കുവാൻവേണ്ടി മാതാവു് ഏറ്റെടുക്കുന്നു. കോടതിയിൽ കൊലക്കുറ്റത്തിനുവേണ്ടി നിരപരാധിയായ ആ മാതാവിനെ ശിക്ഷിക്കുന്നു.

കഥയിൽ യുക്തിഭംഗങ്ങളും അസ്വഭാവികതകളും അവിടവിടെ കാണാവുന്നതാണു്. ഒരു കുഗ്രാമവാസിയായ ചലപതി തന്റെ മിടുക്കുകൊണ്ടു 6000 രൂപായും കൂട്ടികളുടെ ജനനം സംബന്ധിച്ചു് 1500 രൂപായും കടംവാങ്ങിയിട്ടു് ആ കടം വീട്ടുവാൻ നിവൃത്തിയില്ലാതെ കാശിക്കു പോകുന്നതായി കാണിച്ചിരിക്കുന്നതു വിചിത്രമായിട്ടുണ്ടു്. രാമുരമൃഹർമ്മ്യത്തിൽ താമസിക്കുമ്പോൾ സ്വന്തം മാതാവിനെ പുത്തടിയിൽ ജീവിക്കുവാൻ അനുവദിക്കുന്നതും മറ്റൊരു വിചിത്രസംഭവമാണു്. കോളേജ് വിദ്യാർത്ഥികളുടെ ജീവിതരീതികളും ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നതു ലേശം ഗർഹണീയമായവിധത്തിലാണു്. വാസ്തവത്തിൽ ഇതു വിദ്യാർത്ഥിലോകത്തോടു കാണിക്കുന്ന ഒരു അക്ഷന്തവ്യമായ അപരാധംതന്നെയാണു്. നിയമപീഠത്തോടുള്ള അവഹേളനവും ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. ചെമ്പലിന്റെ മരണത്തിനുവേണ്ടി ശാന്തയെ ശിക്ഷിക്കുന്നതു് സത്യത്തിനും ധർമ്മത്തിനും വിരുദ്ധവുമായിട്ടുണ്ടു്. ശങ്കർ കോടതിയിൽ കൊലക്കുറ്റത്തെക്കുറിച്ചുള്ള യഥാർത്ഥ്യം വെളിപ്പെടുത്താൻ തുനിയാതിരുന്നതും അസ്വാഭാവികമായിട്ടുണ്ടു്. സംവിധായകനും കഥാകനും ശ്രദ്ധിച്ചിരുന്നെങ്കിൽ കഥയിലെ പല ന്യൂനതകളും പരിഹരിക്കാമായിരുന്നു.

ശാന്തയുടെ ഭാഗം ജി. വരലക്ഷ്മി അസ്സലായവഹമംവച്ചിട്ടുണ്ടു്. "കാർക്കർരോഗം" അഭിനയിക്കുന്നതിൽ ആ നടിക്കുള്ള കഴിവു് ഈ ചിത്രം തെളിയിച്ചിട്ടുമുണ്ടു്. ടി. ഡി. വസന്ത (ഗൌരി) തന്മയത്വമായി അഭിനയിച്ചിട്ടുണ്ടു്. കെ. ആർ. ചെല്ലം (കാന്തമ്മാൾ) ഈ ചിത്രത്തിൽ മോശമായിട്ടില്ല. ബി. ചന്ദ്രായും (ചെമ്പൽ) സി. വരലക്ഷ്മിയും (ലക്ഷ്മി) അവർവരുടെ ഭാഗങ്ങൾ ചുമതലാബോധത്തോടെ അഭിനയിച്ചിട്ടുണ്ടു്. ഏ. നാഗേശ്വരറാവു (രമു) ഈ ചിത്രത്തിൽ അഭിനയിക്കുകയല്ല ജീവിക്കുകയാണു ചെയ്യുന്നതു്. എം. എൻ. നമ്പ്യാർ (ശങ്കർ) തന്റെ ഭാഗം കഴിയുന്നതു നന്നാക്കിയിട്ടുണ്ടു്. ആർ. നാഗേശ്വരറാവു (ചലപതി) എസ്. ഏ. സുബ്ബരാമൻ (പെരുമാൾ) എസ്. ഏ. കണ്ണൻ (നാഗയ്യാ) ശിവാജി (ശർമ്മ) എന്നിവരും അവരവരുടെ അഭിനയകലയിലുള്ള വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുണ്ടു്. ഈ ചിത്രത്തിലെ ഗുണരംഗങ്ങൾ അതീവ ഹൃദ്യമായിട്ടുണ്ടു്. ആസ്വാദ്യതരമായ ലാളിത്യവും അനുപമമായ സംരഭൃവും അപ്രതിമമായ ആശയസംകുമാര്യവും നിറഞ്ഞുവഴിയുന്നവയാണു് ഇതിലെ ഗാനങ്ങളെല്ലാം. തഴ്ന്നതരം കോമിക്കുകളൊന്നും ഈ ചിത്രത്തിൽ പ്രയോഗിച്ചിട്ടില്ലെന്നു മാത്രമല്ല കോമിക്കിന്റെ പേരിൽ അനാവശ്യരംഗങ്ങളൊന്നും ഏച്ചുകെട്ടിയിട്ടുമില്ല. സാങ്കേതികവശങ്ങളിലും ചിത്രം പരാജയപ്പെട്ടിട്ടില്ല. കഥയുടെ നിർവ്വിഘ്നമായ ഒഴുക്കും തുടച്ചാഗ്രണവും ഈ ചിത്രത്തിൽ ശ്ലാഘനീയമായ വിധം കാത്തുസൂക്ഷിച്ചിട്ടുമുണ്ടു്. കാണികളുടെ ഹൃദയമലയിപ്പിച്ചുകൊണ്ടു മുന്നോട്ടുനീങ്ങുന്ന നിത്യജീവിതസംഭവങ്ങളുടെ ഒരു സമുച്ചയമാണു് പൊറാതയു്. തമിഴിലെ സമുദായികചിത്രങ്ങളിൽവച്ചു ശ്രേഷ്ഠമായ ഒരു സ്ഥാനം പൊറാതയിക്കു നൽകുവാനുതകുമാണു്. പൊറാതയു് ഇന്നത്തെ യുവലോകം അവശ്യം കാണേണ്ട ഒരു ഉത്തമ ചിത്രവുമാണു്.

★

പുത്രമവേണം

★

ഭാരതത്തിൽ ചലച്ചിത്ര വ്യവസായം വളരെയധികം അഭിവൃദ്ധിപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. ചലച്ചിത്രനിർമ്മാണത്തിനു ലോകത്തിൽ ദ്വിതീയസ്ഥാനം കരസ്ഥമാക്കുവാനും ഭാരതത്തിനു സാധിച്ചിട്ടുണ്ടു്. പക്ഷേ ചലച്ചിത്ര വ്യവസായത്തിന്റെ ഭാവിയെസംബന്ധിച്ചു് ആശങ്കകൾക്കിടയാക്കത്തക്കവണ്ണമാണു് ഭാരതീയ സിനിമാവ്യവസായം ഇന്നു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നതു്. ചിത്രങ്ങളുടെ വിജയത്തിനു കാരണം താരങ്ങളാണെന്നു വിശ്വസിക്കുന്ന പല നിർമ്മാതാക്കളും ഇന്ത്യയിലുണ്ടു്. സാങ്കേതികമായും കലാപരമായും ഉള്ള നേട്ടങ്ങളല്ല, കൂടുതലും അരാഡ്യസൻ ചിത്രങ്ങളിലെങ്കിലും അഭിനയിച്ചവരായിരിക്കണം താരങ്ങളെന്ന മാനദണ്ഡം വെച്ചുകൊണ്ടാണു് അവർ ചിത്രങ്ങളും നിർമ്മിക്കുന്നതു്. അതിനായി അവർഏതു ഭീമമായ തുകയും ചിലവഴിക്കുവാനുണ്ടു്. നിർമ്മാതാക്കളുടെ ഈ നിർബന്ധം കൊണ്ടാണു് പ്രേക്ഷകർ നിരവധി പ്രാവശ്യം കണ്ടു കുട്ടത്ത അതേ താരങ്ങളെതന്നെ വീണ്ടും വീണ്ടും വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെടുവാൻ ഇടയാകുന്നതു്. പുതുമുഖങ്ങളെയാണു് ഇന്നത്തെ പ്രേക്ഷകർ അധികം ഇഷ്ടപ്പെടുന്നതെന്നുള്ള യാഥാർത്ഥ്യത്തിന്റെ നേരെ നിർമ്മാണകർ കണ്ണടയ്ക്കുകയാണു്. മിക്ക ചിത്രങ്ങളിലും പഴയതാരങ്ങൾതന്നെ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നതു കാണുമ്പോൾ ആകെക്കൂടെ ഒരു മടുപ്പും പെടിപ്പും തോന്നാതിരിക്കുമോ? പാശ്ചാത്യലോകത്തിലേയ്ക്കു പ്രത്യേകിച്ചു് ഹോളിവുഡ്സ്ലേക്കു നോക്കിയാൽ അവിടത്തെ ചിത്രനിർമ്മാതാക്കൾ പുതിയ താരങ്ങളെ കണ്ടുപിടിക്കുന്നതിൽ സർവ്വദാ ജാഗ്രുകരായിട്ടാണു് കാണുന്നതു്. ഭാരതത്തിലും പുതുതാരങ്ങളെ കണ്ടുപിടിക്കുന്നകാര്യം ഇന്നു വൈഷമ്യമേറിയ കാര്യമല്ല. വിവിധ കലാസമ്പന്നരായി സിനിമാരംഗത്തിൽ പ്രശോഭിക്കുവാൻ അർഹരായ എത്രയോപേർ ഏതു ജാതിയിലും വിഭാഗത്തിലുമുണ്ടു്. അവരെ തിരഞ്ഞെടുക്കുകമാത്രം ചെയ്താൽമതി. തേച്ചുമിനുക്കിയാൽ പ്രഭാപൂരം പരത്തുവാൻ കഴിവുള്ള കലാസമ്പന്നർ ഭാരതത്തിൽ ധാരാളമുണ്ടെന്നും അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള സന്ദർഭങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതു് തങ്ങളുടെ കടമയാണെന്നുമുള്ളതു് ഇന്നത്തെ നിർമ്മാതാക്കൾ വിസ്മരിക്കാതിരിക്കേണ്ടതാണു്. പഴയതാരങ്ങൾക്കു് പ്രതിഫലം ലക്ഷക്കണക്കിൽ കൊടുത്തു ചിത്രനിർമ്മാണത്തിനു് ആകെ വേണ്ടിവരുന്ന ചിലവു് വർദ്ധിച്ചുവരുന്ന ഇക്കാലത്തു പുതിയതാരങ്ങൾക്കു് ചെറിയ പ്രതിഫലം നൽകി അനാവശ്യമായ ചിലവിനെ നിയന്ത്രിക്കാവുന്നതുമാണു്. ഒരാൾതന്നെത്തന്നെ ഒന്നിലധികം നിർമ്മാണകർ ഒന്നിച്ചു സമീപിക്കുമ്പോൾ ആ താരം ഓരോ ചിത്രത്തിനും അമിതമായ പ്രതിഫലം ആവശ്യപ്പെടുന്നതിനും ഇടയാകുന്നതാണു്. ഒരേസമയത്തു് അഞ്ചും ആറും ചിത്രങ്ങളിൽ അഭിനയിക്കുന്ന താരങ്ങളുടെ ഗതി എന്താണെന്നു നോക്കുക. ഒന്നിച്ചു ഒന്നിലധികം ചിത്രങ്ങളിൽ അഭിനയിക്കുന്നതു് ആയാസകരവും അതേസമയത്തു് അനാരോഗ്യകരവുമായ ഒരു പ്രവർത്തിയാണെന്നുള്ളതുപോകട്ടെ, മുഴുവൻ ശ്രദ്ധയും ചെലുത്തി ഓരോ ചിത്രത്തിലും തന്മയത്വമായി അഭിനയിക്കുവാനും സാധ്യമല്ലല്ലോ. പുതിയ താരങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുള്ള പല ചിത്രങ്ങളും അത്ഭുതപൂർവ്വമായവിധം വിജയം വരിച്ചിട്ടുമുണ്ടു്. നിമ്മി, നദീർ, ഉഷാകിരൺ, അനുപ് കുമാർ, വൈജയന്തിമാല തുടങ്ങിയ പുതിയ താരങ്ങൾ എത്രയോ ചിത്രങ്ങളുടെ വിജയത്തിനു സഹായിച്ചിട്ടുണ്ടു്. പുതിയ താരങ്ങളെ കണ്ടുപിടിച്ചു് ചലച്ചിത്രങ്ങളിൽ അരങ്ങേറ്റം ചെയ്യിക്കേണ്ടതു് ഇന്നത്തെ അടിയന്തിരമായ ഒരാവശ്യംതന്നെയാണു്. സ്റ്റാർസിസ്റ്റത്തെ അടിയോടെ പിഴുതെറിയുന്നതിനും അതു സഹായിക്കുന്നതാണു്. വാസനയും കഴിവുമുള്ള യുവതീയുവാക്കളെ രംഗത്തുകൊണ്ടുവന്നു നമുടെ ചലച്ചിത്രങ്ങളുടെ നിലയും വിലയും ഉയർത്തുവാൻ നിർമ്മാതാക്കൾ സന്നദ്ധരാകേണ്ടതാണു്. അങ്ങിനെ തരങ്ങളെ സംബന്ധിച്ചു പുതുമസൃഷ്ടിക്കാൻ കഴിയും.

സിനിമാകഥകളെ സംബന്ധിച്ചു പുതുമ അത്യാവശ്യമാണു്. ഇന്നത്തെ ചിത്രങ്ങളിലെല്ലാം ഒരേഅച്ചിൽ വാർത്തപോലുള്ള—അല്പം ചില വ്യത്യാസങ്ങൾ മാത്രമുള്ള—പ്രേമകഥകളാണു കാണുന്നതു് ഒരു നായകൻ, ഒരു നായിക, ഒരു വില്ലൻ, കുറച്ചു പ്രേമാനന്ദങ്ങൾ, കുറച്ചു കോമിക്കു് എന്നിവ സാധാരണ ഘടകങ്ങളാണു്. ചില കഥകളിൽ രണ്ടു കോമിക്കർ ഒരു കോമിനിയെ കോമിക്കുമാർ ചിലതിൽ രണ്ടു കോമിനികൾ ഒരു കോമുകനേയും "സ്റ്റണ്ടു് ചിത്രങ്ങളുടെ സ്വഭാവങ്ങളും ഏറെക്കുറെ പോലെയാണു്. ഒരേ പുരാണകഥകളും പലപേരിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. ശാന്താറാം, മെഹബൂബ്, വിജയഭട്ട്, രാജ്കപൂർ, കിഷോർ സാഹു, ബാബു, നിതിൻബോസ് തുടങ്ങിയ ഡയറക്ടറന്മാരിൽനിന്നു ചില പുതുമയുള്ള കഥകളും ലഭിച്ചുവെന്നേക്കുമെന്നതും ഇവിടെ വിസ്മരിച്ചുകൂടുന്നില്ല. പാശ്ചാത്യരാജ്യക്കാർ പുതിയതരം കഥകളെ തേടിപ്പിടിക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തിക്കാണുന്നുണ്ടു്. ലോകത്തിലെ മുക്കിലും മൂലയിലും അവരുടെ നിർമ്മാണസംഘങ്ങൾ പോയി അന്വേഷിക്കുകയും കഥകൾ നിർമ്മിക്കുന്നതിനു വേണ്ട സാമഗ്രികൾ ശേഖരിച്ചുകൊണ്ടുവന്നു ചിത്രങ്ങൾ നിർമ്മിക്കുന്നു. അങ്ങിനെ ഇന്ത്യൻകഥയായ "എലിഫെന്റ് ബോയിയും" ചൈനീസ് കഥയായ "ഗ്രീൻ ഫർണ്ണും" മറ്റും ഇംഗ്ലീഷ് ചിത്രങ്ങളിൽക്കൂടി പുറത്തുവന്നു. പക്ഷിമൃഗാദികളെ നായികാനായകന്മാരാക്കി ചിത്രങ്ങൾ നിർമ്മിക്കുന്നതിനും അവർ സന്നദ്ധരായിട്ടുണ്ടു്. "ബിൽ ആൻഡ് ക്രൂ" "ലാസി" നായയുടെ ചിത്രങ്ങൾ തുടങ്ങിയവ ഇതിനു് ഉദാഹരണങ്ങളുമാണു്. ഭാരതത്തിലും ചിത്രനിർമ്മാതാക്കൾ ഇത്തരം വ്യത്യസ്ത കഥകൾ തേടിപ്പിടിച്ചു ചിത്രങ്ങൾ നിർമ്മിക്കേണ്ടതാണു്.

പുതിയ സ്ഥലങ്ങളേയും കാഴ്ചകളേയും കഥാനടക്കുന്ന രംഗങ്ങളായി കൊണ്ടുവരേണ്ടതും ഇന്നത്തെ ആവശ്യമാണു്. "ബർമാത്തേ" "ദിൽ" തുടങ്ങിയ ചിത്രങ്ങളിൽ പുതുമയുള്ള രംഗങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടു്. നേപ്പാൾ മനോഹരമായ പ്രദേശങ്ങളും കണ്ണിനു് ആനന്ദം നൽകുന്ന കാഴ്ചകളും ഭാരതത്തിൽ സുലഭങ്ങളാണു്. ഡാർജ്ജിലിംഗ്, കാശ്മീർ, വിന്ധ്യൻ പർവ്വതനിരകൾ, നീലഗിരിക്കുന്നുകൾ, ലക്ഷദ്വീപുകൾ തുടങ്ങിയ എത്രയോ നയനാനന്ദകരമായ പ്രദേശങ്ങൾ ചലച്ചിത്രങ്ങളിൽ പ്രദർശിപ്പിക്കാനുണ്ടു്. ഭാരതത്തെവിട്ടു് അന്യദേശങ്ങളിൽ പോയി ലോക്കേഷൻ ഷൂട്ടിംഗ് നിർവ്വഹിക്കുന്നതിനും ഇന്നു നിർമ്മാതാക്കൾ ഉത്സുകരാകേണ്ടതാണു്. ചുരുക്കത്തിൽ പുതിയ താരങ്ങളെ രംഗപ്രവേശം ചെയ്യിക്കുന്നതിനും

തിനും പുതിയ കഥകൾ തെരഞ്ഞെടുക്കുന്നതിലും പുതിയ കഴിവുകൾ പ്രദർശിപ്പിക്കുന്നതിലും ഇന്ത്യൻ ചലച്ചിത്ര നിർമ്മാതാക്കൾ കൂടുതൽ ഔത്സുക്യം പ്രദർശിപ്പിക്കേണ്ടതാണ്. ഇന്ത്യൻ ചലച്ചിത്രങ്ങൾ ചലനത്തിൽനിന്നു പൂർണ്ണതയിലേക്കുമാറുന്നതിനുള്ള എല്ലാ സംഘടനകളും സൃഷ്ടിക്കുന്നതിനും നിർമ്മാതാക്കൾ അവരുടെ കഴിവും കർത്തവ്യവും വിനിയോഗിക്കുന്നതിനും ഇടയാകട്ടെ.

★

വാർത്തകൾ

★

എവർ ഗ്രീൻ പിക്ചേഴ്സിന്റെ "ആർജവൻ" എന്നൊരു ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. മൻഷ്ടില്ലാണ് ചിത്രത്തിനു കഥയും സ്ക്രീൻപ്ലേയും എഴുതിയിരിക്കുന്നത്. സപ്രു, മുബാറക്ക്, സുലോചന, മൈദർ, മിസ്രാ തുടങ്ങിയവരെ കൂടാതെ ഏതാനും പുതുമുഖങ്ങളും ഈ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്.

* * *

ഷാ പിക്ചേഴ്സിന്റെ 'രാജ് മഹലാ' എന്ന ചിത്രത്തിന്റെ നിർമ്മാണം ബോംബയിലെ ഫ്ലോറിയർ സ്റ്റുഡിയോയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഷക്കീല, നൂർ, മിസ്രാ തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം നന്ദാബായിവക്കിൽ സംവിധാനംചെയ്യുന്നു.

* * *

സ്ക്രീൻമൂവീസ് അവരുടെ പ്രഥമചിത്രമായ 'ജോൺ പൈഡർ' എന്ന സാമൂഹ്യചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. രഞ്ജിത്ത് സിംഗ് സംവിധാനംചെയ്യുന്ന ഈ ചിത്രത്തിൽ സുരയ്യയും വിജയലക്ഷ്മിയും അഭിനയിക്കുന്നതാണ്.

* * *

ഫേമസ് സൈൻ ലാബോർട്ടറീസ് ആൻഡ് സ്റ്റുഡിയോയിൽ പിന്നണിഗായകനായ മുകേഷ് 'അനുരാഗ' എന്നൊരു ചിത്രം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. മുതല, ഉഷാകിരൺ, മുകേഷ്, ശിവരാജ് തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു. കാഥികനായ മധുസൂദനനാണ് ചിത്രം സംവിധാനംചെയ്യുന്നത്. 'സ്ലം ഒരു കള്ളൻചിത്രമാണ്. ബാലശേഖർ കൃഷ്ണ' എന്ന പേരുള്ള കേവലം നാലു വയസ്സുമാത്രം പ്രായമുള്ള ഒരു പൈൻകുട്ടിയും ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

* * *

സാരിക്ക് പ്രൊഡക്ഷൻസിന്റെ 'ഷബാബു' എന്ന ചിത്രം ബോംബയിലെ ശ്രീ സൗണ്ട് സ്റ്റുഡിയോയിൽ പൂർത്തിയാകാറാകുന്നു. ഭരത് ഭക്ഷണൽ, നൂതൻ, യശോധരകട്ജൂ, വസ്സി തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു. എം. എൽ. ആനന്ദ് ചിത്രം സംവിധാനംചെയ്യുന്നു.



ഏറ്റവും നല്ല നടി – ഷർലി ബൂത്ത് ആണ്. ഈ വർഷത്തെ ഏറ്റവും നല്ല നടിയായി ഹ്വാൻസിൽ കേൻസിലെ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ (30-4-43) ഭരവാഹികളാൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. യു. എസ്.-ലെ ഒരു നടിയാണ് ഷർലി ബൂത്ത്. 27 രാജ്യങ്ങളിൽനിന്നു പ്രദർശിപ്പിക്കപ്പെട്ട 74 ചിത്രങ്ങളിൽ ഒന്നാംസ്ഥാനം നേടിയ "Come Back Little Sheba" എന്ന ചിത്രത്തിലെ നായികയുടെ ഭാഗമാണ് ഷർലി ബൂത്ത് അഭിനയിച്ചത്.

മജീദാണ് ചിത്രം ഡയറക്ടുചെയ്യുന്നത്. ഈ ചിത്രത്തിന്റെ ആവശ്യത്തിലേക്കായി തയാറാക്കിയ ഒരു കൊട്ടാരത്തിന്റെ സെറ്റിംഗ്സിന് 37000-രൂപയാണ് ചെലവഴിച്ചത്.

* * *

ഫിലിം മേക്കേഴ്സ് നിർമ്മിക്കുന്ന "പസ്ബൻ" എന്ന ചിത്രത്തിലെ രണ്ടു ഗാനങ്ങൾ ഭദേരിലെ ബോംബെ ലാബോർട്ടറിയിൽ റിക്കാർഡുചെയ്തു കഴിഞ്ഞു.

* * *

ഡൽപ്പു കമ്പനിക്കാർ അവരുടെ പരസ്യത്തിനായി 'സപ്പസഭനം' എന്നൊരു ചെറിയചിത്രം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. സപ്പസഭനം ഒരു കള്ളൻചിത്രമാണ്. ബാലശേഖർ കൃഷ്ണ മാതാ മീനകുമാരിയുമാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്. ഹരിദാസ് സ്റ്റുഡിയോ സംവിധാനം നിർവഹിക്കുന്നു.

* * *

രമാശർമ്മ എന്ന സിനിമാനടി ബോംബയിൽനിന്നു ഡൽഹിയിലേക്കു തിരിച്ചുപോയിരിക്കുന്നു. ബോംബയിൽ ആ നടിക്ക് അഭിനയിക്കുന്നതിനുള്ള സന്ദർഭം ലഭിക്കാതിരുന്നതുകൊണ്ടാണ് അവർ ഡൽഹിയിലേക്കു മടങ്ങിപ്പോയത്. എം. എസ്. അഹിലുവാലയുടെ ക്ഷണമനുസരിച്ചായിരുന്നു അവർ ബോംബയിൽ പോന്നത്. അഹിലുവാലയുടെ 'നൗ ബഹാർ' എന്ന ചിത്രത്തിൽ രമാശർമ്മ ഒരു നർത്തകിയായി പ്രത്യക്ഷപ്പെട്ടു. 'ഫിഡ്ഡാസ്' എന്ന ചിത്രത്തിലും അവർ അഭിനയിച്ചിട്ടുണ്ട്. പ്രസ്തുത ചിത്രത്തിന്റെ പ്രദർശനം ഉടനെ ആരംഭിക്കുന്നതാണ്. ചിത്രനിർമ്മാതക്കളുടെ പ്രോത്സാഹനരാഹിത്യമാണ് ഈ നടിയെ ബോംബയിൽനിന്നു തിരിച്ചുപോകുന്നതിനു പ്രേരിപ്പിച്ചിട്ടുള്ളത്.

* * *

പ്രഭാകർ പിക്ചേഴ്സിന്റെ 'മാസിമാമിൻ' എന്ന മറാത്തിചിത്രത്തിന്റെ മുഹൂർത്തകർമ്മം കൊൽഹാപ്പൂരിലെ പ്രഭാകർ സ്റ്റുഡിയോയിൽവച്ചു ഡയറക്ടർ വി. ശാന്താറാം നിവഹിച്ചിരിക്കുന്നു. ബഹൽജി പണ്ഡേക്കറാണ് ചിത്രത്തിനു ഷേനറിയോയും സംഭാഷണവും രചിച്ചിരിക്കുന്നു. അദ്ദേഹംതന്നെ ചിത്രം സംവിധാനംചെയ്യുന്ന കൃത്യവും ഏറ്റെടുത്തിരിക്കുന്നു. ബബ്രുവാഹു പണ്ഡേർക്കർ നായകന്റെ ഭാഗം അഭിനയിക്കുന്നു.

* * *

കമൽപിക്ചേഴ്സ് ബോംബെ ടാക്കീസ് സ്റ്റുഡിയോയിൽ 'ഡാറിയാ' എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. മീനകുമാരി, സാൽമൻ, നാനാപൽസേക്കർ, കുമാർ, പ്രമിതാദേവി, രമേഷ്കപൂർ തുടങ്ങിയവരാണ് ഈ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. കഥ അനുഭാഷയും സംഭാഷണം മജ്റൂഹ് സുൽത്താൻപുരിയുമാണ് രചിച്ചിരിക്കുന്നത്. തൗലത് മുഹമ്മദും മുബാറക്കും പിന്നണിഗാനങ്ങളും പാടുന്നു.

* * *

'അലാവുദീനും അത്ഭുതദീപവും' എന്ന ചിത്രം അറബിഭാഷയിലേക്കു ഡബ്ബുചെയ്യുന്നതുസംബന്ധിച്ചു ഹോമീവാഡിയാ ബോംബയിൽനിന്നു കെയിറോയിലേക്കു പോയിരിക്കുന്നു.

* * *

എസ്സ്. ബി. പ്രൊഡക്ഷൻസിന്റെ ഹരിലക്ഷ്മി എന്ന ചിത്രത്തിന്റെ സെൻസറിംഗുകഴിഞ്ഞു പ്രദർശനത്തിനു തയാറായിരിക്കുന്നു. അശീത് ബാനർജി, സന്ധ്യാറാണി, സുനന്ദാദേവി, ജഹർഗാംഗുലി തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്.

* * *

'വിശ്വബന്ധു പ്രൊഡക്ഷൻസിന്റെ 'സബുജ് പഹാർ' എന്ന ബംഗാളിചിത്രത്തിന്റെ പ്രദർശനം കൽക്കട്ടയിൽ ആരംഭിച്ചിരിക്കുന്നു. അപൂർവ മിത്രയാണ് ഈ ചിത്രം സംവിധാനംചെയ്തത്. ഛബിവിശ്വാസ്, മലയാ സർക്കാർ, രേണുകാറോയി, ഭാനുബാനർജി, അജിത് തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളത്.

ഏറണാകുളത്തു് എത്തുന്നു



കവിരാജ് പണ്ഡിറ്റ് ഉദ്ദേശത്തെ വെളിവാചസ്പതി, നവരത്ന കല്പം എന്ന ദിവ്യൗഷധം കണ്ടുപിടിച്ച മഹാൻ ഇൻഡ്യയിലെ പ്രധാനപട്ടണങ്ങളും ചുറ്റിസഞ്ചരിക്കുന്നു.

പ്രോഗ്രാം

ഏറണാകുളം: 18-ാംനു രാവിലെമുതൽ 21-ാംനു ഉച്ചവരെ

മധുര: 22-ാംനു മുതൽ 24-ാം തീയതിവരെ.

കോയമ്പത്തൂർ: 25-ാംനുമുതൽ 27-ാം തീയതിവരെ.

സമയക്ലിപ്തത പാലിക്കുവാനായി അദ്ദേഹം വിമാനത്തിൽ സഞ്ചരിക്കുന്നു.

സന്ദർശിക്കുക:

സൂപ്രണ്ട് ലാൻഡ്സ്,

70 ഫിറ്റ് റോഡ്, (ശവ: ബോയിസ് ഹൈസ്കൂളിനുസമീപം)

ഏറണാകുളം ഫോൺ 286.

സമയം: രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12-30 വരെ. വൈകുന്നേരം 4 മുതൽ 7 വരെ.

മേൽകാണിച്ച സമയംനോക്കി അദ്ദേഹത്തെക്കണ്ട് അദ്ദേഹത്തിന്റെ വിദഗ്ദ്ധ വൈദ്യോപദേശം സിദ്ധീകരിക്കുക.

നവരത്നകല്പം

ഉപയോഗിക്കുക.

ഹൃദയസുഖക്കേടുകൾ, ഉറക്കമില്ലായ്മ, ശക്തിക്കുറവ്, മൂത്രമൊഴിവ്, രക്തക്ഷയം, ഹിസ്റ്റീരിയ, ഉദരക്കേട്, പൈൽസ് & അഗ്നിമാന്ദ്യം എന്നിവയ്ക്കുള്ള അത്യുത്തമം.

ആരോഗ്യം വീണ്ടെടുക്കുവാൻ ഈ തരത്തിൽ ഈ ഒരൊറ്റ മരുന്നുമാത്രമെ ഉള്ളൂ.

ഡൽഹി, നാഗപ്പൂർ, മദ്രാസ്, ബസ്വാഡ, ബാംഗ്ലൂർ, മധുര, കോയമ്പത്തൂർ എന്നിവിടങ്ങളിലെ മേൽവിലാസങ്ങൾക്കു എഴുതുക:

The Manager,
Navaratna Kalpa Pharmacy,
Jullundur City (India)
Grams: 'Navaratna' Phone 401

ലോകവൃത്താന്തഗതി

കൊറിയയിലെ യുദ്ധത്തടവുകാരെ കൈമാറുന്നതുസംബന്ധിച്ച് ഉടമ്പടിയിൽ ഐക്യരാഷ്ട്രസംഘടനയുടെ പ്രതിനിധി ലഫ്റ്റനന്റ് ജനറൽ വില്യം ഹാരിസണും, കമ്മ്യൂണിസ്റ്റ് പ്രതിനിധി ജനറൽ നംഇല്ലും ജൂൺ 18-ാം തീയതി ഒപ്പുവച്ചു. ഇതോടെ മൂന്നു വർഷമായി നീണ്ടുനിന്ന കൊറിയൻയുദ്ധം അവസാനിക്കുന്നതിനുള്ള വഴി തെളിഞ്ഞിരിക്കുന്നു. പരിപൂർണ്ണ യുദ്ധവിരാമസന്ധി നടപ്പിൽവരുത്തുന്നതിനു് ഇനിയും മൂന്നാലു കൂടിക്കാഴ്ചകൂടി നടത്തേണ്ടിവരുന്നതാണു്. ഭരണപരമായ ചില നടപടികൾമാത്രമെ സന്ധിഉടമ്പടി ഒപ്പുവയ്ക്കുന്നതിനു് തടസ്സമായി നില്ക്കുന്നുള്ളൂ.

ഇപ്പോൾ ഒപ്പുവച്ച വ്യവസ്ഥയനുസരിച്ച് യുദ്ധത്തടവുകാരെ പിരിച്ചയയ്ക്കുന്നതിനു് ഒരു കമ്മിഷനുണ്ടായിരിക്കും. ഇന്ത്യ, സ്വീഡൻ, സ്വിറ്റ്സർലണ്ട്, പോളണ്ട്, ചെക്കോസ്ലോവേക്യ എന്നിവരാജ്യങ്ങളായിരിക്കും കമ്മിഷനിലെ അംഗങ്ങൾ. ഇന്ത്യയായിരിക്കും കമ്മിഷന്റെ ചെയർമാൻ. സൈന്യത്തെ നിലനിർത്തുണ്ടതും മദ്ധ്യസ്ഥത വഹിക്കേണ്ടതും ഇന്ത്യതന്നെയാണു്.

നാട്ടുകളിലേക്കു മടങ്ങിപ്പോകാൻ വിസമ്മതിക്കുന്ന തടവുകാരെ", അങ്ങിനെ ചെയ്യാനുള്ള കാരണങ്ങൾ വിശദീകരിക്കുവാൻ 90 ദിവസങ്ങൾ അനുവദിക്കപ്പെടും. ഇക്കാലത്തും അവർ നിഷ്പക്ഷകമ്മിഷന്റെ കസ്റ്റഡിയിലായിരിക്കും: ഈ കാലാവധിക്കകവും തൃപ്തികരമായമറുപടിയൊന്നുംപറയുന്നില്ലെങ്കിൽ അവരെസംബന്ധിച്ച് എന്താണു ചെയ്യേണ്ടതെന്നു തീരുമാനിക്കാൻ ഒരു പൊളിറ്റിക്കൽ കോൺഫറൻസ് കൂടുന്നതാണു്. അക്കാലം കഴിഞ്ഞാൽ തടവുകാർ തടവുകാരല്ലാതായിത്തീരുന്നതാണു്. അവർക്കു പൂർണ്ണസ്വതന്ത്രം ലഭിക്കുന്നതുമാണു്.

തിരിച്ചുപോകുവാൻ സമ്മതമുള്ള തടവുകാർ സന്ധി നടപ്പിലായി രണ്ടുമാസത്തിനകം തിരിച്ചുപോയ്ക്കൊള്ളണമെന്നാണു വ്യവസ്ഥ.

ഇന്ത്യ ചെയർമാനായുള്ള നിഷ്പക്ഷകമ്മിഷന്റെ ആസ്ഥാനം പാൻമുൻജോം ആയിരിക്കും. പോലീസ് ഉപയോഗിക്കുന്ന ചെറുതരം ആയുധങ്ങളും മാത്രമേ നിഷ്പക്ഷകമ്മിഷന്റെ സൈന്യത്തിനു് ഉപയോഗിക്കുവാൻ അർഹതയുള്ളൂ. തടവുകാരെ തിരിച്ചയയ്ക്കുന്നതിനോ തിരിച്ചയയ്ക്കാതിരിക്കുന്നതിനോ കമ്മിഷൻ ബലപ്രയോഗിച്ചുകൂടാത്തതും ആകുന്നു.

ഈ ഉടമ്പടിക്കു് ലോകമെങ്ങും സാർത്ഥികമായ സ്വാഗതാർഹമാണു ലഭിച്ചിട്ടുള്ളതു്. ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റു ഇതേപ്പറ്റി പ്രസ്താവിച്ചതു് നേർമാർഗ്ഗത്തിലുള്ള ഒരു അടിവയ്പു് എന്നാണു്. എന്നാൽ ദക്ഷിണകൊറിയായിലെ സിംഗ്മാൻ റീയെ തൃപ്തിപ്പെടുത്താൻമാത്രം ഈ സന്ധിക്കു കഴിഞ്ഞിട്ടില്ല. ഈ സന്ധിയിൽ പങ്കുകൊള്ളാൻ തങ്ങളും തയ്യാറല്ലെന്നു റീ നേരത്തെ പറഞ്ഞിരുന്നു. പിന്നീടു് ഈ വ്യവസ്ഥയ്ക്കു് സമ്മതിച്ചിരിക്കുന്നതായി അദ്ദേഹം അറിയിച്ചു. അമേരിക്കയുടെ നിർബന്ധംകൊണ്ടാണു് അങ്ങിനെ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ വ്യവസ്ഥകളും ഒപ്പുവച്ചതോടെ അദ്ദേഹം ക്ഷുഭിതനായിത്തീരുകയാണുണ്ടായതു്. ദക്ഷിണകൊറിയമുഴുവൻ അദ്ദേഹം സൈനികനിയമം ഏർപ്പെടുത്തുകയും തങ്ങളും ഉത്തരകൊറിയായിലേയ്ക്കു് മാർച്ചുചെയ്യുന്നതാണെന്നു പ്രഖ്യാപിക്കുകയുംചെയ്തു. അവിടെ നിഷ്പക്ഷതാകമ്മിഷന്റെ ആവശ്യത്തിനുവരുന്ന ഇന്ത്യൻസൈന്യത്തോടു് സമരംചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഈ ക്ഷോഭിച്ച അദ്ദേഹം പറഞ്ഞു. ഈ ക്ഷോഭിച്ച അട്ടഹാസങ്ങൾക്കിടയിൽ, ചൈനാവൻകര ആക്രമിക്കുവാൻ ചൃാങ്ങ് കൈക്കിനോടു് ആവശ്യപ്പെടുകയും ചെയ്തു. റീയുടെ ഈ ക്ഷോഭിച്ചിളക്കത്തെ മാത്രം ശക്തികളും ഗണ്യമാക്കിയിട്ടില്ലെന്നുള്ളതു ശുഭാർഹമാണു്. ഒരു മഹായുദ്ധം അവസാനിച്ചുവെന്നപോലെയുള്ള ആശ്വാസം ഓരോ രാജ്യത്തിനും തോന്നിത്തുടങ്ങിട്ടുമുണ്ടു്.

കൊറിയൻ രംഗത്തു ലോകസമാധാനത്തിലേയ്ക്കു നയിക്കുന്ന സംഭവങ്ങൾ നടന്നുകൊണ്ടിരിക്കെ, അങ്ങിങ്ങൊരു പടിഞ്ഞാറൻ ലണ്ടനിലും അതേമാർഗ്ഗത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ലോകത്തിലെ മൊത്തം ജനസംഖ്യയുടെ നാലിലൊന്നു ഭാഗത്തിന്റെ ഭാഗധേയത്തെ നയിക്കുന്ന പത്തു പ്രധാനമന്ത്രിമാർ അവിടെ സമ്മേളിച്ചു ലോകക്ഷേമത്തിനുള്ള മാർഗ്ഗങ്ങൾ ആരായുകയാണു്. തങ്ങളുടെ രാജ്യങ്ങളെ മാത്രമായും ലോകത്തിന മുഴുവനുമായും ബാധകമാകുന്ന പല പ്രശ്നങ്ങളെപ്പറ്റിയും അവർ ആലോചിക്കുകയും തീരുമാനങ്ങൾ ചെയ്യുകയുംചെയ്തു. ഇതിൽ പ്രധാനം ബർമ്യുഡാസമ്മേളനത്തിൽ സംബന്ധിക്കുവാൻ പോകുന്ന സർ വിൻസ്റ്റൺചർച്ചിലിനു അവർ നൽകിയ പിന്തുണയാകുന്നു. മഹാശക്തികളും, രഷ്യൻപ്രധാനമന്ത്രി മൊളറ്റോവുമായി കണ്ടു സംഭാഷണം നടത്തി ലോകത്തിൽ ശാശ്വതസമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നുള്ളതാണു് ചർച്ചിലിന്റെ നില. അദ്ദേഹത്തിന്റെ ഈ നിലപാടിനെ പാർലമെന്റിൽ വിദേശകാര്യങ്ങളെ സംബന്ധിച്ചു ചെയ്ത ഒരു പ്രസംഗമദ്ധ്യേ നെഹ്റു പിന്താങ്ങിയിരുന്നു. ഇപ്പോഴിതാ കാമൺവെൽത്തുപ്രധാനമന്ത്രിമാർ എല്ലാവരുംതന്നെ ആ നയത്തെ ഒപ്പുവച്ചിരിക്കുന്നു ഫ്രാൻസ് നേരത്തെതന്നെ ചർച്ചിലിന്റെ ഭാഗത്തുണ്ടു്. ഇതു വലിയ ഒരു വിഭാഗം ജനങ്ങളുടെ പിന്തുണയോടുകൂടി ഹാജരാകുന്ന ചർച്ചിലിന്റെ നിർദ്ദേശത്തെ ബർമ്യുഡയിൽവച്ചു നിരസിക്കുവാൻ ഐസൻഹോവറിനു കഴിഞ്ഞെന്നുവരികയില്ല. അങ്ങിനെ ബർമ്യുഡയെത്തുടർന്നുവരുന്ന സംപൂർണ്ണപ്രതിനിധിമുള്ള മഹാശക്തിസമ്മേളനത്തിലവച്ചു ലോകത്തിന്റെ സ്ഥിരമായ ക്ഷേമത്തിനും ശാന്തിക്കും ആവശ്യമായ കാര്യങ്ങൾ തീരുമാനിക്കപ്പെട്ടുമെന്നു പ്രതീക്ഷിക്കാം. അൻപത്തകേടി ജനങ്ങളുള്ള ജനകീയചൈനയെ ഐക്യരാഷ്ട്രസഭയിൽ അംഗമാക്കുന്നതിനുള്ള അമേരിക്കയുടെ എതിർപ്പ് അസ്തമിക്കുമെന്നു കരുതാനും കാര്യമുണ്ടു്. കാമൺവെൽത്തു രാജ്യങ്ങളിലെ അപൂർവ്വം ചില രാജ്യങ്ങളൊഴിച്ചു മറ്റുള്ളവയെല്ലാം ചൈനയെ ഐക്യരാഷ്ട്രസംഘത്തിൽ ചേർക്കുന്നതിനെ അനുകൂലിക്കുന്നുണ്ടെന്നാണു് റിപ്പോർട്ടു്.

ഇന്ത്യയും പാകിസ്ഥാനും, ഇന്ത്യയും സിലോണും തമ്മിലും ഉള്ള ഭിന്നതകളും കുറഞ്ഞുകുറഞ്ഞുവരുന്നു. പാകിസ്ഥാനിൽ മഹമ്മദാലി പ്രധാനമന്ത്രിയായപ്പോൾമുതല്ലേ ഇന്ത്യയുമായി സൗഹാർദ്ദമായി കഴിയണമെന്ന ഒരു അഭിവാഞ്ഛ ആ ഭാഗത്തുനിന്നു പ്രത്യക്ഷപ്പെടുതുടങ്ങിയതാണു്. എന്നുമെന്നും പാകിസ്ഥാനുമായി രഞ്ജിപ്പിൽ കഴിയണമെന്നു കൊതിച്ചുപോന്ന ഇന്ത്യ ഈ സന്ദർഭത്തെ ശരിക്കുപ്രയോജനപ്പെടുത്തുകയും ചെയ്തു. രണ്ടു പ്രധാനമന്ത്രിമാരും ലണ്ടനിലേയ്ക്കു പുറപ്പെടുംമുമ്പുതന്നെ കാര്യപരിപാടിയിൽവച്ചു തങ്ങളും കൂടിക്കാഴ്ച നടത്തുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. അതിനുള്ള അന്തരീക്ഷവും തയ്യാറാക്കപ്പെട്ടിരുന്നു. കാര്യപരിപാടിയിൽവച്ച കൂടിക്കാഴ്ച നടത്തി കാര്യങ്ങൾക്കു തീരുമാനം ഉണ്ടാക്കുന്നതുവരെ രണ്ടു രാജ്യങ്ങളും തമ്മിൽ ഒത്തുകൂടുവാനുള്ള തങ്ങളും ഒത്തുകൂടുന്നതിനും വ്യവസ്ഥചെയ്തിരുന്നു. ലണ്ടനിൽ എത്തി അല്പദിവസങ്ങൾക്കകംതന്നെ പ്രധാനമന്ത്രിമാർ തമ്മിൽ കാണുകയും പ്രാരംഭചർച്ചകൾ നടത്തുകയും ചെയ്തു. കാശ്മീർ പ്രശ്നമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പറഞ്ഞൊതുക്കുന്നതാണെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

സിലോണിലെ ഇൻഡ്യാക്കാരുടെ



എർണസ്റ്റ് ഹെമിംഗ്വേ, വിശ്വപ്രസിദ്ധനായ അമേരിക്കൻ ഗ്രന്ഥകാരനാണു്. അദ്ദേഹത്തിന്റെ "പുലിയും സംഗരവും" എന്ന ചെറുനോവലിനു 1953-ലെ 'പുലിസ്റ്റർ' സമ്മാനം ലഭിക്കുകയുണ്ടായി. 1929-ൽ പ്രസിദ്ധീകൃതമായ "ആയുധങ്ങൾക്കു യാത്രപറച്ചിൽ" എന്ന ഗ്രന്ഥമാണു് അദ്ദേഹത്തെ ലോകപ്രസിദ്ധനാക്കിയതു്. 1899 ജൂലായി 21-നു് ഇല്ലിനോയിയിൽ ഓക്ക്പാർക്കിൽ ജനനം. വിദ്യാഭ്യാസാനന്തരം അദ്ദേഹം കുറെക്കാലം ഒരു പത്രറിപ്പോർട്ടറായിരുന്നു.

പ്രശ്നത്തെ സംബന്ധിച്ചും എന്തെങ്കിലും തീരുമാനങ്ങൾ താമസംവിനാ ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. രണ്ടു പ്രധാനമന്ത്രിമാരും തമ്മിൽ ഇതുസംബന്ധിച്ചു പ്രാരംഭസംഭാഷണങ്ങളും നടന്നുകഴിഞ്ഞു.

* * *

ആന്ധ്രപ്രദേശത്തെ നിയമസഭാംഗങ്ങളും അഞ്ചുദിവസത്തെ കൂടിയാലോചനകൾക്കുശേഷം, തങ്ങളുടെ താൽക്കാലികതലസ്ഥാനമായി കർണ്ണൂലിനെ തെരഞ്ഞെടുത്തിരിക്കുന്നു.

* * *

ഇന്ത്യാഗവൺമെന്റിൽനിന്നും പുറപ്പെടുവിച്ച 75 കോടി രൂപയുടെ ബാണ്ടുമുഴുവൻ വിറ്റഴിഞ്ഞിരിക്കുന്നു. പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിനുവേണ്ടി ആദ്യമായി പുറപ്പെടുവിക്കുന്ന ബാണ്ടാണിതു്.

* * *

ഒരു ലക്ഷം അംഗങ്ങളുള്ള കീനിയ ആഫ്രിക്കൻ യൂണിയനെ കീനിയഗവൺമെന്റ് നിരോധിച്ചിരിക്കുന്നു. ഈ കാളനിയിൽ ആകെക്കൂടിയുള്ള ആഫ്രിക്കൻസംഘടന ഇതാണു്. ആധുനികർക്കുതുല്യം ശിക്ഷിക്കപ്പെട്ട ജോമോ കെനിയാത്തയാണു് ഈ സംഘടനയുടെ നേതാവു്.

★

മലയാളരാജ്യം




വെള്ളക്കണ്ണൻ

★

— എം. സോമശേഖരൻനായർ —

വെള്ളക്കണ്ണൻ (Eng. Name The White.eye) സാധാരണ ഒരു കുരുവിയെക്കാളും ചെറുതാണ്.

ഇളംപച്ചയും കടുംമഞ്ഞയും ഇടകലർന്ന നിറം. കണ്ണിനുചുറ്റും ഒരു വെളുത്ത രേഖയുണ്ട്. അതിനാലാണ് ഇവനെ വെള്ളക്കണ്ണൻ എന്നു വിളിക്കുന്നതു്. മെലിഞ്ഞു് കൂർത്തു്, അല്പം വളവോടുകൂടിയ ഒരു ചുണ്ടുണ്ടു്. ആൺപക്ഷിയും പെൺപക്ഷിയും ഒരുപോലെയാണ്. തോട്ടങ്ങളിലും, കാടുള്ള സ്ഥലങ്ങളിലും ഇവ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നു.



വെള്ളക്കണ്ണൻ

ഇന്ത്യയിൽ മദ്ധ്യമപ്രദേശങ്ങളൊഴിച്ചു് ബാക്കി എല്ലായിടവും കാണുവാനുണ്ട്. സ്ഥിരവാസിയും എന്നാൽ ദൂരദേശസഞ്ചാരിയും ആണ് വെള്ളക്കണ്ണൻ. ഇവയിൽ ഏഴിനങ്ങളെ കണ്ടുവരുന്നു. നിറത്തിലും, വലിപ്പത്തിലും ഇവയ്ക്കുതമ്മിൽ വ്യത്യാസമുണ്ട്.

കാടുള്ള സ്ഥലങ്ങളിലും, തോട്ടങ്ങളിലും, വൃക്ഷങ്ങൾ ഇടതിങ്ങിവളരുന്ന ഉപവനങ്ങളിലുമാണ് ഇവ വസിക്കുന്നതു്. (ഉപവനങ്ങൾ എന്നു പറഞ്ഞതു് ഈപ്പുള്ളതും, ഇലപൊഴിയാത്ത വൃക്ഷങ്ങൾ വളരുന്നതുമാണ്.) ഇണചേരാത്ത കാലങ്ങളിൽ പത്തും ഇരുപതും എണ്ണംചേർന്ന് കൂട്ടങ്ങളായി ഇവ സഞ്ചരിക്കുന്നു. ചിലപ്പോൾ പത്തുനാലെണ്ണം ചേർന്ന് ഒരുമിച്ചുസഞ്ചരിക്കുന്നതുകാണാം. ഇവ അധികസമയവും വൃക്ഷശാഖകളിൽ കഴിച്ചുകൂട്ടുന്നു. വലിയ വൃക്ഷങ്ങൾക്കിടയിലും, കുറ്റിക്കാടുകളിലും ആഹാരമന്വേഷിച്ചുനടക്കുന്നു. ഇവ കീടങ്ങളെ തിന്നുന്നവയാണ്. പാറ്റപാടിക്കൊണ്ട് അങ്ങിങ്ങായി വളരെ സാവധാനത്തിൽ നടന്നാണ് ആഹാരം സമ്പാദിക്കുന്നതു്. ഇണചേരുന്ന കാലങ്ങളിൽ, കൂട്ടംകൂട്ടമായി നടന്നിരുന്നവയെല്ലാം ഇണകളായി മാറുന്നു. ആ സമയം ആൺപക്ഷി ചിലച്ചുകൊണ്ടിരിക്കുന്ന പാട്ടു് വളരെ കുഞ്ഞുസ്വരത്തിൽ തുടങ്ങി വളരെ ഉച്ചത്തിൽ ആകുന്നു. അതുപോലെതന്നെ ശബ്ദം കുറഞ്ഞുകുറഞ്ഞു് ആദ്യം തുടങ്ങിയ സ്വരത്തിൽത്തന്നെ നിൽക്കുകയുംചെയ്യുന്നു. ഇവയുടെ ആഹാരം കീടങ്ങളും, പഴങ്ങളും, മാംസളഫലങ്ങളും ആണ്. പൂക്കളുടെ തേനും ഇവ ആഹാരമാക്കാറുണ്ട്.

പ്രധാനമായി ഏപ്രിൽമുതൽ ജൂലൈവരെയുള്ള കാലഘട്ടത്തിനിടയിലാണ് കൂടുനിർമ്മിക്കാറുള്ളതു്. തീരെ ചെറിയ ഒരു കപ്പിന്റെ ആകൃതിയിൽ നാരുകൊണ്ടു് കൂടുണ്ടാക്കി ഒരു ഊഞ്ഞാൽപോലെ കെട്ടിത്തൂക്കിയിടുന്നു. (ഏകദേശം ഒരു മാമ്പഴക്കുരുവിയുടെകൂടുപോലെതന്നെ. അതിൽനിന്നും ചെറുതാണെന്നേ വ്യത്യാസമേയുള്ളൂ.) കൂടുസ്ഥാപിക്കുന്നതു് കാറ്റാടിക്കാടുകളിലോ, വൃക്ഷങ്ങളിൽ ഇലകൾക്കിടയിലോ ആണ്. കൂടു് വൃക്ഷത്തിലാണ് വയ്ക്കുന്നതെങ്കിൽ, അതു് തറയിൽനിന്നും അഞ്ചടിക്കും പത്തടിക്കും ഇടയിലുള്ള ഉയരത്തിൽ എവിടെയെങ്കിലും ആയിരിക്കും. ചിലപ്പോൾ കൂടുവയ്ക്കുന്നതു് ഇതിൽനിന്നും ഉയരത്തിലായിരിക്കും. രണ്ടോ, മൂന്നോ മുട്ടകൾ ഇടുന്നു. മുട്ടകൾ കാഴ്ചയ്ക്കു് വളരെ ഭംഗിയുള്ളതും, യാതൊരു പുള്ളികളും ഇല്ലാത്തതും ആണ്. മങ്ങിയ നീലനിറമാണ് മുട്ടകൾക്കുള്ളതു്. ചിലപ്പോൾ മുട്ടയുടെ വീതികൂടിയവശത്തുമാത്രം കടുംനീലനിറമായിരിക്കും. (ഒരു നീല തൊപ്പിയിട്ടിരിക്കുന്നതുപോലെ തോന്നിക്കും.)

കൂടുണ്ടാക്കുക, അടയിരിക്കുക, കുഞ്ഞുങ്ങളെ പാലിക്കുക എന്നിവയിൽ ആൺപക്ഷിയും, പെൺപക്ഷിയും ഒരുപോലെ പങ്കെടുക്കുന്നു. പത്തുപതിനൊന്നുദിവസങ്ങൾകൊണ്ട് മുട്ടകൾ വിരിയുന്നു.



മംഗളോദയം പ്രസിദ്ധീകരണങ്ങൾ

ഹാസസാഹിത്യം 2 0 0

ഹാസസാഹിത്യമെന്ന പേരിൽ കൊള്ളാവുന്നതും തള്ളാവുന്നതുമായി പല പ്രസിദ്ധീകരണങ്ങളുമുണ്ട് നമ്മുടെ സാഹിത്യത്തിൽ. എന്നാൽ ഹാസസാഹിത്യത്തെപ്പറ്റിയും അതിന്റെ ശാസ്ത്രീയവശങ്ങളെപ്പറ്റിയും പഠിക്കാനുതകുന്ന പുസ്തകങ്ങൾ ഇല്ലെന്നതത്രെ പരമാർത്ഥം. ഈയൊരു ന്യൂനതയെ പരിഹരിക്കാൻ തികച്ചും പര്യാപ്തമായ ഒന്നാണ് ഫലിതമഹാജനനായ ശ്രീ: പുത്തേഴന്റെ ഈ പുസ്തകം.

രമണൻ (25-ാംപതിപ്പു്) 1 8 0

ഇതുവരെയധികം പതിപ്പുകളും ഇതുവരെയധികം കോപ്പികളും പുറത്തിറങ്ങിയിട്ടുള്ള മറ്റൊരു പുസ്തകം മലയാളത്തിലില്ല. ഈ പതിപ്പോടുകൂടി രമണന്റെ 58,000 കോപ്പി പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

കാപ്പിരികളുടെ നാട്ടിൽ 2 8 0

രണ്ടാംപതിപ്പും പുറത്തിറങ്ങി. ശ്രീ: എസ്. കെ. പൊറ്റക്കാട്ടിന്റെ ആഫ്രിക്കൻപര്യടനത്തിലെ ആവേശകരമായ അനുഭവങ്ങൾ. ആകർഷകങ്ങളായ അനേകം സജീവ ചിത്രങ്ങൾ.

കലയും സാമാന്യജനങ്ങളും 1 4 0

ഒരു ചിന്തകനും നിരൂപകനുമായ കെ. സുരേന്ദ്രൻ എഴുതിയതു്. കല, ജനത, പുരോഗതി ഇവയെ അനുരഞ്ജിപ്പിച്ചുകാണുള്ള ഒരുത്തമ നിരൂപണഗ്രന്ഥം.

ജ്യോതിഷബാലബോധിനി 3 0 0

(ASTRONOMY FOR THE LAYMAN)

പ്രാചീനാധുനികജ്യോതിഷസിദ്ധാന്തങ്ങളെ ലളിതഭാഷയിൽ വിശദമാക്കുന്നതും മദിരാശി സർവ്വകലാശാലാസമ്മാനം ലഭിച്ചതുമായ ഒരുത്തമ ഗ്രന്ഥം. (ഗ്രന്ഥകർത്താവു്: ശ്രീ. പി. കെ. കോരു.)

മംഗളോദയം ലിമിറ്റഡ്,


തൃശ്ശിവപേരൂർ.

യഥാർത്ഥമായ

'മിൽക്ക്മെയിഡ്'

പാൽട്ടിന്നിന്റെ

അടയാളം



ജീവിതത്തിൽ നല്ല സാധനം വാങ്ങുന്നതാണു് ലാഭമെന്നു് നാം മനസ്സിലാക്കിയിട്ടുണ്ടു്. നമ്മുടെ പൂർവീകന്മാർ നമ്മെ പഠിപ്പിച്ചു കുറച്ചു് അധികം വില കൊടുത്താലും നല്ല സാധനമേ വാങ്ങാവൂയെന്നു്. അതുകൊണ്ടാണു് വളരെക്കാലമായി 'മിൽക്ക്മെയിഡ്' പാൽ ഇൻഡ്യാക്കാരുടെ പ്രീതിയെ ആർജ്ജിച്ചിട്ടുള്ളതു്. ഇൻഡ്യാക്കാരുടെ വിശ്വാസം ലഭിക്കുന്നതിനുവേണ്ടി പ്രത്യേകം തയ്യാർചെയ്തിട്ടുള്ളതാണു് 'മിൽക്ക്മെയിഡ്' പാൽ.'

നിങ്ങളുടെ പണം നല്ല സാധനം വാങ്ങുവാൻ ഉപയോഗിക്കുവിൻ.

വിശദവിവരങ്ങൾക്കു്
"നെസ്സിൽസ്" പ്രോഡക്ററ്സ് (ഇൻഡ്യ) ലിമിറ്റഡ്,
പോസ്റ്റ്ബോക്സ് നമ്പർ 180, മദ്രാസ്
എന്ന വിലാസത്തിൽ എഴുതുക.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.